# സമ്പദ്വീപ്

പി. വി. വേലായുധൻ എം. എ



St. Antony's Monastery
ALWAYE. P.O.
KERALA STATE.

# സമ്പദ്ദ്വീപ്

# TREASURE ISLAND

ആർ. എൽ. സ്റ്റീവൻസൺ

(ഇംഗ്ലീഷിൽ നിന്നു വിവർത്തനം)

DHARMARAM VIDYA KSHETRAM
Central Library
BANGALORE-560 029

DHARMARAM COLLEGE
LIBRARY
BANGALORE-29

LIBRARY
15593

വി: പി. വി. വേലായുധൻ എം. എ.

DHARMARAM VIDYA KSHETRAM
LIBRARY
Ac. No. ~~4062054~~
Call No. IV541

(Malayalam)

# SAMPATH DHWEEP

(NOVEL)

An abridged translation from English

TREASURE ISLAND

R. L. STEPHENSON

Cancelled.

Price: 1-75

All rights reserved
Book-A-Month Club Ernakulam

Printed at The Sahodaran Press,
and Published by Book-A-Month Club, Ernakulam.

*Books*
*Are*

**WELCOME**

*Gifts*
*For*

*Marriages*
*&*
*Birthdays*

*They are permanent*
*useful*
*delightful*
*gifts*

*For,*

*Marriage Gifts*

# MARRIAGE IS HOLY

*A most beautiful & useful*
*gift on the Occassion of*
*Your Friend's Marriage*

*Printed in good glazed paper*
*well bound in presentation jackets*

*Price only*

Rs. 12-8 (Postage Free)

BOOK-A-MONTH CLUB
ERNAKULAM

## വായിച്ചിരിക്കേണ്ട മററു നോവലുകൾ

| | |
|---|---|
| ഭീമൻെറ പതനം (2-ഭാഗങ്ങൾ) | 3—50 |
| മേരിയന്ന (മലയാളത്തിലെ ഏക യുദ്ധവിവരണ നോവൽ) | 3—00 |
| കുഞ്ഞോമന | 3—25 |
| മഞ്ഞുപെയ്യുന്ന രാത്രി | 1—75 |
| ആത്മാർപ്പണം | 2—00 |
| സൌന്ദര്യപൂജ | 2—00 |
| മരങ്ങളും മനുഷ്യരും | 1—75 |
| ശാപഗ്രസ്തയായ മഹാറാണി (ചരിത്രാഖ്യായിക) | 1—75 |
| അങ്കിൾ ടോമസ് കാബിൻ | 1—50 |


കാററലോഗ് ആവശ്യപ്പെടുക.

സിക്രട്ടറി,

**പ്രതിമാസ ഗ്രന്ഥക്ലബ്ബ്**

എറണാകുളം

# പ്രതിമാസ ഗ്രന്ഥക്ലബ്ബ്

എറണാകുളം

എല്ലാമാസവും ഇതുപോലൊരു
ഗ്രന്ഥം നിങ്ങളുടെ മുമ്പിൽ

വാർഷികവരിസംഖ്യ – 18 രൂപാ മാത്രം

പ്രത്യേകാനുകൂല്യം
മാർച്ച് മാസത്തിനുമുമ്പ് തന്നാണ്ടു
വരിസംഖ്യ അയച്ചുതരുന്നവർക്ക്
15 രൂപാ മാത്രം.

കൂടുതൽ വിവരങ്ങൾക്കു എഴുതുക.

സെക്രട്ടറി,
പ്രതിമാസ ഗ്രന്ഥക്ലബ്ബ്
എറണാകുളം

THE BOOK-A-MONTH CLUB
ERNAKULAM

# സമ്പദ്ദ്വീപ്

# TREASURE ISLAND

ആർ. എൽ. സ്റ്റീവൻസൺ

വിവർത്തകൻ

പി. വി. വേലായുധൻ എം. എ.

Series VII No. 10

പ്രതിമാസ ഗ്രന്ഥക്ലബ്ബ്

എറണാകുളം

# സമ്പദ്ദ്വീപ്

ആർ. എൽ. സ്റ്റീവൻസൺ

ACKAL JEEVASS VENDRAM
LIBRARY

# സമുദ്രദ്വീപ്

## ഭാഗം ഒന്ന്

## അന്വേഷണത്തിൻെറ ആരംഭം

### I

ഠാ, ഞാനൊരു കഥയെഴുതാൻ തുടങ്ങുകയാണ്. എഴുതണമെന്ന് വിചാരിച്ചതൊന്നുമല്ല. എങ്കിലും ചില മാന്യസുഹൃത്തുക്കളുടെ നിർബന്ധംമൂലം എഴുതേണ്ടി വന്നിരിക്കുന്നു. ഡോ. ലീവ്സിയും ത്രിലോനി പ്രഭുവും വിടാതെ പിടിച്ചിരിക്കുകയാണ്; സമുദ്രദ്വീപിലേയ്ക്ക് ഞങ്ങൾ നടത്തിയ സാഹസയാത്രയേക്കുറിച്ച് എന്തെങ്കിലും എഴുതണമെന്നും പറഞ്ഞു. ഞാനവർക്ക് കീഴടങ്ങേണ്ടിവന്നു. അങ്ങനെ ഞാനൊരു കഥാകാരനാവുകയാണ്.

17— കാലമാണ്. എൻെറച്ഛൻ അന്നൊരു സത്രം നടത്തിയിരുന്നു; അഡ്മിറൽ ബെൻബോ. ഒരുദിവസം ഒരു നാവികനവിടെ കയറിവന്നു അയാളവിടെത്താമസവുമായി. നമ്മുടെ കഥയാരംഭിക്കുന്നതു് അവിടന്നാണ്.

ആ സംഭവം എനിക്കു നല്ല ഓർമ്മയുണ്ട്. ഉയരം കൂടി, അവയവദാർഢ്യമുള്ള, തടിയനായൊരു മനുഷ്യൻ. അയാളുടെ മുടി കറുത്തിരുന്നു. മുഷിഞ്ഞുനാറിയ ആ മുടി തോളിലൂടെ കോട്ടിൻെറ പുറത്തേക്ക് വീണുകിടക്കുന്നു.

കൈകളിലും മുഖത്തും മുറിപ്പാടുകൾ ഉണങ്ങി വടുകെട്ടിയിരിക്കുന്നു. ഒററനോട്ടത്തിൽ അറപ്പുതോന്നിക്കുന്ന ഒരു മനുഷ്യൻ! ചുണ്ടിലൊരു കടൽപ്പാട്ടുമായി, ആടിയാടി, സത്രത്തിലേയ്ക്കയാൾ കടന്നുവന്നു. ഇന്നലത്തെപ്പോലെ ഞാനതിപ്പോഴും ഓക്കുന്നു.

കൈയിലിരുന്ന ക്രൂററൻവടികൊണ്ടു് അയാൾ കതകിലാഞ്ഞുമുട്ടി. അച്ഛൻ പുറത്തിറങ്ങിവന്നു. "റം, റം," അയാളുടെ തൊണ്ടയിൽനിന്നും ഒരു പരുഷസ്വരം പുറത്തുചാടി. അച്ഛൻ ഒരു ഗ്ലാസ് റം അയാൾക്കു് കൊണ്ടുവെന്നു കൊടുത്തു. അയാളതു മോന്തിമോന്തിക്കുടിച്ചു. റം തൊണ്ടയിലൂടെയിറങ്ങുന്നതിനിടയിൽ അയാൾ പറഞ്ഞു: "അസ്സലായി. ഒന്നാംതരം കപ്പൽത്തുറ! ഒരുപാടാളുണ്ടോ ഇവിടെത്താമസം?"

ഇല്ലെന്നു് അച്ഛൻ മറുപടികൊടുത്തു.

"ഹ! ഹ! ഹ! ഇവിടെത്തന്നെയാട്ടെ എൻെറ താമസം. ഞാനൊരു സാധാരണക്കാരൻ. റം, മുട്ട, പന്നിയിറച്ചി.. ഇത്രയും മതിയെനിക്കു്..... ...നിങ്ങളെന്നെ എന്തു വിളിക്കും? ക്യാപ്ററൻ, ക്യാപ്ററൻ; ങ്ഏ!" അച്ഛൻെറ മുമ്പിലേക്കു് മൂന്നാലു് സ്വർണ്ണനാണ്യങ്ങൾ നിസ്സാരഭാവത്തിൽ അയാൾ വലിച്ചെറിഞ്ഞു. "തീരുമ്പോൾ എന്നെ അറിയിക്കണം." ഒരു പടനായകൻെറ ഭാവഗാംഭീര്യത്തോടെ അയാൾ അച്ഛൻെറ മുഖത്തുനോക്കിപ്പറഞ്ഞു.

ഒരു ഉന്തുവണ്ടിയിലാണു് അയാളുടെ പെട്ടിയും മററും സത്രത്തിലെത്തിച്ചതു്. വണ്ടിക്കാരൻ പറഞ്ഞു: "ഇന്നുരാവിലെ എവിടുന്നോ ഈ തുറയിൽ വന്നിറങ്ങിയതാണു്. ഈ സത്രത്തെപ്പററിപ്പറഞ്ഞുകേട്ടു് ഇങ്ങോട്ടു പോന്നു."

പ്രകൃത്യാ മിതഭാഷിയായിരുന്നു അയാൾ. പകലൊക്കെ തുറമുഖത്തെങ്ങാനും അലഞ്ഞുതിരിയും. ചിലപ്പോൾ കടലോരത്തുള്ള പാറക്കെട്ടുകളുടെ മുകളിൽ ഒരു ടെലസ്കോപ്പുമായി ചടഞ്ഞുകൂടും. രാത്രി നെരിപ്പോടിന്നരികിൽ വന്നിരിക്കും. വെള്ളംചേർത്ത റം മൂക്കുമുട്ടെ അടിക്കും. ഇതാണയാളുടെ ദിനചര്യ. നടത്തം കഴിഞ്ഞു് വൈകുന്നേരം വരുമ്പോൾ പതിവായി ചോദിക്കും: "ഇതിലെ കപ്പലോട്ടക്കാരാരെങ്കിലും വന്നോ?" ആദ്യമാദ്യം ഞങ്ങളോർത്തു, അയാൾ തന്റെ വർഗ്ഗത്തിൽപ്പെട്ട സുഹൃത്തുക്കളെ അന്വേഷിക്കുകയായിരിക്കുമെന്നു്. എന്നാൽ അവരിൽനിന്നും അകന്നുനില്ക്കാനാണു് അയാളുടെ ശ്രമമെന്നു് പിന്നീട്ടു് ഞങ്ങൾക്കു മനസ്സിലായി ഏതെങ്കിലും ഒരു നാവികൻ ഒരുദിവസമവിടെത്താമസമാക്കിയാൽ മതി, അയാൾ ചുണ്ടെലിയെപ്പോലെ ഒതുങ്ങിക്കൂടും. പിന്നെ, അനക്കമില്ല; ശബ്ദമില്ല.

എന്നോട്ടു് വലിയ പഥ്യമായിരുന്നു അയാൾക്കു്. എനിക്കങ്ങോട്ടും. ഒരുദിവസം അയാളെന്നെ രഹസ്യമായി വിളിച്ചു. ഒററക്കാലനായ ഒരു നാവികനതിലെയെങ്ങാൻ കടന്നുപോയാൽ അയാളെ അറിയിക്കണമെന്നു് എന്നെ ചട്ടംകെട്ടി. ഞാനതു സമ്മതിച്ചു. ഈ പുതിയ ജോലിക്കു് എനിക്കു് നാലു പെനി ശമ്പളം. ഒരു മാസം കഴിഞ്ഞപ്പോൾ ഞാൻ ശമ്പളമാവശ്യപ്പെട്ടു. തന്ത്രപൂർവ്വം ഒഴിഞ്ഞുമാറാൻ അയാളൊരു ശ്രമം നടത്തി. എന്നാൽ എന്നെ പ്രീണിപ്പിക്കുന്നതാണു് ബുദ്ധിപൂർവ്വമെന്നു് അയാളൊടുവിൽ മനസ്സിലാക്കി. ഞാൻ വീണ്ടും ജോലി കൃത്യമായിച്ചെയ്യാനും തുടങ്ങി.

ആ ഒററക്കാലനെക്കുറിച്ചുള്ള വിചാരം എന്റെ തലച്ചോറിൽ ഒരു കോളിളക്കംതന്നെയുണ്ടാക്കി. എന്റെ

തലച്ചോറിൽനിന്നും അയാളെക്കുറിച്ചുള്ള വിചാരം എനിക്കു പറിച്ചെറിയാൻ സാധിക്കുന്നില്ല. കോളും കൊടുങ്കാറ്റുംകൊണ്ടു് സത്രം വിറകൊള്ളുമ്പോൾ, കടൽത്തുറയും പാറക്കെട്ടുകളും രാവിന്റെ ഭീകരാരവത്തിൽ ഭയചകിതമായി തരിച്ചുനിൽക്കുമ്പോൾ, ആ പ്രേതഭാവന തന്റെ ഓർമ്മകളിലേയ്ക്കു് മന്ദം മന്ദം അരിച്ചുകയറുകയായി. എന്തെല്ലാം പേക്കിനാവുകൾ! കാലില്ലാത്ത ആ വികൃതസ്വരൂപം തന്റെ പുറകെ പാഞ്ഞടുക്കുന്നതായി ഞാൻ സ്വപ്നം കാണും. നാലു പെനിക്കുവേണ്ടി തനിയ്ക്കെന്തെല്ലാം സഹിക്കേണ്ടിവന്നു!

ഇതെല്ലാമായാലും എനിക്കു് ക്യാപ്റ്ററനെ ഭയമില്ലായിരുന്നു. എല്ലാവരും അയാളെ ഭയപ്പെട്ടു. രാത്രി മേശയ്ക്കരികിലിരുന്നു് റം കുടിക്കുമ്പോൾ അയാളുറക്കെ പ്പാടും. കൂട്ടത്തിലിരിക്കുന്നവരും പാടിക്കൊള്ളണം. അതാണു് ക്യാപ്റ്ററന്റെ നിയമം. മിക്കവരും ആ നിയമം ഭയംകൊണ്ടു് അനുസരിക്കും. ചിലപ്പോഴയാൾ എന്തെങ്കിലും കഥയായിരിക്കും പറയുക. ആരെങ്കിലും കഥയിലശ്രദ്ധകാണിച്ചാൽ അയാൾ ക്ഷമിക്കുകയില്ല. കുടിച്ചു് കുടിച്ചു് ബോധംകെടുന്നതുവരെ അയാളെന്തെങ്കിലും പറഞ്ഞുകൊണ്ടിരിക്കും.

അയാളെക്കുറിച്ചൊരായിരം കഥകൾ പെട്ടെന്നാ ത്തുറയിൽ പരന്നു. അയാളുടെ ക്രൂരതകളെക്കുറിച്ചും അത്ഭുതപ്രവൃത്തികളെക്കുറിച്ചുമെല്ലാം. അച്ഛനു് അയാളുടെ മട്ടും ഭാവവും അത്ര പിടിച്ചില്ല. അയാൾകാരണം സത്രത്തിലാരും വരികയില്ലെന്നായിരുന്നു അച്ഛന്റെ ഭയം. മറിച്ചാണു് ഞാൻ വിചാരിച്ചതു്. വിരസമായ ആ ഗ്രാമസത്രത്തിനു് ജീവൻകൊടുത്തതു് ക്യാപ്റ്ററനാണെന്നായിരുന്നു എന്റെ അഭിപ്രായം. ഏതായാലും അ

യാൾക്കു കുറെ വെറപ്പുക്കാരായ ആരാധകരുണ്ടായി എന്നതാണു് സത്യം.

ഞങ്ങളുടെ സത്രം നഷ്ടത്തിലായിത്തുടങ്ങി. ദിവസങ്ങളും, ആഴ്ചകളും, മാസങ്ങളും അങ്ങനെ കടന്നുപോയി. പണം മുഴുവൻ ചെലവായി. അച്ഛൻ ക്യാപ്റ്റനോട്ടു് വീണ്ടും പണം ആവശ്യപ്പെട്ടില്ല. അഥവാ വല്ലപ്പോഴും ഒന്നു ചോദിച്ചാലോ? വിദൂരത്തിലെങ്ങാനും ദൃഷ്ടിയുറപ്പിച്ചു് ആലോചനാമഗ്നനായി അയാൾ കുറേനേരം നില്ക്കും. എന്നിട്ടു് ചൂളം വിളിച്ചു് തലയാട്ടിക്കൊണ്ടു് പുറത്തിറങ്ങി പോകയും ചെയ്യും. അപ്പോഴെല്ലാം അയാളുടെ ഉൾക്കളം തിളച്ചു മറിയുന്നുണ്ടെന്നു് എനിക്കു് തോന്നിയിട്ടുണ്ടു്.

ഞങ്ങളുടെ സത്രത്തിൽ താമസമാക്കിയതിനു ശേഷം അയാൾ വസ്ത്രങ്ങൾ വാങ്ങിയിട്ടേയില്ല. കോട്ടു കീറിയാലുടൻ മുകളിൽ തന്റെ മുറിയിൽ ചെന്നിരുന്നു് അയാൾ തയ്ക്കും. തയ്ച്ചു് തയ്ച്ചു് ഒടുവിൽ കോട്ടു മുഴുവൻ തയ്യൽപ്പാടുകൊണ്ടു നിറഞ്ഞു. ആരും അയാൾക്കെഴുതയച്ചതായി എനിക്കറിവില്ല. അയാളുടെ മുറിയിൽ വച്ചിരുന്ന ആ ക്രൂരൻ പെട്ടിയെക്കുറിച്ചും ആക്കും ഒന്നും അറിഞ്ഞുകൂടായിരുന്നു.

ക്യാപ്റ്റൻ രോഷാകുലനായി ഒരിക്കലേ ഞാൻ കണ്ടിട്ടുള്ളു. അച്ഛൻ രോഗമൂർച്ഛയിൽ കിടക്കുകയാണു്. ഒരു ദിവസം ഉച്ചകഴിഞ്ഞു് ഡോ. ലീവ്സി രോഗിയെ നോക്കാൻ വന്നു. ആഹാരത്തിനുശേഷം പൈപ്പും വലിച്ചുകൊണ്ടു് ഡോക്ടർ അടുത്തമുറിയിൽ നില്ക്കുകയായിരുന്നു; തന്റെ കുതിരക്കാരനേയും കാത്തു്. ക്യാപ്റ്റൻ കുറേ ദൂരത്തിരുന്നു് റം കുടിക്കുകയാണു്. കീറിപ്പറിഞ്ഞ വൃത്തികെട്ട വസ്ത്രങ്ങളാണു് അയാൾ ധരിച്ചിരിക്കുന്നതു്.

ക്യാപ്ററൻ അലക്ഷ്യമായി തന്റെ പഴയ കപ്പൽപ്പാട്ട പാടാൻ തുടങ്ങി. നിത്യ പരിചയക്കാരായ ഞങ്ങൾക്ക് ആ പാട്ട് പുത്തരിയല്ലായിരുന്നു. എന്നാൽ ഡോക്ടറാദ്യമായാണതു കേൾക്കുന്നതു്. അദ്ദേഹത്തിനതത്ര പിടിച്ചില്ല. കോപംകൊണ്ടു തുടുത്ത മുഖത്തോടെ ഡോക്ടർ തോട്ടക്കാരന്റെ സമീപത്തേക്കു പോയി എന്തോ സംസാരിക്കാൻ തുടങ്ങി. ക്യാപ്ററന്റെ ഗാനം ഉച്ചസ്ഥായിയിലെത്തി. അയാൾ മേശപ്പുറത്താഞ്ഞടിച്ച് എല്ലാവരും നിശ്ശബ്ദരായിരിക്കാൻ പതിവുപോലെ കല്പന പുറപ്പെടുവിച്ചു. എങ്ങും നിശ്ശബ്ദം!! ഡോക്ടർ മാത്രം സംസാരിച്ചുകൊണ്ടിരിക്കുന്നു; ഒന്നും സംഭവിച്ചിട്ടില്ലാത്തമട്ടിൽ. ക്യാപ്ററൻ ഡോക്ടരുടെ മുഖത്തു് തുറിച്ചുനോക്കി. മേശപ്പുറത്തു് വീണ്ടും വീണ്ടും ആഞ്ഞടിച്ചു. എന്നിട്ടും ഡോക്ടർ അറിഞ്ഞമട്ട നടിച്ചില്ല. ഒരു തെമ്മാടിയുടെ മുഖഭാവത്തോടെ ക്യാപ്ററൻ ഡോക്ടരുടെ മുഖത്തു് തുറിച്ചുനോക്കി. "മിണ്ടരുതു്! മിണ്ടരുതു്!" അയാൾ ഉറക്കെ അലറി.

"എന്നോടോ?" — ഡോക്ടർ ചോദിച്ചു. "അതെയതെ" എന്ന ക്യാപ്ററന്റെ ധിക്കാരംനിറഞ്ഞ മറുപടി കേട്ട്, ഡോ പറഞ്ഞു: "കുടിച്ചു കുടിച്ചു താൻ മരിക്കും. ലോകത്തിനു് അങ്ങനെ ഒരു കേഡി നഷ്ടപ്പെടും."

ക്യാപ്ററൻ കോപംകൊണ്ടു മതിമറന്നു അയാൾ ചാടിയെഴുന്നേററു. ഡോക്ടറെ കുത്തിമലത്തിക്കളയാനെന്നഭാവത്തിൽ കത്തി വലിച്ചൂരി.

ഡോക്ടർക്കു് ഒരു കുലുക്കവുമില്ല. പഴയതുപോലെ തന്നെ അചഞ്ചലനായി ഡോക്ടർ എല്ലാവരുംകേൾക്കെ ഉറക്കെ വിളിച്ചുപറഞ്ഞു: "താൻ കച്ചേരികേറാറായി. കത്തി ഉറയിലിടുന്നതാണു നല്ലതു്."

രൂക്ഷരൂക്ഷമായി അവരന്യോന്യം കുറേനേരം നോക്കിനിന്നു. ക്യാപ്റ്റൻ പിന്നെപ്പിന്നെ പുറകോട്ടു മാറുന്നതായി തോന്നി. അവസാനം കത്തി മടക്കി ഉറയിലിട്ട്, തോൽവി പററിയ പട്ടിയെപ്പോലെ, തൻെറ പഴയ ഇരിപ്പിടത്തിൽ പോയിരുന്നു.

ഡോക്ടർ തുടർന്നുപറഞ്ഞു: "ഇത്തരത്തിലൊരുവൻ ഇവിടെയുണ്ടെന്നു് ഞാനിപ്പോഴേ മനസ്സിലാക്കിയുള്ളു. സൂക്ഷിച്ചോ! എൻെറ കണ്ണു് എപ്പോഴും തൻെറ മേലുണ്ടായിരിക്കും. ഞാനൊരു ഡോക്ടർ മാത്രമല്ല; ന്യായാധിപൻകൂടിയാണു്. ഇതാവർത്തിച്ചാൽ പിന്നെ താനിവിടെ ഉണ്ടാവില്ല."

അപ്പോഴേക്കും ഡോക്ടരുടെ കുതിര വന്നുചേർന്നു. ഡോക്ടർ പോയി. വൈകുന്നേരം മുഴുവൻ ക്യാപ്റ്റൻ നിശ്ശബ്ദനായി കഴിച്ചുകൂട്ടി.

## II

അധികം നാൾ കഴിഞ്ഞില്ല. ശീതകാലം കൊണ്ടു പിടിച്ചിരിക്കയാണു്. മരംകോച്ചുന്ന തണുപ്പു്: കനത്ത മഞ്ഞു്; ഇടയ്ക്കിടെ അസ്ഥികൂടി മരവിപ്പിക്കുന്ന തണുപ്പൻകാററും. അച്ഛൻ വരുന്ന വസന്തം കാണുമോ എന്നു സംശയിച്ചു കിടക്കുകയാണു്. സത്രത്തിലെ എല്ലാക്കാര്യങ്ങളും നടത്താൻ അമ്മയും ഞാനും മാത്രം. അതുകൊണ്ടു് ഞങ്ങളുടെ ആ വിശേഷാതിഥിയെക്കുറിച്ചു് — ക്യാപ്റ്റനെക്കുറിച്ചു് — ഞങ്ങളധികം ചിന്തിച്ചിരുന്നില്ല.

ജനുവരി മാസത്തിലെ ഒരു പ്രഭാതം. പുലർന്നു വരുന്നേയുള്ളു. മഞ്ഞു മഴപോലെ വീഴുന്നുണ്ടു്. കപ്പൽത്തുറയും പരിസരങ്ങളുമെല്ലാം മഞ്ഞുവീണു് നരച്ചപോലെ

നില്ക്കുന്നു. തിരമാലകൾ മന്ദം മന്ദം തീരപ്രദേശത്തു് പാറകളിൽ വന്നു തട്ടിത്തലോടി തിരിച്ചുപോകുന്നു. ക്യാപ്ററൻ പതിവിലും നേരത്തെ എഴുന്നേററ് കടൽപ്പുറത്തേക്ക് നടക്കാൻ പോയിക്കഴിഞ്ഞു; കോട്ടിന്നടിയിൽ ഒരു നീളൻ കത്തിയും, തോളത്തു് ഒരു ടെലസ്കോപ്പും തൂക്കിയിട്ടുണ്ടു്. 'കുറ കുറാ' ശ്വാസം വലിച്ചുകൊണ്ടു് പുറകോട്ടു മറിഞ്ഞിരിക്കുന്ന ഒരു തൊപ്പിയും വച്ചു് അയാൾ പതിവായി നടക്കാനിറങ്ങുന്നതു് ഞാനിപ്പോഴും ഓർക്കുന്നു

അമ്മ, മുകളിൽ അച്ഛന്റെ മുറിയിലായിരുന്നു. ഞാൻ ക്യാപ്ററനു് പ്രഭാതഭക്ഷണത്തിനുള്ള മേശയും കസേരയുമെല്ലാം തുടച്ചു വൃത്തിയാക്കുകയായിരുന്നു. അപ്രതീക്ഷിതമായി ഹാളിന്റെ വാതിൽ തള്ളിത്തുറന്നു് ഒരാൾ അകത്തു കടന്നുവന്നു എനിക്കൊരെത്തുംപിടിയുമില്ലാത്ത ഒരാൾ. വെണ്ണപോലെ വെളുത്തു വിളറിയിരുന്നു അയാൾ. ഇടത്തെ കൈപ്പത്തിയിൽ അയാൾക്കു് മൂന്നു വിരലേ ഉണ്ടായിരുന്നുള്ളു. അരയിൽ ഒരു കത്തി തൂക്കിയിട്ടുണ്ടു്. ഞാൻ എന്റെ ഒററക്കാലൻ നാവികനെക്കുറിച്ചോർത്തുപോയി. അയാളല്ല ഇയാൾ. എങ്കിലും ഇയാൾക്കും കടലുമായി ബന്ധമുള്ളതുപോലെ എനിക്കു തോന്നി

"എന്തുവേണം?"- ഞാനയാളോടു ചോദിച്ചു. "റം"- അയാൾ മറുപടി പറഞ്ഞു. ഞാൻ റം കൊണ്ടുവരുന്നതിനു് അകത്തേക്കു പോകാൻ ഭാവിച്ചു. ഉടൻ അയാൾ എന്നോടു് അടുത്തുചെല്ലാൻ ആംഗ്യം കാണിച്ചു. ഞാൻ നിന്നിടത്തുതന്നെ നിന്നതേയുള്ളു.

"സണ്ണീ!, അടുത്തു വരൂ!" അയാൾ പറഞ്ഞു. ഞാൻ ഒരു ചുവടുകൂടി അയാളുടെ അടുത്തേയ്ക്കു നീങ്ങിനിന്നു.

"ഇതൊക്കെ ആർക്കുവേണ്ടിയാണു് തയ്യാറാക്കിയിരിക്കുന്നതു്? എന്റെ സുഹൃത്തു് മി. ബില്ലിനായിട്ടല്ലേ?" – സാകൂതം അയാൾ ചോദിച്ചു.

"ബിൽ" ആരാണെന്നെനിക്കറിഞ്ഞുകൂടെന്നു ഞാൻ പറഞ്ഞു. നമ്മുടെ ക്യാപ്റ്റൻ തന്നെയായിരുന്നു ബിൽ. അതല്ലേ രസം!

"ക്യാപ്റ്റനെന്നായിരിക്കും ബില്ലിനെ നിങ്ങൾ വിളിക്കുക. മുഖത്തൊരു മുറിവിന്റെ വടുവുണ്ടയാൾക്കു്." അയാൾ മി. ബില്ലിന്റെ പ്രത്യേകതകളെക്കുറിച്ചു് പ്രസംഗിച്ചു. അയാൾ നടക്കാനിറങ്ങിയിരിക്കയാണെന്നു് ഞാൻ മറുപടി കൊടുത്തു.

"എങ്ങോട്ടാണു്, ഏതു വഴിയാണു് സണ്ണീ, അയാൾ പോയതു്?'' — അയാൾ ആരാഞ്ഞു.

ദൂരത്തുള്ള പാറക്കൊട്ടകളിലേക്കു ഞാൻ ചൂണ്ടിക്കാട്ടി. അധികം താമസിയാതെ ക്യാപ്റ്റൻ തിരിച്ചെത്തുമെന്നും ഞാൻ ആഗതനോടു പറഞ്ഞു.

അയാളുടെ മുഖത്തൊരസുഖത്തിന്റെ ഛായ പരന്നു. അതിനു ഞാനെന്തുവേണം എന്ന മട്ടിൽ ഞാൻ മിണ്ടാതിരുന്നതേയുള്ളു; സത്രത്തിന്റെ വാതില്ക്കൽത്തന്നെ അയാൾ കാത്തുനിന്നു. എലിയെ അന്വേഷിക്കുന്ന പൂച്ചയുടെ മനോഭാവത്തോടെ അയാൾ ചുററും കണ്ണോടിച്ചു. ഞാൻ ക്യാപ്റ്റനെ അന്വേഷിച്ചു പുറത്തിറങ്ങി. അയാളെന്നെ ഉടൻ തിരിച്ചു വിളിച്ചു. അയാളുടെ മുഖത്തെ ക്രൗര്യം എന്നെ ഭയപ്പെടുത്തിക്കളഞ്ഞു എന്നാൽ ഞാനടുത്തെത്തിയപ്പോൾ അയാൾ മുഖഭാവം മാററി വാത്സല്യം പ്രദർശിപ്പിക്കാൻ ശ്രമിച്ചു.

"കുട്ടികളായാൽ അടക്കവുമൊതുക്കവുമാണാവശ്യം,

കേട്ടോ സണ്ണീ! നമുക്ക് ബില്ലിനെ ഒന്നു പററിക്കണം. അകത്തു കടന്ന് കതകിൻെറ മറവിൽ ഒളിച്ചിരിക്കാം."

അയാളിത്രയും പറഞ്ഞു് എന്നെയും പിടിച്ച് മുറിക്കകത്തേയ്ക്കു കടന്നു. തുറന്നു കിടന്ന വാതിലിൻെറ മറവിൽ ഞങ്ങൾ ഒളിച്ചു. അപ്പോഴത്തെ എൻെറ വികാരങ്ങൾ നിങ്ങളൊന്നു സങ്കല്പിച്ചു നോക്കൂ! ഭയമോ സംശയമോ ഏതാണെൻെറ മുഖത്തും ഹൃദയത്തിലും നിഴൽ വീശിയതെന്ന് കൃത്യമായി പറയുക വയ്യ. അയാൾ തൻെറ കത്തിയുടെ പിടി പുറമേ കാണത്തക്കവിധം വെച്ചു. അയാളുടെ മുഖത്തും ഏതോ ഭയം ഇഴഞ്ഞുകയറിയരുന്നു. ശ്വാസോച്ഛ്വാസത്തിൻെറ വേഗതയും വിഷമവും വർദ്ധിച്ചോ എന്നു് സംശയം.

കുറേ അങ്ങനെ കഴിഞ്ഞുകാണും. ക്യാപ്ററൻ പതിവുപോലെ വേഗത്തിലകത്തുകടന്ന് കതക് പുറകോട്ടു തള്ളിയടച്ചു. അങ്ങുമിങ്ങും നോക്കാതെ നേരെ തീൻമേശയ്ക്കലേയ്ക്കു നടന്നു.

തൻെറ ധൈര്യവും തൻേറടവും മുഴുവൻ സമാഹരിച്ച് ആ അപരിചിതൻ കഴിയുന്നത്ര ഉച്ചത്തിൽ വിളിച്ചു:-

"ബിൽ!"

ക്യാപ്ററൻ തിരിഞ്ഞുനിന്നു് ഞങ്ങളെ നോക്കി. അയാളുടെ മുഖം കരിവാളിച്ചിരിക്കുന്നു; ഒരു പ്രേതത്തെ കണ്ടപോലെ!! എനിക്കുതന്നെ അയാളുടെ ആ അവസ്ഥയിൽ സങ്കടം തോന്നി.

"മി ബിൽ! നിങ്ങളെന്നെ അറിയില്ലെന്നോ? കപ്പലിലെ ആ പഴയ മിത്രം!" — അപരിചിതൻ പറഞ്ഞു

ക്യാപ്ററൻ ദീർഘമായൊന്നു നിശ്വസിച്ചു. എന്നിട്ട് മുറുമുറുത്തു. "ബ്ലാക്ക് ഡോഗ്!!"

"അതുതന്നെ! ആ പഴയ കൂട്ടുകാരൻ ബില്ലിനെ കാണാൻ വന്നതാണ്. എത്ര നാളായി തമ്മിൽ കണ്ടിട്ട്!!" അപരിചിതൻ കൂടുതൽ സാധാരണവും പരിചിതവുമായ സ്വരത്തിൽ പറഞ്ഞു.

"അതേടൊ! താനെന്നെ കളിപ്പിച്ചു. എന്നിട്ടും....!"— ബ്ലാക്ക് ഡോഗ് മുറമുറത്തു.

"മി. ബിൽ! അതൊക്കെ സാവധാനം പറയാം ഈ പയ്യൻ കുറെ റം കൊണ്ടുവരട്ടെ! നമുക്കിവിടെയിരുന്ന് അല്പം സൊള്ളാം; പഴയ ചങ്ങാതിമാരേപ്പോലെ തന്നെ!"

ഞാൻ റമ്മുംകൊണ്ടു തിരികെ വരുമ്പോൾ അവർ ക്യാപ്റ്റന്റെ മേശയുടെ ഇരുവശത്തുമായി ഇരിക്കയാണ്. ബ്ലാക്ക് ഡോഗ് കതകിന്നരികിലാണ്. പുറത്തേക്ക് കടക്കാൻ വളരെ എളുപ്പത്തിനുതന്നെയാണിരുപ്പ്. പുറത്തേക്കു പൊയ്ക്കൊള്ളാൻ അയാളെന്നോടാവശ്യപ്പെട്ടു. എന്നിട്ട് കതകു് മലക്കെത്തുറന്നിട്ടു.

അകത്തെന്താണു നടക്കുന്നത്....? ഞാൻ കൗതുകത്തോടുകൂടി ശ്രദ്ധിച്ചു എന്തെല്ലാമോ കുറെ വാദങ്ങൾ, ശപഥങ്ങൾ! ക്യാപ്റ്റന്റെ ശബ്ദമാണു കേൾക്കുന്നതു്.

"ഇല്ല, ഇല്ല! തൂക്കിക്കൊല്ലുമെന്നോ? കൊല്ലട്ടെ!!"— ഒരാൾ അകത്തുനിന്നു് ഉറക്കെ വിളിച്ചുപറഞ്ഞു.

പെട്ടെന്നകത്തൊരു വാദകോലാഹലം കസേരകൾ തമ്മിൽ കൂട്ടിയടിക്കുന്നു! കരച്ചിലിന്റെ ശബ്ദം! അടുത്തനിമിഷം ബ്ലാക്ക് ഡോഗ് വാതിലിൽക്കൂടി പുറത്തേക്കു പാഞ്ഞു. നിവർത്ത കത്തിയുമായി ക്യാപ്റ്റൻ പിറകേയും. ബ്ലാക്ക്ഡോഗിന്റെ ഇടത്തുതോൾ മുറി

ഞ്ഞിരിക്കുന്നു. വാതില്ക്കലെത്തിയ ക്യാപ്ററൻ ഒരവസാനവെട്ടം ആഞ്ഞുവെട്ടി. അതേററിരുന്നെങ്കിൽ ബ്ളാക്ക്ഡോഗ്ഗ് തുണ്ടം തുണ്ടമായി നിലം പതിക്കമായിരുന്നു. ഭാഗ്യംതന്നെ സത്രത്തിൻെറ പേരെഴുതിയിരുന്ന പരസ്യപ്പലകയിലാണതു കൊണ്ടതു്. ആ പാടു് ഇപ്പോഴും അവിടെ തെളിഞ്ഞു കിടക്കുന്നു.

മുറിവേററെങ്കിലും ഡോഗ്ഗ് തിരിഞ്ഞുനോക്കാതെ പാഞ്ഞു് ഒരു മിനിട്ടുകൊണ്ടു് അകലെയുള്ള കുന്നിൻചാരിവിൽ മറഞ്ഞു. പരസ്യപ്പലകയുടെ ചുവട്ടിൽ ക്യാപ്ററൻ മിഴിച്ചുനിന്നു. ഒരു നിമിഷത്തിനുശേഷം അയാഠം ചിന്താകുലനായി സത്രത്തിലേക്കു് തിരിഞ്ഞു നടന്നു.

"ജിം!!"—അയാഠം വിളിച്ചു. "റം!" അയാഠം ആട്ടുന്നുണ്ടായിരുന്നു.

"മുറിവു പററിയോ?" — ജിജ്ഞാസയോടെ ഞാൻ ചോദിച്ചു.

"റം, റം!" അയാഠം അക്ഷമനായി. "ഇവിടന്നു പോയിത്തുലയണം!''

ഞാൻ റം കൊണ്ടുവരാൻ ഓടി. എൻെറ സംഭ്രമത്തിനിടയിൽ ഗ്ലാസു് താഴെ വീണുടഞ്ഞുപോയി. പെട്ടെന്നു് ഹാളിൽ എന്തോ വലിയ ശബ്ദമുണ്ടാക്കിക്കൊണ്ടു മറിഞ്ഞുവീണു. ശബ്ദം കേട്ടു് ഞാൻ തിരിച്ചുചെന്നപ്പോഴുണ്ടു് ക്യാപ്ററൻ നീണ്ടുനിവന്നു കിടക്കുന്നു. താഴെ നടക്കുന്ന ലഹളയും നിലവിളിയുമെല്ലാം കേട്ടു് അപ്പോഴേക്കും അമ്മ താഴെയെത്തിയിരുന്നു. ഞങ്ങഠം ക്യാപ്ററൻെറ തലയുയർത്തിവെച്ചു. ബുദ്ധിമുട്ടി, ഒരു ശബ്ദത്തോടുകൂടിയാണു് അയാഠം ശ്വാസം കഴിച്ചിരുന്നതു്. അയാ

ളുടെ കണ്ണുകൾ അടഞ്ഞിരുന്നു. നിറത്തിനും മാററം വന്നിരുന്നു.

“നാശംപിടിച്ച വീട്! നിൻെറച്ഛനു സുഖമില്ല. ഇതാ, ഇതിപ്പോഴിങ്ങനെയും.” അമ്മ സംഭ്രാന്തിയോടെ ഒട്ടാത്മഗതമായിപ്പറഞ്ഞു.

എന്തുചെയ്യണം? ഞങ്ങൾക്കറിഞ്ഞുകൂടായിരുന്നു. ക്യാപ്ററൻെറ വായിൽ കുറെ റം ഒഴിച്ചുകൊടുക്കാൻ ഞാൻ ഒരു വ്യഥാശ്രമം നടത്തി. അയാളുടെ പല്ലുകൾ കൂട്ടിക്കടിച്ചിരിക്കുന്നു! ഭാഗ്യത്തിനു് അച്ഛൻെറ രോഗം അന്വേഷിക്കാൻ ഡോ. ലീവ്സി അപ്പോഴവിടെക്കടന്നു വന്നു.

“ഡോക്ടർ”—ഞങ്ങളൊരുമിച്ചു പറഞ്ഞു. “ഇയ്യാൾക്കെന്തു പററി? ഒന്നു നോക്കൂ. എവിടെയാണു് മുറിഞ്ഞിരിക്കുന്നതു്?”

“എവിടെ മുറിഞ്ഞിരിക്കുന്നു? ഇയാൾക്കൊരു ഷോക്കാണു്. മുകളിൽച്ചെന്നു് ഹോപ്കിൻസിനോടിതൊന്നും പറയേണ്ട. ഇയാളെ രക്ഷിക്കാമോ എന്നു് ഞാനൊന്നു നോക്കട്ടെ. ജിം! ഒരു ബേസിൻ കൊണ്ടുവരൂ.”

ഞാൻ ബേസിൻ കൊണ്ടുവന്നു. അപ്പോഴേക്കും ഡോക്ടർ ക്യാപ്ററൻെറ ഷർട്ടിൻെറ കൈ നീക്കി. മാംസപേശികൾ വിജൃംഭിച്ചുനില്ക്കുന്ന ബലിഷ്ഠമായ കൈ! അതു നിറയെ പച്ചകുത്തി, ബില്ലിബോൺസ് എന്നെഴുതിയിരുന്നു. തോളിനോടുചേർന്നു് ഒരു ശവം തൂങ്ങിനില്ക്കുന്ന തൂക്കുമരത്തിൻെറ പടവും.

“ഇതാ, ചെമ്പു പുറത്താകുന്നു!” ആ ചിത്രം കൈകൊണ്ടമർത്തിപ്പിടിച്ചുകൊണ്ടു് ഡോ. പറഞ്ഞു—“മാസ്റ്റർ

ബില്ലിബോൺസ് — ഇതാണല്ലേ പേരു്? ഇയ്യാളുടെ രക്തം പരിശോധിക്കണം. ജിം, നിനക്കു് ചോരകണ്ടാൽ പേടിയാകുമോ?"

"ഏയ്!" — ഞാൻ പറഞ്ഞു.

"എന്നാലാ ബേസിൻ പിടിച്ചോളൂ!" എന്നു് പറഞ്ഞുകൊണ്ടു് ഡോക്ടർ ഒരു സൂചികൊണ്ടു് ഒരു ഞരമ്പു് മുറിച്ചു.

കുറേയധികം രക്തം പുറത്തുപോയിക്കഴിഞ്ഞപ്പോൾ ക്യാപ്റ്റൻ കണ്ണുതുറന്നു. ഉറക്കമുണർന്നപോലെ അയാൾ ചുററുപാടും കണ്ണോടിച്ചു. ഡോക്ടറെ കണ്ടപ്പോൾ അയാളുടെ മുഖം മങ്ങി. എന്നാൽ എൻെറ സാമീപ്യം അയാൾക്കു് സന്തോഷപ്രദമായതുപോലെ തോന്നി. എന്തോ ഓർമ്മിച്ചതുപോലെ പെട്ടെന്നു് അയാളുടെ മുഖം കറുത്തു. അതിൽ ക്രൂരത കളിയാടി. അയ്യാളലറി:-

"ബ്ളാക്ക് ഡോഗ്!"

"ഇവിടെങ്ങും അങ്ങനെയൊരാളില്ല" ഡോക്ടർ പറഞ്ഞു. "ഇവിടെയിരുന്നു് നിങ്ങൾ റം കുടിക്കയായിരുന്നു, അല്ലേ? ഞാനന്നേ പറഞ്ഞില്ലേ ഇതു നല്ലതിനല്ല എന്നു്. തല്ക്കാലം മി. ബോൺസ്!, നിങ്ങളെ ഞാൻ മരണത്തിൽ നിന്നും രക്ഷിച്ചിരിക്കുന്നു." ഡോക്ടരുടെ ശബ്ദത്തിൽ ഗൗരവം തുളുമ്പിയിരുന്നു.

"എൻെറ പേരല്ലതു്" ഇടയ്ക്കുകയറി അയാൾ പറഞ്ഞു.

"എൻെറ സുഹൃത്തായി ഒരു നാവികനുണ്ടു്; അയാളുടെ പേരാണതു്. നിങ്ങളെ സൗകര്യത്തിനുവേണ്ടി ഞാനങ്ങനെ വിളിച്ചു എന്നേയുള്ളു. എഴുന്നേല്ക്കു, നിങ്ങളുടെ കട്ടിലിലേക്കു പോകാൻ നിങ്ങളെ സഹായിക്കാം." ഡോക്ടർ ശാന്തതയവലംബിച്ചുകൊണ്ടു് പറഞ്ഞു.

ഞങ്ങൾ വളരെ ബുദ്ധിമുട്ടി അയാളെ താങ്ങിപ്പിടിച്ചു് കിടക്കയിലെത്തിച്ചു. അർദ്ധബോധാവസ്ഥയിൽ അയാൾ കിടക്കയിലേക്കു ചരിഞ്ഞു.

"ഇനിയും സൂക്ഷിക്കണം. റം നിങ്ങളെക്കൊല്ലും!"–എന്നൊരു താക്കീതുകൊടുത്തു് ഡോക്ടർ എന്നെയും വിളിച്ചുകൊണ്ടു് അച്ഛൻ കിടക്കുന്ന മുറിയിലേക്കു പോയി.

കതകു് ചാരി ഞങ്ങൾ പുറത്തിറങ്ങിയപ്പോൾ ഡോക്ടർ പറഞ്ഞു: "ഒരാഴ്ച കിടക്കട്ടെ! ഞാൻ വേണ്ടത്ര രക്തം കുത്തിയെടുത്തു. ഒരിക്കൽക്കൂടി ഇങ്ങനെ വന്നാൽ, പിന്നെ രക്ഷയില്ല"

## III

ഉച്ചയായിക്കാണും. മരുന്നും പാനീയവുമായി ഞാൻ ക്യാപ്റ്റന്റെ മുറിയുടെ വാതിൽക്കൽ ചെന്നു നിന്നു. അയാൾ പഴയതുപോലെതന്നെ കിടക്കയിൽ കിടക്കയാണു്. പാരവശ്യവും ക്ഷോഭവും അയാളുടെ ഉൾക്കളം മഥിച്ചു തളർത്തിയതുപോലെ തോന്നി.

"ജിം!" അയാൾ നിസ്സഹായതയും വാത്സല്യവും നിറഞ്ഞ സ്വരത്തിൽ വിളിച്ചു "നീ മാത്രമേ അല്പം ഭേദപ്പെട്ട ഒരാളുള്ളു. ഞാനെപ്പോഴും നിന്നോടു് സ്നേഹപൂർവ്വമേ പെരുമാറിയിട്ടുള്ളു മാസംതോറും നാലുപെനിവീതം നിനക്കു് തരികയും ചെയ്തിട്ടുണ്ടു്. ദാ, ഇവിടെ നോക്കു കുഞ്ഞേ! എനിക്കൊരു ഗ്ലാസ് റം!"

ഡോക്ടരുടെ താക്കീതു് ഞാനയാളെ ഓർമ്മിപ്പിച്ചു.

ലോകത്തിലുള്ള എല്ലാ വൈദ്യന്മാരേയും അയാൾ വായ് നിറയെ ചീത്തപറഞ്ഞു. "അവർക്കു് കപ്പലോട്ടക്കാരെക്കുറിച്ചെന്തറിയാം. ഞാൻ റം കൊണ്ടുമാത്രമാണു്

ഇത്രയായതു്. റമ്മാണു് എന്റെ സർവ്വതും. നീയെനിക്കു് റം തന്നില്ലെങ്കിൽ ഞാൻ മരിക്കും. അതിനു കാരണക്കാരൻ നീയാണു്. നീയും ഡോക്ടറും തന്നെ. ഓ, ഈ നല്ല ദിവസം ഒരു തുള്ളിപോലും കുടിച്ചില്ലെങ്കിൽ! ഛേ, ഒരു ഗ്ലാസ് എനിക്കൊന്നുമില്ല. ജിം! ഒരു സ്വർണ്ണനാണയം നിനക്കു് ഞാൻ തരുന്നുണ്ടു്; കുറേ റം, റം..." അയാൾ ആവേശഭരിതനായി പറഞ്ഞുകൊണ്ടിരുന്നു.

എനിക്കു് പരിഭ്രമമായി. അച്ഛനു് സുഖക്കേടു് കൂടുതൽ. ഇയ്യാളിങ്ങനെയും. ഡോക്ടറുടെ വാക്കുകൾ ഞാനോർത്തു.

"എനിക്കു് പണം വേണ്ടാ. അച്ഛനു് കൊടുക്കാനുള്ള കടം വീട്ടിയാൽമതി. ഒരേ ഒരു ഗ്ലാസ്സ് തരൂ. കൂടുതൽ ചോദിക്കരുതു്."—ഞാൻ ഭയസംഭ്രമങ്ങളോടെ പറഞ്ഞു.

ഞാൻ റം കൊണ്ടുവന്നു. കൊടുക്കുന്നതിനുമുമ്പു്, അത്യാർത്തിയോടെ അയാളതു പിടിച്ചുവാങ്ങി കുടികഴിഞ്ഞു.

കുടിച്ചിറക്കി ഒരു നിശ്വാസത്തോടെ ക്യാപ്റ്റൻ പറഞ്ഞു. "ദാ, ഇപ്പോൾ കുറച്ചാശ്വാസം തോന്നുന്നുണ്ടു്. എത്രനാൾ ഞാനിങ്ങനെ കിടക്കണമെന്നാണു് ഡോക്ടറുടെ ഉത്തരവു്?"

"ഒരാഴ്ചയെങ്കിലും!" ഞാൻ മറുപടി കൊടുത്തു.

"അയ്യോ! ഒരാഴ്ചയോ? എനിക്കുവയ്യ. എന്റെ പുറം പൊളിയുമല്ലോ. ആ തെമ്മാടികൾ എന്നെ തേടിനടക്കയാണു്. ആട്ടെ, ഞാനവരെ പററിച്ചേക്കാം!"

അയാൾ ബുദ്ധിമുട്ടി കിടക്കയിൽനിന്നു് എഴുന്നേററിരുന്നു. എന്റെ തോളിൽ ശക്തിയായി പിടിച്ചു

കുലുക്കിക്കൊണ്ടു് പറഞ്ഞു: "ആ ഡോക്ടറെന്നെ കൊല്ലാക്കൊല കൊന്നു എന്റെ ചെവിക്കകത്തെന്തോ മൂളുന്നു. എന്നെ ഒന്നു പിടിച്ചുകിടത്തൂ!" ആ വാക്കുകളിൽ ദുഃഖജനകമായ ദൌർബ്ബല്യം നിഴലിച്ചിരുന്നു. അയാൾ കട്ടിലിന്നരികിൽ ഇരുന്നു. ഞാൻ പിടിക്കുന്നതിനുമുമ്പ് അയാൾ കിടക്കയിലേക്കു മറിഞ്ഞു കുറെ നേരത്തേക്ക് ഒന്നും മിണ്ടിയില്ല.

"ജിം! നീ ആ കപ്പൽക്കാരനെ കണ്ടില്ലേ?" പെട്ടെന്നയാൾ അന്വേഷിച്ചു.

"ബ്ലാക്ക് ഡോഗല്ലേ?" ഞാൻ ചോദിച്ചു.

"ബ്ലാക്ക്ഡോഗ്! തെണ്ടി. അവനെപ്പററിയൊന്നും പറയണ്ട. അവരെന്റെ പെട്ടിയന്വേഷിച്ചിറങ്ങിയിരിക്കയാണു്. ആട്ടെ, നിനക്കു കുതിരസവാരിയറിയാമോ? ഓടിച്ചെന്നാ ഡോക്ടരോടു പറയണം, മജിസ്ട്രേട്ടിനെ ഇവിടെ വിളിച്ചുകൊണ്ടുവരാൻ. അവരെ പിടിക്കണം. വിടരുതു്. കപ്പലിലെ ആദ്യത്തെ അവകാശി ഞാനാണു്!" — അയാൾ തുടർന്നു.

ക്യാപ്ററൻ നിർത്തി, നിർത്തി സാവധാനം പറഞ്ഞു, "ജിം! നീ സൂക്ഷിച്ചിരുന്നോ? ഞാനും സൂക്ഷിച്ചോളാം"!

എവിടെയോ തകരാറുണ്ടു്. എവിടെയാണെന്നെങ്ങനെയറിയാം? അയാളുടെ മുഖത്തും, കണ്ണുകളിലും, ശബ്ദത്തിലും അയാളുടെ കുത്തഴിഞ്ഞ ചിന്തകൾ നിഴലിച്ചിരുന്നു. എങ്ങോ അയാളുടെ വിചാരങ്ങൾ അലഞ്ഞുതിരിയുകയായിരുന്നു. ഞാൻ കൊടുത്ത മരുന്നു് എത്ര അനുസരണയുള്ള ഒരു കുട്ടിയേപ്പോലെയാണയാൾ വാങ്ങിക്കുടിച്ചതു്? പെട്ടെന്നയാൾ ഗാഢനിദ്രയിൽ വീണു.

ഞാൻ മുറിയിൽനിന്ന് പുറത്തു പോന്നു. എല്ലാം ഡോക്ടരോട്ട പറയേണ്ടിയിരുന്നു എന്നെനിക്കു തോന്നി. പക്ഷേ, ക്യാപ്ററൻ എൻെറ കഥ കഴിച്ചാലോ എന്നൊരു ഭയവും എന്നെ വിടാതെ പിടികൂടിയിരുന്നു.

അന്നു വൈകുന്നേരം പെട്ടെന്നാണ് അച്ഛൻ മരിച്ചതു്. വീട് ദുഃഖത്തിൻെറ തണുത്ത ഇരുളിൽ മൂടിക്കിടന്നു. ചങ്ങാതികളും ബന്ധുക്കളും വന്നുവന്നു് വീടു നിറഞ്ഞു. അച്ഛൻെറ ശവസംസ്കാരാദികർമ്മങ്ങളും സത്രത്തിലെ മററുകാര്യങ്ങളും എൻെറ ചിന്തയെ ക്യാപ്ററൻെറ സമീപത്തുനിന്നും അപഹരിച്ചുകളഞ്ഞു.

പിറേറദിവസം പ്രഭാതത്തിൽ ക്യാപ്ററൻ പതിവുപോലെ താഴെവന്നു് ആഹാരം കഴിച്ചു. എന്നാൽ വളരെ കുറച്ചുമാത്രം! റം മൂക്കുമുട്ടെ കുടിച്ചു. കാക്കിച്ചുതുപ്പി മൂക്കു ചീററി അയാൾ ഹാളിൽനിന്നു് പുറത്തിറങ്ങി. ആരും അയാളെ നേരിടാൻ ധൈര്യപ്പെട്ടില്ല. അച്ഛൻ മരിച്ച ദുഃഖംകൊണ്ടു് മൂകമായിരുന്ന ആ സത്രത്തിലിരുന്നു് ക്യപ്ററൻ തൻെറ പഴയ കപ്പൽപ്പാട്ട് നീട്ടിപ്പാടി. അതു് ദുർബ്ബലമായ സ്വരത്തിൽ ഇഴഞ്ഞിഴഞ്ഞു നീങ്ങി. ആടിയാടി അയാൾ കോണിപ്പടി കേറി മുകളിലേക്കു പോയി.

ക്യാപ്ററൻ ക്ഷീണിച്ചു ക്ഷീണിച്ചുവന്നു. സ്വഭാവത്തിൻെറ കാക്കശ്യം വദ്ധിച്ചുംവന്നു. റം കുടിക്കുന്നതിനു് ഒരു കുറവും കണ്ടില്ല.

അച്ഛൻ മരിച്ചതിൻെറ പിറേറദിവസം. ഉച്ച കഴിഞ്ഞു് ഒരു മൂന്നുമണിയായിക്കാണും. മഞ്ഞുമൂടി തണുത്തുറഞ്ഞ അന്തരീക്ഷം. അച്ഛനെക്കുറിച്ച് എന്തെല്ലാമോ ദുഃഖചിന്തകളുമായി ഞാൻ വാതില്ക്കൽ നില്ക്കുക

യാണ്. റോഡിലൂടെ ഒരാൾ പയ്യെ, പയ്യെ നടന്നു വരുന്നു. ഒരു കുരുടൻ. വടികൊണ്ട് തപ്പിത്തടഞ്ഞാണ് നടക്കുന്നത്. കണ്ണും, മൂക്കിന്റെ മുകൾഭാഗവും മൂടിയിരിക്കുന്നു. പ്രായാധിക്യംകൊണ്ട് അയാൾക്കൊരു കൂനുമുണ്ട്. നാവികന്മാരുടേതെന്ന് തോന്നിക്കുന്ന ഒരു കീറക്കുപ്പായം അയാൾ ധരിച്ചിരിക്കുന്നു. ആകെക്കൂടി വിചിത്രമായ ഒരു കോലം. സത്രത്തിന്റെ മുമ്പിൽ വന്നുനിന്ന് ആരോടെന്നില്ലാതെ അയാൾ വിളിച്ചു പറഞ്ഞു:

"കണ്ണില്ലാത്തവന് ഈ വഴിയൊന്നു പറഞ്ഞുതരണേ! പൊന്നുമാളോരേ. നാടിനുവേണ്ടി പടവെട്ടിപ്പോയതാണേയീ കണ്ണുകൾ!''

"അഡ്മിറൽ ബെൻബോ സത്രമാണിത്. ബ്ലാക്ക്ഹിൽ കടൽത്തുറ.'' — ഞാൻ വിളിച്ചു പറഞ്ഞു.

"ആരാത്? ഒരു ചെറുപ്പക്കാരന്റെ ശബ്ദംപോലെ! എന്റെ കുഞ്ഞേ, ഈ കൈപിടിച്ചൊന്നകത്തു കേററണേ!!''

ഞാൻ കൈ നീട്ടിക്കൊടുത്തു. അയാൾ എന്റെ കൈയ്യിൽ അള്ളിപ്പിടിച്ചു. ഞാൻ പേടിച്ചുമ്പരന്നു പുറകോട്ടു മാറി. എന്റെ വിരലിൽ പിടുത്തം കിട്ടിയ അയാൾ എന്നെ അയാളുടെ സമീപത്തേക്കു വലിച്ചു നിർത്തി.

"എന്നെ നീ ക്യാപ്ററന്റെയടുത്തു കൊണ്ടുപോകണം." — അയാൾ ദൃഢസ്വരത്തിൽ പറഞ്ഞു.

''എനിക്കതൊക്കുകയില്ല" — ഞാൻ ഉടൻ മറുപടി കൊടുത്തു.

"ഉം, കൊള്ളാം! എന്നെ അകത്തേക്കു കൊണ്ടുപോകുന്നുണ്ടോ? ഇല്ലെങ്കിൽ നിന്റെ കൈ ഞാൻ ഞെരിച്ചു

കളയും.'' എന്നു് പറഞ്ഞു് എൻെറ കൈപ്പത്തി ഒന്നു പിടിച്ചമത്തി. വേദനകൊണ്ടു് ഞാൻ പുളഞ്ഞുപോയി.

ഞാൻ പറഞ്ഞു: "സൂക്ഷിക്കണം. ക്യാപ്ററൻ പഴയ ആളല്ല എപ്പോഴും ആയുധവുമായിട്ടാണു നടപ്പു്. മുമ്പൊരാരം —"

"മതി, മതി," — ഇടയ്ക്കു കയറി അയാറം പറഞ്ഞു. ഇത്ര പരുഷമായ, വികൃതമായ ഒരു ശബ്ദം ഇതിനുമുമ്പു് ഞാൻ കേട്ടിട്ടില്ല. ഞാനാകെ ത്തളൎന്നുപോയി. ഒരു മറുപടിയും പറയാതെ ഞാൻ അയാളെ ക്യാപ്ററൻെറ മുറിയിലേക്കു കൊണ്ടുപോയി. അവിടെ ആ വൃദ്ധനാവികൻ റം കുടിച്ചു് തലയ്ക്കു മത്തുപിടിച്ചു് കുത്തിയിരിക്കുന്നുണ്ടായിരുന്നു. മുറിയിലെത്തുന്നതിനു മുമ്പു് ആ അന്ധയാചകൻ എന്നെ പട്ടം കെട്ടി; തന്നെ ക്യാപ്ററൻെറ മുമ്പിൽ കൊണ്ടുപോയി നിത്തിപ്പറയണം, "മി. ബിൽ! ഇതാ നിങ്ങളുടെ ഒരു പഴയ കൂട്ടുകാരൻ!" അങ്ങനെ പറഞ്ഞില്ലെങ്കിൽ എന്നെ ഞെരിച്ചുകളയുമെന്നു് അയാളെനിക്കു താക്കീതും തന്നു. അതോടെ ക്യാപ്ററനെക്കുറിച്ചുള്ള ഭയം പമ്പകടന്നു. ഇയ്യാളെക്കുറിച്ചായി പേടി. അതുകൊണ്ടു് മുറിതുറന്ന ഉടൻ അയാറം പറഞ്ഞേല്പിച്ചിരുന്നതുപോലെ ഞാൻ വിളിച്ചുപറഞ്ഞു.

പാവം, ക്യാപ്ററൻ! അയാറം തലയുയത്തി ഒന്നു നോക്കി. കുടിച്ച റമ്മിൻെറ മുഴുവൻ ധൈര്യവും ചോൎന്നുപോയി. മുഖത്തെ രക്തപ്പുവി പെട്ടെന്നു് മാഞ്ഞു. അവിടെ ഭയത്തിൻേറയും ഭീതിയുടേയും നിഴലുകറം മാറി മാറി വീശി. അയാറം എഴുന്നേല്ക്കാൻ ശ്രമിച്ചെങ്കിലും ഒത്തില്ല.

"മി. ബിൽ! അവിടെത്തന്നെ ഇരുന്നോളൂ!" ആ

യാചകൻ പറഞ്ഞു "എനിക്കു കാണാൻപാടില്ലെങ്കിലും തലമുടിയനങ്ങിയാൽപ്പോലും കേൾക്കാം." എന്നിട്ടു് അയാൾ എന്റെ നേരെ നോക്കി ആജ്ഞാപിക്കുന്ന സ്വരത്തിൽ പറഞ്ഞു: "എടോ, ബില്ലിന്റെ വലത്തുകൈ എന്റെ വലത്തുകൈയിലെടുത്തുവെയ്ക്കു; മി. ബിൽ! ആ കൈ നീട്ടിക്കൊടുക്കൂ!"

ഞങ്ങൾ രണ്ടാളും അയാളെ അനുസരിച്ചു. അയാൾ ക്യാപ്റ്റന്റെ കൈയിലെന്തോവെച്ചുകൊടുത്തു. "ഇതാ, കാര്യമൊക്കെ ശരിയായി" എന്നു പറഞ്ഞതും എന്റെ പിടിവിട്ടുവിച്ചു് അയാൾ വാതിൽകടന്നു് പുറത്തെത്തിയതും ഒരുമിച്ചുനടന്നു. എനിക്കു് എന്റെ കണ്ണുകളെ വിശ്വസിക്കുവാൻ സാധിച്ചില്ല. അത്ഭുതം കൊണ്ടു് ഞാൻ മരവിച്ചുനിന്നുപോയി. അയാളുടെ ഊന്നുവടി നിലത്തുവീഴുന്ന 'ടിക്, ടിക്' ശബ്ദം അങ്ങു് വിദൂരത്തിലെങ്ങാനിന്നു് എന്റെ ചെവിയിൽവന്നുവീണു് വിലയിക്കുന്നതായി എനിക്കു് തോന്നി

ഞാനും ക്യാപ്റ്റനും പഴയതുപോലെ ബോധാവസ്ഥയിലെത്തിയപ്പോഴേക്കും സമയം കുറേകഴിഞ്ഞിരുന്നു. ക്യാപ്റ്റന്റെ കൈ അപ്പോഴും എന്റെ കൈയ്യിൽതന്നെ ഇരിക്കുകയാണു്. ക്യാപ്റ്റൻ തന്റെ ഉള്ളം കൈയിലേക്കു നോക്കി, പെട്ടെന്നു് ചാടി എഴുന്നേററു. "പത്തുമണിക്കു്. ആറുമണിക്കൂറുകൾ. അവരെ ചതിക്കുന്നുണ്ടു്" എന്നാർത്തുവിളിച്ചുകൊണ്ടു് അയാൾ ആ മുറിയിൽതന്നെ ഒന്നു കറങ്ങി. തൊണ്ടയിൽ കൈകടത്തി ഒരു വിശേഷസ്വരം പുറപ്പെടുവിച്ചു. പെട്ടെന്നു് കമിഴന്നടിച്ചു് നിലത്തു വീഴുകയും ചെയ്തു.

അമ്മയെ സഹായത്തിനു വിളിച്ചുകൊണ്ടു് ഞാനു

യാളുടെ സമീപത്തേയ്ക്കോടി. പക്ഷെ, ഫലമുണ്ടായില്ല. അപ്പോഴേക്കും ക്യാപ്റ്ററൻ മരിച്ചുകഴിഞ്ഞിരുന്നു

ഞാനയാളെ ഇഷ്ടപ്പെട്ടിരുന്നില്ല. എങ്കിലും എനിക്കയാളോട് സഹതാപമുണ്ടായിരുന്നു. അയാളുടെ മരണത്തിൽ ഞാൻ പൊട്ടിക്കരഞ്ഞു. എൻെറ ജീവിതത്തിൽ ഇതു് രണ്ടാമത്തെ മരണമാണു്. ആദ്യത്തെ മരണത്തിൻെറ മുറിവ് ഹൃദയത്തിൽനിന്നുണങ്ങിയില്ല, അതിനു മുമ്പുതന്നെ രണ്ടാമത്തെയും.

## IV

ഒട്ടും സമയം കളഞ്ഞില്ല. ഞാൻ അമ്മയോടെല്ലാം വിവരിച്ചു പറഞ്ഞു. നേരത്തേതന്നെ പറയേണ്ടതായിരുന്നു. ഒരു വല്ലാത്ത അപകടസന്ധിയിലെത്തിയിരുന്നു ഞങ്ങൾ. ഞങ്ങൾക്കു് കുറേ പണം ക്യാപ്റ്ററൻ തരാനുണ്ടായിരുന്നു. ക്യാപ്റ്ററൻെറ മിത്രങ്ങളായ ബ്ളാക്ക് ഡോഗും, അന്ധയാചകനും ആ കടംവീട്ടാൻ തയ്യാറാകുമായിരുന്നില്ല ഡോക്ടർ ലീവ്സിയെ ഒന്നു വിളിച്ചിരുന്നെങ്കിൽ! എങ്ങനെ പോയിവിളിക്കും. സത്രത്തിൽ അമ്മമാത്രമേയുള്ളൂ. ഒറ്റയ്ക്കാക്കി ഞാനെങ്ങനെപോകും? എന്നാൽ എത്രനേരം ഞങ്ങളീ ശവശരീരവും നോക്കിയിരിക്കും? ഘടികാരത്തിൻെറ ടിക് ശബ്ദവും അടുപ്പിൽ കനൽ എരിയുന്ന ശബ്ദവും ഞങ്ങളെ പേടിപ്പിച്ചു. പുറംപാട്ടംനിന്നു് ആരുടെയെല്ലാമോ കാലടികൾ അടുത്തുവരുന്നതുപോലെ. അവ്യക്തഭീകരങ്ങളായ അനവധി ശബ്ദങ്ങൾ മനസ്സിൽ തറച്ചുകയറുന്നു. ക്യാപ്റ്ററൻെറ ശവശരീരം മുമ്പിൽ മരവിച്ചുകിടക്കുന്നു. ആ നശിച്ച കുരുടൻെറ വികൃതരൂപം ഓർമ്മയിൽ അരിച്ചരിച്ചു കയറിവരുന്നു. ഭയംകൊണ്ടു് ഞങ്ങൾ കരിവാളിച്ചുപോയി.

എന്തെങ്കിലും ഉടൻ ചെയ്യേ പററൂ. ആരു പോകും? എവിടെ പോകണം? ഒടുവിൽ ഞങ്ങൾ രണ്ടാളുംകൂടി അടുത്ത ഗ്രാമത്തിലേക്ക് പോകാൻ തീച്ച്യയാക്കി. ഇടതിങ്ങിയ ആ മൂടൽമഞ്ഞിലൂടെ തലയിലൊരു തൊപ്പിപോലുമിടാതെ ഞങ്ങളോടി.

ഗ്രാമം കടൽത്തുറയിൽനിന്നും വളരെ ദൂരത്തല്ലായിരുന്നു ആ കരുടൻ സത്രത്തിൽനിന്നിറങ്ങിയോടിയ വഴിക്ക് നേരെ എതിരെയായിരുന്നു ഞങ്ങൾക്ക പോകേണ്ടിയിരുന്നതു്. അതുതന്നെ ഞങ്ങൾക്ക ധൈര്യം തന്നു. എങ്ങും നിശ്ശബ്ദം! തിരമാലകളുടേയും കുററിക്കാട്ടുകളിലിരുന്നു് മൂളുന്ന പ്രാണികളുടേയും മാത്രം ശബ്ദം.

ഞങ്ങൾ ഗ്രാമത്തിലെത്തിയപ്പോഴേയ്ക്കും വെളിച്ചം നന്നേ മങ്ങിയിരുന്നു മെഴുകുതിരിയുടെ മഞ്ഞവെളിച്ചത്തിൽ കുടിലുകളുടെ മുററം തെളിയാൻ തുടങ്ങിയിരുന്നു. നിങ്ങൾ ഒരുപക്ഷേ കളിയാക്കിയേക്കും; എങ്കിലും പറയാതെ വയ്യ. അവിടുന്നാരും ബെൻബോയിലേക്ക് വരാൻ ധൈര്യപ്പെട്ടില്ല. ഞങ്ങളുടെ സങ്കടാവസ്ഥയുടെ ഗൗരവം മനസ്സിലാക്കിയ സ്ത്രീകളും പുരുഷന്മാരും കുട്ടികളും അവരവരുടെ വീടുകൾ വിട്ടിറങ്ങാൻ മടിച്ചു. ക്യാപ്ററൻ ഫ്ളിൻറ് എന്ന പേരു് അവിടെ ചിലക്ക് പരിചിതവും പരിഭ്രമജനകവുമായിരുന്നു. എനിക്കാപേരുതന്നെ പുത്തരിയായിരുന്നു. ചുരുക്കത്തിൽ ഡോ. ലിവ്സിയുടെ ഗൃഹത്തിലേക്ക വരാൻ പലരും തയ്യാറായിരുന്നു. ബെൻബോയിലേക്ക് ആക്കും വരാൻ ധൈര്യമില്ല!!

ഭീരുത്വം ഒരു സാംക്രമിക രോഗമാണ്. യുക്തി ഒരു ധീരനമാണ്. ഒടുവിൽ എൻെറ അമ്മ രണ്ടും

കല്പിച്ചു പറഞ്ഞു: "അച്ഛനില്ലാത്ത ഇവന്നു് അതേ സ്വത്തുള്ളൂ. ഞാനതു കളയാൻ തയ്യാറില്ല. നിങ്ങൾക്കാർക്കും വരാൻ ധൈര്യമില്ലെങ്കിൽ അതുപറയൂ. ഞങ്ങൾ തിരിച്ചുപൊയ്ക്കൊള്ളാം. ഭീരുക്കൾ! ഞങ്ങൾ ചെന്നു് അയാളുടെ ആ ഇരുമ്പുപെട്ടി തുറന്നുനോക്കട്ടെ. എന്തുണ്ടെന്നറിയാമല്ലോ. മരിച്ചാലും വേണ്ടില്ല, ഞങ്ങളതു ചെയ്യും!"

അമ്മയുടെകൂടെ ഞാനുമുണ്ടെന്നു് ഉറപ്പിച്ചു പറഞ്ഞു. ഞങ്ങളുടെ ബുദ്ധിശൂന്യതയെ എല്ലാവരും അപലപിച്ചു. എന്നാലും ഒരാൾപോലും കൂടെ വരാമെന്നു് വച്ചില്ല. ഒരു തോക്കുതന്നു് സഹായിക്കയാണു് അവർ ചെയ്ത ഏററവും വലിയ ഉപകാരം. നിറച്ച ഒരു കൈത്തോക്കു്!

ഒരു ഭയങ്കര യാത്രയായിരുന്നു ഞങ്ങളുടേതു്. എൻെറ ഹൃദയം ഭയംകൊണ്ടു് പറിഞ്ഞുപോകുന്നതുപോലെ തോന്നി. പൂർണ്ണചന്ദ്രൻ മൂടൽമഞ്ഞിലൂടെ പൊന്തിറങ്ങി ഭൂമിയിലെത്താൻ തുടങ്ങിയിരുന്നു. ഞങ്ങളുടെ നടത്തത്തിന്നു് വേഗത കൂടി. വേലിപ്പുഴകളും, ഇടവഴികളും, കയ്യാലകളും ചാടിക്കടന്നു് ഞങ്ങൾ മുമ്പോട്ടു പോയി. നിശ്ശബ്ദവും ഭീകരവുമായ ഒരു പ്രയാണം. ആരുമാരും കാണാതെ ഒന്നുമൊന്നും കേൾക്കാതെ ബെൻബോയിൽക്കടന്നു് ഞങ്ങൾ കതകടച്ചെന്നു് പറഞ്ഞാൽ കഴിഞ്ഞല്ലോ.

കതകടച്ചു് കററിയിട്ടു! ഓ, സമാധാനമായി. ഇരുട്ടിൽ നിവർന്നുനിന്നു് ഞങ്ങളൊന്നു നിശ്വസിച്ചു അമ്മ ഒരു മെഴുകുതിരി കത്തിച്ചു. ഞങ്ങൾ കൈകോർത്തുപിടിച്ചു് അകത്തുകടന്നു. ക്യാപ്ററൻെറ ശവശരീരം അവിടെത്തന്നെ കിടക്കുന്നു; കണ്ണുകൾ മിഴിച്ചു്, കൈകൾ നീട്ടിവെച്ചു്.

"സൂക്ഷിക്കണം, ജിം!" — അമ്മ പറഞ്ഞു "അവർ പുറത്തുനിന്നു് നമ്മളെന്തുചെയ്യുന്നു എന്നു് ശ്രദ്ധിക്കും. നമുക്കു് ആ........ ...അതിൻെറ താക്കോൽ കിട്ടണം. ആരാണതു തുറക്കുക?" അമ്മ പറഞ്ഞുകൊണ്ടിരുന്നു

ഞാൻ മുട്ടുകുത്തി, അയാളുടെയടുക്കൽ കുനിഞ്ഞു നിന്നു. അയാളുടെ കൈപ്പത്തിയുടെ സമീപം, ഒരു വശത്തായി, ഒരു കടലാസ്സുതുണ്ടു് കിടക്കുന്നുണ്ടായിരുന്നു. അതു ഞാനെടുത്തു. അതിൽ വ്യക്തമായി, വടിവിയന്ന അക്ഷരങ്ങളിൽ ഇപ്രകാരം എഴുതിയിരുന്നു: "നിങ്ങൾക്കു് ഇന്നു പത്തുമണിവരെ."

ഞാനതു വായിച്ചു ഉടൻ മുറിയിലെ ഘടികാരം ശബ്ദിക്കാനാരംഭിച്ചു. ആകസ്മികമായുണ്ടായ ആ മണിനാദം ഞങ്ങളെ ഞെട്ടിച്ചു എങ്കിലും സമാധാനമായി ആറടിച്ചതേയുള്ളല്ലൊ.

"ജിം; ആ താക്കോൽ...?" — അമ്മ ചോദിച്ചു.

ഞാൻ അയാളുടെ പോക്കററുകളെല്ലാം പരിശോധിച്ചു കുറേ കൊച്ചുനാണയങ്ങൾ, നൂലും സൂചിയും, ഒരു കത്തി ഇത്രയുമേ എനിക്കു കിട്ടിയുള്ളു. എനിക്കു് നിരാശ തോന്നി.

"ഒരുപക്ഷേ, അതു കഴുത്തിൽ കെട്ടിയിരിക്കും." അമ്മ ഓർമ്മിപ്പിച്ചു.

പ്രതീക്ഷയോടെ ഞാൻ ക്യാപ്ററൻെറ ഷർട്ട് കഴുത്തിൽനിന്നു് വലിച്ചുമാററി. താക്കോൽ ഒരു ചരടിൽ ഭദ്രമായി കെട്ടിയുറപ്പിച്ചിരിക്കുന്നു. അയാളുടെ കത്തികൊണ്ടുതന്നെ ഞാനതു മുറിച്ചെടുത്തു. എന്നിട്ട് മുകളിൽ അയാളുടെ കിടപ്പുമുറിയിലേക്കു പോയി. അവിടെയായിരുന്നു ആ ഇരുമ്പുപെട്ടി അയാൾ സൂക്ഷിച്ചിരുന്നതു്.

ഒരു നാവികൻെറ പെട്ടിയുടെ ആകൃതിയെല്ലാം ഇതിനുമുണ്ടായിരുന്നു. അതിൻെറ പുറത്തു് "B" എന്നെഴുതിയിരുന്നു. പെട്ടിയുടെ മൂലകൾ തട്ടും മുട്ടുംകൊണ്ടു് ചുളുങ്ങിയും പൊളിഞ്ഞും പോയിരുന്നു.

"താക്കോലു തരൂ!" — അമ്മ പറഞ്ഞു. താഴ് ബലമുള്ളതായിരുന്നു. ഒരു ശബ്ദത്തോടുകൂടി അമ്മ അതു തുറന്നു.

പുകയില മണവും ടാർ മണവും കൂടികലർന്ന ഒരു ദുർഗ്ഗന്ധം അതിൽനിന്നും പുറത്തേയ്ക്കുയൎന്നു. അതിലൊന്നുമുണ്ടായിരുന്നില്ല. ഭംഗിയായി അലക്കിത്തേച്ച ഒരു ജോടി വസ്ത്രം മാത്രം!! അതു് എന്നെങ്കിലും ഉപയോഗിച്ചതാണോ എന്നുതന്നെ സംശയം! അതിൻെറയടിയിലായിരുന്നു എല്ലാ സമ്പാദ്യങ്ങളും. വെടിക്കോപ്പുകൾ, പുകയിലത്തൊട്ടികൾ, ഒരു വെള്ളിക്കോൽ. ഒരു സ്പാനിഷ് വാച്ചു് ഇങ്ങനെ ഒരു നൂറുകൂട്ടം! എന്തിനാണിവയെല്ലാം ക്യാപ്റ്ററനു്? ഒരു നിമിഷം ഞാൻ ചിന്തിച്ചുപോയി.

വിലപിടിപ്പുള്ളതായി ആ വെള്ളിക്കോലും കുറെ പൊടിസാമാനങ്ങളുമേ കിട്ടിയുള്ളു. അതുകൊണ്ടു് ഞങ്ങൾക്കെന്തുപകാരം? പെട്ടിയുടെയടിയിൽ പഴകിനരച്ച ഒരു കോട്ടു കിടക്കുന്നുണ്ടായിരുന്നു. അക്ഷമയോടെ അമ്മ അതുവലിച്ചു പുറത്തിട്ടു ഒരു ക്യാൻവാസ് ബാഗും, ഓയിൽക്ലോത്തു് സഞ്ചിയും അതിനടിയിൽ കിടക്കുന്നു. തൊട്ടു നോക്കിയപ്പോൾ സ്വർണ്ണനാണയങ്ങളുടെ 'ചെലചെലാരവം!'

"ഞാൻ നെറിവുള്ളവളാണെന്നു് എല്ലാ പട്ടികളേയും കാണിച്ചുകൊടുക്കും!" അമ്മ പിറുപിറുത്തു. "എനിക്കു തരാനുള്ള പണം മാത്രം മതി എനിക്കു്. ഒരു പൈ കൂടുതൽ വേണ്ട. ഈ ബാഗു പിടിച്ചേ!" എന്നിട്ടു് ഞാൻ

വിടത്തിപ്പിടിച്ചുകൊടുത്ത സഞ്ചിയിലേക്ക് നാണയങ്ങൾ എണ്ണിയിട്ടുവാനാരംഭിച്ചു

അത്ര എളുപ്പമല്ലായിരുന്നു പലതരം നാണയങ്ങൾ. ഏതെല്ലാം രാജ്യങ്ങളിലുള്ളവ. എല്ലാംകൂടിക്കുഴഞ്ഞു കിടക്കുന്നു അമ്മയ്ക്കു് ഗിനി മാത്രമേ എണ്ണാനറിയാമായിരുന്നുള്ളു.

പകുതിയോളമെണ്ണിയില്ല, ഒരു ശബ്ദം! കരളിൽ സൂചിയിറക്കിയതുപോലെ. ഭയംകൊണ്ടു് അമ്മയുടെ കൈയിൽ ഞാനറിയാതെ കടന്നുപിടിച്ചു. തണുത്തുറഞ്ഞ ആ അന്തരീക്ഷത്തിൽ ആ കുരുടൻതെണ്ടിയുടെ ഊന്നുവടിയുടെ ടിക് ടിക് ശബ്ദം വിദൂരത്തിലെങ്ങോനിന്നു് അലയടിക്കുന്നതുപോലെ അതടുത്തടുത്തു വരുന്നു; ശ്വാസം പിടിച്ചുകൊണ്ടു് ഞങ്ങൾ അടുത്തടുത്തിരുന്നു. സ്പഷ്ടമായും വിറക്കുന്നുണ്ടു്. ആ ശബ്ദം സത്രത്തിൻെറ കതകിൽ വന്നു മുട്ടി. അതിൻെറ മുടക്കൻ എടുത്തു നീക്കിയതുപോലെ കിലുകിലാ കിലുങ്ങി. ഹാ! എന്തൊരു ഭയങ്കരനിശ്ശബ്ദത! വീണ്ടും ആ ശബ്ദം! അതു് മന്ദം മന്ദം അകന്നകന്നു് വിദൂരതയിൽത്തന്നെ ലയിച്ചു. ഞങ്ങളുടെ കരളുകളിൽ ഒരു കുളിർമ്മ; സമാധാനം.

ഞാൻ അമ്മയോടു പറഞ്ഞു: "നമുക്കു പോകാം. എല്ലാം എടുത്തോളൂ. കതകു് അകത്തുനിന്നു് തഴുതിട്ടിരുന്നതുകൊണ്ടു് സംശയിച്ചായിരിക്കാം ആ ശബ്ദം പോയതു്. ഭാഗ്യംതന്നെ, എനിക്കതു തഴുതിടാൻ തോന്നിയതു്. എന്നാലും......"

അമ്മ ഭയംകൊണ്ടു് വിളറിയിരുന്നു. എന്നാലും കിട്ടാനുള്ള തുക കിട്ടിയേ തീരൂ എന്നൊരു വാശിയും ആ മുഖത്തുണ്ടായിരുന്നു. ഒരു പൈ കൂടുതൽ വേണ്ട, എ

ന്നാലോ ഒരു പൈ കുറയാനും വയ്യ. ഞങ്ങൾ ഇതിനെക്കുറിച്ചോരോന്നു പറഞ്ഞുകൊണ്ടിരുന്നപ്പോൾ അകലെ കുന്നിൻപുറത്തു നിന്നൊരു വിസ്സിൽ. ഞങ്ങൾ ബോധം കെട്ടു വീഴാൻ അതു ധാരാളം മതിയായിരുന്നു.

"എനിക്കു കിട്ടേണ്ടതു് ഞാനെടുക്കും." അമ്മ നടുങ്ങി വിറച്ചുകൊണ്ടു പറഞ്ഞു.

"എനിക്കിതും വേണം" - ഞാൻ ഓയിൽസ്കിൻ ബാഗ് എടുത്തുകൊണ്ടു പറഞ്ഞു.

അടുത്ത നിമിഷം ഞങ്ങൾ കോണിപ്പടി ഇറങ്ങിത്തുടങ്ങി. കതകു തുറന്നു് പുറത്തെത്തി ഭയം മുമ്പേ കൂട്ടിനെത്തിയിരുന്നു. അവിടന്നു് ഞങ്ങൾ പറന്നു എന്നു പറയുകയായിരിക്കും ശരി. കുറച്ചു ദൂരമേ ഞങ്ങൾ പോയുള്ളു ഒരു കുന്നിൻചരിവിലെത്തി. തുരുതുരെ കാലടികൾ അടുത്തുവരുന്ന ശബ്ദം. അതാ, ഒരുക്കൂട്ടം ആളുകൾ. കൈയിലൊരു പന്തം പൊക്കിപ്പിടിച്ചിരിക്കുന്നു.

"മോനേ, എനിക്കു തല ചുററുന്നു. നീ പണവും എടുത്തുകൊണ്ടോടിക്കോ." അമ്മ ഒരുവിധം പറഞ്ഞു.

മരണം അടുത്തുവരുന്നതായി എനിക്കു തോന്നി. ഗ്രാമത്തിലെ ജനങ്ങളുടെ ഭീരുതത്തെ ഞാൻ ശപിച്ചു. അമ്മയുടെ ദുരയും സ്വാർത്ഥതയുമല്ലേ ഇതിനു കാരണം; ഞാനോത്തുപോയി. ഭാഗ്യംകൊണ്ടു് ഞങ്ങളൊരു പാലത്തിനടുത്തെത്തി. അമ്മ അവസാനം ബോധമററു് എൻെറ തോളിൽ വീണു. അമ്മയെ താങ്ങിയെടുക്കാനുള്ള ശക്തി എനിക്കെവിടുന്നു കിട്ടിയോ? ഞാനമ്മയേയും ചുമന്നുകൊണ്ടു് പാലത്തിൻെറ താഴെയിറങ്ങി. അവിടന്നു് ഒരടി നീങ്ങുവാൻ സാധിക്കുന്നില്ല. സത്രത്തിൽനിന്നു് ഒരു

ക്കുവൽപ്പാടകളെ. വഴിയരികിൽത്തന്നെ ഞങ്ങറം ഒളിച്ചിരിക്കേണ്ടിവന്നു.

V

ഭയത്തേക്കാറം ജിജ്ഞാസയായിരുന്നു എനിക്കു കൂടുതൽ. എന്തും സംഭവിക്കാം! ഞാൻ ആ കുററിക്കാട്ടുകളിൽ മറഞ്ഞുകിടന്നു ആ കൊള്ളക്കാരുടെ കാലടിശബ്ദം വ്യക്തമായി കേട്ടുതുടങ്ങി. അതടുത്തുവരുന്നു. ഒരാറം മുമ്പിൽ വിളക്കുംപിടിച്ചു് ഓടുന്നു. തൊട്ടു പുറകേ കൈകോർത്തു പിടിച്ചു് മൂന്നുപേർ. മഞ്ഞു പെയ്യുന്നുണ്ടായിരുന്നെങ്കിലും നടുക്കു് നില്ക്കുന്ന ആളെ എനിക്കു പെട്ടെന്നു മനസ്സിലായി. ആ കുരുടൻതൊണ്ടി തന്നെ. ശബ്ദംകേട്ടപ്പോറം അയാളെക്കുറിച്ചുള്ള സംശയം തീൻറു.

“ചവിട്ടിപ്പൊളിക്കട്ടെ, ആ കതകു്!” അയാറം കല്പന കൊടുത്തു

‘ആയ്, ആയ്’ രണ്ടുമൂന്നു പേർ ഉറക്കെ വിളിച്ചു പറഞ്ഞുകൊണ്ടു് ഞങ്ങളുടെ സത്രത്തിൻെറ നേരേ പാഞ്ഞു. പുറകേ പന്തക്കാരനും. അവർ പെട്ടെന്നു് ഒരിടത്തുനിന്നു്, എന്തെല്ലാമോ പരസ്പരം രഹസ്യംപറഞ്ഞു. സത്രത്തിൻെറ വാതിൽ തുറന്നു കിടക്കുന്നതു് അവരെ അമ്പരപ്പിച്ചേക്കാം.

“കടക്കുവിൻ അകത്തു്!” ആ യാചകൻ അലറി.

നാലഞ്ചുപേർ അകത്തേക്കു പാഞ്ഞുകയറി. രണ്ടുമൂന്നുപേർ അയാളുടെ സമീപത്തുതന്നെ നിന്നു. അകത്തൊരു നിശ്ശബ്ദത. അത്ഭുതപരവശമായ ഒരു കൂട്ടനിലവിളി:

“ബിൽ മരിച്ചുപോയി! ബിൽ മരിച്ചുപോയി!”

അന്ധഭിക്ഷു അവരെ വീണ്ടും ഉത്സാഹപ്പെടുത്തി. "അയാളെവിടെ? പെട്ടിയെവിടെ? തെരയൂ, തെരയൂ!"

കോണിപ്പടി ചവിട്ടി മെതിച്ചുകൊണ്ടു് അവർ മേല്പോട്ടു പായുന്നതു് എനിക്കു വ്യക്തമായി കേൾക്കാമായിരുന്നു. ക്യാപ്റ്റൻെറ മുറിയിൽ അവർ പാഞ്ഞുകയറി. ആ മുറിയുടെ ജനൽ ആരോ ഒരാൾ തള്ളിത്തുറന്നു. അതിൻെറ സ്ഫടികപ്പലക തകൎന്നു് താഴോട്ടു വീണു. ഒരാൾ പുറത്തേക്കു് തലയിട്ടുകൊണ്ടു വിളിച്ചുപറഞ്ഞു:

"പ്യൂ! ആരോ ഇവിടെ കടന്നിരിക്കുന്നു. പെട്ടി മുഴുവൻ തിരിച്ചും മറിച്ചും പരിശോധിച്ചിരിക്കുന്നു."

"പെട്ടിയുണ്ടോ അവിടെ?"—പ്യൂ അലറി.

"ങ്ആ! പെട്ടിയും പണവും"- മറുപടി.

"അല്ലല്ല, ഫ്ളിൻറിൻെറ കുറിപ്പ്"-പ്യൂവിൻെറ ശബ്ദം കുറേക്കൂടി ഉയൎന്നു.

"ഇല്ലാ ഇവിടെയെങ്ങും ഇല്ല"—മറുപടി.

"എല്ലായിടത്തും തെരഞ്ഞോ? ബില്ലിൻെറ ശരീരത്തിൽ, കോട്ടിനടിയിൽ...?"- ആ അന്ധൻെറ ശബ്ദത്തിൽ നിരാശാനിർഭരമായ പ്രതിഷേധം കലൎന്നിരുന്നു.

ഇത്രയുമായപ്പോഴേക്കും ഒരാൾ താഴോട്ടുവന്നു ബില്ലിൻെറ ദേഹപരിശോധന നടത്തിയ ആൾ. "ബില്ലിൻെറ ദേഹം മുഴുവൻ തെരഞ്ഞു, എങ്ങുമില്ല!"

"ഇതാത്തെണ്ടിച്ചെറുക്കൻ, സത്രക്കാരൻ പററിച്ചതാണു്. അവനെ അന്നേ തട്ടേണ്ടതായിരുന്നു"—പ്യൂവിൻെറ ശബ്ദം വീണ്ടും ഉയൎന്നു "അവരിവിടെ എവിടെയോ ഉണ്ടു്. പോ, പിടിച്ചുകൊണ്ടുവരിൻ!"

"നേരു്. ഇവിടെയെവിടെയെങ്കിലും കാണണം."- ജനാലയ്ക്കൽ നിന്നയാൾ വിളിച്ചുപറഞ്ഞു.

സത്രത്തിലാകെ ലഹള. പലതരത്തിലുള്ള ശബ്ദങ്ങൾ കൂട്ടിമുട്ടുന്നു; ചിതറുന്നു. കാലടികളുടെ പെരുമാററം കൂടിക്കൂടിവന്നു. മരസാമാനങ്ങൾ അങ്ങുമിങ്ങും വെന്നു വീഴുന്ന ശബ്ദം! കതകുകളും ജനലുകളും ചവിട്ടിപ്പൊളിക്കുന്നു. ശബ്ദകോലാഹലം അല്പനേരത്തിനുള്ളിൽ മഴ പെയ്തടങ്ങിയതുപോലെ നിന്നു. ഒടുവിൽ ഞങ്ങളവിടെ എങ്ങുമില്ലെന്നുള്ള റിപ്പോർട്ടാണ് പ്യൂവിനു കിട്ടിയതു്.

പെട്ടെന്നാപ്പഴയ ചൂളംവിളി, എന്നെയും അമ്മയേയും ഭയപ്പെടുത്തിയ ആ പഴയ ചൂളംവിളി, കുന്നിൻ ചരിവിൽനിന്നും രണ്ടു തവണ ഉയന്നു. ആ അന്ധഭിക്ഷു തൻെറ കൂട്ടുകാരെ വിളിച്ചുവരുത്തുന്നതാണെന്നായിരുന്നു ആദ്യം ഞാൻ വിചാരിച്ചതു്. എന്നാലിതാ ഇപ്പോഴും അതു് ആ കുന്നിൻ ചരിവിൽനിന്നുതന്നെ. ആ കൊള്ളക്കാരെ അതു ഭയപ്പെടുത്തിയിരിക്കുന്നു. അപകടം അടുത്തു പതിയിരിക്കുന്നതുപോലെ അവർ ഭയന്നു.

"അതാ ഡർക്കു് വീണ്ടും. രണ്ടു തവണയായി വിസ്സിൽ. ജാഗ്രതയായിരിക്കുക." ആരോ പരിഭ്രാന്തിയോടെ പറഞ്ഞു.

"വിഡ്ഢി! ഡർക്കു് ഒരു മഠയനും ഭീരുവുമാണു്. അയാളെ പേടിക്കാനോ? നിങ്ങളാ തെണ്ടിച്ചെറുക്കനെ തെരഞ്ഞുപിടിക്കു. ഹൊ! എനിക്കു കണ്ണുണ്ടായിരുന്നെങ്കിൽ!!" —അന്ധഭിക്ഷു ഒട്ടാത്മഗതമായും ഒട്ടു കൂട്ടുകാരോടായും വിളിച്ചുപറഞ്ഞു.

എന്നിട്ടും അയാളുടെ കൂട്ടുകാരുടെയിടയിൽ വലിയ മാററമൊന്നും കണ്ടില്ല.

"ആയിരംപേരെ പിടിക്കാനുള്ള തൻേറടമുണ്ടു്

നിങ്ങൾക്ക്. എന്നിട്ടും അതു കണ്ടെത്താനൊത്തില്ല. അതു കിട്ടിയാൽ നാം രാജാക്കന്മാരാണ്, രാജാക്കന്മാർ! പിന്നെ ഇതുപോലെ തെണ്ടിനടക്കണോ?"- പ്യൂ വീണ്ടും തുടങ്ങി

"കൊണ്ടുപോയിക്കളയൂ, ഈ വേദാന്തം! ഞങ്ങളുടെ പൈസ ഞങ്ങൾക്കു കിട്ടി." ഒരാൾ മുരണ്ടു.

"ആ വിലപിടിച്ച സാധനം അവരെടുത്തുകാണും. പണം വേണെങ്കിലെടുത്താൽപ്പോരെ? എന്തിനു പിന്നെയും മുക്കറയിടുന്നു." — മറെറാരാൾ പറഞ്ഞു.

ഇതു കേട്ടപ്പോൾ പ്യൂവിനു് കോപം ആളിക്കത്തി. അയാൾ തന്റെ വടി ഉയർത്തി ചുററുപാടും ആഞ്ഞു വീശി.

കൂട്ടുകാർ ആ വടി കടന്നുപിടിക്കാൻ ശ്രമിച്ചു. ഒത്തില്ല.

അവരുടെയിടയിലുണ്ടായ ഈ കുഴപ്പം ഞങ്ങളെ രക്ഷിച്ചു. അവർ തമ്മിൽ വഴക്കങ്ങനെ കൊണ്ടുപിടിച്ചപ്പോൾ ദൂരെനിന്നു് കുതിരക്കുളമ്പടികൾ കേട്ടുതുടങ്ങി. പുറകെ ഒരു തോക്കു പൊട്ടുന്ന ശബ്ദവും മിന്നലും. താമസമുണ്ടായില്ല; കൊള്ളക്കാർ നാലുപാടും പാഞ്ഞു. ഒടുവിൽ പ്യൂ മാത്രം റോഡിൽ അവശേഷിച്ചു.

അയാൾ പരിഭ്രാന്തനായി കാണപ്പെട്ടു. കൈയിലിരുന്ന വടികൊണ്ടു് തപ്പിത്തടഞ്ഞു് അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞു. കൂട്ടുകാരെ ഉറക്കെ വിളിച്ചുതുടങ്ങി.

"ജോണീ! ബ്ലാക്ക് ഡോഗ്! ഡർക്ക്! എല്ലാവരും ഇവനെ ഉപേക്ഷിച്ചോ? ഈ പാവപ്പെട്ട കുരുടനെ!"

കുന്നിന്റെ മുകളിൽനിന്നും കുളമ്പടി അടുത്തടുത്തു വന്നു. ചന്ദ്രികയിൽ, നാലഞ്ചുപേർ കുതിരപ്പുറത്തു് ആ സ്ഥലത്തേക്കു് വരുന്നതു കണ്ടു.

പ്യൂ തനിക്കു പററിയ അപകടം മനസ്സിലാക്കി. ഒരു കരച്ചിലോടുകൂടി അയാഠം എതിരെയുള്ള കുഴിയിലേയ്ക്കോടി. ഉരുണ്ടുപിരണ്ടതിൽ വീണു. അവിടെനിന്നും പിടഞ്ഞെഴുന്നേററവ് അയാഠം പാഞ്ഞതു് കുതിരക്കാരുടെ നേരെയായിരുന്നു.

കുതിരക്കാരൻ വളരെ പണിപ്പെട്ടു് അയാളെ രക്ഷിക്കാൻ ശ്രമിച്ചു. അതൊത്തില്ല. രാത്രിയുടെ ഏകാന്തമൂകതയിൽ വേദനയുടെ ഒരു പോററൽ ചേർത്തുകൊണ്ടു് അയാഠം മറിഞ്ഞുവീണു. കുതിര അയാളുടെ പുറത്തുകൂടി ചവിട്ടിമെതിച്ചു് കടന്നുപോയി. അയാഠം കമിഴ്ന്നുവീണിടത്തു കിടന്നു മരിച്ചു.

ഞാൻ എഴുന്നേററുനിന്നു് കുതിരക്കാരെ ഉറക്കെ വിളിച്ചു. കുരുടനുപററിയ അപകടത്തിൽ അവർ ഭയപ്പെട്ടിരുന്നു അവരിലൊരാഠ ഗ്രാമത്തിൽനിന്നും ഡോക്ടർ ലീവ്സിയെ വിളിക്കാനോടിയതായിരുന്നു. മററവരെല്ലാം റവന്യൂ ഉദ്യോഗസ്ഥന്മാരും.

പ്യൂ മരിച്ചു മരവിച്ചു കിടന്നിരുന്നു. അമ്മയെ എല്ലാവരുംകൂടി അടുത്ത ഗ്രാമത്തിലേക്കു് എടുത്തുകൊണ്ടുപോയി പ്രഥമോപചാരങ്ങഠം അമ്മയെ ബോധവതിയാക്കി. എങ്കിലും ഭയം അവരെ വിട്ടുമാറിയിരുന്നില്ല. തനിക്കു് കിട്ടാനുള്ള പണത്തിൻെറ കണക്കു് അപ്പോഴും കൂടെക്കൂടെ അമ്മ പറഞ്ഞുകൊണ്ടിരുന്നു.

ഒരു റവന്യൂ ഉദ്യോഗസ്ഥനായ മി. ഡാൻസിൻെറ കൂടെ ഞാൻ ബെൻബോയിലേക്കു പോയി. അതു് തകന്നിടിഞ്ഞു കിടക്കുന്നു. എന്നെയും അമ്മയേയും വേട്ടയാടിയതാണവർ. സത്യത്തിൽ ഞങ്ങഠം പാപ്പരായതായിരുന്നു ഫലം.

"എന്തിനായിരുന്നു അവരുടെ ആക്രമണം? പണത്തിനായിരുന്നോ?"—ഡാൻസ് അന്വേഷിച്ചു.

"അല്ല, സർ, പണത്തിനല്ല."—ഞാൻ മറുപടി പറഞ്ഞു. അവരന്വേഷിച്ചതു് എന്റെ പോക്കററിൽ കിടക്കുന്നു. അതു് സൂക്ഷിച്ചാൽ വേണ്ടില്ലെന്നു എനിക്കു തോന്നുന്നു."

"തീർച്ചയായും! നിനക്കിഷ്ടമെങ്കിൽ ഞാനതു ചെയ്യാം."—ഡാൻസ്.

"ഞാനാലോചിക്കയാണു്, ഡോ. ലീവ്സിയേ ഏല്പിച്ചാലോ...?" ഞാൻ എന്റെ അഭിപ്രായം സൂചിപ്പിച്ചു.

"കൊള്ളാം. വളരെ നന്നു്, ഡോക്ടർ ഒരു മാന്യനാണു്. മജിസ്റ്റ്രേട്ടമാണു്. ഞാൻതന്നെ അദ്ദേഹത്തോടിതുപറയാം. മി. ഹാക്കിൻസ്, നിങ്ങൾക്കിഷ്ടമെങ്കിൽ എന്റെ കൂടെ വരാം."—ഡാൻസ് സമ്മതിച്ചു.

അമ്മയുടെ സമ്മതത്തോടുകൂടി ഞാൻ ഡാൻസിന്റെകൂടെ ഡോക്ടരുടെ വീട്ടിലേക്കു പോകാൻ തീരുമാനിച്ചു. ഡാൻസിന്റെ സഹപ്രവത്തകന്റെ കുതിരപ്പുറത്തു് എനിക്കും ഒരു സ്ഥാനം കിട്ടി. ഞാൻ ആദ്യമായി കുതിരപ്പുറത്തു കയറി, ബെൽററിൽ മുറുകെപ്പിടിച്ചിരുന്നു.

## VI

ഞങ്ങൾ വളരെ ക്ലേശിച്ചാണു് ഡോക്ടരുടെ ഗൃഹത്തിന്റെ മുൻവശത്തെത്തിയതു്. എല്ലായിടത്തും ഇരുട്ടു്.

വാതിലിൽ മുട്ടിവിളിക്കാൻ എന്നോടു് ഡാൻസ് പറഞ്ഞു. ഞാൻ വാതിലിൽ മുട്ടി. ഉടൻ ഒരു വേലക്കാരി വന്നു് വാതിൽ തുറന്നു.

"ഡോക്ടർ ലിവ്സിയില്ലേ?" — ഞാനന്വേഷിച്ചു.

"ഇല്ല" — അവർ മറുപടി പറഞ്ഞു. "ഉച്ചകഴിഞ്ഞ് ഇവിടെയുണ്ടായിരുന്നു. എന്നാൽ കുറേ മുമ്പ് പ്രഭുവിൻെറ ബംഗ്ലാവിലേക്ക് പോയി"

"നമുക്കങ്ങോട്ടു പോകാം, ഇല്ലേ?" — ഡാൻസ് ഞങ്ങളോടായി ചോദിച്ചു.

ഞങ്ങൾ പ്രഭുവിൻെറ ഗൃഹത്തിലേക്ക തിരിച്ചു. സ്ഥലം അടുത്തായിരുന്നതുകൊണ്ട് ഞാൻ കുതിരയോടൊപ്പം നടന്നേയുള്ളൂ. ബംഗ്ലാവിൻെറ വാതില്ക്കലെത്തിയപ്പോൾ ഡാൻസ് കുതിരപ്പുറത്തുനിന്നിറങ്ങി, എന്നെയുംകൊണ്ട് അകത്തേക്ക കടന്നു.

കടന്നുപോകുന്നിടത്തെല്ലാം കയററുപായ് വിരിച്ചിരുന്നു. വേലക്കാരൻ ഞങ്ങളെ പ്രഭുവിൻെറ മുറിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി ഒരടുപ്പിനു് ഇരുവശത്തുമായി ഡോക്ടരും പ്രഭുവും വെടിപറഞ്ഞുകൊണ്ടിരിക്കയായിരുന്നു.

പ്രഭുവിനെ ഇത്രയുമടുത്ത് ആദ്യമാണ് ഞാൻ കാണുക. ആറടി ഉയരം വരുന്ന മേദസ്സുററ ഒരു മനുഷ്യൻ. കവിളുകൾ വീർത്ത് ചുവന്നിരുന്നു. പുരികങ്ങൾ കറുത്തിരുണ്ടതും ചടുലങ്ങളുമായിരുന്നു കുലീനതയും ധൂർത്തഗതിയും മുഖത്തു സ്ഫുരിച്ചിരുന്നു.

"വരൂ, മി. ഡാൻസ്!" മാന്യവും പ്രഭുസ്ഥാനോചിതവുമായ രീതിയിൽ അദ്ദേഹം അഭിവാദ്യം ചെയ്തു.

"ഗുഡ് ഈവിനിംഗ് സർ!"—ഡോക്ടർ ഉപചാരപൂർവ്വം പറഞ്ഞു. "ജിം! എന്താണ് നീ ഇതിലെ ഇറങ്ങിയതു്?"

അതുവരെ നടന്ന സംഭവം മുഴുവൻ കാണാതെ പ

റിച്ച ഒരു കഥപോലെ ഡാൻസ് പറഞ്ഞു കേൾപ്പിച്ചു. ഡോക്ടരും ത്രിലേനി പ്രഭുവും ഭയാത്ഭുതകൗതുകങ്ങളോടെ കഥ മുഴുവൻ കേട്ടു. ഡാൻസ് പറഞ്ഞുനിൎത്തിയപ്പോൾ ത്രിലേനി കസേരയിൽനിന്നെഴുന്നേററ് മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുതുടങ്ങി.

"മി. ഡാൻസ്! നീ ബഹു കേമൻതന്നെ! ആ തെമ്മാടിയെ അടിപ്പെട്ടത്തിയതിൽ നാം സന്തോഷിക്കുന്നു. ഒരു പാററയെച്ചവിട്ടിത്തേയ്ക്കുന്നതുപോലെ ചവിട്ടിത്തേച്ചല്ലൊ. മി. ഹാക്കിൻസ്! നീയും ധീരൻതന്നെ. ആ മണിയൊന്നടിക്കൂ; മി ഡാൻസിന്നു കുറെ വീഞ്ഞുകൊണ്ടുവരട്ടെ!"

"മി. ജിം!"— ഡോക്ടർ അന്വേഷിച്ചു. "അവർ തെരഞ്ഞെത്തിയ സാധനം നിൻെറ കൈയിലില്ലേ?"

"ഇതാ, സർ!" എണ്ണക്കടലാസിൽ പൊതിഞ്ഞിരുന്ന ആ സാധനം ഞാൻ ഡോക്ടരുടെ കൈയിൽ കൊടുത്തു

ഡോക്ടർ അതു തിരിച്ചും മറിച്ചും നോക്കി. തുറന്നു നോക്കാനാഗ്രഹമുണ്ടായിരുന്നെങ്കിലും ഡോക്ടർ അതു പോക്കററിലിട്ടു.

"മി. ത്രിലേനീ!" ഡോക്ടർ പറഞ്ഞു. "ഡാൻസ് താങ്കളുടെ കൂടെത്തന്നെ വരട്ടെ. എന്നാൽ ജിം ഹാക്കിൻസ് ആഹാരം കഴിഞ്ഞു് എൻെറകൂടെപ്പോരട്ടെ."

"അങ്ങനെയാകട്ടെ"— പ്രഭു.

ഞാനും ഡാൻസും അത്താഴം കഴിച്ചു. ഡാൻസു പോയി.

"ഇനി—" ഡോക്ടർ.

"ഇനി—" പ്രഭു. രണ്ടുപേരും ഒരേ ശ്വാസത്തിൽ അന്യോന്യം നോക്കിപ്പറഞ്ഞു.

"ഒരാറം, ഒരാറം" ഡോക്ടർ ഫലിതസ്വരത്തിൽ പറഞ്ഞു. "ഫ്ളിൻറിനേക്കുറിച്ച് താങ്കറം കേട്ടിട്ടില്ലേ?"

"കേട്ടിട്ടുണ്ടോയെന്നോ? കൊള്ളാം, ചോരകുടിയനെന്ന് പ്രസിദ്ധനല്ലേ ആ കടൽക്കൊള്ളക്കാരൻ! സ്പെയിൻകാർക്ക് ഇയാളെ എന്തു ഭയമാണെന്നോ? ഒരിംഗ്ലീഷുകാരനാണല്ലൊ ഇയാളെന്നോർത്ത് ചിലപ്പോറം ഞാൻ അഭിമാനംകൊള്ളാറുണ്ട്."

"ഞാനും ഇയ്യാളെക്കുറിച്ചു കേട്ടിട്ടുണ്ട്." ഡോക്ടർ പറഞ്ഞു. "അതല്ല പ്രശ്നം! എവിടുന്നാണീ പണമെല്ലാം അയാറക്ക്?"

"പണമോ? കൊള്ളാം! നിങ്ങറക്കാക്കഥയറിയില്ലേ?" പ്രഭു അത്ഭുതത്തോടെ ചോദിച്ചു. "കൊള്ളക്കാർക്കെവിടുന്നാ പണം?"

"എന്തു ധനമുണ്ടെന്ന് നമുക്കുടനറിയാം" ഡോക്ടർ മറുപടി പറഞ്ഞു. "ഞാനതു വ്യക്തമാക്കാം. ഫ്ളിൻറിൻെറ നിധിയെ സംബന്ധിക്കുന്ന തെളിവുകറം എൻെറ കൈയിലുണ്ടെന്ന് വയ്ക്കുക. ആ നിധിയെത്ര വരും?"

"എത്ര വരുമെന്നോ? നിധിയെവിടെയിരിക്കുന്നു എന്നതിന് തെളിവുണ്ടെങ്കിൽ ബ്രിസ്റ്റളിൽനിന്ന് ഉടൻ ഒരു കപ്പലിറക്കുകയായി. ഹാക്കിൻസും, താങ്കളും, ഞാനും ഉടൻ തിരിക്കണം. ഒരു വഷത്തിനകം നിധി നമ്മുടെ കൈയിൽ." പ്രഭു ആവേശഭരിതനായി.

"ജിമ്മിന് സമ്മതമെങ്കിൽ ഞാനീപൊതി തുറക്കാം." എന്ന് പറഞ്ഞുകൊണ്ട് ഡോക്ടർ തൻെറ പോക്കററിൽ സൂക്ഷിച്ചിരുന്ന പൊതി പുറത്തെടുത്തു. കത്തി

കകൊണ്ടു് ഡോക്ടർ അതിന്റെ കെട്ടുകളറുത്തു. ഒരു പുസ്തകവും മുദ്രയുള്ള ഒരു കടലാസും മാത്രമായിരുന്നു ആ കെട്ടിലുണ്ടായിരുന്നതു്.

"എന്താണീപ്പുസ്തകം?" ഡോക്ടർ ചോദിച്ചു.

ആ കെട്ടു പൊട്ടിച്ചപ്പോഠം ഞാനും പ്രഭുവും ആകാംക്ഷയോടെ അതിലേക്കു നോക്കി. ഡോക്ടർ മേശയ്ക്കരികിലേക്കു് എന്നേ ക്ഷണിച്ചു. ഒന്നാമത്തെ പേജിൽ ഒന്നുമില്ലായിരുന്നു. കുറേ കുത്തിവരകഠം മാത്രം. ബില്ലി ഡോൺസ്, റം മതി, എന്നെല്ലാം പരസ്പരം ബന്ധമില്ലാത്ത എന്തെല്ലാമോ കുറിക്കുകഠം അതിൽ കുറിച്ചിട്ടിരുന്നു.

"ഇതിൽ ഒന്നും മനസ്സിലാക്കാനില്ല." ഡോ പേജുകഠം മറിച്ചു.

അടുത്ത പത്തുപന്ത്രണ്ടുപേജുകളിൽ എന്തോ കുറെ കണക്കുകഠം എഴുതിയിരുന്നു. ചെലവും വരവും തീയതിയും കാണിച്ചിരുന്നു.

ഇരുപതുകൊല്ലത്തെ തുകകഠം കൂട്ടിയിട്ടിരുന്നു അതിൽ. ഭീമമായ ഒരു സംഖ്യ. അതു് തെററമായിരുന്നു.

"ഒരു തലയും വാലുമില്ലാത്ത കണക്കു്!" ഡോക്ടർ ലീവ്സി അക്ഷമനായിപ്പറഞ്ഞു.

"എയ്, ഇതുവളരെ വ്യക്തം. പകൽപോലെ വ്യക്തം" ഡോക്ടറോടു് വിയോജിക്കുന്ന സ്വരത്തിൽ പ്രഭു പറഞ്ഞു. "നോക്കൂ, ആ വേട്ടനായുടെ കണക്കുബുക്കാണിതു്. ഇതിലെ വരകഠം അവരാക്രമിച്ചു കീഴടക്കിയ കപ്പലുകളുടെ എണ്ണമാണു്. ഇതിലെ തുകകഠം, ഈ കൊള്ളക്കാരനു് കിട്ടിയ പങ്കം."

"ശരി, ശരി" — ഡോക്ടർ തലയാട്ടി.

ചില സ്ഥലങ്ങളുടെ പേരും, നാണയക്കൈമാററത്തിനുള്ള ഒരു പട്ടികയും ആ പുസ്തകത്തിൻെറ അവസാനം ചേത്തിരുന്നു.

"ലണ്ടൻതന്നെ! ഇയ്യാളെത്തന്നെ വഞ്ചിക്കണം!" —ഡോക്ടർ വിളിച്ചുപറഞ്ഞു.

ആ കടലാസുകവറിൽ അങ്ങുമിങ്ങും ക്യാപ്ററൻെറ വിരലടയാളം പതിച്ചിരുന്നു. ഡോക്ടർ അതു് സൂക്ഷിച്ചു പൊട്ടിച്ചു. അതിൽനിന്നും ഒരു ഭൂപടം താഴെ വീണു; ഒരു ദ്വീപിൻെറ ഭൂപടം. അക്ഷാംശരേഖാംശങ്ങൾ ആ ഭൂപടത്തിൽ അടയാളപ്പെടുത്തിയിരുന്നു. ആ ദ്വീപിൽ ഒരു കപ്പലടുപ്പിക്കാൻ എന്തെല്ലാം അറിവുകൾ ആവശ്യമാണോ അതെല്ലാം ആ പടത്തിൽ രേഖപ്പെടുത്തിയിരുന്നു. ദ്വീപിൻെറ മദ്ധ്യഭാഗത്തായി ഒരു കുന്നുണ്ടു്, —സ്പൈഗ്ലാസ്. ആ ഭൂഭാഗത്തിൻെറ തെക്കെ അററത്തായി 'നിധി' എന്നെഴുതിയിരുന്നു. ചുവന്ന അക്ഷരത്തിൽത്തന്നെ.

കടലാസിൻെറ മറുവശത്തു് നിധിയിരിക്കുന്നസ്ഥലത്തെക്കുറിച്ചുള്ള മററുചില വിവരങ്ങളും കുറിച്ചിരുന്നു. ഇതൊന്നും എനിക്കു് മനസ്സിലായില്ല. എന്നാൽ പ്രഭുവിനും ഡോക്ടൎക്കും അടക്കാൻവയ്യാത്ത ആഹ്ലാദമുള്ളതായി കാണപ്പെട്ടു.

"ലീവ്സീ!" പ്രഭു സന്തുഷ്ടനായിപ്പറഞ്ഞു "നിങ്ങളീ പ്രാക്ററീസ് നിറുത്തണം ഞാൻ നാളെത്തന്നെ ബ്രിസ്റ്റളിലേക്കു പോകുന്നു. മൂന്നാഴ്ചയ്ക്കകം ഈ നാട്ടിലെ ഒന്നാംതരം ഒരു കപ്പലും കുറേക്കപ്പൽക്കാരും നമുക്കുണ്ടാകണം. നമ്മുടെക്കൂടെ ഹാക്കിൻസുമുണ്ടായിരിക്കണം. ഒരൊന്നാംതരം ക്യാബിൻബോയ് ആയിരിക്കും അയാൾ.

ഡോക്ടർ! നിങ്ങൾതന്നെയായിരിക്കും കപ്പലിലെ ഡോക്ടർ. ഞാൻ അഡ്മിറൽ. റെഡ്രൂത്ത്, ഹണ്ടർ, ജോയ്സ് മുതലായവരെയെല്ലാം നമുക്കു വിളിക്കണം. അനുകൂലമായ കാററുംകൂടി ഉണ്ടായാൽപ്പിന്നെ നമ്മൾ രക്ഷപെട്ടു. നിധി കൈയിൽ കിട്ടിയതുതന്നെ."

"മി. ട്രിലേനീ! ഞാനുണ്ട് അങ്ങയുടെകൂടെ. ജിമ്മും കൂടെയുണ്ടാകണം, തീർച്ച. പക്ഷെ, ഒരാളെമാത്രമേ എനിക്കു ഭയമുള്ളൂ."—ഡോ. പറഞ്ഞു.

"ആരാണതു്; ആ ഉപദ്രവി?" പ്രഭു ചോദിച്ചു.

"അങ്ങുതന്നെ." ഡോക്ടർ ചിരിച്ചുകൊണ്ടു് മറുപടിപറഞ്ഞു. "അങ്ങയ്ക്കു് മിണ്ടാതിരിക്കാൻ അറിഞ്ഞുകൂട. നമുക്കുമാത്രമല്ല ഇക്കാര്യം അറിയാവുന്നതു്. സത്രം കൊള്ളചെയ്ത സെററുണ്ടല്ലോ, അവർക്കും അറിയാം. നിരാശരായ അവർ തരം നോക്കിയിരിക്കയാണു്. നാം പോകുന്നതു് ആരും അറിയരുതു്. എല്ലാം പരമരഹസ്യം."

"നിങ്ങൾ പറഞ്ഞതു് വളരെ ശരിയാണു്. ഞാൻ ശ്മശാനമൂകതതന്നെ ദീക്ഷിച്ചേക്കാം, ഡോക്ടർ!" പ്രഭു മറുപടിപറഞ്ഞു

# ഭാഗം രണ്ട്

## ഒരു കപ്പലും കുറേ കൊള്ളക്കാരും

### I

പ്രതീ വിചാരിച്ചതിനേക്കാൾ വളരെത്താമസിച്ചേ ഞങ്ങൾക്ക് യാത്രയാരംഭിക്കാനൊത്തുള്ളു. നേരത്തെ വിചാരിച്ചിരുന്നതുപോലെ പലതും നടന്നില്ല. ഡോക്ടരും ഞാനും ഒരുമിച്ചു താമസിക്കണമെന്ന് വിചാരിച്ചതാണ്. അതും ഒത്തില്ല. ഡോക്ടർക്ക് തന്റെ തൊഴിൽ പ്രമാണിച്ച് ലണ്ടനിൽ താമസമാക്കേണ്ടിവന്നു. പ്രതീ സഞ്ചാരസജ്ജീകരണങ്ങളിൽ മുഴുകി ബ്രിസ്റ്റളിലും. റെഡ്രൂത്തിന്റെ കൂടെ ഒരു ജയിൽപ്പുള്ളിയേപ്പോലെ ഞാനും. എന്റെ തല നിറയെ കടൽക്കിനാവുകളായിരുന്നു. ഹൊ! എന്തെന്തു പുതുമകളായിരിക്കും കാണാനുണ്ടാവുക! ആ ദ്വീപിനേക്കുറിച്ചും, അങ്ങോട്ടുള്ള യാത്രയേക്കുറിച്ചും എന്തെന്തു സങ്കല്പങ്ങൾ ഞാൻ നെയ്തെടുത്തു! സങ്കല്പത്തിൽ ആ ദ്വീപിന്റെ എല്ലാ മുക്കും മൂലയും ഞാൻ കണ്ടുകഴിഞ്ഞിരിക്കുന്നു! എത്ര തവണ സ്പൈ ഗ്ലാസ് കുന്നിന്റെ മുകളിൽ കയറിയിറങ്ങിയിരിക്കുന്നു!

ആഴ്ചകൾ അങ്ങനെ കടന്നുപോയി. ഒരു ദിവസം ഡോക്ടർ ലിവ്സിയുടെ മേൽവിലാസത്തിൽ ഒരു കത്തു വന്നു. ഡോക്ടർ സ്ഥലത്തില്ലെങ്കിൽ റെഡ്രൂത്തോ ഞാനോ തുറക്കുന്നതിന് അതിൽ അധികാരപ്പെടുത്തിയിരുന്നു. ഞങ്ങൾ കത്തു പൊട്ടിച്ചു. ഞാനെന്നു പറയുകയായിരിക്കും കൂടുതൽ ശരി. കാരണം, റെഡ്രൂത്തിന് അച്ച

ടിയക്ഷരങ്ങൾ മാത്രമേ വായിക്കാൻ സാധിക്കുമായിരുന്നുള്ളൂ.

ബ്രിസ്റ്റൽ,
മാർച്ച് 1-17

പ്രിയപ്പെട്ട ലിവ്സി!

താങ്കളുടെ മേ. വി. ശരിയായി അറിഞ്ഞുകൂടാത്തതിനാൽ രണ്ടിടത്തേയ്ക്കും ഈ എഴുത്തിന്റെ ഓരോ കോപ്പികൾ അയയ്ക്കുന്നു.

കപ്പൽ വാങ്ങി; എല്ലാം ശരിയാക്കിക്കഴിഞ്ഞു. ഇതിനേക്കാൾ മെച്ചപ്പെട്ട ഒരു കപ്പൽ നമുക്ക് ആശിക്കാൻ വയ്യ. അത്ര നല്ലതു്. ഇരുന്നൂറ ടൺ കേവുഭാരം. പേർ "ഹിസ്പ്പാനിയോളാ!" കാററനുകൂലമായാൽ പുറപ്പെടുകയായി, നിധിയന്വേഷിച്ച്.

ലോംഗ് ജോൺ സിൽവർ!—ഭാഗ്യമാണു് എന്റെ മുമ്പിൽ അയാളെ എത്തിച്ചുതന്നതു്. ഞാൻ ഒരു ദിവസം ഡോക്കിൽ നില്ക്കുകയായിരുന്നു. യാദൃച്ഛികമായിട്ടാണു് അയാളുമായി ഇക്കാര്യം സംസാരിക്കാനിടവന്നതു്. അയാളൊരു പഴയ കപ്പലോട്ടക്കാരനാണെന്നു് സംസാരത്തിൽനിന്നു് മനസ്സിലായി. ഇന്നു് കുറേ ആരോഗ്യം കുറവാണെങ്കിലും അയാൾക്കു് നമ്മുടെ കപ്പലിൽ ഒരു പാചകനായി കൂടിയാൽ കൊള്ളാമെന്നുണ്ടു്. എന്താ അഭിപ്രായം?

പാവം! ഒരു കാലേയുള്ളു അയാൾക്കു്. മാതൃഭൂമിക്കുവേണ്ടി പടവെട്ടി നഷ്ടപ്പെട്ടതാണു് മറേറ കാൽ. ഇന്നു് പെൻഷൻപോലുമില്ല അയാൾക്കു്! എന്തൊരു കാലം!!

ഒരു പാചകനെ മാത്രമല്ല, ഒരു നല്ല നാവികനെ കൂടി എനിക്കു് സിൽവറിൽ കാണാൻ സാധിച്ചു. അയാ

ളും ഞാനുംകൂടി ഒരൊന്നാംതരം ക്യാപ്ററനേയും ആറേ
ഴ കൂട്ടുകാരേയും കണ്ടുപിടിച്ചിരുന്നു.

എനിക്കെന്തൊരുത്സാഹം! നിധി കിട്ടിയില്ലെങ്കിലും
വേണ്ടില്ല. ആ നീലവിശാലമായ കടലിൽക്കൂടിയുള്ള
യാത്ര!! അതിൻെറ ഓമ്മ എന്നെ മത്തുപിടിപ്പിക്കുന്നു.

ഹാക്കിൻസിനോട്ട് പോയി അമ്മയോടു യാത്ര
ചോദിച്ച് വരാൻ പറയണം. വേഗം! വേഗം! എന്നിട്ട്
ബ്രിസ്റ്റളിലേക്ക് പോരട്ടെ!

ഒരു കാര്യം കൂടി. അടുത്ത ആഗസ്റ്റ്‌വരെ നമ്മൾ
തിരിച്ചു വന്നില്ലെങ്കിൽ, നമ്മളെ അന്വേഷിച്ച് ഒരു
കപ്പലയയ്ക്കാമെന്ന് എൻെറ ഒരു സുഹൃത്തേററിട്ടുണ്ട്.

എന്ന്,

ജോൺ ത്രിലേനി.

എന്തൊരുത്സാഹത്തള്ളിച്ചയോടു കൂടിയാണ് ഞാ
നാക്കത്തുവായിച്ചതു്. ഞാൻ എന്നെത്തന്നെ മറന്നു
പോയി. എന്നാൽ എൻെറ കൂട്ടുകാരൻ റെഡ്രൂത്ത് നി
ർവ്വികാരനായി അതു മുഴുവൻ കേട്ടുകൊണ്ടിരുന്നു. എ
ന്തൊരു മനുഷ്യൻ! ഇടയ്ക്കിടയ്ക്ക് അയാളെന്തെല്ലാമോ
മുറുമുറുത്തുകൊണ്ടിരുന്നു.

പിറേറദിവസം പ്രഭാതത്തിൽതന്നെ റെഡ്രൂത്തും
ഞാനും അഡ്മിറൽ ബെൻബോയിലേയ്ക്കു തിരിച്ചു.
സത്രത്തിൻെറ അററകുററപ്പണികളെല്ലാം പ്രഭു നിർവ്വഹി
ച്ചിരുന്നു. ക്യാപ്ററനില്ലാതിരുന്നതുകൊണ്ടു് അമ്മയു
ടെ ജീവിതം സമാധാനപൂർണ്ണമായിരുന്നു. അമ്മയ്ക്കൊരു
പ്രത്യേക ചാരുകസേര പ്രഭു പണിയിച്ചു കൊടുത്തി
രുന്നു. സഹായത്തിന് ഒരു പയ്യനേയും നിയമിച്ചിരുന്നു.

എൻെറ വേർപാട് അമ്മയെ ഏകാന്തതയിലേ

ക്കു് തള്ളിവിടുമല്ലോ എന്നോർത്തു് എൻെറ മനം നൊന്തു.

അന്നു രാത്രി അവിടെത്താമസിച്ചു. പിറേറദിവസം രാവിലെ അമ്മയോടും ആ കടൽത്തുറയോടും യാത്ര പറഞ്ഞു് ഞാൻ ബ്രിസ്റ്റലിലേക്കു് തിരിച്ചു. ആ നിമിഷത്തിൽ ക്യാപ്റ്റൻെറ രൂപം എൻെറ മനസ്സിൽ പൊന്തിവന്നു. ടെലസ്കോപ്പും ഒരു തോളിൽ തൂക്കി ആടിയാടി നടന്നുപോകുന്ന ക്യാപ്റ്റൻെറ രൂപം.

ഞങ്ങൾ ബ്രിസ്റ്റലിൽ വെന്നുചേൎന്നു സ്റ്റേഷനിൽ നിന്നും കുറേ ദൂരത്തായിരുന്നു പ്രഭുവിൻെറ തത്ക്കാല വസതി. ഞങ്ങൾ അങ്ങോട്ടു നടന്നാണു പോയതു്. വളരെ രസകരമായ യാത്ര. കടൽത്തീരത്തുകൂടിത്തന്നെ വളഞ്ഞും തിരിഞ്ഞും പോകുന്ന വഴി അവിടവിടെയായി അനവധി കപ്പലുകൾ നങ്കൂരമടിച്ചു കിടക്കുന്നു. ജോലിക്കാർ പാട്ടു പാടുന്നു. ഉപ്പിൻെറയും ടാറിൻെറയും മണം മൂക്കിൽ തുളച്ചുകയറി. അതും ഒരു പുതുമയായിരുന്നു. എന്തെല്ലാം കാഴ്ചകളും അനുഭവങ്ങളും! പലതരത്തിലുള്ള ആളുകൾ: കാതു കുത്തി വലിയ വളയങ്ങൾ തൂക്കിയിട്ടവർ, കാതോളമെത്തുന്ന മേൽമീശ വെച്ചവർ, മുടി വളർത്തി പിന്നിൽ കെട്ടിയിട്ടവർ, എന്നുവേണ്ട, ഒരായിരം രൂപവും ഭാവവും ഉള്ളവർ!

എല്ലാം എനിക്കൊരു അലസസ്വപ്നംപോലെ തോന്നി. കടലും, കപ്പലും, ജോലിക്കാരും, കപ്പൽപ്പാട്ടുകളും എല്ലാം.

പെട്ടെന്നു് ഞാനാ മധുരസ്വപ്നത്തിൽ നിന്നുണൎന്നു. ട്രിലേനി പ്രഭുവിൻെറ ഗൃഹോപാന്തത്തിൽ ഞങ്ങളെത്തി

യിരിക്കുന്നു. പ്രഭ ഒരു തനിക്കപ്പൽക്കാരൻെറ വേഷത്തിലും ഭാവത്തിലും വാതില്ക്കൽത്തന്നെ നില്ക്കുന്നു.

"നീ വന്നോ, കൊള്ളാം! ഡോക്ടർ രാത്രിതന്നെ എത്തിയിരിക്കുന്നു. എല്ലാം തയ്യാറായിരിക്കുന്നു''-പ്രഭ ആഹ്ലാദസ്വരത്തിൽ പറഞ്ഞു.

"എപ്പോഴാണു് പുറപ്പെടുക?"—ഞാൻ.

"നാളെത്തന്നെ!"—പ്രഭ.

## II

പ്രഭാതഭക്ഷണം കഴിഞ്ഞയുടൻ പ്രഭ ഒരെഴുത്തു് എൻെറ കൈയിൽ തന്നു. അതു് ജോൺ സിൽവറിനുള്ളതായിരുന്നു. സിൽവറിൻെറ താമസസ്ഥലത്തേയ്ക്കുള്ള വഴിയും അദ്ദേഹം പറഞ്ഞുതന്നു. ഒന്നുകൂടി കടൽപ്പുറത്തുകൂടി യാത്ര ചെയ്യാമല്ലോ എന്നോർത്തു് ഞാനാഹ്ളാദിച്ചു. ഞാൻ പുറപ്പെട്ടു. തുറമുഖത്തെങ്ങും ആളുകൾ. പല ആകൃതിയും പ്രകൃതിയും ഉള്ളവർ. അവരുടെയിടയിലൂടെ തൊട്ടുരുമ്മി ഞാൻ മുമ്പോട്ടു പോയി. ഒടുവിൽ സിൽവർ താമസിക്കുന്ന ടാവേണിൽ എത്തി.

സാമാന്യം സുഖസൗകര്യങ്ങളുള്ള ഒരു സ്ഥലമായിരുന്നു അതു്. അവിടമെല്ലാം പുതുതായി ചായമടിച്ചിരുന്നു. ജനാലകളിൽ ചുവന്ന പുത്തൻ കർട്ടൻ തൂക്കിയിരുന്നു. ടാവേണിൻെറ ഇരുവശവും തെരുവുകളായിരുന്നു. വേണ്ടത്ര ജനാലകളും വാതിലുകളും ഉണ്ടായിരുന്നതുകൊണ്ടു് ടാവേണിലെ മുറികളിലെല്ലാം വെളിച്ചം കിട്ടിയിരുന്നു.

കപ്പൽത്തൊഴിലാളികളായിരുന്നു അവിടുത്തെ പതിവുകാരിൽ ഭൂരിപക്ഷവും. അവർ ഉറക്കെയുറക്കെ

സംസാരിക്കുന്നു. എന്തു ശബ്ദം! ഞാനതുകൊണ്ടു് അല്പം ഭയന്നു് വാതില്ക്കൽത്തന്നെ കുറേനേരം നിന്നു.

ഒട്ടുസമയം കഴിഞ്ഞപ്പോൾ ഒരാൾ പുറത്തേയ്ക്കു വന്നു. കാഴ്ചയിൽ, അയാളാണു് ജോൺ സിൽവറെന്നു് ഞാൻ ഊഹിച്ചു. അയാളുടെ ഇടത്തുകാൽ തുടയിൽ വച്ചു് മുറിച്ചുകളഞ്ഞിരിക്കുന്നു. മുളങ്കമ്പുകൊണ്ടുള്ള ഒരു പൊയ്ക്കാലാണു് അയാളെ നടക്കാൻ സഹായിച്ചിരുന്നതു്. എത്ര സമർത്ഥമായിട്ടാണയാൾ പൊയ്ക്കാലിൽ നടക്കുന്നതു്! ഉയരം കൂടി, ബലിഷ്ഠനായിരുന്നു ജോൺ. ബുദ്ധിയും നിഷ്ക്കളങ്കതയും മുഖത്തു കളിയാടിയിരുന്നു. കൂട്ടത്തിൽ നിത്യസഹവാസിയായ ഒരു പുഞ്ചിരിയും. എപ്പോഴും ഉത്സാഹവാനായിത്തന്നെ അയാൾ കാണപ്പെട്ടു. ചുണ്ടിലൊരു മൂളിപ്പാട്ടുംകൊണ്ടു്, അയാൾ അതിഥികളുടെ അരികിലെങ്ങും നടന്നു് അവരെ സന്തോഷിപ്പിച്ചിരുന്നു.

സത്യം പറഞ്ഞാൽ ജോണിനെക്കുറിച്ചുള്ള എന്റെ ധാരണ മറ്റൊന്നായിരുന്നു. കുറച്ചു ഭയംതന്നെയുണ്ടായിരുന്നു എനിക്കു് അയാളെക്കുറിച്ചു്. ബെൻബോസത്രത്തിൽ വച്ചു് ക്യാപ്റ്റനുവേണ്ടി ഒരൊറ്റക്കാലൻ നാവികനെ ഞാനന്വേഷിച്ചിരുന്നല്ലൊ! അയാളേക്കുറിച്ചുള്ള സങ്കല്പങ്ങളാണു് ജോണിനേക്കുറിച്ചു് ഡ്രപ്പ പറഞ്ഞപ്പോൾ എന്നിലുളവായതു്.

ധൈര്യം സംഭരിച്ചു് ഞാൻ അകത്തേക്കു കടന്നു. പൊയ്ക്കാലിൽ തൂങ്ങിനിന്നുകൊണ്ടു് സിൽവർ ഒരു പതിവുകാരനോടു് എന്തെല്ലാമോ സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു.

കത്തു് നേരേ നീട്ടിക്കൊണ്ടു് ഞാൻ ചോദിച്ചു: "മി. ജോൺ സിൽവറല്ലേ?"

"അതേ, കുട്ടീ! എന്തുവേണം? ആരാണു നീ?" എന്ന് കുശലം ചോദിച്ചുകൊണ്ടു് അയാൾ എഴുത്തു പൊട്ടിച്ചു വായിച്ചു. എന്നിട്ട് സന്തോഷഭരിതനായി പറഞ്ഞു. "കൊള്ളാം! നീയാണു് പുതിയ ക്യാബിൻ ബോയ്. കണ്ടതു വളരെ സന്തോഷം."

എൻെറ കൈപിടിച്ചു് സ്നേഹപൂർവ്വം അയാളൊന്നമർത്തി.

പെട്ടെന്നു് ഒരു പററപ്പടിക്കാരൻ മുറിയുടെ മൂലയിൽനിന്നെഴുന്നേററ് വാതില്ക്കലേക്കു നടന്നു. ഒരു നിമിഷംകൊണ്ടു് അയാൾ വഴിയിലെത്തിക്കഴിഞ്ഞു. അയാളുടെ പരിഭ്രമവും തിടുക്കവും എന്നെ ആകർഷിച്ചു. ഞാൻ സൂക്ഷിച്ചുനോക്കി. എനിക്കാളേ മനസ്സിലായി. രണ്ടു വിരലില്ലാത്ത ഒരുത്തൻ. വിളറി വെളുത്ത മുഖം. ബെൻബോസത്രത്തിൽ അയാൾ വന്നിട്ടുണ്ടു്.

"ഞാൻ വിളിച്ചു പറഞ്ഞു." അയാളെ പിടിയ്ക്കൂ! ബ്ലാക്ക്ഡോഗ്!!"

"ആരെങ്കിലുമാകട്ടെ. ഒരു ചില്ലിക്കാശിനു പിടിയില്ലാത്തവൻ" സിൽവർ സമാധാനിപ്പിച്ചു. എങ്കിലും ഉടൻ അയാൾ വീണ്ടും തുടർന്നു: "പററിയ പണം തന്നില്ലല്ലൊ. പിടിച്ചുനിർത്തു, ഹാരീ! അവനെ!"

ഞങ്ങളുടെ അടുത്തുനിന്ന ഒരാൾ വഴിയിലേക്കു് ചാടി ബ്ലാക്ക്ഡോഗിൻെറ പുറകെ ഓടി.

"എത്ര വലിയവനാണെങ്കിലും എനിക്കയാൾ പണം തരണം." എൻെറ കൈ വിട്ടുകൊണ്ടു് സിൽവർ പറഞ്ഞു. "അയാളുടെ പേരെന്താ, ബ്ലാക്ക്— ?"

"ഡോഗ്, സർ! പ്രഭു ആ കടൽക്കൊള്ളക്കാരേപ്പററി പറഞ്ഞില്ലേ? അവരിലൊരാൾ തന്നെ!"

സിൽവർ ഉറക്കെ അലറി: ഹെൻെറ ഹോട്ടലി ലോ? ബെൻ! ഹാരിയെ സഹായിക്കാൻ ഓട്ട്. മോർ ഗൻ! അയാളുടെ കൂടെയാണോ താൻ കുടിച്ചതു്? ഇവി ടെ വന്നേ!"

തടിച്ചുവീത്ത മുഖമുള്ള മോർഗൻ വായിൽക്കിടന്ന പുകയില ചവച്ചുകൊണ്ടു് അടുത്തെത്തി. അയാളാകെ നരച്ചിരുന്നു.

"മോർഗൻ! നിങ്ങളയാളെ ഇതിനുമുമ്പു കണ്ടി ട്ടുണ്ടോ?"

"ഇല്ല, സർ!" —മോർഗൻ താഴ്മയായിപ്പറഞ്ഞു.

"അയാളുടെ പേരറിഞ്ഞുകൂട, ഇല്ലേ?"

"ഇല്ല, സർ!"—മോർഗൻ.

"എൻെറ ഭാഗ്യം!" സിൽവർ പറഞ്ഞു. അയാ ളുടെ കൂട്ടുകാരനായിരുന്നു താനെന്നുവരികിൽ ഇതോടെ തൻെറ ഇവിടുത്തെ വരവു് അവസാനിപ്പിക്കുമായിരുന്നു. എന്താണയാൾ തന്നോടു പറഞ്ഞുകൊണ്ടിരുന്നതു്?"

"എന്താണെന്നു് ശരിയായിട്ടോർക്കുന്നില്ല."—മോർ ഗൻ വീണ്ടും വിനയാന്വിതനായിപ്പറഞ്ഞു.

"തൻെറ കഴുത്തിനുമോളിലെന്താണു്; തലേം ചെ വീമല്ലേ?" ലോംഗ്ജോൺ ദേഷ്യപ്പെട്ടു. "തനിക്കു് ശരിയായറിഞ്ഞൂടാപോലും!! ആരോടാ താൻ പറയുന്ന തെന്നറിയാമോ? പറഞ്ഞോ, എന്താ താൻ ചെവി കടി ച്ചുകൊണ്ടിരുന്നതു്? കപ്പലിനെക്കുറിച്ചോ കടലിനേക്കു റിച്ചോ?"

മോർഗൻ നിരുപദ്രവിയാണെന്നു് മനസ്സിലാക്കി സിൽവർ അയാളെ വിട്ടു. അയാൾ പഴയ സ്ഥാനത്തു് ചെന്നു് ഇരുന്നു കഴിഞ്ഞപ്പോൾ സിൽവർ ശബ്ദം വളരെ

ത്താഴ്ത്തിപ്പറഞ്ഞു; "അയാരം നല്ലവനാണ്. സത്യസന്ധൻ! എന്നാലൊരു മണ്ടനാണെന്നുമാത്രം!" ശബ്ദം ഉയർത്തി അയാരം തുടർന്നു: "ബ്ലാക്ക്ഡോഗ്! എവിടെയോ അയാളെ കണ്ടുപരിചയമുണ്ട്. ഒരു തെണ്ടിക്കുരുടനുമായി അയാരം ഇവിടെ വരാറുണ്ടായിരുന്നു."

"ശരിയോ? ഞാനയാളേയും അറിയും. പ്യൂ എന്നാണയാളുടെ പേരു." ഞാൻ പറഞ്ഞു.

"ഞങ്ഹാ!" — സിൽവർ വികാരഭരിതനായി. "പ്യൂ. അതുതന്നെ അയാളുടെ പേർ. നമ്മളിവനെ വിടരുത്. ബെൻ ഒന്നാംതരം ഒരു ഓട്ടക്കാരനാണ്. അയാരം അവനെ പിടിച്ചുകൊണ്ടുവരും. തീർച്ച."

അയാരം പൊയ്ക്കാലിൽ അങ്ങോട്ടുമിങ്ങോട്ടും പയ്യെപ്പയ്യെ നടന്നുകൊണ്ടിരുന്നു. ബ്ലാക്ക്ഡോഗിനെ അവിടെക്കണ്ടപ്പോരം മുതൽ എനിക്കു സംശയമായി. ഞാൻ അവിടത്തെ വയ്യ്കാരനെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. അയാരം വലിയ സൂത്രക്കാരനാണെന്ന് പെട്ടെന്നെനിക്കു മനസ്സിലായി അപ്പോഴേക്കും ബ്ലാക്ക്ഡോഗിനെ പിടിക്കാനോടിയ രണ്ടാളും തിരിച്ചെത്തി. അവർക്ക് വഴിതെററിപ്പോയെന്നും, വഴിയിലുണ്ടായിരുന്ന നാട്ടുകാർ അവരെ ചതിച്ചെന്നും മററും രണ്ടാളും വിക്കിവിക്കിപ്പറഞ്ഞൊപ്പിച്ചു.

"നോക്കൂ, ഹാക്കിൻസ്! ഞാനെന്തുചെയ്യട്ടെ. ക്യാപ്ററൻ ത്രിലേനി എന്തു വിചാരിക്കും? ഇവിടെയിരുന്നാണ് ആ തെണ്ടി റം കുടിച്ചതു്. എന്നിട്ടോടി രക്ഷപെടുകയും. എൻെറ നല്ലകാലമായിരുന്നെങ്കിൽ ഇന്നവനില്ല—"

പെട്ടെന്ന് സിൽവർ ഭാവഭേദം വരുത്തിപ്പറഞ്ഞു:

"നമുക്കുടൻ പ്രഭുവിൻെറടുത്തേക്കു പോകാം. ഈ വിവരം അവിടെപ്പറയണ്ടേ. കുറേ ഗൗരവമുള്ള സംഗതിയാണിതു്." എന്നിട്ടയാൾ ചിരിക്കാനാരംഭിച്ചു. അയാൾ ചിരിച്ചതിൻെറ പൊരുളെന്താണെന്നെനിക്കു മനസ്സിലായില്ല. എങ്കിലും ഞാനും അയാളുടെ കൂടെച്ചെന്നു.

ഞങ്ങൾ കടൽത്തീരത്തു കൂടിത്തന്നെ പുറപ്പെട്ടു. അയാൾ നൂറായിരം കൂട്ടം പറഞ്ഞുകൊണ്ടിരുന്നു. പല തരത്തിലുള്ള കപ്പലുകളെക്കുറിച്ചും, അവ ഏതേതു രാജ്യങ്ങളിൽ നിന്നു് വരുന്നുവെന്നുമെല്ലാം ഒരു കഥപോലെ അയാൾ പറഞ്ഞു. കപ്പൽയാത്രയ്ക്കുതകുന്ന ഏററവും നല്ല സുഹൃത്തു് സിൽവർ തന്നെയെന്നു് ഞാൻ തീരുമാനിച്ചുപോയി.

ഞങ്ങൾ സത്രത്തിലെത്തിയപ്പോൾ ഡോക്ടരും പ്രഭുവും സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. ജോൺ ആവേശപൂർവ്വം സത്യസന്ധതയോടെ കഥ മുഴുവൻ അവരെ പറഞ്ഞുകേൾപ്പിച്ചു; നേരത്തെ പറഞ്ഞതിനു് വിപരീതമായി. എന്നിട്ടു് എന്നെ സാക്ഷിയാക്കുകയും ചെയ്തു.

ബ്ലാക്ക്ഡോഗു് രക്ഷപെട്ടതിൽ ഡോക്ടർക്കും പ്രഭുവിനും കുണ്ഠിതം തോന്നി. സിൽവർ തൻെറ പൊയ്ക്കാലിൽ ചാടിച്ചാടി അവിടെനിന്നും പോയി.

"ഇന്നു വൈകുന്നേരം എല്ലാവരും കപ്പലിലുണ്ടാകണം." പ്രഭു പുറകിൽനിന്നു് വിളിച്ചുപറഞ്ഞു.

"ആണ്ട്‌ ..... സർ!" — സിൽവർ പോകുന്നപോക്കിൽ മറുപടിയും പറഞ്ഞു.

"സർ! ജോൺ സിൽവർ യാത്രയ്ക്കു പററിയ ആൾ തന്നെ!" — ഡോക്ടർ തൻെറ അഭിപ്രായം പുറപ്പെടുവിച്ചു.

"അയാൾ പരമവിശ്വസ്തനാണ്." — പ്രഭ.

"ങ്. ജിം ഇപ്പോൾ നമ്മുടെകൂടെ കപ്പലിലേക്ക് വരേണ്ടേ?" — ഡോക്ടർ ചോദിച്ചു.

"തീർച്ചയായും! ജിം! ആ തൊപ്പിയെടുത്തോളൂ! പോകാം." എന്നു പറഞ്ഞുകൊണ്ട് പ്രഭ എഴുന്നേററു നടന്നുകഴിഞ്ഞു.

## III

ഞങ്ങളുടെ നൗക കുറേ പുറംകടലിലേയ്ക്കു് മാറിയാണ് കിടന്നിരുന്നതു്. അതുകൊണ്ടു് മററു കപ്പലുകളിൽ കേറിയിറങ്ങിവേണ്ടിയിരുന്നു അതിലെത്താൻ. ഞങ്ങൾ ഒരുവിധത്തിൽ അങ്ങനെ ഹിസ്പ്പാനിയോളായിൽ ചെന്നുചേർന്നു കയറിയ ഉടൻ മി. ആരോ വന്നു് ഞങ്ങളെ അഭിവാദ്യം ചെയ്തു. മി. ആരോ തവിട്ടു നിറമുള്ള ഒരു കപ്പലോട്ടക്കാരനാണു്. ചെവിയിൽ കെട്ടിത്തൂക്കിയ ആഭരണങ്ങളും ഒരു കോങ്കണ്ണും അയാളുടെ പ്രത്യേകതകളായിരുന്നു. പ്രഭുവും അയാളും വലിയ മമതയിലാണെന്നു തോന്നി. എന്നാൽ ക്യാപ്റററനും പ്രഭുവും നല്ല യോജിപ്പിലല്ലെന്നു് എനിക്കു് പെട്ടെന്നു് മനസ്സിലാക്കാൻ കഴിഞ്ഞു.

ക്യാപ്റററൻ ഒരു പരുഷസ്വഭാവിയാണെന്നു് ഒററ നോട്ടത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞു. അയാൾക്കു് എല്ലാവരോടും അകാരണമായ ഒരു വെറുപ്പും അവജ്ഞയുമുള്ളതായി എനിക്കു തോന്നി. ഞങ്ങൾ ക്യാബിനിൽ നിന്നും പുറത്തിറങ്ങിയപ്പോൾ ഒരു കപ്പൽജോലിക്കാരൻ പുറകേവന്നു്, ക്യാപ്റററൻ സ്മോളററ് പ്രഭുവിനെ കണ്ടു സംസാരിക്കാൻ ആഗ്രഹിക്കുന്നു എന്നുപറഞ്ഞു.

"ക്യാപ്റററൻെറ ഇഷ്ടംപോലെയാകട്ടെ. വരാൻ പറയൂ!" — പ്രഭ പറഞ്ഞു.

ഉടൻ ക്യാപ്റ്ററൻ അവിടെയെത്തി. മുറിയിൽ കടന്ന് കതകടച്ചു.

"മി. സ്മോളററ് എന്താണു് നിങ്ങൾക്കു് പറയാനുള്ളതു്? എല്ലാം സുമാറായില്ലേ?" പ്രഭു പറഞ്ഞു.

"ആകെ തരക്കേടില്ല. എന്നാലും ഒരു കാര്യം തുറന്നു പറയാതെ വയ്യ. ഈ കപ്പലിലെ ജോലിക്കാരെ എനിക്കത്ര പിടിച്ചില്ല. എൻെറ മേലധികാരിയേയും അതുപോലെ തന്നെ."

"ഒരുപക്ഷേ നിങ്ങൾക്കീക്കപ്പലും പിടിച്ചില്ലെന്നു വരും!!" പ്രഭുവിൻെറ മുഖം കോപംകൊണ്ടു് ചുവന്നിരുന്നു. ഞാനതു മനസ്സിലാക്കി.

"ഒന്നു പരീക്ഷിച്ചുനോക്കാതെ കപ്പൽ നല്ലതോ ചീത്തയോ എന്നെനിക്കു പറയാനാവില്ല. കാഴ്ചയിൽ തരക്കേടില്ല." ക്യാപ്റ്ററൻ തുടർന്നുപറഞ്ഞു.

"ഇല്ലെങ്കിൽ നിങ്ങളെ ഇവിടെ നിയമിച്ച ആളെ നിങ്ങൾക്കിഷ്ടമല്ലായിരിക്കാം." പ്രഭുവിൻെറ കോപം ഒട്ടും ശമിച്ചില്ല. ഡോക്ടർ ലീവ് ഇടയ്ക്കുകയറി. അദ്ദേഹം ക്യാപ്റ്ററനോടായിപ്പറഞ്ഞു:

"നിങ്ങൾ രണ്ടുപേരും ഇങ്ങനെ സംസാരിച്ചതുകൊണ്ടെന്തുഫലം? ഒരു കാര്യം ചോദിക്കട്ടെ. ഈ കപ്പൽ ജോലിക്കാരെ നിങ്ങൾക്കിഷ്ടമല്ലെന്നു് നിങ്ങൾ പറഞ്ഞുവല്ലോ. എന്താണതു്?"

"എന്നെ സംബന്ധിച്ചിടത്തോളം ഞാനിതിലെ ക്യാപ്റ്ററൻ മാത്രമാണു്. ഉടമസ്ഥൻ എങ്ങോട്ടു കപ്പൽ വിടണമെന്നു് പറയുന്നുവോ അങ്ങോട്ടു കപ്പൽ വിടും. അത്രതന്നെ. എന്നാൽ ഒരു ക്യാപ്റ്ററനേക്കാൾ കൂടുതൽ ഇക്കാര്യങ്ങളേക്കുറിച്ചുള്ള അറിവു് കപ്പലിലെ പായ്കെ

ട്ടുന്നവൻവരെ ഉണ്ടായിരിക്കുക അത്ര പന്തിയല്ല. ഈ കപ്പലിലെ സ്ഥിതിയതാണ്. ശരിയാണോ അതു്? ഒന്നാലോചിച്ചു നോക്കൂ"

"അല്ല, സമ്മതിച്ചു."—ഡോക്ടർ.

"എന്നാൽ, എൻെറ അറിവ് നിങ്ങൾ ഏതോ ഒരു നിധിയന്വേഷിച്ച് യാത്രതിരിച്ചിരിക്കുന്നു എന്നാണ്. അത്ര സുരക്ഷിതമായ പണിയൊന്നുമല്ല അതു്. എനിക്കത്തരം കാര്യങ്ങളിൽ ഉൾപ്പെടുക അത്ര ഇഷ്ടവുമല്ല. കാര്യം എങ്ങനെയായാലും അതു് പരമരഹസ്യമായിരിക്കണമെന്നുള്ളതു് നിങ്ങൾ സമ്മതിക്കും. ഇവിടെ അതു് വായാടികളുടെ പാട്ടായിത്തീർന്നിരിക്കയാണ്."—ക്യാപ്റ്റൻ.

"സിൽവറാണോ നിങ്ങളുടെ വായാടി?" പ്രഭു കടന്നുചോദിച്ചു.

അതു ഞാൻ പറഞ്ഞില്ല. നമ്മുടെ രഹസ്യം അങ്ങാടിപ്പാട്ടാണെന്നുമാത്രം. ഈ അന്വേഷണയാത്രയുടെ ഗൗരവം നിങ്ങൾ അത്ര മനസ്സിലാക്കിയിട്ടില്ലെന്നു് തോന്നുന്നു."—ക്യാപ്റ്റൻ.

"ഞങ്ങൾ ഈ സാഹസയാത്രയുടെ ഗൗരവം മനസ്സിലാക്കാത്ത വിഡ്ഢികളാണ് എന്നു് നിങ്ങൾ വിചാരിക്കുന്നുണ്ടെങ്കിൽ അതു് സർവ്വാബദ്ധം. നിങ്ങൾ പറയുന്നു, നിങ്ങൾക്കീക്കപ്പൽ ജോലിക്കാരെ ഇഷ്ടമല്ലെന്നു്. അവർ നല്ല നാവികരല്ലേ?"—ഡോക്ടർ ചോദിച്ചു.

"എനിക്കവരെ ഇഷ്ടമല്ല."—ക്യാപ്റ്റൻ തുറന്നു പറഞ്ഞു. "ആ വിഷയം എടുത്തിട്ടതുകൊണ്ടു പറയുകയാണ്. എൻെറകൂടെ പണിയെടുക്കുന്നവരെ ഞാൻ തന്നെ തെരഞ്ഞെടുത്താലേ ശരിയാവൂ."

"ഒരുകണക്കിനു് ശരിയാണതു്. തൻെറ ഈ സുഹൃത്തു് ആ ജോലി നിങ്ങളെ ഏല്പിക്കേണ്ടതായിരുന്നു. എന്നാൽ നിങ്ങൾക്കിഷ്ടമില്ലാത്തവർ ആരെങ്കിലും ഈ കപ്പലിൽ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അതു് മനഃപ്പൂർവ്വമല്ല. ആട്ടെ, മി. ആരോയെ നിങ്ങൾക്കിഷ്ടമില്ലേ?"—ഡോക്ടർ.

"ഇല്ല, സർ. ഒരു നല്ല നാവികനാണയാൾ. സമ്മതിച്ചു. പക്ഷേ സഹയാത്രികരുമായി അത്ര അടുത്തിടപഴകുന്നതു് ഒരു ഓഫീസർക്കു പററിയതല്ല. അയാളുടെ ഗൗരവം അയാൾ പുലത്തണം. അല്ലാതെ മററ കാളികൂളികളുടെകൂടെ കള്ളുകുടിക്കാനും മററും പോയാലോ?"—ക്യാപ്ററൻ തൻെറ നിലപാടു വിശദമാക്കി.

"അയാളൊരു കുടിയനാണെന്നാണോ, നിങ്ങൾ പറയുന്നതു്?"—പ്രഭു ചോദിച്ചു.

"ഇല്ല, സർ! അയാൾ അത്ര സ്വാതന്ത്ര്യത്തോടെ അവരുടെയിടയിൽ പെരുമാറന്നുവെന്നേ ഞാൻ സൂചിപ്പിച്ചുള്ളു"—ക്യാപ്ററൻ.

"ആട്ടെ, ചുരുക്കിപ്പറയൂ, നിങ്ങൾക്കിനി എന്തുവേണമെന്നാണു് നിങ്ങൾ പറയുന്നതു്?"—ഡോക്ടർ.

"നിങ്ങളീക്കപ്പലിൽത്തന്നെ യാത്രചെയ്യാൻ തീരുമാനിച്ചോ?"—ക്യാപ്ററൻ.

"തീർച്ചയായും!"—പ്രഭു.

"എന്നാൽ ഇതുവരെ കേട്ടതുപോലെ ക്ഷമയോടുകൂടി ഇതും കേൾക്കുക. വെടിമരുന്നും ആയുധങ്ങളും മററും ഇപ്പോൾ വെച്ചിരിക്കുന്ന സ്ഥാനത്തുനിന്നും മാററണം. നിങ്ങളുടെ കൂടെവരുന്ന നാലുപേർക്കും ക്യാബിനിൽത്തന്നെ സൗകര്യം കൊടുത്തുകൂടെ?"—ക്യാപ്ററൻ.

"ഇനി"—പ്രഭു.

"ഈ രഹസ്യം പരസ്യമാക്കാവുന്നിടത്തോളം ആയിക്കഴിഞ്ഞു" — ക്യാപ്റ്ററൻ.

"വളരെ, വളരെ" — ഡോക്ടർ യോജിച്ചു

"ഞാനെന്താണ് കേട്ടതെന്ന് വിശദമായി ഞാൻ പറയാം." — സ്മോളററ് തുടന്നു: "നിങ്ങളുടെ കൈവശം സമ്പദ്ദ്വീപിന്റെ ഒരു ഭൂപടമുണ്ട്. നിധിയിരിക്കുന്ന സ്ഥലം അതിൽ കുരിശടയാളമിട്ട് കാണിച്ചിരിക്കുന്നു." അക്ഷാംശവും രേഖാംശവും സമ്പദ്ദ്വീപിന്റെ സ്ഥാനവും കൃത്യമായി ക്യാപ്റ്ററൻ പറഞ്ഞു.

"ഒരുത്തരോടും പറഞ്ഞിട്ടില്ലല്ലോ ഞാനതു്!" — പ്രഭു അത്ഭുതപരവശനായി.

"കപ്പലിലെ തൂപ്പുകാക്കറിയാമല്ലോ സർ, അതു്!" — ക്യാപ്റ്ററൻ

"ലീവ്സി! നിങ്ങളോ ഹാക്കിൻസോ ആയിരിക്കും ഇതു പുറത്തുവിട്ടതു്." പ്രഭു ദൃഢമായി പ്രസ്താവിച്ചു.

"ആരെങ്കിലുമാകട്ടെ. ആരു പറഞ്ഞു എന്നുള്ളതല്ല പ്രധാനം." — ഡോക്ടർ.

പ്രഭുവിന്റെ പ്രതിഷേധോക്തികൾ ഡോക്ടർ കേട്ടമട്ട് നടിച്ചില്ല. ഞാനും അത്ര ശ്രദ്ധിച്ചില്ല. പ്രഭു അത്ര വായാടിയായിരുന്നു എന്നുള്ളതാണ് സത്യം. എന്നാലിതെങ്ങനെ പുറത്തുവന്നു? ആരും ആരോടും ഇതുവരെ പറഞ്ഞിട്ടില്ലല്ലോ!!

"ഭൂപടം ആരുടെ കൈയിലായാലും വേണ്ടില്ല; ഒരു കാര്യം, അതു ഭദ്രമായി സൂക്ഷിക്കണം. ഞാനും ആരോയും കൂടി ആ രഹസ്യമറിയരുതു്. അല്ലെങ്കിൽ എനിക്കീ ജോലി പററുകയില്ല."

"മനസ്സിലായി." ഡോക്ടർ പറഞ്ഞു "എല്ലാം പര

മരഹസ്യമായിരിക്കണമെന്നല്ലേ നിങ്ങളുടെ ഉദ്ദേശം. ആയുധങ്ങളും വെടിമരുന്നും പ്രഭുവിൻെറ ഉത്തമ സുഹൃത്തുക്കളുടെ കീഴിലായിരിക്കുകയും വേണം. ഒരട്ടിമറി പ്രവത്തനം ഉണ്ടാകുമെന്നാണോ നിങ്ങളുടെ ഭയം?"

"സർ! തെററിദ്ധരിക്കരുതു്. നിങ്ങളുടെ കല്പനകറം അതേപടി സ്വീകരിക്കാൻ എനിക്കു ചിലപ്പോറം പററിയെന്നു വരികയില്ല. കടലിലേയ്ക്കിറങ്ങിയാൽ ഒരു ക്യപ്ററനും മററുള്ളവരുടെ തീരുമാനങ്ങളനുസരിച്ചു് നില്ക്കാൻ വയ്യ. ആരോയും കൂട്ടരും സത്യസന്ധരല്ലെന്നല്ല എൻെറ വാദം. പക്ഷേ, കപ്പലിലുള്ള ഓരോരുത്തരോടും ഒരു ക്യാപ്ററനെന്ന നിലയ്ക്കു് എനിക്കാണല്ലോ കൂടുതൽ ഉത്തരവാദിത്വം. സംഗതികളുടെ പോക്കു് അത്രപന്തിയല്ലതാനും. അതുകൊണ്ടു് ചില മുൻകരുതലുകറം ആവശ്യമാണു്. അതിനു തയ്യാറാവുകയാണെങ്കിൽ ഞാൻ എൻെറ കത്തവ്യം നിവ്വഹിക്കാനും തയ്യാറാണു്."

ഇത്രയും പറഞ്ഞു് ക്യാപ്ററൻ ഞങ്ങളുടെ മുമ്പിൽ നിന്നു് പോയി.

"മി ത്രിലേനി!"—ഡോക്ടർ പറഞ്ഞു. "എൻെറ ധാരണയ്ക്കു വിപരീതമായി നിങ്ങറക്കു് സത്യസന്ധരായ രണ്ടു ജോലിക്കാരെ ലഭിച്ചിട്ടുണ്ടു്. ഒന്നു് ഈ പോയ ആറം. മറേറതു് ജോൺ സിൽവർ."

"സിൽവറിൻെറ കാര്യം ശരിതന്നെ." പ്രഭു മറുപടി പറഞ്ഞു "എന്നാൽ ഇയ്യാളുണ്ടല്ലൊ, എനിക്കു സമ്മതിക്കാൻ വയ്യ. എന്തൊരു പരുപരുപ്പൻ പെരുമാററം! ഒരിംഗ്ലീഷുകാരനിങ്ങനെയുണ്ടോ?"

"ആട്ടെ, നമുക്കു കാണാം!"—ഡോക്ടർ.

ഞങ്ങറം ഡക്കിലേക്കു ചെന്നപ്പോഴേക്കും ജോലി

ക്കാർ ആയുധങ്ങളും വെടിമരുന്നും മാററിവെയ്ക്കുകയായിരുന്നു. ക്യാപ്ററനും മി. ആരോയും അവരുടെ മേൽനോട്ടം വഹിക്കുന്നുമുണ്ടായിരുന്നു.

ആ ഏർപ്പാട് എനിക്കു നന്നേ പിടിച്ചു. എനിക്കും റെഡ്രൂത്തിനും രണ്ടു തോക്കുകൾ ലഭിച്ചു. ക്യാപ്ററൻ, ആരോ എന്നിവർക്ക് ഡക്കിൽത്തന്നെ വേണ്ട ഏർപ്പാടുകൾ ചെയ്തു.

വസ്തുക്കൾ മാററുന്നതിനും മററുമായി ജോലിക്കാർ കഠിനാദ്ധ്വാനം ചെയ്യുകയായിരുന്നു. അപ്പോഴേയ്ക്കും മി. ജോൺ സിൽവറും രണ്ടുപേരും അവിടെവന്നു. കപ്പലിലെ പാചകനും പുറകെയെത്തി. അയാൾ ഉറക്കെ വിളിച്ചു ചോദിച്ചു: "എന്താണു കൂട്ടരെ, അവിടെ ചെയ്യുന്നതു്?"

"വെടിമരുന്നും മററും മാററുകയാണു്."— ഒരാൾ.

"എന്തിനാണതു്? ഇങ്ങനെ താമസിച്ചാൽ കാലത്തെ കടലൊഴുക്കിനു് പോകാനൊക്കില്ല." ജോൺ ഇഷ്ടപ്പെടാത്തമട്ടിൽ പറഞ്ഞു.

"ഞാൻ പറഞ്ഞിട്ടാണു്." ക്യാപ്ററൻ ഇടയ്ക്കു കയറിപ്പറഞ്ഞു. "നിങ്ങൾ താഴോട്ടു ചെല്ലൂ; അത്താഴത്തിനുള്ളവർ എത്തിക്കാണും."

ഇഷ്ടപ്പെടാത്തമട്ടിൽ ഒന്നു നീട്ടി മൂളിക്കൊണ്ടു് അയാൾ അവിടന്നു പോയി.

"ഒരു നല്ല മനുഷ്യൻ!" ഡോക്ടർ സിൽവറിനെക്കുറിച്ചു് തൻെറ അഭിപ്രായം പറഞ്ഞു.

"ഉം, കൊള്ളാം! സർ!"— അർത്ഥഗർഭമായി മൂളിക്കൊണ്ടു് ക്യാപ്ററൻ ജോലിക്കാരുടെ സമീപത്തേക്കു നീങ്ങി കപ്പലിൻെറ നടുക്കു സ്ഥാപിച്ചിരുന്ന പീരങ്കി

പരിശോധിക്കുകയായിരുന്നു ഞാൻ. ക്യാപ്റ്റൻ വിളിച്ചുപറഞ്ഞു:

"ഏയ്, കുട്ടീ! അതു തൊട്ടികളിടുകണ്ടോ! താഴെപ്പോയി അടുക്കളയിൽ വല്ല ജോലിയുമുണ്ടോ എന്നു നോക്കു്."

ഞാൻ താഴോട്ടുപോകുന്നതിനിടയിൽ ഡോക്ടറോടു ക്യാപ്റ്റൻ പറയുന്നതു കേട്ടു, "എനിക്കാരും അരുമവാസികളെ വേണ്ടാ!"

ഞാനും പ്രഭുവിനോടൊപ്പം വിചാരിച്ചു, "എന്തൊരു മനുഷ്യൻ!" പ്രഭുവിനെപ്പോലെ ഞാനും അയാളെ വെറുക്കാനാരംഭിച്ചുകഴിഞ്ഞു.

## IV

യാത്രയാരംഭിച്ച ആ രാത്രി വലിയ തിരക്കായിരുന്നു. ഒരിടത്തു് സാമാനങ്ങൾ അടുക്കുന്ന ബഹളം. പ്രഭുവിന്റെ സുഹൃത്തുക്കൾ ബോട്ടുകളിൽ ആശംസകളുമായി വന്നിരിക്കുന്നു മറ്റൊരിടത്തു്. ആകപ്പാടെ ഉറങ്ങാനൊത്തില്ല. നേരം വെളുത്തപ്പോഴേക്കും ഞാൻ നന്നേ ക്ഷീണിച്ചിരുന്നു. എങ്കിലും ഡക്കിൽത്തന്നെ കഴിച്ചുകൂട്ടി ഞാൻ. ക്യാപ്റ്റന്റെ കല്പനകൾ, വിസ്സിൽ, കപ്പലിലെ മറ്റാചാരങ്ങൾ — എല്ലാം എനിക്കു പുതുതരിയായിരുന്നു.

"ഏയ്! ബാർബക്കു! ഒന്നു പാടിയാട്ടെ." സിൽവറിന്റെ ഓമനപ്പേർ വിളിച്ചു് ആരോ പറഞ്ഞു.

"ആ പഴയ പാട്ടുതന്നെ!" — മറ്റൊരാൾ.

അതുകേട്ടുനിന്ന സിൽവർ തന്റെ ഊന്നുവടിയിൽ ചാഞ്ഞു്, നീട്ടിപ്പാടാനാരംഭിച്ചു. കപ്പൽതൊഴിലാളികൾ പല്ലവി ഒരുമിച്ചു പാടി.

ഞാൻ കേട്ടു തഴമ്പിച്ച ആ പഴയ പാട്ടുതന്നെ. എത്രയോ തവണ സത്രത്തിൽ താമസിച്ചിരുന്ന ക്യാപ്റററൻെറ ചുണ്ടിൽനിന്നു് ഉതിർന്നു വീണിട്ടുള്ളതാണാഗാനം എൻെറ ഓർമ്മകൾ ഒരു നിമിഷത്തേക്കു് ബെൻബോ സത്രത്തിലേക്കു് പാഞ്ഞു. പാടി രസിച്ചിരിക്കുന്ന ക്യാപ്റററൻെറ ചിത്രം എൻെറ മനസ്സിൽ തെളിഞ്ഞുതെളിഞ്ഞു വന്നു. പെട്ടെന്നു് ജോലിക്കാർ നങ്കൂരം പൊക്കാനാരംഭിച്ചു. പാമരം വലിച്ചുകെട്ടി. ഞാനൊന്നു മയങ്ങാമെന്നു് വിചാരിച്ചു കിടന്നു. ഹിസ്പ്പാനിയോളാ സമ്പദ്ദ്വീപിലേക്കു് തൻെറ പ്രശസ്തമായ യാത്ര സമാരംഭിച്ചു കഴിഞ്ഞു.

കടൽയാത്ര ആകപ്പാടെ സുഖമായിരുന്നു. നല്ല കപ്പൽ, കഴിവുററ ജോലിക്കാർ, കർത്തവ്യബോധമുള്ള ക്യാപ്റററൻ, പിന്നെന്താണു്? എന്നാലും സമ്പദ്ദ്വീപിൽ ഞങ്ങളെത്തുന്നതിനു മുമ്പുണ്ടായ ചില കഥകൾകൂടി പ്പറയാം.

ക്യാപ്റററൻ സൂചിപ്പിച്ചതിനേക്കാൾ മോശമായ പെരുമാററമാണു് മി. ആരോയിൽ നിന്നും ഉണ്ടായതു് ഒരു ആജ്ഞാശക്തിയുമില്ലാത്ത മനുഷ്യൻ. ജോലിക്കാർ അവരവരുടെ ഹിതംപോലെയായിത്തുടങ്ങി. യാത്ര തുടങ്ങി ഒന്നു രണ്ടു ദിവസം കഴിഞ്ഞേയുള്ളൂ. ആരോയുടെ മട്ടാകെ മാറി. കുടിച്ചു മറിഞ്ഞു്, കണ്ണു കലങ്ങി, കവിൾ ചുവപ്പിച്ചു് അയാൾ ഡക്കിൽ വന്നു വീഴും. താഴത്തെ മുറിയിലേക്കു് അനവധി തവണ അയാളെ പറഞ്ഞയക്കേണ്ടിവന്നിട്ടുണ്ടു്. ചിലപ്പോൾ കുടി കഴിഞ്ഞു്, അയാൾ, പോത്തുപോലെ കിടന്നുറങ്ങും. ചിലപ്പോൾ വല്ലതും കുറേ ജോലി ചെയ്യും.

കപ്പലിൽ കള്ളു കിട്ടിയിരുന്നതു് എവിടുന്നാണെന്നു് ഞങ്ങൾക്കൊരു തുമ്പുമില്ലായിരുന്നു. ആരോയുടെ വരവും പോക്കുമെല്ലാം നാടകീയമായിരുന്നു. കുടിച്ചിരിക്കുമ്പോൾ അയാൾക്കുളാടെന്തെങ്കിലും ചോദിച്ചാൽ അയാൾ ചിരിച്ചുകളയും. കുടിക്കാത്തപ്പോൾ ചോദിച്ചാൽ, പച്ചവെള്ളം മാത്രമേ താൻ കുടിക്കാറുള്ളു എന്നു് സത്യവും ചെയ്യും. അങ്ങനെ ആരോയും, കള്ളും ഞങ്ങൾക്കൊരു കടംകഥയായിരുന്നു.

ആ കടംകഥ ഒരുദിവസം അവസാനിച്ചു. നല്ല കൂരിരുട്ടുള്ള ഒരു രാത്രി. കപ്പൽ കാററിൽക്കിടന്നു ചാഞ്ചാട്ടുകയാണു്. ആരോ അപ്രത്യക്ഷനായി.

“കടലിൽ വീണതുതന്നെ!” ക്യാപ്‌ററൻ പറഞ്ഞു “അയാളെ പൂട്ടിയിടാതെ കഴിഞ്ഞല്ലൊ.”

ആരോയുടെ അഭാവത്തിൽ ആ സ്ഥാനത്തേക്കു് മറെറാരാൾ വേണ്ടിവന്നു. ജോബ് ആൻഡേഴ്സൺ പററിയ ഒരാളായിരുന്നു. അല്ലെങ്കിൽത്തന്നെ ആൻഡേഴ്സനാണു് ആ ജോലി യഥാത്ഥത്തിൽ നിവ്വഹിച്ചിരുന്നതെന്നു് പ്രഭുവിനറിയാമായിരുന്നു. പിന്നെയുള്ളതു് ഇസ്രായേൽ ഹാൻറ്സാണു്. ജോൺ സിൽവറിൻെറ വിശ്വസ്ത സുഹൃത്തായിരുന്നു അയാൾ.

ജോൺ സിൽവർ പൊയ്ക്കാലിൽ തൂങ്ങി ഡക്കിലങ്ങോട്ടുമിങ്ങോട്ടും നടക്കും. എല്ലാവർക്കും അയാളെക്കുറിച്ചു് ഭയവും ബഹുമാനവും സഹാനുഭൂതിയും ഉണ്ടായിരുന്നു. “നല്ലൊരു മനുഷ്യൻ, ഇങ്ങനെ വന്നല്ലൊ,” എന്നാണു് എല്ലാവരും അയാളെക്കുറിച്ചു പറയുക. ആരേയും സഹായിക്കാനുള്ള അയാളുടെ സന്നദ്ധത എല്ലാവരേയും അയാളിലേയ്ക്കടുപ്പിച്ചു. എന്നോടു് അയാൾക്കെന്തു വാത്സല്യമായിരുന്നു; എന്തു ദയയായിരുന്നു.

"വരൂ, ഹാക്കിൻസ്!'' അയാൾ പറയും. മുറിയുടെ മൂലയ്ക്കു തൂക്കിയിരുന്ന തത്തയെ ചൂണ്ടിക്കാണിച്ചുകൊണ്ടു് അയാൾ തുടങ്ങും: "ഞങ്ങളുടെ യാത്രയെക്കുറിച്ചൊരു പാട്ടുപാടൂ, ഫ്ളിൻറ്." ക്യാപ്ററൻ ഫ്ളിൻറ് എന്നാണു് അയാളാതത്തയെ വിളിച്ചിരുന്നതു്. തത്ത അവ്യക്തമായി എന്തെല്ലാമോ പറഞ്ഞുതുടങ്ങും.

ക്യാപ്ററൻ സ്മോളററും പ്രഭുവും ഇപ്പോഴും സൗന്ദര്യപ്പിണക്കത്തിൽത്തന്നെയായിരുന്നു. പ്രഭുവിനു് ക്യാപ്ററനോട്ടു് സ്നേഹമോ ബഹുമാനമോ ലേശമില്ലായിരുന്നു ക്യാപ്ററൻ പ്രഭുവിനോട്ടു് ഒരിക്കലും സംസാരിച്ചിരുന്നില്ല. എന്തെങ്കിലും പറഞ്ഞാൽ, അതു് കാര്യമാത്രപ്രസക്തവുമായിരിക്കും. ക്യാപ്ററൻ കപ്പലിൻെറ കാര്യത്തിൽ വളരെയധികം ശ്രദ്ധകാണിച്ചു. ഒരു ഭാര്യയേപ്പോലെ അയാളതിനെ സ്നേഹിച്ചു എന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല.

ഡക്കിൻെറ മദ്ധ്യത്തിലായി ആപ്പിൾ നിറച്ച ഒരു പെട്ടിവെച്ചിരുന്നു. പ്രഭുവിൻെറ പ്രത്യേകനിർദ്ദേശപ്രകാരമായിരുന്നു അതു്. ആവശ്യമുള്ളവർക്കെല്ലാം ഇഷ്ടംപോലെ എടുക്കത്തക്കവിധമായിരുന്നു അതു് വെച്ചിരുന്നതു്.

''ഉപദ്രവം തന്നെ! എന്തിനാണതവിടെ വെച്ചിരിക്കുന്നതു്?" എന്നു് കൂടെക്കൂടെ ക്യാപ്ററൻ ഡോക്ടറോടു് പറയാറുണ്ടായിരുന്നു.

എന്നാൽ അതു് ഒരു വലിയ ഉപകാരം ചെയ്തു. ഒരു മാരകമായ ഗൂഢാലോചനയിൽനിന്നും ഞങ്ങളുടെ കപ്പലിനെ രക്ഷപെടുത്തി.

അതിപ്രകാരമാണു്:—

യാത്രയവസാനിക്കാറായ ദിവസങ്ങളിലൊന്നാണു്.

സമ്പദ്ദ്വീപ് ഞങ്ങളുടെ മുമ്പിൽ തെളിഞ്ഞു തെളിഞ്ഞു വരുന്നു. ഹിസ്പ്പാനിയോളാ ശാന്തമായി നീങ്ങിക്കൊണ്ടിരിക്കയാണ്. സന്ധ്യ കഴിഞ്ഞുകാണും. ജോലിക്ഷീണംകൊണ്ട് ഒന്നു കിടന്നാലോ എന്നു വിചാരിച്ച് ഞാൻ ബെത്തിലേക്കു നടന്നു. അപ്പോഴാണ് ഒരാപ്പിൾ തിന്നാലോ എന്ന ആലോചനയുണ്ടായത്. ഞാൻ ഡക്കിലേക്ക് തിരിഞ്ഞുനടന്നു. അമരക്കാരൻ മാത്രം ഡക്കിൽ ചൂളവും വിളിച്ച് തൂങ്ങിത്തൂങ്ങിയിരിക്കയാണ്. ബാക്കിയെല്ലാം ശൂന്യം.

ഞാൻ ആപ്പിൾ വെച്ചിരിക്കുന്നിടത്തു ചെന്നുനോക്കി. ഒന്നും അതിലവശേഷിച്ചിട്ടില്ല. ഞാൻ നിലത്തിരുന്നു. തിരമാലകളുടെ സംഗീതത്തിൽ ലയിച്ച്, ഒന്നു മയങ്ങിയോ എന്നു സംശയം. അപ്പോഴേയ്ക്കും ഒരു തടിയൻ ആ പെട്ടിയിൽ ചാരിയിരിപ്പായി. അതു തെരിയുമോ എന്നു ഞാൻ പേടിച്ചു. ഞാൻ ചാടിയെഴുന്നേല്ക്കാൻ ഭാവിച്ചപ്പോഴേക്കും ഒരു ശബ്ദം! പരിചയമുള്ള ഒരു ശബ്ദമാണതു്. സിൽവറിന്റെ ശബ്ദംതന്നെ. അയാളുടെ സംഭാഷണം കുറച്ചേ കേട്ടുള്ളു ഞാൻ. ഭയം എന്നെ പൊതിഞ്ഞു കഴിഞ്ഞു. എങ്കിലും ആ കപ്പലിലെ എല്ലാവരേയും രക്ഷിക്കാനുള്ള കടമ എന്നിൽ വന്നുവീണിരിക്കുന്നു എന്ന ബോധം എന്നെ ഉണർത്തി; ധീരനാക്കി.

## V

"അല്ലല്ല, ഞാനല്ല, ഫ്ളിൻറായിരുന്നു ക്യാപ്റ്റൻ ഞാൻ ക്വാർട്ടർ മാസ്റ്ററായിരുന്നു. ഞാൻ ചെറുപ്പക്കാലനല്ലേ അന്നും. ആ പീരങ്കിയുദ്ധത്തിൽത്തന്നെയാണ് ഒരു കാൽ പോയതു്. പ്യൂവിന് രണ്ടു കണ്ണും പോയി. ഒരു പട്ടാളഡോക്ടറാണ് എന്റെ കാൽ മുറിച്ചുകള

ഞ്ഞതു്. എന്തു മിടുക്കനായിരുന്ന ആ ഡോക്ടർ! ഗ്രീക്ക് വെള്ളംപോലെയറിയാം. എന്നിട്ടും 'കോർഡോക്യാസ്സിലിൽ' ഒരു പട്ടിയേപ്പോലെ അയാളെ തൂക്കിക്കൊന്നു കഷ്ടം!!"

"ആങ് ഹാ!" കപ്പലിലെ ഏററവും ചെറുപ്പക്കാരൻെറ ശബ്ദമായിരുന്നു അതു്. അത്ഭുതവും ബഹുമാനവുംനിറഞ്ഞ സ്വരത്തിൽ അയാൾ പറഞ്ഞു: "ഫ്ളിൻറ് എന്തു മിടുക്കനായിരുന്നു!!"

"ഡേവിഡോ......? അയാളും അതുപോലെതന്നെ. ഞാൻ അയാളുടെകൂടെ കപ്പലിൽ പോയിട്ടില്ല. ഞാൻ 'ഇംഗ്ലണ്ടു്' എന്ന കൊള്ളക്കപ്പലിൽ മലബാറിലും മററും ചുററിയടിച്ചിട്ടുണ്ടു്. അത്രമാത്രം. ബാങ്കിൽ കുറച്ചേയുള്ളു. 2900. 'ഇംഗ്ലണ്ടി'ലെ കൊള്ളക്കാരെല്ലാം ഇപ്പോഴെവിടെയാണോ? ആൎക്കറിയാം? ഫ്ളിൻറിൻെറ കൂട്ടുകാരുടേയും ഗതിയതുതന്നെ. ചിലരെല്ലാം ഭാഗ്യത്തിനു് ഇതിൽ കൂടിയിട്ടുണ്ടു്. പ്യൂ ഒരു കൊല്ലത്തിൽ 1200 പവൻവീതം ചെലവഴിച്ചു് ഒരു പാർലിമെൻറ് മെമ്പറെപ്പോലെ ജീവിച്ചിരുന്നതാണു്. പാവം! അയാളുടെ കണ്ണു് രണ്ടും പോയി. എവിടെയാണോ അയാൾ? തെണ്ടിത്തിരിയുകയാണു്. അയാൾ യാചിച്ചു, മോഷ്ടിച്ചു, കൊന്നു, പട്ടിണികിടന്നു — എത്ര സങ്കടകരം!!"

"ഇതെല്ലാം പറഞ്ഞിട്ടെന്താഫലം?"

ഒരാൾ ഇടയ്ക്കുപറഞ്ഞു.

"മണ്ടന്മാരിതുകേട്ടാൽ ഫലമൊന്നുമില്ല. മിടുക്കന്മാർക്കോ......?" സിൽവർ സാക്രുതം തുടൎന്നു: "നിങ്ങൾ ചെറുപ്പമാണു്. സമൎത്ഥന്മാരുമാണു്......!"

ഇതു കേട്ടപ്പോൾ എന്തു വികാരമാണു് എന്നിലുദ്

വായത്് എന്ന് നിങ്ങൾ സങ്കല്പിക്കുകയാണ് ഭേദം. ഇതേ അനുനയസ്വരത്തിൽ സിൽവർ എന്നോടും സം സാരിച്ചിട്ടുള്ളതാണ്. കള്ളൻ! വഞ്ചകൻ! അയാളെ കൊന്നുകളഞ്ഞാലോ എന്ന ചിന്ത എൻെറ തലച്ചോറിൽ മിന്നൽപ്പിണരുകൾ സൃഷ്ടിച്ചു. സിൽവർ മററാരും കേൾക്കുന്നില്ല എന്ന വിശ്വാസത്തോടെ അയാളുടെ കഥ തുടന്നു:

"ഭാഗ്യവും മാന്യതയും ഒരുമിച്ച് ലഭിക്കുന്നതി ൻെറ രഹസ്യമിതാണ്. അവരെന്തും സഹിക്കും; പരു പരുത്ത ജീവിതാനുഭവങ്ങളുമായി പൊരുതി ജയിക്കും. മൂക്കുമുററെ, തിന്നുകയും കുടിക്കുകയും ചെയ്യും. ഒരു കപ്പൽ കൊള്ളയടിച്ചാൽ ആയിരക്കണക്കിന് പവനാണ് പോക്കററിൽ വീഴുന്നത്. അതിലൊട്ടുമുക്കാലും റമ്മിന് ചെലവാകും. എന്നാൽ ഞാനങ്ങനെയൊന്നുമല്ലായിരുന്നു. പായ്കെട്ടുന്ന ഉദ്യോഗത്തിലാണ് ആദ്യം ഞാൻ കപ്പ ലിൽ കയറിയത്. അന്നുമുതൽ സുഖമായി തിന്നു, കുടി ച്ചു; ഇന്നുവരെ ജീവിച്ചു. ധാരാളം സമ്പാദിക്കുയും ചെയ്തു."

"ആട്ടെ," ഒരാൾ ഇടയ്ക്കു കയറിച്ചോദിച്ചു; "സമ്പാ ദിച്ചതെല്ലാം മുടിച്ചില്ലേ? ബ്രിസ്റ്റളിൽ മുഖം കാണിച്ച് പുറത്തിറങ്ങിനടക്കാൻ നിങ്ങൾക്ക് തൻേറടമുണ്ടോ?"

"എന്താ, എന്താണ് നിങ്ങൾ വിചാരിക്കുന്നത്?"— അവജ്ഞാഗർഭമായ സ്വരത്തിൽ സിൽവർ പറഞ്ഞു.

"എല്ലാം ബ്രിസ്റ്റളിലെ ബാങ്കിലാണല്ലേ?" ഒരാൾ സംശയം ചോദിച്ചു.

"അതെ, ബാങ്കിലായിരുന്നു. എന്നാൽ ഇപ്പോഴെ ല്ലാം പഴയ കെട്ടിയവളുടെ കൈവശം ഏല്പിച്ചിരിക്ക

യാണ്. സത്രത്തിലെ ഉപകരണങ്ങളെല്ലാം ഞാൻ വിററു. അതെല്ലാം പണമായി സമ്പാദിച്ചിരിക്കയാണ്."

"ആട്ടെ, കെട്ടിയോളെ വിശ്വസിക്കുന്നുണ്ടോ?" — ഒരു കുസൃതിച്ചോദ്യം.

"ഞങ്ങളേപ്പോലുള്ളവർ ആരേയും അധികം വിശ്വസിക്കാറില്ല.... പ്യൂവിനേയും ഫ്ളിൻറിനേയും ചിലക്ക് ഭയമായിരുന്നു. എന്നാൽ ഫ്ളിൻറിന് എന്നെ കുറേശ്ശെ ഭയമായിരുന്നു. ഫ്ളിൻറിൻെറ കൂട്ടുകാർ ഭയങ്കരന്മാരായിരുന്നു. എങ്കിലും അവരെല്ലാം പേടിയോടും ബഹുമാനത്തോടും കൂടിയാണ് എന്നോടു പെരുമാറിയിരുന്നതു്. ഞാൻ പൊങ്ങച്ചം പറയുന്നതല്ല, ഞാൻ ക്വാർട്ടർ മാസ്റ്ററായിരുന്നപ്പോൾ കൂട്ടുകാർക്കെല്ലാം എന്തു കുശാലായിരുന്നു."

"എനിക്കതിൽ കുറേശ്ശെ വെറപ്പായിരുന്നു. ഇപ്പോൾ രസം തോന്നുന്നുണ്ട്." — ഒരാൾ പറഞ്ഞു.

"നീ മിടുമിടുക്കൻ തന്നെ!" സിൽവർ മറുപടി പറഞ്ഞു. അയാളുടെ കൈപിടിച്ചു കുലുക്കിക്കൊണ്ട്: "ഇത്ര ധീരനായ ചെറുപ്പക്കാരനെ ഞാൻ കണ്ടിട്ടില്ല." എന്നായി സിൽവർ.

ഇത്രയുമായപ്പോഴേക്കും അവരുടെ ഗൂഢസംഭാഷണത്തിൻെറ പൊരുളെന്താണെന്ന് എനിക്ക് മനസ്സിലായിത്തുടങ്ങി. 'ഭാഗ്യവും മാന്യതയും' ഒരുമിച്ചു കിട്ടുന്നതെങ്ങനെയെന്നും എനിക്ക് മനസ്സിലായി. കപ്പലിലെ സത്യസന്ധനായ ഒരുവനാണ് സിൽവറിൻെറ വലയിൽ കുടുങ്ങിയിരിക്കുന്നതു്. സിൽവർ പെട്ടെന്നൊരു വിസ്സിൽ വിളിച്ചു. മൂന്നാമതൊരാൾകൂടി അവിടെ കടന്നുവന്ന് നിലത്തിരുന്നു.

"ഡിക്ക്, നമ്മുടെ പക്ഷത്തല്ലേ?"—സിൽവർ ചോദിച്ചു.

"ങ്ങ്! അയാറം നമ്മുടെ ചേരിയിൽത്തന്നെ!" ഇസ്രായേലിൻെറ ശബ്ദമായിരുന്നു അതു്. "ഡിക്ക് മണ്ടനൊന്നുമല്ല." വായിൽക്കിടന്ന പുകയിലച്ചണ്ടി നാവുകൊണ്ടു് ചുററിക്കറക്കിച്ചവച്ചുകൊണ്ടു് അയാറം തുടന്നു: "ബർബക്ക! എത്രനാളിങ്ങനെ ഉദ്ദേശ്യമില്ലാതെ കഴിയണം. എനിക്കു വയ്യ! ഞാനിതാ പോണു. അവരുടെ ക്യാബിനിൽ എത്തണം. വൈനും ഉപ്പിലിട്ടതുമെല്ലാം എനിക്കും വേണം!"

"ഇസ്രായേൽ! തനിക്കെന്തോ പന്തിയില്ലാട്ടൊ! എങ്കിലും നീ ഇതൊന്നു കേറംക്കു: ജനിച്ചുപോയില്ലേ? ബുദ്ധിമുട്ടി ജീവിക്കുക; മയത്തിൽ സംസാരിക്കുക; ശാന്തതയഭിനയിക്കുക. ഞാൻ പറയുന്നതുവരെ മതി ഇതെല്ലാം.''

"അതൊക്കെ കയിപ്പില്ലെന്നു് ഞാൻ പറയുന്നുണ്ടോ? എന്നാൽ എപ്പോഴാണ് പറയുക?"— ഇസ്രായേൽ.

"എപ്പോഴാണെന്നോ?"—സിൽവർ അക്ഷമനായി പ്പറഞ്ഞു. "പറയാം, പറയാം! നിനക്കു് ധൃതിയായില്ലേ? നീ ക്യാപ്റററൻ സ്മോളററിനെ അറിയുമോ? ഒന്നാംതരം ഒരു നാവികനാണയാറം. പിന്നെ, ആ പ്രഭുവും ഡോക്ടറും. അവരേതോ പടവും വച്ചുകൊണ്ടാണു യാത്ര. എനിക്കാസ്ഥലം കൃത്യമായി കിട്ടിയില്ല. അതുകൊണ്ടു് അവർതന്നെ നമ്മളെ സ്ഥലത്തെത്തിയ്ക്കട്ടെ. എത്തിക്കഴിയുമ്പോഴല്ലേ? അപ്പോറം കാണാം! എനിക്കാസ്ഥലമറിയാമായിരുന്നെങ്കിൽ ക്യാപ്റററൻ സ്മോളററിനെ വച്ചേക്കുമായിരുന്നോ?''

"നമുക്കും കടൽ പരിചയമില്ലേ?"-ഡിക്ക്.

"അതുമതിയോ; നമുക്കാസ്ഥലമറിയേണ്ടേ? നിധി കപ്പലിൽ കയറിക്കോട്ടെ. ദ്വീപിൽവച്ചുതന്നെ അവരുടെ കഥ കഴിക്കാം. പക്ഷെ, കരയ്ക്കിറങ്ങിയാൽ നിങ്ങൾക്ക് കുടിച്ചും മദിച്ചും നേരം കളയണം. ഇങ്ങനെയുള്ളവരുടെ കൂടെയുള്ള യാത്രതന്നെ ഞാൻ മടുത്തു."

"സാരമില്ല, ജോൺ!"—ഇസ്രായേൽ പറഞ്ഞു "ആരെടാ അദ്ദേഹത്തെ അസഹ്യപ്പെടുത്തുന്നത്?"

"എത്ര ഭയങ്കര കപ്പലുകൾ കൊള്ളചെയ്തവനാണ് ഞാൻ. എത്രപേരെ തൂക്കുന്നത് കണ്ടു. നിങ്ങൾക്കെന്തു ധൃതിയാ. ഒക്കെ പതുക്കെ ഞാൻ കാണിച്ചുതരാം."—സിൽവർ പറഞ്ഞു.

"നിങ്ങളതിവിരുതനാണെന്ന് ഞങ്ങൾക്കറിഞ്ഞൂടെ? ഞങ്ങളൊക്കെ കുറേശ്ശെ കുടിക്കും. അത്ര വകതിരിവൊണ്ടോ ഞങ്ങൾക്ക്?"—ഇസ്രായേൽ മറുപടി പറഞ്ഞു.

"അതെ, കുടിക്കുന്നവരുടെ ഗതിയെന്താണെന്നറിയാമോ? പ്യൂ കുടിച്ചുമറിഞ്ഞ് തെണ്ടിത്തിരുവലകുത്തി. ഫ്ളിൻറ് റം കുടിച്ചുതന്നെ ചത്തു. മിടുക്കന്മാരായിരുന്നു അവരെല്ലാം; എന്നിട്ടും—" സിൽവർ പൂർത്തിയാക്കിയില്ല.

"ആട്ടെ, എപ്പോഴാണിവരെ നമ്മൾ തട്ടുന്നത്. കപ്പൽ കൊള്ളയടിക്കുന്നത്?" ഡിക്ക് ഇടയ്ക്കുകയറിപ്പറഞ്ഞു.

"നീ തന്നെ പറ്റിയ ആൾ. കാര്യം കാര്യംപോലെ നടക്കണം. അവരെ നാമെന്തു ചെയ്യണം? കരയിലിറക്കിവിടണോ? കൊന്നുകളയണോ?...കൊന്നുകളയു

കയായിരുന്നു ബില്ലിൻെറ പതിവ്. ഫ്ളിൻറം അങ്ങനെതന്നെ."

"ബിൽ അതിനു പററിയവനായിരുന്നു.'' — ഇസ്രായേൽ കൂട്ടിച്ചേർത്തു. "ചത്താൽപ്പിന്നെ കൊത്തുകയില്ലെന്നാ അയാളുടെ പറച്ചിൽ.''

"ശരിയാണതു് '' — സിൽവർ പറഞ്ഞു. "എന്തിനും തയ്യാറായിരുന്നു അയാറം. എന്തു ക്രൂരതയ്ക്കും. എന്നാൽ എൻെറ കാര്യമോ? ഞാനൊരു മര്യാദക്കാരൻ, മാന്യൻ എന്നൊക്കെയാണു് സംസാരം. എന്നാൽ കടമയുണ്ടല്ലോ, അതു് കടമതന്നെയാണു്. അതിൽ നിന്നു് മാറാനൊക്കുമോ? സമയം വരുമ്പോറം അതു് ചെയ്യുക തന്നെ വേണം."

"ജോൺ! ഉഷാർ! സമർത്ഥൻ തന്നെ.'' ഇസ്രായേൽ പൈശാചികമായ ആഹ്ലാദം പ്രകടിപ്പിച്ചു.

"നമുക്കതു കാണാം —'' സിൽവർ. "ഒരു കാര്യമേ ഞാനേല്ക്കുന്നുള്ളു. പ്രഭുവിൻെറ കാര്യം. അയാളുടെ കാളത്തല ഞാനെടുക്കുന്നുണ്ടു്.... അതെ, നീയാപ്പെട്ടിയിലിറങ്ങി ഒരാപ്പിളിങ്ങെടുത്തേ! എൻെറ തൊണ്ടയൊന്നു നനയട്ടെ''

ഞാൻ ഇരുന്നിടത്തിരുന്നു് വിയർത്തുപോയി. എൻെറ ഭയങ്കരനില നിങ്ങളൊന്നു് ചിന്തിച്ചു നോക്കൂ. ഡിക്ക് പെട്ടിക്കുള്ളിലേയ്ക്കിറങ്ങുകേറുന്ന ശബ്ദം ഞാൻ കേട്ടു. പെട്ടെന്നു് ഇസ്രായേൽ വിളിച്ചുപറഞ്ഞു.

"വേണ്ട ജോൺ! നമുക്ക റം കുടിക്കാം."

"എന്നാലതുമതി; ഡിക്ക്! ഒരു കപ്പു നിറച്ചു വേണം.'' — സിൽവർ

ഭയംകൊണ്ടു് ദേഹം തരിച്ചിരിക്കയാണു് ഞാൻ. ഇങ്ങനെയാകാം ഒരുപക്ഷെ ആരോയുടെ കഥ അവസാനിച്ചതു്; ഞാൻ വിചാരിച്ചു.

ഡിക്കു് റം കൊണ്ടുവരാൻ പോയി. ഇസ്രായേൽ സിൽവറിന്റെ ചെവിയിൽ രഹസ്യമായി എന്തോ മന്ത്രിച്ചു എനിക്കതിൽ ഒന്നു രണ്ടു വാക്കേ പിടികിട്ടിയുള്ളു. പക്ഷെ, അതിൽനിന്നും ഒരു കാര്യം എനിക്കു മനസ്സിലായി. കുറേ ഒററുകാർകൂടി കപ്പലിൽ കടന്നുകൂടിയിട്ടുണ്ടെന്നു്.

ഡിക്കു് തിരിച്ചുവന്നു. മൂന്നുപേരും റമ്മിൽ ലയിക്കാൻ തുടങ്ങി.

പെട്ടെന്നു് അവിടെയെങ്ങും വെളിച്ചം പരന്നതുപോലെ എനിക്കു തോന്നി. ഞാൻ തലയുയർത്തി നോക്കി. ചന്ദ്രൻ ഉദിച്ചുകഴിഞ്ഞിരുന്നു. ഉടനൊരു കൂട്ടവിളി കപ്പലിലെങ്ങും ഉയന്നു: "കരകണ്ടു; കരകണ്ടു."

## VI

ഡക്കിൽ കാലടികളുടെ തിരക്കുപിടിച്ച ശബ്ദം. ക്യാബിനിൽ നിന്നും ഡക്കിലേക്കു് ആളുകൾ കൂട്ടം കൂട്ടമായി വന്നുകൊണ്ടിരുന്നു. അതിനു മുമ്പുതന്നെ സിൽവറിനെപ്പററിച്ചു് ഞാൻ ഡക്കിലെത്തിയിരുന്നു. ഡോക്ടറുടേയും ഹണ്ടറുടേയും സമീപത്തായി ഞാൻ നിന്നു.

ചന്ദ്രനുദിച്ചപ്പോഴേക്കും മൂടൽമഞ്ഞിന്റെ ശക്തി ഒന്നു കുറഞ്ഞതായി തോന്നി. ദ്വീപിൽ, തെക്കുപടിഞ്ഞാറായി രണ്ടു കുന്നുകൾ കാണാറായി അങ്ങോട്ടു് ഏകദേശം രണ്ടു മൈൽ ദൂരം കാണും. അവയ്ക്കുമപ്പുറത്തു് മഞ്ഞിൻപുതപ്പിട്ടു പൂർണ്ണമായി മൂടിയ മറെറാരു കുന്നുകൂടി അവ്യക്തമായിത്തെളിഞ്ഞിരുന്നു.

ഒരു സ്വപ്നദർശിയെപ്പോലെ ഞാനിതെല്ലാം നോക്കിനിന്നു. കുറെ നിമിഷങ്ങൾക്കുമുമ്പ് ഞാനകപ്പെട്ടിരുന്ന ആ ഭയങ്കര സാഹചര്യത്തിന്റെ ഓർമ്മ എന്റെ കരളിന്റെ ഭിത്തികളെ വിറപ്പിച്ചിരുന്നു. ക്യാപ്റ്ററൻ സ്മോളററിന്റെ ആജ്ഞാശബ്ദം എന്റെ ചെവികളിൽ ആഞ്ഞുമുട്ടി.

"ഈ ദ്വീപിൽ മുമ്പ് വന്നിട്ടുള്ളവരാരെങ്കിലുമുണ്ടോ?"– ക്യാപ്റ്ററൻ ഉറക്കെ വിളിച്ചുചോദിച്ചു.

"ഉവ്വ്! ഒരു കച്ചവടക്കാരന്റെ കുശിനിയായായി ഞാനിവിടെ വന്നിട്ടുണ്ട്." സിൽവർ മറുപടി പറഞ്ഞു.

"കുറെ തെക്കോട്ടുമാറിയാണല്ലേ നങ്കൂരമിടേണ്ടതു്?" ക്യാപ്റ്ററൻ സംശയഭാവത്തിൽ ചോദിച്ചു.

"അതെ, സർ! 'സ്കെലിട്ടൺ ഐലൻറ്' എന്നാണവർ അതിനെ വിളിക്കുക. കടൽക്കൊള്ളക്കാരുടെ താവളമായിരുന്നു ഒരിക്കലതു്. അതിനു വടക്കുമാറിക്കാണുന്ന കുന്നിനു് 'ഫോർമാസ്റ്റ് ഹിൽ' എന്നാണു് പേരു്. മൂന്നു കുന്നുകളുണ്ടവിടെ. അതിൽ വലിയതിനെ 'സ്പൈഗ്ലാസ്' എന്നാണു് വിളിക്കുക. കപ്പൽ കഴുകുന്നതും മററും ആ ഭാഗത്തിട്ടാണു്, സർ!" സിൽവർ വിശദമായിപ്പറഞ്ഞു.

"ഈ ചാർട്ട്നോക്കി സ്ഥലം കൃത്യമായിപ്പറയൂ." ക്യാപ്റ്ററൻ ചാർട്ട് സിൽവറിന്റനേരേ നീട്ടി.

ചാർട്ട് കൈയിൽകിട്ടിയപ്പോൾ സിൽവറിന്റെ കണ്ണുകൾ കൂടുതൽ പ്രകാശവത്തുക്കളായി. എന്നാൽ കടലാസിൽ കൂടുതൽകൂടുതൽ ശ്രദ്ധിച്ചുനോക്കിയപ്പോൾ മുഖത്തെ വെളിച്ചം മങ്ങി. ബില്ലിബോൺസിന്റെ പെട്ടിയിൽനിന്നു ഞങ്ങൾക്കു കിട്ടിയ ചാർട്ടല്ലായിരുന്നു അതു്.

അതിന്റെ ഒരു നല്ല പകർപ്പുമാത്രം. എന്നാൽ അതിലുണ്ടായിരുന്ന കുറിപ്പുകളോ കുരിശടയാളമോ ഇതിലില്ലായിരുന്നു. തന്റെ കഠിനമായ ആശാഭംഗം ഒളിച്ചുവയ്ക്കുവാൻ സിൽവറിന്റെ ക്രൂരമായ മനസ്സിനുപോലും കുറേ പണിപ്പെടേണ്ടിവന്നു.

"ഇതുതന്നെ, സർ! ഇതുതന്നെ സ്ഥലം. എത്ര കൃത്യമായി വരച്ചിരിക്കുന്നു. ആരാണിതു വരച്ചതു്? വെറും കൊള്ളക്കാർക്കു പററില്ല. ഇതാണു് ക്യാപ്ററൻ കിഡ്ഡ് കപ്പലടുപ്പിച്ച സ്ഥലം. എന്റെ കൂട്ടുകാർ അന്നു പറഞ്ഞുതന്നതാണു്. ഇവിടെനിന്നു് തെക്കോട്ടൊരു കടലൊഴുക്കുണ്ടു്. അതു നമുക്കു് സഹായകമാകും."—സിൽവർ.

"വളരെ നന്ദി"......ക്യാപ്ററൻ. "സഹായമാവശ്യമുള്ളപ്പോൾ വിളിക്കാം ഇപ്പോൾ പോകാം!"

എത്ര നിർവ്വികാരനായിട്ടാണെന്നോ ജോൺ സിൽവർ ആ ദ്വീപിനെക്കുറിച്ചു് തനിക്കുള്ള വിജ്ഞാനം വിളമ്പിയതു്! ഞാൻ അമ്പരന്നുപോയി. എന്റെയടുത്തേയ്ക്കു് അയാൾ നീങ്ങിനീങ്ങി വരുന്നതുകണ്ടപ്പോൾ; സത്യം പറഞ്ഞാൽ, ഞാൻ പേടിച്ചുപോയി അവരുടെ രഹസ്യചർച്ചകൾ ഞാൻ ഒളിച്ചിരുന്നു കേട്ടവിവരം അയാൾക്കറിഞ്ഞുകൂടാ. എങ്കിലും അയാളുടെ ക്രൂരതയും, വഞ്ചനയും ആത്മഗോപനശക്തിയും എന്റെ ഞരമ്പുകളെ ത്രസിപ്പിച്ചു. എന്റെ തോളിൽ അയാൾ കൈവച്ചുകൊണ്ടു പറഞ്ഞു:

"ദാ, നോക്കൂ, ഈ ദ്വീപ് കുട്ടികൾക്കു് തുള്ളിച്ചാടി നടക്കാൻ എത്ര പററിയതാണു്. സുഖമായി കുളിക്കാം; മരംകേറി നടക്കാം; വേട്ടയാടാം; മദിയ്ക്കാം—

പോരേ? എനിക്കു ചെറുപ്പമാകുന്നതുപോലെ തോന്നുന്നു. എൻെറ പൊയ്ക്കാലിൻെറ കാര്യം ഞാൻ മറന്നുപോകുന്നു. കുട്ടീ, എന്തെങ്കിലും സഹായം നിനക്കാവശ്യമുണ്ടെങ്കിൽ, ഇതാ, ഈ ജോണൊണ്ടു് നിൻെറകൂടെ. വിളിച്ചോളൂ. എപ്പോഴും നിൻെറകൂടെ വരാൻ തയ്യാർ!''

എൻെറ തോളിൽ ഒന്നുകൂടി തട്ടിയിട്ടു് സിൽവർ ഞൊണ്ടിഞ്ഞൊണ്ടി താഴോട്ടുപോയി.

ക്യാപ്റ്റനും, ഡോക്ടറും, പ്രഭുവുംകൂടി ഡക്കിൻെറ ഒരു മൂലക്കിരുന്നു് സംസാരിക്കയായിരുന്നു. ഞാൻ കേട്ട കഥ അവരോടുപറയാൻ എനിക്കു തിടുക്കമായി. എങ്കിലും അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഇടയ്ക്കുകയറിപ്പറയുന്നതെങ്ങനെ? ഒരു ധൈര്യക്കുറവു്. ഞാനങ്ങനെ സംസാരിച്ചു നില്ക്കുമ്പോൾ ഡോക്ടർ ലീവ്സി എന്നേ അങ്ങോട്ടുവിളിച്ചു.

ഡോക്ടർ പുകവലി നിർത്തിയിട്ടു് കുറേക്കാലമായിരുന്നു. പുകയില തീററിയായിരുന്നു പുതിയ പതിവു്. അതിനു് പുകയിലയെടുക്കാനാണു് എന്നെ അങ്ങോട്ടു വിളിച്ചതു്. എന്നാൽ അടുത്തു ചെന്നയുടൻ ഞാൻ രഹസ്യമായിപ്പറഞ്ഞു: ''ഡോക്ടർ എനിക്കൊരു പരമരഹസ്യം പറയാനുണ്ടു്. ക്യാപ്റ്റനും പ്രഭുവും താഴോട്ടു പോയി എന്നെ ക്യാബിനിലേക്കു് വിളിപ്പിക്കൂ. അവിടെവച്ചു് ആ ഭയങ്കര കഥ പറയാം.'' ഒററശ്വാസത്തിൽ ഞാനതു പറഞ്ഞുതീർത്തു.

ഡോക്ടരുടെ മുഖഭാവം മാറിയെങ്കിലും, പെട്ടന്നതു് അദ്ദേഹം മറച്ചു.

"കൊള്ളാം, അതാണറിയേണ്ടതു്?" എന്നോടെ

ന്തോ ചോദിച്ച മട്ടിൽ സാമാന്യം ഉറക്കെ ഡോക്ടർ പറഞ്ഞു.

ഇത്രയും പറഞ്ഞു് ഡോക്ടർ പ്രഭുവിൻേറയും ക്യാപ്ററൻേറയും അടുത്തേയ്ക്കു പോയി. ഞാൻ പറഞ്ഞതു് അദ്ദേഹം അവരോടു പറഞ്ഞുകാണും. കാരണം, കുറേ നേരം അവരെന്തോ മന്ത്രിച്ചശേഷം ക്യാപ്ററൻ ജോബ് ഹാൻഡേഴ്സനോടു പറഞ്ഞു: "എല്ലാ കപ്പൽക്കാരും ഡക്കിൽ വരട്ടെ!"

ഒരു നിമിഷം! ഡക്ക് നാവികരെക്കൊണ്ടു നിറഞ്ഞു. ക്യാപ്ററൻ പറഞ്ഞു:

"സുഹൃത്തുക്കളെ! നമ്മളന്വേഷിച്ചിറങ്ങിയ ദ്വീപിതാ കൺമുമ്പിൽ കാണുന്നു ഇനി നമുക്ക് അല്പം വിശ്രമിക്കാം, വിനോദിക്കാം. ഞാനും പ്രഭുവും ഡോക്ടറും ക്യാബിനിലേക്കു പോകുന്നു. ഈ സമയം നിങ്ങൾക്കാഹ്ലാദിക്കാനുള്ളതാണു്. 'ജയ്' വിളിച്ചു് ഇതു് നിങ്ങൾ കൊണ്ടാടുവിൻ!"

ഒരാഹ്ലാദാരവം അവിടെ മുഴങ്ങി ഈ ജയജയാരവം പുറപ്പെടുവിച്ചവരാണോ ഞങ്ങളുടെ രക്തത്തിനു വേണ്ടി ഗൂഢാലോചന നടത്തുന്നതു്. ഞാനത്ഭുതപ്പെട്ടു പോയി.

ജയഘോഷം ഒന്നു് കെട്ടടങ്ങിയപ്പോൾ ലോംഗ് ജോൺ വിളിച്ചുപറഞ്ഞു, "ക്യാപ്ററൻ സ്മോളററിനു് ജയ് വിളിക്കുവിൻ!"

വീണ്ടും ഒരു ശബ്ദഘോഷം ഉയർന്നു.

ഉടൻതന്നെ ക്യാപ്ററനും മററു രണ്ടുപേരും കൂടി താഴെ, ക്യാബിനിലേക്കുപോയി. അധികം താമസിയാ

തെ 'ജിംഹൊക്കിൻസി'നെ അന്വേഷിക്കുന്നതായി മുക ളിൽ അറിവുകിട്ടി.

ഞാൻ താഴോട്ടുചെന്നു ഒരു വട്ടമേശയ്ക്കുചുററും അവരിരിക്കുന്നു. കുറേ പാത്രങ്ങളും ഒരു കുപ്പി സ്പാനിഷ് വൈനും അടുത്തിരിക്കുന്നു. ഡോക്ടർ ക്ഷോഭിച്ചിരിക്കുന്നു എന്നു് ആ മുഖഭാവം വ്യക്തമാക്കി. പുറകിലത്തെ ജനാല തുറന്നു. ചന്ദ്രിക മുറിയിലേക്കു് ശൈത്യവും പകന്നെത്തി.

"ഹൊക്കിൻസ്! നിനക്കെന്താ പറയാനുള്ളതു്? തുറന്നു പറയൂ!" — പ്രഭു

ചുരുക്കാവുന്നിടത്തോളം ചുരുക്കി, സിൽവറിൻെറ സംഭാഷണത്തിൽനിന്നും ലഭിച്ച ഉപജാപത്തിൻെറ കഥ ഞാൻ അവരെ കേൾപ്പിച്ചു. കഥ തീരുന്നതുവരെ ആരും ഒന്നും മിണ്ടിയില്ല

"ജിം! ഇവിടെയിരിക്കൂ!" ഡോക്ടർ ലീവ്സി എന്നോടു പറഞ്ഞു.

അടുത്തുകിടന്ന ഒരു കസേരയിൽ അവരെന്നെ ഇരുത്തി. ഒരുകപ്പു വൈൻ അവർ എനിക്കു് പകർന്നുതന്നു്, എൻെറ ആരോഗ്യത്തിനുവേണ്ടി പാനോപചാരം ചെയ്തു എൻെറ ധൈര്യത്തേയും ഭാഗ്യത്തേയും മുക്തകണ്ഠം വാഴ്ത്തി.

"ക്യാപ്ററൻ!" — പ്രഭു പറഞ്ഞു. "എനിക്കു് തെററുപററി. നിങ്ങൾ പറഞ്ഞതുതന്നെ ശരി. ഞാനൊരു കഴുതയാണെന്നു് സമ്മതിച്ചു. ഇനിയെല്ലാം നിങ്ങളുടെ ഇഷ്ടംപോലെ!!" പ്രഭുവിൻെറ ശബ്ദത്തിൽ ഖേദവും ആത്മനിന്ദയും സ്ഫുരിച്ചിരുന്നു.

"സർ, എന്നേക്കാൾ വലിയ കഴുതയൊന്നുമല്ല, അങ്ങു്" — ക്യാപ്ററൻ മറുപടിപറഞ്ഞു.

"കപ്പലിൽ ഒരു ലഹളയുണ്ടാകുമെന്നു് ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. എന്നേക്കാരം എത്രയോ സമർത്ഥനാണു് ഇയ്യാരം!"

ഡോക്ടർ പറഞ്ഞു: "ക്യാപ്റ്ററൻ, സിൽവർ സൂക്ഷിക്കേണ്ട ഒരു വ്യക്തിതന്നെ."

"അതെ, ഞാനും സമ്മതിക്കുന്നു. എന്നാൽ ഇങ്ങനെ പറഞ്ഞിരുന്നാൽ പോരല്ലോ ശ്രദ്ധിക്കാമെങ്കിൽ രണ്ടുമൂന്നു പ്രധാന കാര്യങ്ങളാം പറയാം"—ക്യാപ്റ്ററൻ.

"ക്യാപ്റ്ററൻ; നിങ്ങരംക്കാണിനി സംസാരിക്കാനവകാശം! പറഞ്ഞോളൂ!"—പ്രഭു ബഹുമാനപൂർവ്വം പറഞ്ഞു.

"ഒന്നാമതു്"—സ്മോളററ തുടങ്ങി. "നമുക്കിനി പിന്തിരിയാനാവില്ല പിന്തിരിഞ്ഞാൽ അവർ വിപ്ലവമുണ്ടാക്കും. രണ്ടാമതു്, നിധി കണ്ടുപിടിക്കാൻ ഇനിയും സമയമുണ്ടു്. മൂന്നാമതു്, നമുക്കും വിശ്വസ്തന്മാരായ ആളുകരം കപ്പലിലുണ്ടു്. ഇപ്പോഴല്ലെങ്കിൽ പിന്നീടു് ഒരു സമരം വേണ്ടിവന്നേക്കും. അതുകൊണ്ടു്, അപ്രതീക്ഷിതമായ ഒരാക്രമണം അവരുടെമേൽ അഴിച്ചുവിടുക."

ഞങ്ങളൊരു കണക്കെടുത്തു. ഞാനുരംപ്പെടെ ഏഴു പേരെങ്കിലും പ്രഭുവിൻെറ ഭാഗത്തുണ്ടാകുമെന്നായിരുന്നു നിഗമനം.

ഡോക്ടർ പറഞ്ഞു: "ജിം, നിനക്കു് ഞങ്ങളെ വളരെ സഹായിക്കാനൊക്കും. അവരുടെയിടയിലും നിനക്കൊരു സ്ഥാനമുണ്ടല്ലോ."

പ്രഭു കൂട്ടിച്ചേർത്തു: "ഹാക്കിൻസ്! ഞങ്ങളുടെ മുഴുവൻ വിശ്വാസവും നിന്നിലർപ്പിക്കുന്നു."

എനിക്കാകപ്പാടെ പരിഭ്രമമായി. ഈ നിസ്സാരൻ എങ്ങനെ സഹായിക്കാനാണ്! എങ്കിലും സാഹചര്യങ്ങളുടെ വികൃതിമൂലം ഞാനാണ് കപ്പലിനെ രക്ഷിക്കേണ്ട ചുമതലക്കാരനായിത്തീന്നതു്. കപ്പലിൽത്തന്നെ രണ്ടു ചേരി രൂപംപൂണ്ടു.

# ഭാഗം മൂന്ന്.

## ബെൻഗൺ

### I

നേരം വെളുത്തുവരുന്നു. ഞാൻ ഡക്കിൽ നിൽക്കുകയാണ്. ദൂരെക്കിടക്കുന്ന ദ്വീപിലേക്ക് എൻെറ കണ്ണുകൾ പാഞ്ഞുചെന്നു. നല്ല കാഴ്ച. ഞങ്ങൾ കുറെയേറെ സഞ്ചരിച്ചിരിക്കുന്നു. ദ്വീപ് നിറയെ ചാരനിറത്തിലുള്ള കുററിക്കാട്ടുകൾ തന്നെ. ഇടയ്ക്കിടയ്ക്ക് തലയുയർത്തി നില്ക്കുന്ന പൈൻമരങ്ങൾ ആ ദൃശ്യത്തിനു മോടികൂട്ടി. സ്റ്റെഗ്ളാസ്കുന്ന് ഒരു പ്രതിമപോലെ ദ്വീപിൻെറ മദ്ധ്യത്തിലായി ഉയർന്നു നിൽക്കുന്നു.

ഒരു കുപ്പി വെള്ളത്തിൽക്കിടന്നുരുളുന്നതുപോലെ, ഹിസ്പാനിയോളാ കടലിൽക്കിടന്നുരുണ്ടു. ഇടയ്ക്കിടയ്ക്ക്, മുരളുകയും ചീററുകയും ചെയ്യുന്ന ഒരു ജന്തുവിനെപ്പോലെ അസുഖപൂർണ്ണമായിത്തീർന്നു കപ്പൽ. പ്രത്യേകിച്ച്, പ്രഭാതമാണ്. വയർ ശൂന്യമായിരിക്കുന്നു.

സൂര്യൻ ഉദിച്ചുപൊങ്ങി. ചൂടും വെളിച്ചവും എങ്ങും പരന്നു. എന്നിട്ടും ദ്വീപും പരിസരവും വിഷാദമൂകമായി കിടക്കുകയാണ്. അലറുകയും പതയുകയും ചെയ്യുന്ന കടൽ, ദ്വീപിൻെറ കാലുകൾ നക്കിയിഴഞ്ഞുപോകുന്നു. അങ്ങിങ്ങായി ചില പക്ഷികൾ കടലിലേക്ക് പറന്നുവന്ന് പ്രഭാതഭക്ഷണം തേടിത്തുടങ്ങി. ഇത്രയുംനാൾ കടലിൽ കഴിച്ചുകൂട്ടിയ ഒരുവന്ന് കരയുടെ കാ

ഷ്ട ആഹ്ലാദകരം തന്നെ! എന്നാൽ എനിക്കങ്ങനെ തോന്നിയില്ല. പ്രഥമ വീക്ഷണത്തിൽത്തന്നെ എനിക്കാദ്വീപിനോട്ട് എന്തോ ഒരു വെറുപ്പുതോന്നി.

ഞങ്ങളുടെ പ്രഭാത ജോലി കഠിനവും വിരസവുമായിരുന്നു. കാററിൻെറ ലാഞ്ഛനപോലുമില്ല. ബോട്ടുകളിറക്കിത്തുഴഞ്ഞുവേണ്ടിയിരുന്നു, സ്കെലിട്ടൺ ഐലൻറിൻെറ പരിസരങ്ങൾ ഒന്നു പരിശോധിച്ചുവരാൻ. ഒരു ബോട്ടിൽ ഞാനും കയറി. ആൻഡേഴ്സനായിരുന്നു അതിൻെറ നാവികൻ.

ലോംഗ് ജോൺ സ്റ്റീയറിംഗിനടുത്തുതന്നെ നിന്നു. അയാൾക്ക് ആ ദ്വീപിൻെറ ഭൂമിശാസ്ത്രം കാണാപ്പാഠമാണെന്ന് എനിക്കറിയാമായിരുന്നു.

"ഈ വഴിയിൽ ഒഴുക്ക സൂക്ഷിക്കണം." — സിൽവർ മുന്നറിവു കൊടുത്തു.

പ്രധാന ദ്വീപിൻെറയും സ്കെലിട്ടൺ ഐലൻറിൻെറയും ഇടയ്ക്കായി ഞങ്ങൾ നങ്കൂരമടിച്ചു. നങ്കൂരത്തിൻെറ ശബ്ദം കേട്ട് രണ്ടുകരകളിൽ നിന്നും പക്ഷികൾ പറന്നുപൊങ്ങി.

ആ സ്ഥലം മുക്കാലും വൻകാടുകളും കുററിക്കാടുകളും നിറഞ്ഞതായിരുന്നു. അവിടെയായി രണ്ടു ചെറിയ ചോലകൾ ഒഴുകിവന്നു വീഴുന്നുണ്ടായിരുന്നു. വീടുകളോ കുടിലുകളോ ഒന്നും ഞങ്ങൾക്ക് കപ്പലിൽ നിന്ന് കണ്ടുകൂടായിരുന്നു. ഒരു ദുർഗ്ഗന്ധം ആ അന്തരീക്ഷത്തിൽ തങ്ങിനിന്നു. ചീഞ്ഞഴിഞ്ഞ ഇലകളുടേയും മരത്തടികളുടേയും ഗന്ധം. ഡോക്ടർ മണംപിടിച്ച് അവിടെയെങ്ങും ചുററിനടന്നു.

"നിധിയുണ്ടോ ഇവിടെയെങ്ങാനുമെന്ന്" എനിക്ക

റിഞ്ഞുകൂടാ. എന്നാൽ പനിയുടെ ബീജങ്ങളുണ്ടു്. അതു തീർച്ച."—ഡോക്ടർ ഒട്ടാത്മഗതമായിപ്പറഞ്ഞു.

കപ്പലിൽ ജോലിക്കാരുടെ അച്ചടക്കരാഹിത്യം ഇരട്ടിച്ചതായിത്തോന്നി. ഡക്കിൽക്കിടന്നു് ക്രവുകയും അലറുകയും ചെയ്തു ചിലർ. ഏററവും വിശ്വസ്തർപോലും ആ വശത്തേയ്ക്കു് ചായുന്നതായിത്തോന്നി. ഒരു വിപ്ലവം ഇടിമിന്നൽപോലെ തലയ്ക്കുമുകളിൽ തൂങ്ങിനില്ക്കുന്നുണ്ടെന്നു് ബോദ്ധ്യപ്പെട്ടു.

ക്യാബിനിലുള്ള ഞങ്ങൾ മാത്രമല്ല ഈ അപകടം മനസ്സിലാക്കിയതു്. ലോംഗ്ജോൺ ചുററിനടന്നു് എല്ലാവരേയും ഉപദേശിച്ചുകൊണ്ടിരുന്നു. എത്രനല്ല മനുഷ്യനേപ്പോലെയാണയാളുടെ പെരുമാററം. ഏതൊരാവശ്യത്തിനും ലോംഗ്ജോൺ പ്രസന്നവദനനായി നില്ക്കും. ജോലിയൊന്നുമില്ലെങ്കിൽ ഏതെങ്കിലും പാട്ടുമൂളി കൂട്ടുകാരെ രസിപ്പിക്കയും ചെയ്യും.

ആ സായാഹ്നത്തിൽ, ജോണിൻെറ പെരുമാററരീതി ശ്രദ്ധാർഹമായിരുന്നു. ഞങ്ങൾ ക്യാബിനിൽ ഒരു യോഗം കൂടി.

"സർ!"-ക്യാപ്ററൻ പറഞ്ഞു; "ആകെ കുഴപ്പമാണു്. എൻെറ കല്പന ജോലിക്കാർ കേൾക്കാതായിരിക്കുന്നു. അവർ ലഹളയുണ്ടാക്കാൻ തയ്യാറെടുക്കുന്നു. ഇപ്പോൾ ഒരാളെ ആശ്രയിക്ക മാത്രമേ രക്ഷയുള്ളു."

"ആരേ?"—പ്രഭു

"മി. സിൽവറിനെ!"—ക്യാപ്ററൻ ഉടൻ മറുപടി കൊടുത്തു. "നമ്മളെപ്പോലെ അയാളും ലഹളയ്ക്കെതിരാണു്. അയാൾക്കൊരു സന്ദർഭം കൊടുത്താൽ ലഹള പറഞ്ഞൊതുക്കിക്കൊള്ളും. നമുക്കൊരു കാര്യം ചെ

യ്യാം. ഉച്ചകഴിഞ്ഞു് അവർ കരയ്ക്കിറങ്ങട്ടെ. നമുക്കു് കപ്പലിൽനിന്നു് അവരെ എതിർക്കാം. കുറച്ചുപേരെങ്കിലും പോയാൽ ബാക്കി സിൽവർ പറഞ്ഞു് സമാധാനിപ്പിച്ചുകൊള്ളും."

ഞങ്ങളങ്ങനെതന്നെ തീരുമാനിച്ചു. ഞങ്ങളുടെ വിശ്വസ്ത സുഹൃത്തുക്കൾക്കു് ഞങ്ങൾ ഓരോ കൈത്തോക്കു കൊടുത്തു. എന്നിട്ടു് ക്യാപ്റ്റൻ ഡക്കിൽച്ചെന്നു് ജോലിക്കാരെ അഭിസംബോധന ചെയ്തു.

"സുഹൃത്തുക്കളെ! ഇന്നെന്തു ചൂടു്! ആകെ ക്ഷീണിച്ചിരിക്കുന്നു എല്ലാവരും. 'കരയ്ക്കിറങ്ങി ഒന്നു വിശ്രമിച്ചാൽ കുറച്ചാശ്വാസം കിട്ടും. അതിനാഗ്രഹമുള്ളവർക്കു് കരയ്ക്കിറങ്ങാം. ബോട്ടു് കടലിൽക്കിടപ്പുണ്ടു്. സൂര്യാസ്തമനത്തിനു് അരമണിക്കൂർ മുമ്പു് വെടിവച്ചു് നിങ്ങളെ അറിയിക്കാം."

എല്ലാവർക്കും സന്തോഷമായി. അവർ കരയ്ക്കിറങ്ങാൻ തയ്യാറെടുത്തു; ആർത്തുവിളിച്ചു.

ക്യാപ്റ്റൻ ബുദ്ധിപൂർവ്വം ഒഴിഞ്ഞുമാറി. സിൽവറാണു് എല്ലാവരേയും കരയ്ക്കിറങ്ങാൻ പ്രേരിപ്പിച്ചുകൊണ്ടിരുന്നതു്. ഒടുവിൽ ആറുപേർ കപ്പലിൽത്തന്നെയിരിക്കാൻ തീരുമാനിച്ചു. ശേഷിച്ച പന്ത്രണ്ടുപേരും സിൽവറും കരയ്ക്കിറങ്ങാനും!

അപ്പോഴൊരാലോചന എന്റെ തലയിൽ കടന്നുകൂടി. ആറുപേരേയുള്ളല്ലോ കപ്പലിൽ. പിന്നെ എന്റെ ആവശ്യം വരുമോ? ഒന്നു കരയ്ക്കിറങ്ങിയാലോ?

ആ ലഹളയ്ക്കിടയിൽ ആരുമറിയാതെ അടുത്തുകിടന്ന ബോട്ടിൽ ഞാൻ കയറിക്കൂടി. ആരുമാരും എന്നെ

പ്പററി അത്ര ശ്രദ്ധിച്ചില്ല. സിൽവർ എന്നാലിതു കാണാതിരുന്നില്ല. അയാളെന്നെ പലതവണ വിളിച്ചു.

ഞങ്ങളുടെ ബോട്ടിനായിരുന്നു ഏററവും കൂടുതൽ വേഗത. അതിവേഗം അതു് കരയിലേക്കു നീങ്ങിക്കൊണ്ടിരുന്നു. വെള്ളത്തിലേയ്ക്കു ചാഞ്ഞുകിടന്ന ഒരു മരത്തിൽ പിടിച്ചുതൂങ്ങി, ഞാൻ കരയിലെത്തി.

"ജിം! ജിം!"—പുറകിൽനിന്നും സിൽവർ വിളിച്ചുകൂവുന്നതു ഞാൻ കേട്ടു.

ഞാനതു ശ്രദ്ധിച്ചില്ല. തിരിഞ്ഞുനോക്കിയതുപോലുമില്ല. ഓടിയും, ചാടിയും, വീണും, ഇഴഞ്ഞും അവരെ വളരെ ദൂരം ഞാൻ അങ്ങനെ പിന്നിട്ടു.

## II

ലോംഗ് ജോണിൻെറ കണ്ണുവെട്ടിച്ചു് ഞാനങ്ങനെ കരയ്ക്കിറങ്ങി. അത്യന്തം അപരിചിതമായ ഭൂവിഭാഗം. ഒരു ചതുപ്പുനിലം കടന്നു് ഞാൻ വൃക്ഷനിബിഡമായ ഒരു സ്ഥലത്തെത്തി. വില്ലോമരങ്ങളും കുററിച്ചെടികളുംകൊണ്ടു് അവിടം നിറഞ്ഞിരുന്നു. ചുവട്ടിൽ വിശാലമായി പരന്നുകിടക്കുന്ന മണൽത്തിട്ട. വിദൂരത്തിലായി സൂര്യപ്രകാശത്തിൽ കുളിച്ചുനില്ക്കുന്ന ഒരു കുന്നു് അവ്യക്തരമണീയമായ അനവധി ചിന്തകൾ എന്നിലുളവാക്കി.

ഒരു പുതിയ ചൈതന്യം എൻെറ ഞരമ്പുകളിൽ പ്രവഹിച്ചതുപോലെ തോന്നി. ജനശൂന്യമായ ഒരു വലിയ ദ്വീപു് എൻെറ മുമ്പിൽ മലർന്നുകിടക്കുന്നു. അതിൻെറ ഏകാധിപതിയാണു് ഞാൻ. പക്ഷികളും, മൃഗങ്ങളും, പൂത്തുനില്ക്കുന്ന ചെടികളും എൻെറ ഈ ഔന്നത്യബോധത്തെ സൽക്കരിച്ചു.

കുറെ ദൂരത്തായി ഓക്ക മരങ്ങൾ തിങ്ങിവളരുന്ന ഒരു കുററിക്കാടു കണ്ടു്, ഞാനങ്ങോട്ടുനടന്നു. ആ വനഭാഗം ദൂരെയുള്ള നദീതീരം വരെ വളന്നു വളന്നു കിടന്നു. അടുത്തുകിടക്കുന്ന ചതുപ്പുനിലത്തിൽനിന്നും ജലം നീരാവിയായി മേല്പോട്ടുയന്നുകൊണ്ടിരുന്നു. തരളമായ ആ നീരാവിയിലൂടെ നോക്കിയപ്പോൾ സ്പൈഗ്ലാസ് വിറകൊള്ളുന്നതായിത്തോന്നി

പെട്ടെന്നു് കുററിക്കാട്ടുകളിൽ ഒരു കിരുകിര ശബ്ദം. ഒരു കാട്ടുതാറാവു് വായുവിൽ പറന്നുപൊങ്ങി. പുറകെ തുരുതുരെ അവയുടെ ഒരു കൂട്ടംതന്നെ. അവ അന്തരീക്ഷത്തിലെങ്ങും നിറഞ്ഞു. എൻെറ കപ്പലിലുണ്ടായിരുന്ന ആരോ അടുത്തുവരുന്നുണ്ടെന്നു് എനിക്കു മനസ്സിലായി. മനുഷ്യശബ്ദം കേട്ടുതുടങ്ങി. അതു് കൂടുതൽ വ്യക്തമായി അടുത്തടുത്തുവരുന്നു.

എനിക്കു പേടിയായി. അടുത്തുനിന്ന ഒരോക്കമരത്തിൻെറ മറവിലേയ്ക്കു് ശബ്ദമുണ്ടാക്കാതെ ഞാൻ നീങ്ങി. അവിടെ ചമ്രംപടിഞ്ഞു്, ഒരു ചുണ്ടെലിയെപ്പോലെ പതുങ്ങിയിരുന്നു.

ഒരു ശബ്ദം! ആരോ ഉറക്കെ മറുപടി പറയുകയാണു്. മറെറാരു ശബ്ദംകൂടി തുടന്നുകേട്ടു. അതു് സിൽവറിൻേറതാണെന്നു് എനിക്കു പെട്ടെന്നു മനസ്സിലായി. അവരുടെ സ്വരത്തിൽനിന്നും, ഗൗരവമുള്ള എന്തോ ഒന്നിനെക്കുറിച്ചു് വാദപ്രതിവാദത്തിലേപ്പെട്ടിരിക്കയാണവരെന്നു് എനിക്കു മനസ്സിലായി. ഒരു വാക്കുപോലും എനിക്കു് മനസ്സിലായില്ല.

കുറേനേരം കഴിഞ്ഞു. പക്ഷികൾ അവയുടെ സ്ഥാനങ്ങളിൽത്തന്നെ പഴയതുപോലെ പറന്നുചെന്നിരിപ്പുറ

പ്പിച്ചു. മുമ്പു കേട്ട മനുഷ്യശബ്ദം താഴ്ന്നുതാഴ്ന്നു വ ന്നു. എന്നാൽ അകന്നുപോകുന്നതായി തോന്നിയില്ല. 'ഇനി ഇവരുടെ പ്ലാൻ എങ്ങനെയറിയും?' എന്നൊരു ചിന്ത എൻെറ ഉള്ളിൽ കടന്നുകൂടി. കരയ്ക്കിറങ്ങിയതു് മറയത്തരമായോ?

അവരിരിക്കുന്ന സ്ഥലവും അവരുടെ ചലനങ്ങളും എനിക്കു് ആ പക്ഷികളുടെ പെരുമാററത്തിൽ നിന്നും അഭ്യൂഹിക്കുവാൻ സാധിച്ചു. ഞാൻ ഇഴഞ്ഞിഴഞ്ഞു് കുററിക്കാട്ടുകളിലൂടെ അങ്ങോട്ടു നീങ്ങി. കുറേ മുമ്പോട്ടു ചെന്നു് തലയുയർത്തിനോക്കി. ജോൺ സിൽവറും കൂട്ടു കാരും അഭിമുഖമായി നിന്നു് എന്തോ രഹസ്യമായി ആലോചിക്കയാണു്. സൂര്യപ്രകാശം അവരുടെ മുഖത്തും പരിസരങ്ങളിലും പ്രസരിച്ചതുകൊണ്ടു് എനിക്കു് അവ രോരോരുത്തരേയും വ്യക്തമായി മനസ്സിലാക്കാൻ സാ ധിച്ചു.

സിൽവർ ഒരാളോടായി പറയുകയാണു്. ദൃഢവും ഭീഷണി നിറഞ്ഞതുമായ ശബ്ദമായിരുന്നു അയാളുടേതു്.

"ടോം! ഇവിടെ നോക്കു്. നിങ്ങളുടെ തലയുടെ കാ ര്യമാണിതു്. അതുകൊണ്ടു് പറയുകയാണു്."

ടോമിൻെറ മുഖം ഓറഞ്ചുപോലെ ചുവന്നു ശബ്ദം പതറി അയാൾ പറഞ്ഞു:

"സിൽവർ! നിങ്ങൾക്കു് പ്രായമായി. സത്യസന്ധ നും, സമ്പന്നനും, ധീരനുമാണു് നിങ്ങൾ. മററുള്ളവരേ പ്പോലെയല്ല. നിങ്ങളെങ്ങനെ ഈ കൊള്ളക്കാരുടെ കൂടെ ച്ചേർന്നു? കഷ്ടം! ഞാനെങ്ങനെ എൻെറ കടമ മറന്നു് നി ങ്ങളുടെ കൂടെ വരും."

പെട്ടെന്നു് അയാളുടെ സംഭാഷണം തടയപ്പെട്ടു.

ദൂരെ, ചതുപ്പുനിലത്തിൽനിന്നും. ദയനീയമായ ഒരു നിലവിളി നീണ്ടുനിന്ന ഭത്സനങ്ങൾ. സൈപ്ഗ്ലാസിലെ പാറക്കെട്ടുകളിൽ അവ ആഞ്ഞടിച്ചു പ്രതിധ്വനിച്ചു. കാട്ടുതാറാവുകൾ കൂട്ടംകൂട്ടമായി ആകാശത്തിലേക്കു് പറന്നുയന്നു. വീണ്ടും ആ പഴയ ശ്മശാന നിശ്ശബ്ദത!

ടോം അമ്പരന്നുപോയി. സിൽവർ ഒന്നു കണ്ണു ചിമ്മുകകൂടി ചെയ്തില്ല. തൻെറ പൊയ്ക്കാലിൽ ചാഞ്ഞു്, ആഞ്ഞുകൊത്താനാരംഭിക്കുന്ന ഒരു സർപ്പത്തെപ്പോലെ അയാൾ ടോമിൻെറ മുഖത്തു നോക്കിനിന്നു.

"ജോൺ! ദൈവത്തെയോത്തു പറയാമോ? അതെന്താണു്?" ടോമിൻെറ മുഖത്തു് വിയപ്പുതുള്ളികൾ പൊടിഞ്ഞിരുന്നു.

"അതോ–" ചിരിക്കാൻ ശ്രമിച്ചുകൊണ്ടു് സിൽവർ പറഞ്ഞു. "ഓ, അതോ, അലാൻ.... അലാനാണു്!" സിൽവറിൻെറ കണ്ണുകൾ നിശ്ചലങ്ങളായി നാവു് തളന്നതുപോലെ തോന്നി।

ഇതു കേട്ടപ്പോൾ ടോമിൻെറ കണ്ണുകൾ ജ്വലിച്ചു. ഒരു ധീരയോദ്ധാവിൻെറ ഭാവം ആ മുഖത്തു് പ്രഭ വീശി.

"അലാൻ-!" അയാൾ അലറി. "അയാളുടെ ആത്മാവിനു് നിത്യശാന്തി!.... മി. ജോൺസിൽവർ, ഇനിമേൽ നിങ്ങളെൻെറ സുഹൃത്തല്ല. ഒരു പട്ടിയെപ്പോലെ ഞാൻ മരിച്ചാലും ശരി, ഞാനെൻെറ കടമ നിർവ്വഹിക്കുകതന്നെ ചെയ്യും. നിങ്ങൾ അലാനെക്കൊന്നു, അല്ലേ? കഴിയുമെങ്കിൽ എന്നെയും കൊല്ലു! ഞാൻ നിങ്ങളുടെ ശത്രുവാണു്!"

ഇത്രയും പറഞ്ഞു് ടോം തിരിഞ്ഞുനടന്നു; നേരേ കടൽക്കരയിലേക്കുതന്നെ. അയാൾ എട്ടുപത്തടി മുമ്പോ

ട്ട് എത്തിയതേയുള്ളു. സിൽവർ ഒരു മരക്കൊമ്പിൽ മുറുകെ പിടിച്ചുകൊണ്ട്, തൻെറ പൊയ്ക്കാലെടുത്ത് അയാൾക്കൊരേറു കൊടുത്തു. അതു് ചീറിച്ചെന്ന് ടോമിൻെറ പുറത്തു തറച്ചുകൊണ്ടു. ഒരലർച്ചയോടുകൂടി അയാൾ നിലത്തു വീണു.

അടുത്ത നിമിഷം കോപാക്രാന്തനായ ഒരു വാനരത്തെപ്പോലെ സിൽവർ അയാളുടെമേൽ ചാടിവീണു. നിസ്സഹായനും നിരായുധനുമായ അയാളെ തൻെറ കത്തി വലിച്ചൂരി സിൽവർ കുത്തിക്കീറിക്കളഞ്ഞു. ഒരു ദീനദീനമായ രോദനം ആ വനമൂകതയിൽ ഒരു പോറൽ ചേർത്തു

എൻെറ പരിസരം മുഴുവൻ കറങ്ങുന്നതായി എനിക്കു തോന്നി; കണ്ണുകൾ അറിയാതെ അടഞ്ഞു.

എത്രനേരം അങ്ങനെ പോയെന്നറിഞ്ഞുകൂടാ. കണ്ണു തുറന്നപ്പോൾ ആ പൈശാചൻ പതിവുപോലെ പൊയ്ക്കാലിൽ ചാഞ്ഞു്, തലയിൽ തൊപ്പിയും വെച്ച് നില്ക്കുകയാണു്. ചോര പുരണ്ട തൻെറ കത്തി അയാൾ പുല്ലിൻപുറത്തു് തുത്തു് വൃത്തിയാക്കുന്നു. ടോം അയാളുടെ മുമ്പിൽ രക്തത്തിൽ കുളിച്ച് മലന്നുകിടക്കുകയാണു്. എങ്ങും നിശ്ശബ്ദത! ലോകം പഴയതുപോലെതന്നെ. ഒന്നും സംഭവിക്കാത്തതുപോലെ. സൂര്യരശ്മികൾ അകലെയുള്ള കുന്നിൻപുറത്തും അടുത്തു കിടക്കുന്ന ചതുപ്പുനിലത്തും ഒരുപോലെ വെളിച്ചം വിതറുന്നു. ശാന്തം! പാപം!

ജോൺ നിവർന്നുനിന്നു് തൻെറ പോക്കറ്റിൽനിന്നു് ഒരു വിസ്സിലെടുത്തു് ഉറക്കെ വിളിച്ചു. അതെന്തിനാണെന്നെനിക്കു മനസ്സിലായില്ല. എങ്കിലും എനിക്കു ഭയമായി കൂടുതൽ പേർ വന്നേക്കാം. ടോമും അലാനും പായ വഴിയേതന്നെ ഒരുപക്ഷേ ഞാനും....

ഞാൻ കാട്ടിലൂടെ പുറകോട്ടിഴഞ്ഞു നീങ്ങിത്തുടങ്ങി. സിൽവറിന്റെ സമീപത്തുനിന്നും അകന്നുപോകുകയായിരുന്നു എന്റെ പ്രധാന ഉദ്ദേശ്യം. അയാൾ അവിടെനിന്ന് എന്തെല്ലാമോ വിളിച്ചുകൂവി. മററുള്ളവർ അതിന്നു മറുപടിയും വിളിച്ചുപറഞ്ഞു. അവിടെനിന്നും കുറേ ദൂരത്തായി എന്നു കണ്ടയുടൻ ഞാൻ എഴുന്നേററു പാഞ്ഞു; എങ്ങോട്ടെന്നില്ലാതെ.

കപ്പലിലെ തോക്കുകൾ മുഴങ്ങി. സന്ധ്യയാവുകയാണു്. ഞാൻ എന്നെന്നേയ്ക്കും ഈ ദ്വീപസമൂഹങ്ങളിൽ ഉപേക്ഷിക്കപ്പെടാൻ പോവുകയാണു്. കൊള്ളക്കാർ കൂട്ടമായി ബോട്ടിലേക്കു് തിരിച്ചുപോകുന്നു. എങ്ങനെ അവരുടെ കൂടെ ഞാൻ കപ്പലിലേക്കു് തിരിച്ചുപോകും; പ്രിയമുള്ള ഹിസ്പ്പാനിയോളാ! നിന്നോടു ഞാൻ യാത്ര പറയുകയാണു്.

ഓടിയോടി ഞാനൊരു കൊച്ചുകുന്നിന്റെ സമീപത്തെത്തി. പടന്നു പന്തലിച്ചു വളരുന്ന രണ്ടു ഓക്കുമരങ്ങളുടെയിടയിലൂടെ ഞാൻ കാട്ടിൽ മറഞ്ഞു.

ഒരു പുതിയ അപകടം അവിടെ പതിയിരിക്കുന്നുണ്ടായിരുന്നു.

## III

ആ കുന്നിന്റെ ചരിവു് കിഴക്കാംതൂക്കായ പാറകൾകൊണ്ടു നിറഞ്ഞിരുന്നു. അവിടെനിന്നും മണൽ കിരുകിരാ താഴോട്ടു വീഴുന്നതായി ഞാൻ കണ്ടു. ഒരു പൈൻമരത്തിന്റെ പുറകിലൂടെ ഇഴഞ്ഞുനീങ്ങുന്ന ഒരു രൂപത്തിന്മേലാണു് പെട്ടെന്നു് എന്റെ കണ്ണുകൾ ചെന്നു വീണതു്. കുരങ്ങോ, കരടിയോ, മനുഷ്യനോ....? എ

ന്താണതു്? കറുത്ത ചാക്കുകെട്ടുപോലുള്ള ഒരു ജന്തു. ഈ കാഴ്ച എന്നെ സ്തംഭിപ്പിച്ചുകളഞ്ഞു.

ഞാൻ പൈശാചികന്റേയും കടലിന്റേയും നടുക്കപ്പെട്ട പുറകിൽ കൊലപാതകികഠം; മുമ്പിൽ ഈ ഭീകര ജന്തു 'ഭേദം സിൽവർതന്നെ, പരിചയമെങ്കിലും ഉണ്ടല്ലൊ' എന്നു വിചാരിച്ചു് ബോട്ടുകടവിലേക്കു് ഞാൻ തിരിഞ്ഞോടാൻ ഭാവിച്ചു.

ആ രൂപം വീണ്ടും പ്രത്യക്ഷമായി. എന്റെ നേരേ നീങ്ങി നീങ്ങി വരുന്നു. ഞാൻ തളർന്നുപോയി എന്തു ഭയങ്കര രൂപം ഓടിയാലും രക്ഷപെടുമോ? അതു് അടുത്തടുത്തു വരുന്നു. ഒരു മനുഷ്യരൂപം തന്നെ!

നരഭോജികളേക്കുറിച്ചു് കേട്ടിട്ടുള്ളതു് ഞാൻ ഓർത്തു. ഒരു മനുഷ്യനാണതെന്നറിഞ്ഞപ്പോഠം സിൽവറിനേക്കുറിച്ചുള്ള ഭയം വീണ്ടും വലുതായതുപോലെ തോന്നി 'എങ്ങനെ രക്ഷപെടും?' എന്നാലോചിച്ചപ്പോഴാണു് പോക്കററിൽക്കിടക്കുന്ന കൈത്തോക്കിന്റെ കാര്യം ഓർത്തതു്. എനിക്കു് ധൈര്യം വീണ്ടുകിട്ടി. ആ രൂപത്തിന്റെ മുഖത്തു് തുറിച്ചുനോക്കിക്കൊണ്ടു് ഞാനതിന്റെനേരേ ഓരോ അടിവച്ചു നടന്നുചെന്നു.

മറെറാരു മരത്തിന്റെ മറവിൽ ഇതിനകം അയാഠം മറഞ്ഞുകഴിഞ്ഞു. എന്നാൽ ഞാനങ്ങോട്ടു ചെല്ലുന്നു എന്നു മനസ്സിലാക്കി അയാഠം വീണ്ടും പ്രത്യക്ഷപ്പെട്ടു. എന്റെ നേരേ നോക്കി സംശയിച്ചുനിന്നു. പെട്ടെന്നു് മുട്ടുകുത്തി വിനീതഭാവം പ്രകടിപ്പിച്ചു.

ഞാനും നിന്നു

"നീ ആരാണു്?"— ഞാൻ ചോദിച്ചു.

"ബൻഗൺ.'' - അയാഠം മറുപടി പറഞ്ഞു. "ഞാൻ

സാധുവായ ബൻഗണ്ണാണ്. മൂന്നു കൊല്ലമായി ഒരാളെ ക്കണ്ടിട്ട്."

അയാളും എന്നെപ്പോലൊരു വെള്ളക്കാരനാണെന്ന് എനിക്കു മനസ്സിലായി അയാളുടെ പ്രകൃതി ആകർഷകമായിരുന്നു; ചുണ്ട് ചൂടുതട്ടി കറത്തു് തടിച്ചിരുന്നു; മുഖം തീപ്പൊള്ളലേററതുപോലെ കരിവാളിച്ചിരുന്നു. അയാം അരയിൽ കീറിപ്പറിഞ്ഞ വസ്ത്രങ്ങളാണ് ധരിച്ചിരുന്നതു്. കഷ്ടിച്ചേ നഗ്നത മറഞ്ഞിരുന്നുള്ളു. ഏതോ ഒരു പഴയ കപ്പലിൻെറ കീറക്യാൻവാസാണയാം ചുററിയിരുന്നതു്. അരയിൽ ഒരു പിച്ചള ബൽററം ധരിച്ചിരുന്നു.

"മൂന്നു കൊല്ലമോ? .... കപ്പലപകടത്തിൽപ്പെട്ടെത്തിയതാണോ?" — ഞാൻ.

"അല്ല, സ്നേഹിതാ, ഇങ്ങോട്ടു നാടുകടത്തി ശിക്ഷിച്ചതാണ്."—അയാം.

അത്തരക്കാരെക്കുറിച്ചു് ഞാൻ കേട്ടിരുന്നു. എത്ര ഭീകരമായ ശിക്ഷ. കുറെ വെടിമരുന്നും ഉണ്ടകളും മാത്രം കൊടുത്തു് ജനശ്ശൂന്യമായ ദ്വീപുകളിൽ കുററക്കാരെ നാവികന്മാർ തള്ളുന്ന ഈ ഏർപ്പാട് എനിക്കിപ്പോം നേരാട്ടു മനസ്സിലായി.

"മൂന്നു കൊല്ലം മുമ്പാണതു് -" അയാം തുടൻ. "അന്നുമുതൽ കിഴങ്ങും പഴവും പച്ചയിറച്ചിയുമാണ് തീററി മനുഷ്യരുടെ തീററിയ്ക്കു് എന്തു കൊതിയാണെന്നോ? നിങ്ങളുടെ കൈയിൽ വെണ്ണയൊണ്ടോ? റൊട്ടിയൊണ്ടോ?"

"കപ്പലിലുണ്ടു്. തിരിച്ചുചെല്ലാൻ ഒത്താൽ" — ഞാൻ.

ഈ സമയം മുഴുവൻ അയാം എന്നെ ശ്രദ്ധിക്കുക

യായിരുന്നു. ഒരു കൊച്ചുകുട്ടിയുടെ കൗതുകം അതിൽ നിഴലിച്ചിരുന്നു. എൻെറ മറുപടി കേട്ടപ്പോൾ അയാൾ നട്ടങ്ങി.

"കപ്പലിലെത്താനൊത്തെങ്കിലെന്നോ...? എന്താ, ആരാ തടസ്സം?" അയാൾ ചോദിച്ചു

"നിങ്ങളല്ല!"–ഞാൻ.

"നിങ്ങളുടെ പേരു്?"—അയാൾ.

"ജിം!" - ഞാൻ.

"ജിം!" അയാളതാവർത്തിച്ചു; നന്നെ പിടിച്ചതു പോലെ. "ജിം! ഞാനാരാണെന്നറിയാമോ? ഒരമ്മയുടെ ഒററ മകൻ. ഒരു കൊച്ചുകുട്ടിയേപ്പോലെയാണു് ഞാൻ വീട്ടിൽ ജീവിച്ചിരുന്നതു്. എല്ലാം ദൈവത്തിൻെറ കളി"...ചുററപാടും പരിഭ്രാന്തിയോടെ നോക്കിക്കൊണ്ടു് അയാൾ തുടന്നു: "ഞാനിപ്പോഴ് കുബേരനാണു്. നിന്നെയും കുബേരനാക്കാം. നിന്നെയല്ലേ ഞാനിവിടെ വന്നിട്ടാദ്യം കാണുന്നതു്!"

പെട്ടെന്നു് അയാളുടെ മുഖം ഇരുണ്ടു എൻെറ കൈയിൽ അയാൾ മുറുകെ പിടിച്ചു. എന്നിട്ടു് എൻെറ നേരെ സഗൌരവം വിരൽ ചൂണ്ടിക്കൊണ്ടു് അയാൾ ചോദിച്ചു:

"സത്യം പറയണം! അതു് ഫ്ളിൻറിൻെറ കപ്പലണോ?"

എൻെറ മനസ്സിൽ ആഹ്ലാദത്തിൻെറ ഒരു വേലിയേററമുണ്ടായി. എനിക്കൊരു സുഹൃത്തിനെ കിട്ടിയെന്നു ബോദ്ധ്യം വന്നു. അതുകൊണ്ടു് ഉടൻ മറുപടി പറഞ്ഞു:

"ഫ്ളിൻറിൻെറ കപ്പലല്ല; ഫ്ളിൻറ് മരിച്ചുകഴി

ഞ്ഞിരിക്കുന്നു. എന്നാലൊരു കാര്യം, ഫ്ളിൻറിൻെറ കൂട്ടുകാർ ചിലർ ആ കപ്പലിലുണ്ട്. ഞങ്ങളുടെ നിർഭാഗ്യം!!"

"ഒറ്റക്കാലനില്ലേ?"— അയാൾ ദീർഘമായി നിശ്വസിച്ചുകൊണ്ട് ചോദിച്ചു.

"സിൽവൽ!"— ഞാൻ

"ആ! സിൽവർ തന്നെ!"— അയാൾ.

"അയാളാണു് കപ്പലിലെ കുശിനി. അവരുടെ നേതാവും!"— ഞാൻ.

ബെൻഗൺ എൻെറ കൈയിൽ ഒന്നുകൂടി പിടിച്ചമർത്തി. എന്നിട്ട് ദയനീയമായി പറഞ്ഞു:

"ലോംഗ് ജോണിൻെറ ആളാണോ നിങ്ങൾ? ആണെങ്കിൽ എനിക്കു രക്ഷയില്ല"

കൂടുതൽ ചോദ്യങ്ങൾക്കിടകൊടുക്കാതെ ഞാൻ ഞങ്ങളുടെ സഞ്ചാരകഥ മുഴുവനും പറഞ്ഞു. എല്ലാം കേട്ടു കഴിഞ്ഞപ്പോൾ സമാധാനപൂർവ്വം എൻെറ പുറത്തു് അയാൾ തലോടി.

"നീ നല്ല പയ്യൻ തന്നെ! നീയുമിപ്പോൾ കുഴപ്പത്തിലായിരിക്കയാണു്! നീയെന്നെ വിശ്വസിക്കൂ. നിൻെറ പ്രഭു എന്നോടു് ദയകാണിക്കുമോ?"

വളരെ വിശാല മനസ്കനാണു് പ്രഭുവെന്നു് ഞാനയാളോടു പറഞ്ഞു.

"ഏയ്, അതല്ല! ഞാൻ നിങ്ങളെ സഹായിക്കാം. പ്രഭു എനിക്കായിരം പവൻ സമ്മാനം തരുമോ?"— ബെൻഗൺ.

"തീർച്ചയായും! എല്ലാവരും അതിൽ സഹകരിക്കും!"— ഞാൻ.

"വീട്ടിലെന്നെ എത്തിക്കുകയും...." സാകൂതം അയാൾ ചോദിച്ചു.

"എന്തുകൊണ്ടില്ല. പ്രഭു ഒരു മാന്യനാണു്. ഒരു പക്ഷേ വീട്ടിലേക്കു് കപ്പലോടിക്കുന്നതിനു് നിങ്ങളുടെ സഹായവും വേണ്ടിവന്നേക്കാം!''

''ആ, അതുമതി'' ആശ്വാസപൂർവ്വം അയാൾ മറുപടി പറഞ്ഞു

"ഇനി നിന്നോടാകഥ പറയാം. നിങ്ങളന്വേഷിച്ചിറങ്ങിയിരിക്കുന്ന നിധി ഇവിടെ കുഴിച്ചിട്ടിട്ടുണ്ടു്. കുഴിച്ചിട്ടപ്പോൾ ഞാൻ ഫ്ളിന്റിന്റെ കപ്പലിലായിരുന്നു. ഒരു ദിവസം ഫ്ളിന്റും കൂട്ടരും കരയ്ക്കിറങ്ങി. ഞാൻ കപ്പലിൽത്തന്നെ കഴിച്ചുകൂട്ടി. കുറേക്കഴിഞ്ഞു് അവർ തിരിച്ചുവന്നു. കപ്പലിൽ വാക്കേററവും കത്തിക്കുത്തും പടയും നടന്നു. ഒട്ടുമുക്കാലും മരിച്ചു. ബില്ലി ബോൺസു് അയാളുടെ ചങ്ങാതിയായിരുന്നു. സിൽവർ ക്വാർട്ടർ മാസ്റ്ററായിരുന്നു. അവർ ഫ്ളിന്റിനോടു് നിധിയെവിടെയെന്നന്വേഷിച്ചു. 'കരയ്ക്കിറങ്ങി നോക്കു്; അവിടെ കിടപ്പുണ്ടു്'' എന്നായിരുന്നു അയാളുടെ മറുപടി.

"ഞാനും അവരുംകൂടി കരയ്ക്കിറങ്ങി. ഞാൻ പറഞ്ഞിട്ടാണവർ കരയ്ക്കിറങ്ങിയതു്. ക്യാപ്‌റ്റനു് അതത്ര ഇഷ്ടമല്ലായിരുന്നു. ഞാൻ പത്തു പന്ത്രണ്ടു ദിവസം ഇവിടെ മുഴുവൻ കുഴിച്ചുനോക്കി കണ്ടില്ല. എന്റെ കൂട്ടുകാർ എന്നെ ശകാരിക്കാൻ തുടങ്ങി. ഒടുവിൽ ഒരു തുമ്പയും പിക്കാസും എന്നെ ഏല്പിച്ചു് അവർ കപ്പലേറിപ്പോകയും ചെയ്തു. അങ്ങനെയാണു് മൂന്നുകൊല്ലം മുമ്പു് ഞാനിവിടെ അകപ്പെട്ടതു്. ഞാൻ നല്ലവനും വിശ്വസ്തനുമാണെന്നു് നീ പ്രഭുവിനോടു് ചെന്നു് പറയണം."

"ഞാനെങ്ങനെ കപ്പലിലെത്തും. എന്നിട്ടല്ലേ പറയുന്ന കാര്യം?''— ഞാൻ.

"അതോ, എന്റെ ബോട്ടല്ലേ കിടക്കുന്നതു്. ആ പാറക്കെട്ടിനു താഴെ അതു കിടപ്പുണ്ടു്. നീ എന്താ മിണ്ടാത്തെ.''

ഒരു പീരങ്കി മുഴങ്ങി!

"അവർ ലഹള തുടങ്ങി" ഞാൻ പറഞ്ഞു. "എന്റെ കൂടെ വരൂ"

ഞങ്ങൾ കപ്പൽ നങ്കൂരമടിച്ചിരിക്കുന്ന സ്ഥലത്തിനുനേരേ ഓടി. പീരങ്കികൾ വീണ്ടും വീണ്ടും മുഴങ്ങി. കൂട്ടത്തിൽ ആയുധങ്ങൾ കൂട്ടിമുട്ടുന്ന ശബ്ദവും.

പിന്നീടു് പരിപൂർണ്ണനിശ്ശബ്ദത. ഒരു രണ്ടു ഫർലാംഗകലെ കപ്പലിൽ യൂണിയൻ ജാക്ക് പാറിക്കളിക്കുന്നതു് ദൂരെനിന്നു് ഞാൻ കണ്ടു.

11062054

# ഭാഗം നാല്

## ഒരാക്രമണവും കൂടിയാലോചനയും

### I

ഞാൻ കപ്പലിൽനിന്നു് പോയതിൽ പിന്നീടുണ്ടായ സംഭവവികാസങ്ങളുടെ കഥ ഡോക്ടർ എന്നോടു പറഞ്ഞതാണു്. അതു് ഡോക്ടരുടെ ഭാഷയിൽത്തന്നെ ഞാൻ പകത്തുന്നു.

ഒന്നരമണിയായിക്കാണും. ബോട്ടുകൾ രണ്ടും കപ്പലിൽനിന്നും അകന്നകന്നു പോയി. ഞാനും പ്രഭുവും ക്യാപ്റ്റനും ക്യാബിനിൽ ഒരോന്നു സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. ജിം ഹാക്കിൻസ് ബോട്ടിൽ കയറിപ്പോയി എന്നറിഞ്ഞു് ഞാൻ നിരാശനായി.

അയാളെ സംശയമുണ്ടായിട്ടല്ല. എന്നാൽ അയാൾക്കു് വല്ല അപകടവും സംഭവിച്ചാലോ? ഞങ്ങൾ ഡക്കിലേക്കു് വേഗം ചെന്നു. എത്ര വൃത്തികെട്ട സ്ഥലം! ഛർദ്ദിക്കാൻ വരും. കപ്പലിൽ ശേഷിച്ച തെമ്മാടികളാറു പേരും അവിടെത്തന്നെ കൂടിയിട്ടുണ്ടു്. കരയിലേക്കു നോക്കിയപ്പോൾ ആ ബോട്ടുകൾ രണ്ടും അതിവേഗം അങ്ങോട്ടു പായുന്നതായി കണ്ടു.

എത്രനേരമാണു് കാത്തിരിക്കുക. ഹണ്ടരും ഞാനും ഒരു ബോട്ടിൽ കയറി കരയ്ക്കിറങ്ങി. കാര്യങ്ങൾ ശരിയാക്കാൻ തീരുമാനിച്ചു. ബോട്ടിറക്കി.

DVK Library
Bangalore - 29

മുമ്പേ പോയവർ ഞങ്ങളെ കണ്ടു. അവരുടെ പാ

ട്ട പെട്ടെന്ന് നിന്നു. അവർ പരിഭ്രാന്തരാണെന്ന് ഞങ്ങൾക്ക മനസ്സിലായി. അവരുടെ ബോട്ടുകൾ വലത്തോട്ട തിരിഞ്ഞു. ഞങ്ങൾ അവരെ അനുഗമിക്കാതെ, നേരേ കരയിലേക്ക തുഴഞ്ഞു ഞങ്ങളുടെ ഗതി മാറിയതുകണ്ടാകണം അവർ വീണ്ടും ഉറക്കെ പാടാനാരംഭിച്ചു.

ബോട്ട് കരയ്ക്കടുത്തു. തലയിലൊരു സിൽക്ക തൂവാല കെട്ടി തൊപ്പിയുംവച്ച് കൈയിലൊരു പിസ്റ്റളുമായി ഞാൻ കരയ്ക്കിറങ്ങി.

അതൊരു കുന്നിൻ ചരിവായിരുന്നു. ഞങ്ങളതു കയറി. കുന്നിൻ പുറത്ത് മനോഹരമായ ഒരുറവ. ഉറവയ്ക്കടുത്ത് തടികൊണ്ട് കെട്ടിയുയർത്തിയ ഒരു കുടിൽ. പത്തിരുപത്തഞ്ചു പേർക്ക് അതിലിരിക്കാം. ആക്രമണത്തിൽനിന്നും രക്ഷനേടാനുള്ള സജ്ജീകരണങ്ങളും അതിലുണ്ടായിരുന്നു.

ആ ഉററ് എന്നെ അത്യധികം ആകർഷിച്ചു. ആയുധങ്ങളും വെടിമരുന്നും വെന്നമെല്ലാം ഞങ്ങളുടെ കപ്പലിലുണ്ടായിരുന്നെങ്കിലും ഇത്ര ശുദ്ധമായ ജലമില്ലായിരുന്നു. ഞാനിങ്ങനെ ചിന്തിച്ചുകൊണ്ടിരിക്കെ, മരണസൂചകമായ ഒരു നിലവിളി എൻെറ ചെവിയിൽ വന്നലച്ചു. എൻെറ ഹൃദയം ദ്രുതഗതിയിൽ സ്പന്ദിക്കാനാരംഭിച്ചു. 'ജിം ഹാക്കിൻസ് എവിടെയായിരിക്കും?' എന്ന വിചാരം ഒരു മിന്നൽപോലെ തലച്ചോറിലൂടെ പാഞ്ഞു

ഞാനധികം താമസിച്ചില്ല അവിടെ. പെട്ടെന്ന് ബോട്ടിലേക്ക് തിരിച്ചു. ഒരു നല്ല ഊന്നുകാരനായിരുന്ന ഹണ്ടർ എന്നെ അതിവേഗം കപ്പലിലെത്തിച്ചു.

പ്രഭു അസുഖകരങ്ങളായ എന്തോ വിചാരങ്ങളുമായി ക്യാബിനിനിൽത്തന്നെ തളൎന്നിരിപ്പുണ്ടായിരുന്നു. അതുകൊണ്ടുകൂടി ഒരു ശ്മശാനത്തിൻെറ പ്രതീതിയാണ് കപ്പലിലെ അന്തരീക്ഷം എന്നിലുളവാക്കിയതു്.

ക്യാപ്റ്ററൻ സ്മോളററ് കപ്പലിലെ സ്ഥിതിഗതികളെക്കുറിച്ച് വളരെ സമഗ്രമായി എന്നോടു സംസാരിച്ചു. ഞാൻ എൻെറ പ്ലാൻ ക്യാപ്റ്ററനോടു പറഞ്ഞു. അയാളും എന്നോടു യോജിച്ചു.

ക്യാബിനടുത്തു് മൂന്നാലു നിറച്ച തോക്കുകളുമായി റെഡ്രൂത്തിനെ ഞങ്ങളിരുത്തി. ഹണ്ടർ ബോട്ട് കപ്പലിനോടടുപ്പിച്ചു നിൎത്തി. തോക്കുകൾ, വെടിമരുന്ന്, ബിസ്ക്കററ്പായ്ക്കററുകൾ, പ്രത്യേകിച്ച് എൻെറ ഔഷധപ്പെട്ടികൾ എന്നിവ അതിൽ കയററി.

ഈ സമയമെല്ലാം പ്രഭുവും ക്യാപ്റ്ററനും ഡക്കിൽ കാത്തുനില്ക്കുന്നുണ്ടായിരുന്നു ക്യാപ്റ്ററൻ കപ്പലിൽ അവശേഷിച്ചിരുന്നവരിൽ പ്രധാനിയായ മി. ഹാൻസിനെ വിളിച്ചു.

"എടോ! സൂക്ഷിച്ചോളൂ! നിങ്ങളാറുപേരും മൎയ്യാദയ്ക്കിരിക്കണം. ഒരുത്തൻ അനങ്ങിയാൽ ആറുപേരുടേയും കഥ തീൎന്നുതന്നെ നിറച്ചതോക്കാണിതു്."

പെട്ടെന്നതു കേട്ടപ്പോൾ അവരമ്പരന്നുപോയി. അവർ അന്യോന്യം മുഖത്തോടുമുഖം നോക്കി മിണ്ടാതിരുന്നു. കൈയിൽ തോക്കുമായി റെഡ്രൂത്തിനേ കണ്ടപ്പോൾ അവർ മുഖംകുനിച്ചുകളഞ്ഞു പുറത്തേയ്ക്ക് തലയുയൎത്തിനോക്കിയ ഒരുവനോടു ഡോക്ടർ പറഞ്ഞു: "ഏതു പട്ടിയാണിതു്. താഴ്ത്തെടാ തല!"

ഞങ്ങളുടെ ബോട്ടിൽ അപ്പോഴേക്കും സാമാനങ്ങൾ കയററിക്കഴിഞ്ഞു. ജോയ്സും ഞാനും അതിൽ കയറി അതിവേഗം കരയിലേക്കു തുഴഞ്ഞുപോയി.

രണ്ടാമത്തും ഞങ്ങൾ കരയിലേക്കു പോകുന്നതു് കരയ്ക്കിറങ്ങിയ കൊള്ളക്കാരുടെ ശ്രദ്ധയെ ആകർഷിച്ചു. അവരുടെ ആഹ്ളാദപ്രകടനങ്ങൾ അല്പനേരത്തേക്കു് നിലച്ചു. പെട്ടെന്നൊരാൾ അവിടെനിന്നു് അപ്രത്യക്ഷനായി. അവരുടെ ബോട്ടുകൾ നശിപ്പിച്ചാലോ എന്നു് ഞാനാലോചിച്ചു. ഇത്ര പെട്ടെന്നു് സിൽവറിനെ കുത്തി നോവിച്ചാലോ?

ഞങ്ങൾ ആദ്യം കരയ്ക്കടുത്ത കടവിൽ തന്നെ ഇത്തവണയും ബോട്ടടുപ്പിച്ചു. സാമാനങ്ങൾ കരയ്ക്കിറക്കി. ജോയ്സിന്റെ കൈയിൽ തോക്കു കൊടുത്തു് കാവലേല്പിച്ച് ഞാനും ഹണ്ടറും തിരിച്ച് കപ്പലിലേക്കു പോന്നു.

പ്രഭു എന്നേയും കാത്തു് ജനാലയ്ക്കരികെ നില്ക്കുകയായിരുന്നു. അദ്ദേഹവും ബോട്ടിൽ സാമാനങ്ങൾ കയററുന്നതിനു് സഹായിക്കാൻ തയ്യാറായി. വെടിമരുന്നും, ആഹാരസാധനങ്ങളുംമററും ബോട്ടിൽ കയററിക്കഴിഞ്ഞു. റെഡ്രൂത്തും, പ്രഭുവും, ക്യാപ്ററനും, ഞാനും ഓരോ കത്തിയും തോക്കും കൈയ്യിലെടുത്തു. ബാക്കിയുള്ള ആയുധങ്ങൾ വെള്ളത്തിലിട്ടു.

ഞങ്ങൾ എല്ലാവരും ബോട്ടിൽ കയറി. ക്യാപ്ററൻ സ്മോളററ് കപ്പലിലേക്കു് വിളിച്ചുചോദിച്ചു. "ഞാൻ പറയുന്നതു് നിങ്ങൾ അനുസരിക്കുന്നോ?"

കപ്പലിൽനിന്നു് ഉത്തരം ഒന്നുമുണ്ടായില്ല.

"അബ്രഹാം ഗ്രേ! നിന്നോടാണു് ഞാൻ ചോദിക്കുന്നതു്."

എന്നിട്ടും ഉത്തരമുണ്ടായില്ല.

ശബ്ദം വീണ്ടും ഉയൎത്തി ക്യാപ്റ്ററൻ വിളിച്ചുപറഞ്ഞു: "മി. ഗ്രേ! ഞങ്ങളീക്കപ്പലുപേക്ഷിച്ചു പോകുന്നു. നിങ്ങളുടെ ക്യാപ്റ്ററൻ ഞാനാണു്. എന്നെ അനുഗമിക്കാൻ നിങ്ങളോടു് ഞാൻ ആജ്ഞാപിക്കുന്നു. അരമിനിട്ടിനകം തീരുമാനമറിയിക്കണം!"

വീണ്ടും നിശ്ശബ്ദത!

"വരുന്നവർ വേഗം!" ഒന്നുകൂടി ക്യാപ്റ്ററൻ ഓൎമ്മിപ്പിച്ചു.

കപ്പലിൽ പെട്ടെന്നൊരു നിലവിളി. അടിയുടെ തുടരെത്തുടരെയുള്ള ശബ്ദം. അബ്രഹാം മുഖത്തൊരു മുറിവുമായി പുറത്തേക്കു ചാടിവന്നു. ക്യാപ്റ്ററൻെറ സമീപത്തുവന്നു് "സർ! ഞാനങ്ങയുടെ കൂടെയുണ്ടു്."

അങ്ങനെ അബ്രഹാം ഗ്രേയും ഞങ്ങളുടെ ചേരിയിൽ ചേൎന്നു. ബോട്ടു് കരയിലേക്കു് തുഴയുകയും ചെയ്തു.

## II

അഞ്ചാമത്തെ തവണയായിരുന്നു ഇതു്. ബോട്ടു് നിറയെ സാമാനങ്ങൾ. അഞ്ചു വലിയവരും മൂന്നു ചെറിയവരും ഉൾപ്പെടെ ബോട്ടിനു താങ്ങാവുന്നതിലധികം ആളുകൾ. ബോട്ടിൻെറ വക്കും ജലനിരപ്പും തുല്യമായി. നൂറുവാര മുമ്പോട്ടുപോയില്ല, അതിനുമുമ്പുതന്നെ എൻെറ കോട്ടും വസ്ത്രങ്ങളുമെല്ലാം നനഞ്ഞുകഴിഞ്ഞു. വെള്ളം തുളുമ്പിത്തുളുമ്പി അകത്തേയ്ക്കു കടക്കുകയാണു്.

വേലിയേററ സമയമായിരുന്നു അതു്. തിരമാലകളുടെ ഊററം ബോട്ടിനെ ഇട്ടു പന്താടിക്കൊണ്ടിരുന്നു. ബോട്ടിൻെറ ഭദ്രത അപകടത്തിലേക്കു് നീങ്ങിക്കൊണ്ടി

രിക്കുന്നതായി ഞങ്ങൾക്കു തോന്നി. ഒഴുക്കിന്റെ ശക്തി മൂലം, ഉദ്ദിഷ്ടലക്ഷ്യത്തിനു വിപരീതമായി ബോട്ടു നീങ്ങാനാരംഭിച്ചു. അങ്ങനെ ബോട്ടു നീങ്ങാനനുവദിച്ചാൽ കൊള്ളക്കാരുടെ വായിലായിരിക്കും ചെന്നു ചാടുക.

"എനിക്കു് ഗതി നിയന്ത്രിക്കാനാവുന്നില്ല." ഞാൻ ക്യാപ്റ്ററനോടു പറഞ്ഞു. ഞാനായിരുന്നു അമരത്തു്. റെഡ്രൂത്തും മററു രണ്ടു കൂട്ടുകാരും തുഴയുകയായിരുന്നു. "കുറെക്കൂടെ ശക്തിയായി തണ്ടു വലിയ്ക്കാമോ?" ഞാൻ വിളിച്ചുചോദിച്ചു.

"വയ്യ! വയ്യ! ബോട്ടിൽ വെള്ളം അടിച്ചുകേറും" തുഴക്കാർ വിളിച്ചുപറഞ്ഞു.

"ഇക്കണക്കിനു് നാം കരയെത്തുകയില്ല." ഞാൻ പറഞ്ഞു.

"അങ്ങനെയെങ്കിൽ അങ്ങനെ. വരുന്നതു് സഹിക്കുകതന്നെ. മെല്ലോട്ടു തുഴഞ്ഞാൽ രക്ഷയുണ്ടു്."—ക്യാപ്റ്ററൻ.

"ഒഴുക്കിൻെറ ഊക്കു കുറഞ്ഞിട്ടുണ്ടു്. ഒന്നയച്ചുവിടാം"— ഗ്രേ പറഞ്ഞു.

ഞാനൊന്നു മൂളി. പെട്ടെന്നു് ക്യാപ്റ്ററൻ കപ്പലിലേക്കു് നോക്കിക്കൊണ്ടു പറഞ്ഞു, "അതാ നോക്കൂ!"— അയാളുടെ ശബ്ദം പരിഭ്രാന്തമായിരുന്നു.

"ഡോക്ടർ, പിമ്പോട്ടു നോക്കൂ!" ക്യാപ്റ്ററൻ അല്പംകൂടി ശബ്ദം ഉയർത്തിപ്പറഞ്ഞു.

ഞാൻ പിറകോട്ടു നോക്കി. കപ്പലിലെ പീരങ്കിയുടെ ചുററും കൊള്ളക്കാർ കൂടിയിരിക്കയാണു്. അവർ അതിൻെറ പുറംചട്ട അഴിച്ചുമാററിയിരിക്കുന്നു. പെട്ടെന്നു് കപ്പലിലിരിക്കുന്ന പീരങ്കിയുണ്ടകളേക്കുറിച്ചും വെടിമരുന്നിനേക്കുറിച്ചും ഞാനാലോചിച്ചു.

“ഇസ്രായേൽ, ഫ്ളിൻറിൻെറ വെടിക്കാരനായിരുന്നു.” ഗ്രേ പരുപരുത്ത സ്വരത്തിൽ പറഞ്ഞു.

കടവിലേക്ക് ബോട്ടിൻെറ ഒരററം ഞങ്ങൾ തിരിച്ചു. പ്രതികൂലമായ ഒഴുക്കിൽനിന്നു് ഞങ്ങൾ രക്ഷപെട്ടിരുന്നു. എന്നാൽ ബോട്ടിൻെറ ഒരുവശം കപ്പലിലെ പീരങ്കിയുടെ നേരേ തിരിഞ്ഞിരുന്നു.

ഇസ്രായേൽ ഹാൻറ്സ് കപ്പലിൽ നിന്നുകൊണ്ടു് പീരങ്കി നിറയ്ക്കാനാരംഭിക്കുന്നതു് എനിക്കു കാണാമായിരുന്നു.

“നമ്മുടെ കൂട്ടത്തിൽ ആരാണു് ഒന്നാംതരം ഉൗന്നുകാരൻ?” ക്യാപ്ററൻ ചോദിച്ചു.

“ചോദിക്കാനുണ്ടോ? പ്രഭുതന്നെ!”—ഞാൻ.

“മി. ത്രിലേനി അങ്ങയ്ക്കു് അവരിൽ ഒരുത്തനെ തട്ടാമോ? ഇസ്രായേലിനെത്തന്നെ!” ക്യാപ്ററൻ പീരങ്കിയുടെ ചുവട്ടിൽ കൂടിയിരിക്കുന്നവരെ ഉദ്ദേശിച്ചു പറഞ്ഞു.

ത്രിലേനി ഉരുക്കുപോലെ ശാന്തനായിരുന്നു. തന്റെ തോക്കു് നിറച്ചതാണോ എന്നു് പരിശോധിച്ചു.

“നോക്കിനിന്നോളിൻ! ബോട്ടിൽ വെള്ളംകേറിയേക്കും” — ക്യാപ്ററൻ എല്ലാവർക്കും മുന്നറിയിപ്പു കൊടുത്തു.

ഈ സമയംകൊണ്ടു് ഇസ്രായേലും കൂട്ടുകാരും പീരങ്കി നിറച്ചുകഴിഞ്ഞിരുന്നു. തോക്കിൻെറ ചുവട്ടിൽ നിന്നിരുന്ന ഹാൻറ്സിനെ ഞങ്ങൾക്കു് നല്ലതുപോലെ കാണാമായിരുന്നു. ത്രിലേനി നിറയൊഴിച്ചതും അയാൾ തോക്കിൻെറ ചുവട്ടിൽ കുനിഞ്ഞതും ഒരുമിച്ചുകഴിഞ്ഞു. അയാളുടെ കൂട്ടുകാരിൽ ചിലരാണു് വെടിയേററു് നിലംപതിച്ചതു്.

ഇസ്രായേലിന്റെ നിലവിളി എങ്ങും മാറൊറാലി ക്കൊണ്ടു. കരയിൽനിന്നും ശബ്ദം കേട്ടുതുടങ്ങി. കൊള്ള ക്കാർ തങ്ങളുടെ ബോട്ടുകളിൽ കയറിത്തുടങ്ങി.

"ഇങ്ങോട്ടാണല്ലൊ അവ വരുന്നതു്." — ഞാൻ പറഞ്ഞു

"ആഞ്ഞു വലിയ്ക്കിൻ! ബോട്ടു മുങ്ങിയാലും വേണ്ടില്ല. ഒരുമിച്ചുമരിക്കാമല്ലൊ" ക്യാപ്റ്റൻ വിളിച്ചുപറഞ്ഞു.

"സർ, അവരുടെ ഒരു ബോട്ടേ കാണുന്നുള്ളു. മറേറതു് എവിടെപ്പോയോ?" ഞാൻ പറഞ്ഞു.

"ഓ, അവരെപ്പേടിയ്ക്കണ്ടാ. അവർ തെരക്കുപിടിച്ചോടുകയായിരിക്കും. എന്നാൽ കപ്പലിലെ പീരങ്കി സൂക്ഷിക്കണം. ഇസ്രായേൽ പീരങ്കിക്കു തീ കൊടുക്കുമ്പോൾ നമുക്കു ബോട്ടു നിർത്താം!" — —ക്യാപ്റ്റൻ മറുപടി പറഞ്ഞു.

അപ്പോഴേക്കും ഞങ്ങൾ കരയോട്ടു് വളരെയടുത്തിരുന്നു. ഇനി ഭയപ്പെടാനൊന്നുമില്ല. ഒഴുക്കു് ഞങ്ങൾക്കനുകൂലവും കൊള്ളക്കാരുടെ ബോട്ടിനു് പ്രതികൂലവും ആയിരുന്നു.

"ഒത്തെങ്കിൽ ഇതു നിർത്തി ഒരുത്തനെക്കൂടി ഞാൻ തട്ടും" — ക്യാപ്റ്റൻ പറഞ്ഞു.

കപ്പലിൽ വെടിക്കുള്ള ഒരുക്കങ്ങളെല്ലാം തകൃതിയായി നടക്കുന്നുണ്ടായിരുന്നു. വെടികൊണ്ടു വീണയാളെപ്പററി ബാക്കിയുള്ളവർക്കു് ഉത്ക്കണ്ഠയുള്ളതായിതോന്നിയില്ല.

"റെഡി!!" —പ്രഭു വിളിച്ചുപറഞ്ഞു

വെടി തീർന്നു. ബോട്ടിന്റെ പിൻഭാഗം വെള്ളത്തിൽ താഴ്ന്നുപൊങ്ങി. വെടിയുടെ ധ്വനി കരയിലെങ്ങും

മുഴങ്ങി. ഇതിന്റെ മാറ്റൊലിയാണ് ജിം കരയിൽവ ച്ചു കേട്ട ശബ്ദം.

ബോട്ടിന്റെ പിൻഭാഗം വെള്ളത്തിൽ താണു കൊണ്ടിരുന്നു. ഞാനും ക്യാപ്റ്റനും മുഖത്തോടു മുഖം നോക്കിനിന്നു. ബാക്കി മൂന്നുപേരും നനഞ്ഞുകഴിഞ്ഞി രിക്കുന്നു.

അപകടമൊന്നും ഭയപ്പെടാനില്ലായിരുന്നു. ഞങ്ങ ൾക്ക് കരയിലേക്ക് നീന്താനുള്ള ദൂരമേ ഉണ്ടായിരുന്നു ള്ളു. എന്നാൽ ബോട്ടിലെ ഭക്ഷണസാധനം മുഴുവൻ വെ ള്ളത്തിൽ താണു കഴിഞ്ഞിരിക്കുന്നു. ഞാനും ക്യാപ് റ്റനും തലയ്ക്കുമുകളിൽ ഞങ്ങളുടെ തോക്കുകൾ ഉയർത്തി പ്പിടിച്ചു. ബാക്കി മൂന്നു തോക്കുകളും വെള്ളത്തിൽ മുങ്ങി.

ഞങ്ങളുടെ ഭയം വർദ്ധിച്ചുകൊണ്ടിരുന്നു. ദ്വീപിലെ കാടുകളിൽ നിന്നു് കൂടുതൽ കൂടുതൽ ശബ്ദം കേട്ടുതുട ങ്ങി. 'ഞങ്ങളെങ്ങനെയും രക്ഷപെട്ടു നില്ക്കും; ഹണ്ടറും ജോയ്സുമോ?' എന്നു വിചാരിച്ചുകൊണ്ടു് ഞങ്ങൾ വെ ള്ളത്തിലൂടെ കരയിലേക്കു നടന്നു. പുറകിൽ ഞങ്ങളുടെ ബോട്ടു് നിറയെ ആഹാരസാധനങ്ങളുമായി വെള്ള ത്തിൽ താഴുന്നു ഒരു വല്ലാത്ത നിസ്സഹായാവസ്ഥ ഞങ്ങ ളെ ചൂഴ്ന്നുനിന്നു

## III

മുമ്പു കണ്ട മരക്കുടിലിലേക്ക് ഞങ്ങൾ വേഗം നട ന്നു. ഓരോ അടിവയ്ക്കുമ്പോഴും കൊള്ളക്കാരുടെ ശബ്ദം കൂടുതൽ കൂടുതൽ അടുത്തു കേട്ടുതുടങ്ങി. പെട്ടെന്നു് ആളു കൾ കൂട്ടമായി ഓടുന്ന കാലടിശബ്ദവും കുററിക്കാടുകൾ ഞെരിയുന്ന ശബ്ദവും കേട്ടു.

ഞാൻ എന്റെ തോക്ക നോക്കി. അതു നിറച്ചുതന്നെയിരിക്കുന്നു.

"ക്യാപ്റ്റൻ! ത്രിലേനിയാണു് വെടിവെയ്ക്കാൻ സമർത്ഥൻ. നിങ്ങളുടെ തോക്ക് അദ്ദേഹത്തിനു കൊടുക്കൂ. അദ്ദേഹത്തിന്റെ തോക്ക് ഉപയോഗശൂന്യമാണു്." ഞാൻ പറഞ്ഞു.

അവർ തോക്ക കൈമാറി. ത്രിലേനി നിശ്ശബ്ദനും ശാന്തനുമായിരുന്നു. ഈ അപകടങ്ങളൊന്നും ആ മുഖത്തു് ഭാവഭേദം വരുത്തിയില്ല. കൈയിൽകിട്ടിയ തോക്ക് അദ്ദേഹം ഒന്നു നല്ലതുപോലെ പരിശോധിച്ചുനോക്കി. ഗ്രേയുടെ കൈയിൽ ആയുധമില്ലാതിരുന്നതുകൊണ്ടു് ഞാനയാൾക്കൊരു കഠാരി കൊടുത്തു.

ഒരു നാല്പതടികൂടി നടന്നാൽമതി കുടിലിലേയ്ക്കു്. അതിന്റെ തെക്കവശത്തുണ്ടായിരുന്ന വേലിക്കെട്ട് ഞങ്ങൾ പൊളിച്ചു. അതാ, അതിന്റെ തെക്കപടിഞ്ഞാറഭാഗത്തുകൂടി ജോബ് ഹാൻറഴ്സനും മററ് ആറു കൊള്ളക്കാരും പുറത്തു കടക്കുന്നു.

അവരെ ലക്ഷ്യമാക്കി പ്രഭുവും ഹണ്ടറും ഞാനും ഒരുമിച്ചുതന്നെ വെടിവെച്ചു. ഒരാൾ വെടികൊണ്ടു് താഴെ വീണു. ബാക്കിയുള്ളവർ അടുത്ത കുററിക്കാടുകളിൽ ഒളിച്ചു.

തോക്ക വീണ്ടും നിറച്ചുകൊണ്ടു് ഞങ്ങൾ കൊള്ളക്കാർ നിന്ന സ്ഥലത്തേക്കു് നടന്നു. വെടി കൊണ്ടയാൾ മരിച്ചുകഴിഞ്ഞിരുന്നു.

ഞങ്ങളുടെ വിജയത്തിൽ ഞങ്ങളാഹ്ലാദിച്ചു. പെട്ടെന്നൊരു വെടിയുടെ ശബ്ദം! എന്റെ ചെവിയ്ക്കരികിലൂടെ ചൂളമടിച്ചുകൊണ്ടു് എന്തോ പാഞ്ഞു. പാവം, റെഡ്രൂത്ത്. അയാൾ മരം വെട്ടിയിട്ടതുപോലെ നിലത്തു

വീണു. ശബ്ദം കേട്ടസ്ഥലത്തേക്ക് ഞാനും പ്രഭുവും നിറയൊഴിച്ചു. തോക്കു വീണ്ടും നിറച്ചുകൊണ്ടു ഞങ്ങൾ റെഡ്രൂത്തിൻെറ സമീപത്തേക്കു നടന്നു. ക്യാപ്റ്റനും ഗ്രേയും അയാളെ ശുശ്രൂഷിക്കാനാരംഭിച്ചിരുന്നു. അയാളെ ഞങ്ങൾ കുടിലിലേക്ക് കൊണ്ടുപോയി. അയാൾ ഞരങ്ങുകയും മൂളുകയും ചെയ്തുകൊണ്ടിരുന്നു.

പാവം! എത്ര സേവനസന്നദ്ധനായിരുന്നു ടോം. ഒരു നായയെപ്പോലെ അനുസരണയുള്ള സാധു.

പ്രഭു ടോമിൻെറ അരികിൽ മുട്ടുകുത്തിനിന്ന് അയാളുടെ കൈയ് എടുത്തു ചുംബിച്ചു.

"എങ്ങോട്ടാ ഞാൻ പോണതു്?" — അയാൾ എന്നോടു ചോദിച്ചു.

"വീട്ടിലേയ്ക്കുതന്നെ, ടോം!" — ഞാൻ.

"ടോം, നീ എന്നോടു ക്ഷമിക്കുമോ?" — പ്രഭു ദീനസ്വരത്തിൽ വചിച്ചു.

"ഞാനെന്തിനു ക്ഷമിക്കണം?.........എങ്ങനെയാണതു്?.........എന്നാലും......ആമേൻ!''

കുറേ കഴിഞ്ഞപ്പോൾ അയാൾ വീണ്ടും കണ്ണുതുറന്നു. ആരെങ്കിലും പ്രാർത്ഥന ചൊല്ലണമെന്നാവശ്യപ്പെട്ടു. പിന്നീടധികം താമസിച്ചില്ല. അയാൾ മരിച്ചു.

ക്യാപ്റ്റൻ തൻെറ കെട്ടഴിച്ച് ഒരു ബൈബിളും കുറേ പുകയിലച്ചുരുളുകളും, രണ്ടു ദേശീയപതാകകളും പുറത്തെടുത്തു. ഹണ്ടറിൻെറ സഹായത്തോടെ ഒരു പതാക ഞങ്ങളുടെ കുടിലിൻെറ മുകളിൽ ഉയർത്തിക്കെട്ടി. മറേറ പതാകകൊണ്ടു് റെഡ്രൂത്തിൻെറ ശരീരം മൂടി.

"കഷ്ടം തന്നെ!" പ്രഭുവിൻെറ കൈപിടിച്ചു കുലുക്കിക്കൊണ്ടു് ക്യാപ്റ്റൻ പറഞ്ഞു. ''അയാളെ സം

ബന്ധിച്ചിടത്തോളം എല്ലാം തീൻ. നമ്മോടുള്ള കടമ അയാൾ നിർവ്വഹിച്ചിരിക്കുന്നു." പിന്നീടയാൾ എന്നോടായിപ്പറഞ്ഞു:

"ഡോ. ലീവ്സി! എന്നത്തേക്കു് നമുക്കു് സഹായക്കപ്പലെത്തും.?"

ഞാൻ പറഞ്ഞു: "കുറേ താമസിച്ചേക്കും. ആഗസ്റ്റവസാനത്തോടു കൂടി നാം തിരിച്ചെത്തിയില്ലെങ്കിൽ ബ്ളാൻറി കപ്പലുമായി പുറപ്പെടും"

തലചൊറിഞ്ഞുകൊണ്ടു് ക്യാപ്ററൻ പറഞ്ഞു: "സർവ്വശക്തൻ തന്നെ സഹായം! ഭക്ഷണസാധനങ്ങൾ തീരാറായി."

"എന്തു്............?" — ഞാൻ.

"സർ, ഒരുകെട്ട് ആഹാരം നമുക്കു നഷ്ടപ്പെട്ടില്ലേ? അതാണു പററിയതു്. ആയുധങ്ങൾ വേണ്ടത്രയുണ്ടു്. എന്നാൽ ആഹാരം.....!" — ക്യാപ്ററൻ.

പുരയുടെ മുകളിലൂടെ ഒരു വെടിയുണ്ട ചീറിപ്പാഞ്ഞു. അതു് അകലെയുള്ള കുററിക്കാട്ടിൽപ്പോയി വീഴുകയും ചെയ്തു.

"ഓഹോ! നടക്കട്ടെ, നടക്കട്ടെ. വെടിമരുന്നു് തീരുന്നതുവരെ വെടിവെയ്ക്കിൻ!" ക്യാപ്ററൻ പരിഹാസസ്വരത്തിൽ പറഞ്ഞു.

രണ്ടാമതൊരു വെടികൂടി. അതു കുറേക്കൂടി താഴ്ന്നു വന്നു. കൂടിക്കിടന്ന മണലാകെ തട്ടിയെറിഞ്ഞുകൊണ്ടു് അതു പാഞ്ഞുപോയി. മററു നഷ്ടമൊന്നും വരുത്തിയില്ല. പ്രഭു പറഞ്ഞു: "ക്യാപ്ററൻ! കപ്പലിൽനിന്നു് ഈ പുര കാണാൻ പററില്ല. നമ്മുടെ കൊടിയായിരിക്കാം അവരുന്നം വെയ്ക്കുന്നതു്. അതു് താഴ്ത്തിക്കെട്ടിയാലോ?"

ക്യാപ്റ്റനതു സമ്മതിച്ചില്ല. അയാളുടെ വികാരങ്ങളെത്തന്നെ ഞങ്ങളും മാനിക്കാമെന്നുവച്ചു.

വൈകുന്നേരം മുഴുവൻ ഇടവിടാതെ വെടി പൊട്ടിക്കൊണ്ടിരുന്നു. വെടിയുണ്ടകൾ പുരയ്ക്കു മുകളിലൂടെ പാഞ്ഞുവന്ന് മണൽക്കൂനകളെ തെറിപ്പിച്ചുകൊണ്ടിരുന്നു. ഞങ്ങളവ കാര്യമായെടുത്തില്ല.

ക്യാപ്റ്റൻ പറഞ്ഞു: "നമ്മുടെ മുൻവശത്തുള്ള കാട്ടിൽ കൊള്ളക്കാർ കാണുകയില്ല. അപകടം കൂടാതെ നമുക്കതിലെ കടൽക്കരയിലേക്കു പോകാം. ആഹാരക്കെട്ടുകൾ ഇങ്ങെത്തിക്കയും ചെയ്യാം. ഒഴുക്കും അനുകൂലമാണു്."

ഗ്രേയും ഹണ്ടറും അതിനു സന്നദ്ധരായി മുമ്പോട്ടുവന്നു. ആയുധധാരികളായി അവർ സ്ഥലംവിട്ടു. പക്ഷെ ആ ശ്രമം വിഫലമായിരുന്നു. കൊള്ളക്കാർ ഞങ്ങൾ വിചാരിച്ചതിലും ധീരന്മാരായിരുന്നു. അവർ ഞങ്ങളുടെ ആഹാരസാധനങ്ങൾ ചുമന്ന് അടുത്തുകിടന്ന കപ്പലിൽ കയററുകയായിരുന്നു. സിൽവർ കപ്പലിന്റെ മുൻവശത്തു് തയ്യാറെടുത്തു നില്ക്കുകയാണു്. കൂട്ടത്തിൽ കാവൽ നിന്നിരുന്നവരെല്ലാം തോക്കു ധരിച്ചിരുന്നു.

ക്യാപ്റ്റൻ ഒരു തടിക്കഷണത്തിൽ ഇരുന്നു. ഞങ്ങളും ചുററുമിരുന്നു. കൈവശമുള്ള ആഹാരസാധനത്തിന്റെ കണക്കെടുക്കാൻ തുടങ്ങി.

പെട്ടെന്നൊരു ശബ്ദം!

"ആരോ നമ്മെ വിളിക്കുന്നു" ഹണ്ടർ വിളിച്ചുപറഞ്ഞു.

"ഡോക്ടർ, ക്യാപ്റ്റൻ, ഹണ്ടർ. ..." ആ ശബ്ദം ഉയർന്നുയർന്നു വന്നു.

ഞാൻ കുടിലിന്റെ വാതിൽക്കലേയ്ക്കോടി. ജീം ഹാക്കിൻസ്! അപകടമൊന്നും കൂടാതെ അയാം ജീവിച്ചിരിക്കുന്നു.. !!"

## VI

ഇത്രയും കഥ ഡോക്ടർ എന്നോടു പറഞ്ഞതാണ്. ബാക്കി ഞാൻ പറയാം. ബെൻഗണ്ണും ഞാനും കൂടി സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. മരക്കുടിലിന്റെ മുകളിൽ കൊടി പറക്കുന്നതു കണ്ടപ്പോൾ ബെൻഗൺ പറഞ്ഞു: "ഇതാ, നിങ്ങളുടെ കൂട്ടുകാർ വന്നുചേർന്നല്ലോ!"

"കണ്ടറിയണം. അതു് കൊള്ളക്കാരാകും!"—ഞാൻ മറുപടി പറഞ്ഞു.

"അതോ, കൊള്ളാം! ആരും കടക്കാത്ത ഈ ദ്വീപിൽ ദേശീയപതാകയുയർത്തുമോ സിൽവർ. അതു് നിങ്ങളുടെ കൂട്ടുകാർ തന്നെ. കൊള്ളക്കാരെ തോല്പിച്ച് വന്നതായിരിക്കണം അവർ. അതു് പണ്ടു് ഫ്ളിന്റ് താമസിച്ച പുരയാണു്. അവിടെത്തന്നെ അവരും എത്തി."

"ശരിയാകാം. എങ്കിലവരെപ്പോയി കാണുകയാണു് ഞാനാദ്യം വേണ്ടതു്."

"കേട്ടോ, കൂട്ടുകാരാ! ബെൻഗണ്ണിനു് ഉള്ളുകള്ളി മുഴുവനറിയാം. 'റമ്മെ'ന്നോർത്തു് ഞാനങ്ങോട്ടൊന്നും വരികയില്ല." അയാം അർത്ഥവത്തായി എന്റെ കൈത്തണ്ടയിൽ ഒന്നു നുള്ളി.

അയാം തുടർന്നു: "ബെൻഗണ്ണിനെ ആവശ്യമുള്ളപ്പോൾ എവിടെയന്വേഷിക്കും? ഇന്നലത്തെ സ്ഥലത്തു തന്നെ. പറഞ്ഞതു മനസ്സിലായോ—?"

"ങ്ഹ്......നിനക്ക് ഡോക്ടറേയും പ്രഭുവിനേയും കാണണ്ടേ? ഇന്നലെ കണ്ടിടത്തുതന്നെ നീയുണ്ടാകും...! എപ്പോഴാം?"

"ഉച്ചകഴിഞ്ഞു് സന്ധ്യയ്ക്കകം."

"മനസ്സിലായി! ഇനി ഞാൻ പോകട്ടെ!"

"മറക്കല്ലേ?"–ഉത്ക്കണ്ഠയോടെ അയാഠം പറഞ്ഞു. "ഇനി പോകാം, ജിം! നീ സിൽവറിനോടെൻെറ കാര്യം പറയല്ലേ? ഞാനവരെ കണ്ടുമുട്ടിയാൽ അരഡസൻ പേരെയെങ്കിലും......!"

പെട്ടെന്നൊരു വെടിയുടെ ശബ്ദം അയാളെ മൂകനാക്കി. മരങ്ങളുടെയിടയിലൂടെ ചീറിപ്പാഞ്ഞു് ഒരു വെടിയുണ്ട കുഷ്ടിച്ചു് നൂറുവാര അകലെ മണലിൽ വന്നു തറച്ചു. ഞങ്ങഠം എഴുന്നേററോടി. രണ്ടുപേരും രണ്ടു വശത്തേക്ക്.

ഒരു മണിക്കൂർ നേരത്തേക്ക് വെടിയുടെ ശബ്ദം നിരന്തരം കേട്ടുകൊണ്ടിരുന്നു. ഓടിയോടി സമുദ്രതീരത്തെ വൃക്ഷച്ഛായകളിൽ ഞാൻ എത്തി.

സൂര്യൻ അസ്തമിച്ചതേയുള്ളു. കടൽക്കാററ് പച്ചിലകളിൽ താളം പകന്നു് കടന്നുപോകുന്നു. ഉച്ചച്ചൂടിൽ പൊരിഞ്ഞ എന്നെ ആ കാററ് തളത്താനും മരവിപ്പിക്കാനും തുടങ്ങി.

ഹിസ്പ്പാനിയോളാ നങ്കൂരമിട്ടിടത്തുതന്നെ കിടക്കുന്നു. അതിൻെറ മുകളിൽ കൊള്ളക്കാരുടെ കരിങ്കൊടി പറക്കുന്നു. ഞാനങ്ങോട്ടു നോക്കിനില്ക്കുമ്പോഠം എൻെറ തലയ്ക്കു മുകളിലൂടെ ഒരു വെടിയുണ്ട കടന്നുപോയി. പിന്നെ, വെടിയുടെ ശബ്ദം കേട്ടേയില്ല.

വെടി കേട്ട സ്ഥലത്തേക്ക് നോക്കി, നിശ്ചലനായി ഞാൻ നിലത്തു കിടന്നു. അവിടെ ഒരു ഭയങ്കരലഹള നട

ക്കുകയാണു്. ആളുകൾ കോടാലികൊണ്ടു് എന്തോ വെട്ടിമാററുന്നു. മരങ്ങളുടെയിടയിലൂടെ ഉയർന്നു കത്തുന്ന തീജ്വാലകൾ ഞാൻ കണ്ടു. ഒരു കൊച്ചുബോട്ടു് ലക്ഷ്യമില്ലാതെ അങ്ങോട്ടുമിങ്ങോട്ടും പായുന്നു. ആളുകളെന്തെല്ലാമോ വിളിച്ചുകൂവുന്നു. "റം! റം!"

ഞാൻ, പതാക പൊക്കിയിരിക്കുന്ന സ്ഥലത്തേക്കു പോകാൻ എഴുന്നേററു. കുറേ ദൂരെ, കടൽത്തീരത്തൊരു വെള്ളപ്പാറ! ബെൻഗണ്ണിനു പറയാറുള്ളതു് ഇതിനെക്കുറിച്ചാണെന്നു് ഞാനോർത്തു. ഞാൻ തിരിഞ്ഞുനടന്നു. അങ്ങനെയാണു് എൻെറ കൂട്ടുകാരുടെ മുമ്പിൽ വീണ്ടും വന്നു വീണതു്.

ഞാൻ എനിക്കു പററിയ അബദ്ധം മുഴുവൻ അവരോടു പറഞ്ഞു. എന്നിട്ടു് ആ മരപ്പുരയാകെ ഒന്നു നടന്നുകണ്ടു. പുരയുടെ തൊട്ടു പുറകിലായി കറുത്തിരുണ്ട വനങ്ങൾ വളർന്നു നില്ക്കുന്നു. കടൽത്തീരത്തേക്കുള്ള വഴിയരികിൽ ഓക്കുമരങ്ങൾ ഭൂതങ്ങളെപ്പോലെ ഉയർന്നുനില്ക്കുന്നു. ഇടയ്ക്കിടയ്ക്കു് ചൂളമടിച്ചെത്തുന്ന കടൽക്കാററു് മുററത്തു് കിടക്കുന്ന മണൽക്കൂമ്പാരം അടിച്ചുയർത്തി പൊടിപടലം സൃഷ്ടിക്കുന്നു.

ഗ്രേ മുഖത്തൊരു വെച്ചുകെട്ടുമായി നടക്കുകയാണു്. കൊള്ളക്കാരുമായി പിണങ്ങിപ്പിരിഞ്ഞപ്പോൾ കിട്ടിയതാണു്. പാവം റെഡ്രൂത്തിൻെറ ശവശരീരം അപ്പോഴും പതാകയിൽ പൊതിഞ്ഞു കിടത്തിയിരിക്കയാണു്. ഇതുവരെ സംസ്കരിച്ചിട്ടില്ല.

ഞങ്ങൾ ചുമ്മാതിരുന്നില്ല. ചുമ്മാതിരുന്നാൽ തളർന്നുറങ്ങിപ്പോകുമായിരുന്നു. അതുകൊണ്ടു് ക്യാപ്ററൻ സ്മോളററ് ഞങ്ങളെ രണ്ടു ഗ്രൂപ്പായി തിരിച്ചു. ഡോക്ടറും

ഗ്രേയും ഞാനും ഒരു ഗ്രൂപ്പ്. പ്രഭുവും, ഹണ്ടറും, ജോയ്സും മറെറാരു ഗ്രൂപ്പ്. രണ്ടുപേരെ വിറക് ശേഖരിക്കുന്നതിനു പറഞ്ഞയച്ചു. രണ്ടുപേരെ ററഡ്രൂത്തിന് കുഴിവെട്ടുന്നതിനാക്കി. ഡോക്ടർതന്നെ പാചകം ഏറെറടുത്തു. ഞാൻ വാതില്ക്കൽ കാവൽ! ക്യാപ്ററൻ മററു കാര്യങ്ങൾ അന്വേഷിക്കുന്നതിനും. അങ്ങനെ എല്ലാവരും തയ്യാറായി!

കൂടെക്കൂടെ ഡോക്ടർ അടുക്കളയിൽനിന്നും, പുകയേററു കലങ്ങിച്ചുവന്ന കണ്ണുകളുമായി വാതില്ക്കൽ വരും; ശ്വാസോച്ഛ്വാസത്തിനായി. അപ്പോഴൊക്കെ എന്നോടെന്തെങ്കിലും പറയുകയും ചെയ്യും.

ഒരിക്കൽ അദ്ദേഹം പറഞ്ഞു: "ആ മനുഷ്യനില്ലേ, സ്മോളെററ്. എന്നെക്കാൾ എത്രയോ നല്ലവൻ! ഇല്ലേ, ജിം!!"

പിന്നൊരിക്കൽ വാതില്ക്കൽവന്ന് ഡോക്ടർ കുറെ നേരം നിശ്ശബ്ദനായി നിന്നു. എന്നിട്ട് എൻെറ നേരെ തിരിഞ്ഞു: "ആ ബെൻഗൺ ഒരു മനുഷ്യനാണോ?"

"എനിക്കും സംശയമാണു, സർ!"–ഞാൻ പറഞ്ഞു.

"സംശയമൊന്നും വേണ്ടാ!" —ഡോക്ടർ പറഞ്ഞു. "മൂന്നുവർഷം ഈ ഭീകരമായ ഏകാന്തതയിൽ കഴിച്ചുകൂട്ടിയ ഒരാൾക്ക് സ്വബോധമുണ്ടെങ്കിലേ അത്ഭുതപ്പെടാനുള്ളൂ ....എന്താ വെണ്ണ തിന്നാനാണോ അയാൾക്കാഗ്രഹം?"

"അതെ, സർ!" —ഞാൻ.

"ആട്ടെ, ജിം! നീയെൻെറ പൊടിക്കുപ്പി കണ്ടിട്ടുണ്ടോ? അതിൽനിന്നും ഞാനെന്തെങ്കിലും പൊടിയെടുത്തു വലിക്കാറുണ്ടോ? ഞാനതിനകത്തു് കുറേ വെണ്ണ സൂക്ഷി

ച്ചിട്ടുണ്ടു്. അതു് നമുക്കു് ബെൻഗണ്ണിനു കൊടുക്കാം."
—ഡോക്ടർ.

അത്താഴത്തിനുമുമ്പ് റെഡ്രുത്തിന്റെ ശവശരീരം ഞങ്ങൾ മണലിൽത്തന്നെ കുഴിച്ചിട്ടു. നമ്രശിരസ്കരായി അതിനു ചുററും കുറേനേരം ഞങ്ങൾ നിന്നു. അത്താഴം കഴിഞ്ഞു് ഓരോ ഗ്ലാസ് ബ്രാണ്ടിയും കുടിച്ചു് കൂട്ടത്തിലെ പ്രധാനികൾ മൂവരും ആലോചനകൾക്കായി ഒരു മൂലയ്ക്കു കൂടി.

എന്തു ചെയ്യണമെന്നു് അവർക്കും അറിഞ്ഞുകൂടായിരുന്നു. ആഹാരസാധനങ്ങൾ വളരെക്കുറവു്. എവിടന്നു സഹായമെത്താനാണു്? കൊള്ളക്കാർ പത്തൊമ്പതു പേരിൽ പതിനഞ്ചുപേർ അവശേഷിക്കുന്നു.

ഏതാണ്ടു് അരമൈലകലെയാണു് കൊള്ളക്കാരുടെ താവളം. കുടിച്ചുമറിഞ്ഞു് പാട്ടും കൂത്തും നടത്തുന്നതിന്റെ ലഹള ഞങ്ങൾക്കു് വ്യക്തമായി കേൾക്കാം.

ഡോക്ടർ പറഞ്ഞു: "നമ്മൾ നശിച്ചില്ലെന്നു കണ്ടാൽ അവർ കപ്പലും കൊണ്ടു കടന്നുകളയും. ഒരു കപ്പൽ ചില്ലറക്കാര്യമാണോ? കൊള്ളയ്ക്കുംകൊണ്ടിറങ്ങാമല്ലൊ."

"എനിക്കു നഷ്ടപ്പെടുന്ന ആദ്യത്തെ കപ്പലാണിതു്."
—ക്യാപ്റ്റൻ.

ഞാൻ നന്നേ ക്ഷീണിച്ചിരുന്നു. കിടന്നയുടൻ തടിപോലെ ഉറങ്ങിപ്പോയി.

മററുള്ളവർ നേരത്തെ എഴുന്നേററു് വിറകു കൊണ്ടുവരാനും മററുമായി പോയി. ഒരു ശബ്ദം കേട്ടുകൊണ്ടാണു് ഞാൻ ഉണർന്നതു്.

"അവർ വെള്ളക്കൊടിയുയർത്തിയിരിക്കുന്നു. ഒത്തു

തീർപ്പിനു തയ്യാറാണ്." ആരോ വിളിച്ചുപറഞ്ഞു. "സിൽവർതന്നെ വരുന്നു!" മറെറാരു ശബ്ദം.

ഞാൻ ചാടിയെഴുന്നേററു. കണ്ണുതിരുമ്മിക്കൊണ്ടു്, ഭിത്തിയിലെ ദ്വാരത്തിൽക്കൂടി പുറത്തേക്കു് നോക്കി.

## V

കുടിലിനു പുറത്തു് രണ്ടുപേർ നില്ക്കുന്നുണ്ടായിരുന്നു. ഒന്നു് സിൽവർ തന്നെ. സംശയമില്ല.

നേരം പുലരുന്നേയുള്ളു. ഇത്ര തണുപ്പുള്ള ഒരു പ്രഭാതം എന്റെ ഓർമ്മയിലുണ്ടായിട്ടില്ല. അസ്ഥിവരെ ചൂഴ്ന്നിറങ്ങുന്ന ശീതം. ആകാശം തെളിഞ്ഞിരുന്നു. വൃക്ഷാഗ്രങ്ങൾ സൂര്യന്റെ ആദ്യരശ്മികളിൽ ചെമ്പരുത്തിച്ചാറു തളിച്ചതുപോലെ തെളിഞ്ഞു. സിൽവറും കൂട്ടുകാരനും കുറെ അകലെ നില്ക്കുകയാണു്. മുട്ടോളം, പഞ്ഞിക്കെട്ടുപോലുള്ള മഞ്ഞിൽ മൂടിയിരിക്കുന്നു. ചതുപ്പിൽ നിന്നുമുയരുന്ന നീരാവിയുമുണ്ടു്.

"എല്ലാരും അകത്തു്! ഇതെല്ലാം വെറും സൂത്രമല്ലേ?"—ക്യാപ്ററൻ താക്കീതു് നല്കി.

എന്നിട്ടദ്ദേഹം കൊള്ളക്കാരോടായി ആജ്ഞാപിച്ചു:

"ആരവിടെ? നില്ക്കു്! ഇല്ലെങ്കിൽ വെടി!"

"ഇതാ, ഒത്തുതീർപ്പിനു തയ്യാർ!" സിൽവർ മറുപടി പറഞ്ഞു.

"ഡോക്ടർ, വടക്കുഭാഗം സൂക്ഷിക്കുക. ജിം, കിഴക്കു്. ഗ്രേ, പടിഞ്ഞാറു്. തോക്കു് തയ്യാറാക്കി നില്ക്കു്."

എന്നിട്ടു് കൊള്ളക്കാരോടായിപ്പറഞ്ഞു:

"നിങ്ങൾക്കെന്തുവേണം? ഈ പതാക....." ക്യാപ്ററൻ.

ഇത്തവണ സിൽവറിൻെറ കൂട്ടുകാരനായിരുന്നു മറുപടി പറഞ്ഞതു്.

"ക്യാപ്റ്ററൻ സിൽവർ വന്നിരിക്കുന്നു, സർ; കൂടിയാലോചിക്കുന്നതിന്നു്!"

"ക്യാപ്റ്ററൻ സിൽവർ!! ആരാണതു്? ഞാനറിയില്ലല്ലൊ!!" ക്യാപ്റ്ററൻ വിളിച്ചുപറഞ്ഞു. "ക്യാപ്റ്ററൻ പോലും! എന്നാണീ പ്രമോഷൻ കിട്ടിയതു്?" എന്നു് ഒട്ടാത്മഗതമായി അമർത്തിപ്പറയുന്നതു് അകത്തു കേൾക്കാമായിരുന്നു.

ഇത്തവണ ലോംഗ് ജോൺ തന്നെ മറുപടി പറഞ്ഞു.

"ഞാനാണു സർ; അങ്ങു പോയപ്പോൾ ഇവരെല്ലാം കൂടി എന്നെ ക്യാപ്റ്ററനാക്കി, സർ. നമുക്കു് വഴക്കവസാനിപ്പിച്ചു് ഒത്തുതീർപ്പാകാം. അങ്ങു സമ്മതിച്ചാൽ അങ്ങോട്ടുവന്നു് കാര്യങ്ങൾ പറഞ്ഞൊതുക്കാം!"

"എടോ, മനുഷ്യാ!"— ക്യാപ്റ്ററൻ പറഞ്ഞു. "എനിക്കു് തന്നോടു സംസാരിക്കണമെന്നില്ല. തനിക്കു് എന്നോടെന്തെങ്കിലും പറയണമെന്നുണ്ടെങ്കിൽ വരാം. അത്രതന്നെ! എന്തെങ്കിലും ചതിയോ കള്ളത്തരമോ ഉണ്ടെങ്കിൽ അതിന്നുത്തരവാദി താൻ. ദൈവം തുണയ്ക്കട്ടെ!"

"അനുമതി!" ജോൺ സിൽവർ ഉറക്കെ വിളിച്ചു പറഞ്ഞു.

സിൽവർ ചിരിച്ചുകൊണ്ടു് തൻെറ കൂടെയുണ്ടായിരുന്നയാളുടെ പുറത്തു്, പേടിക്കാനൊന്നുമില്ല എന്ന അർത്ഥത്തിൽ, ഒന്നു തട്ടി. എന്നിട്ടു് അയാൾ തൻെറ പൊയ്ക്കാൽ താഴെയിട്ടു്, ഒരു കാൽ പൊക്കി, സമർത്ഥമായ രീതിയിൽ, വേലിയുടെ ഇങ്ങേവശത്തു കടന്നു.

സത്യം പറയട്ടെ, ഞാൻ പരിഭ്രാന്തനായിത്തീന്നിരുന്നു. കിഴക്കേ വാതില്ക്കൽ നിന്നും ഞാൻ ക്യാപ്ററനെൻറ പുറകിൽ വന്നു. ക്യാപ്ററനപ്പോഴും വാതിലിൽ ചാരി പരിഹാസഭാവത്തിൽ ഇരിക്കയാണു്. "വരിൻ! വരിൻ! നേതാക്കന്മാരേ!" വിനോദസ്വരത്തിൽ അദ്ദേഹം വിളിച്ചുപറഞ്ഞു.

സിൽവർ കുറേ ബുദ്ധിമുട്ടിയാണു് ആ മണൽക്കുന്നു് ചവുട്ടിക്കേറിയതു്. കിഴക്കാംതൂക്കായിക്കിടക്കുന്ന ആ സ്ഥലത്തു് പൊയ്ക്കാലുകൊണ്ടെന്തു ഫലം? അയാഠം ഒരുവിധം ക്യാപ്ററൻെറ മുമ്പിൽ വലിഞ്ഞു വലിഞ്ഞെത്തി. ഏററവും ഭവ്യമായരീതിയിൽ സല്യൂട്ടുചെയ്തു. കാൽമുട്ടുവരെയെത്തുന്ന ഒന്നാംതരമൊരു നീലക്കോട്ടു്, അതിൽ പിച്ചളക്കുടുക്കുകഠം, ലേസ് തുന്നിപ്പിടിപ്പിച്ചിരിക്കുന്ന ഒരു ഹാററ്! ഇതായിരുന്നു സിൽവറിൻെറ വേഷം.!

"കൊള്ളാം! അവിടെത്തന്നെയിരിക്കാം!" മണൽപ്പുറം ചൂണ്ടിക്കാണിച്ചുകൊണ്ടു് ക്യാപ്ററൻ പറഞ്ഞു.

"എന്നെ അകത്തേക്കു വിളിക്കില്ലേ?" പരിഭവസ്വരത്തിൽ സിൽവർ പറഞ്ഞു. "ഈ മണൽപ്പുറത്തെങ്ങനെയിരിക്കും? മരവിപ്പിക്കുന്ന തണുപ്പു്!"

"എന്താ, സിൽവർ''— ക്യാപ്ററൻ പറഞ്ഞു. "നീ ഒരു മാന്യനായിരുന്നെങ്കിൽ, വിശ്വസ്തനായിരുന്നെങ്കിൽ, എൻെറ കപ്പലിൽത്തന്നെ ഉണ്ടാകുമായിരുന്നു. ഇതു് കമ്മഫലമാണു്. നീയിപ്പോഴാരാണു്? എൻെറ കപ്പലിലെ കുശിനിയോ, ക്യാപ്ററൻ സിൽവറോ, കൊള്ളക്കാരനോ, കള്ളനോ — ആരാണു്?" നിലത്തു തന്നെ ഇരുന്നുകൊണ്ടു് സിൽവർ പറഞ്ഞു. "ക്യാപ്ററൻ സർ! എന്നെ ഒന്നുകൂടി സഹായിക്കണം!"

"തുറന്നു പറഞ്ഞോളൂ!"— ക്യാപ്ററൻ.

"ക്യാപ്ററൻ സ്മോളററ്!" തൻെറ സ്വരത്തിൽ വേണ്ടത്ര ഗൌരവം കലർത്തിയാണ് സിൽവർ പറഞ്ഞതു്. "ഇന്നലെ രാത്രി ഞങ്ങൾക്കൊരബദ്ധം പററിപ്പോയി. ക്ഷീണംകൊണ്ടു് കുറെയേറെ ഉറങ്ങിപ്പോയി. ഇല്ലെങ്കിൽ കാണിച്ചുതരാമായിരുന്നു. നിങ്ങളെത്തന്നെ പിടികൂടിയേനേ!"

"ആട്ടെയാട്ടെ" - ക്യാപ്ററൻ ശാന്തനായിപ്പറഞ്ഞു.

സിൽവർ പറഞ്ഞതു് ക്യാപ്ററന് ഒരു കടംകഥയായിരുന്നു. എന്നാൽ എൻെറ ചിന്തകൾ ബെൻഗൺ അവസാനം പറഞ്ഞ വാക്കുകളിൽ അലഞ്ഞുതിരിയുകയായിരുന്നു. അയാൾ ഇന്നലെ രാത്രി കൊള്ളക്കാരുടെ താവളത്തിൽ പോയിട്ടില്ലേ എന്നായി എൻെറ സംശയം.

"ഇവിടെ നോക്കൂ, ആ നിധി ഞങ്ങൾക്കു വേണം. ഞങ്ങൾ അതു എടുക്കുകയും ചെയ്യും. നിങ്ങളുടെ കൈയിലൊരു ഭൂപടമില്ലേ? അതു തന്നിട്ടു് നിങ്ങൾക്കു വേണമെങ്കിൽ രക്ഷപെടാം."

ക്യാപ്ററൻ ഒന്നു പുഞ്ചിരിച്ചതേയുള്ളൂ.

"അതെയതെ, ഉണ്ടെന്നെനിക്കറിയാം. അതു തന്നേക്കുകയാണ് നല്ലതു്." സിൽവർ തുടന്നു.

"ഈ പയറെറാന്നും നമ്മുടെയടുക്കൽ വേണ്ട"— ക്യാപ്ററൻ ഇടയ്ക്കുകയറിപ്പറഞ്ഞു. "നിങ്ങൾ എന്തു ചെയ്യാൻ പോകുന്നു എന്നു് എനിക്കറിയാം. അതു നടക്കില്ലെന്നു് ഞാൻ പറയുന്നു."

ക്യാപ്ററൻ അത്യന്തം ശാന്തനായി തൻെറ പൈപ്പു വലിച്ചുകൊണ്ടിരുന്നു.

''ഗ്രേ നിങ്ങളോടു വല്ലതും...'' സിൽവർ.

"ഗ്രേ എന്നോടൊന്നും പറഞ്ഞിട്ടില്ല. എടോ, മനുഷ്യാ! തന്നെയും ഈ ദ്വീപിനെത്തന്നെയും വേണ്ടിവന്നാൽ ഊതിപ്പറപ്പിക്കാൻ സാധിക്കുമെന്നു് താനറിയുന്നോ?"

ക്യാപ്റ്റന്റെ വികാരങ്ങൾക്ക് ചൂടുപിടിച്ചതായി സിൽവർ കണ്ടു. അയാളുടെ ധിക്കാരം കുറെ അടങ്ങി. എങ്കിലും വിടാനുള്ള മട്ടില്ല.

''ഓ, എനിക്കറിയാം.'' അയാൾ പറഞ്ഞു. "എല്ലാത്തിനും ഒരതിരുവേണം. ഞാനും നിങ്ങളെപ്പോലെതന്നെ ഒരു സ്വതന്ത്രമനുഷ്യൻ!"

എന്നിട്ടയാൾ തന്റെ പൈപ്പ് നിറച്ച് വലിക്കാനാരംഭിച്ചു. ക്യാപ്റ്റനും സിൽവറും മുഖത്തോടുമുഖം നോക്കി കുറേനേരം ഇരുന്നു.

എന്നിട്ട് സിൽവർ തുടർന്നു: "പാവപ്പെട്ട കപ്പൽത്തൊഴിലാളികളെ കൊല്ലുന്ന ഈ ഏർപ്പാടു നിർത്തുക. എന്നിട്ട് ഞങ്ങളുടെകൂടെ കപ്പലിലേക്കു പോരിക. നിങ്ങളെ സുരക്ഷിതമായി നാട്ടിലെത്തിക്കാമെന്നു് വാക്കു തരുന്നു. നിങ്ങളെ മാത്രമല്ല, ഇവിടെയുള്ള എല്ലാവരേയും. ആ പടം മാത്രം ഞങ്ങളെ ഏല്പിക്കുക."

ക്യാപ്റ്റൻ സ്മോളററ് സാവധാനം എഴുന്നേററ് പൈപ്പിലെ ചാരം തട്ടിക്കൊണ്ടു പറഞ്ഞു:

"ഇത്രേയുള്ളോ? -

"അതെ, അവസാനവാക്കാണിതു്. നിരസിച്ചാൽ വെടിയുണ്ടകൾ മറുപടി പറയും."

"ബഹുകേമമായി!" - ക്യാപ്റ്റൻ. "ഇനി ഞാൻ പറയുന്നതു് മഹാനായ താങ്കൾ കേട്ടാലും. നിങ്ങൾ ഓരോ

രുത്തരായി കീഴടങ്ങിയാൽ നിങ്ങളെ അറസ്റ്റ്ചെയ്ത് ഇംഗ്ലണ്ടിലെത്തിച്ച് കോടതിയിൽ വിസ്തരിച്ച് തക്ക ശിക്ഷ തരാം. ഇല്ലെങ്കിൽ - ഞാൻ അലക്സാണ്ടർ സ്മോള റാണെങ്കിൽ - നിങ്ങളെ ഒന്നിനെ വെച്ചേക്കില്ല. നിങ്ങൾക്കു നിധിയുമില്ല, കപ്പലുമില്ല, ജീവനുമില്ല. ഈ ഞാനാണിതു പറയുന്നതു്. മനസ്സിലായോ സിൽവർ! തയ്യാറില്ലെങ്കിൽ ഭാണ്ഡം മുറുക്കിവന്ന വഴിയേ ഓടിക്കോളൂ!"

സിൽവറിന്റെ മുഖം ചുവന്നു. കണ്ണുകൾ തുറിച്ച് രൗദ്രമായി. പൈപ്പിലെ തീ ദ്വേഷ്യത്തോടെ തട്ടിയെറിഞ്ഞുകൊണ്ടു് അയാൾ മണ്ണിലൂടെ ഇഴഞ്ഞിഴഞ്ഞു് വേലിയ്ക്കരികിലെത്തി. പത്തലിൽപ്പിടിച്ച് എഴുന്നേററു നിന്നു. എന്നിട്ട് അടുത്തുണ്ടായിരുന്ന ഊററിലേക്കു് കാക്കിച്ചുതുപ്പി.

"നിങ്ങളിരിക്കുന്ന ഈ പുരയ്ക്കകത്തിരുന്നു് ഒരു മണിക്കൂറിനകം ഞാൻ റം കുടിക്കും. ഇതു് ജോൺ സിൽവറാണു പറയുന്നതു്. ഓർമ്മയിരിക്കട്ടെ!"

അയാൾ എന്തെല്ലാമോ പറഞ്ഞുകൊണ്ടു് തിരിഞ്ഞു നടന്നു. കൂട്ടുകാരന്റെ സഹായത്തോടെ കുററിക്കാട്ടുകളിൽ ക്ഷണം മറയുകയും ചെയ്തു.

## VI

സിൽവർ കണ്ണിൽനിന്നു് മറഞ്ഞയുടൻ ക്യാപ്റ്റൻ പുറകോട്ടു തിരിഞ്ഞുനോക്കി. ആരുമില്ലവിടെ. ഗ്രേ മാത്രം.

ക്യാപ്ററൻ കോപംകൊണ്ടു തുള്ളിപ്പോയി. ഞങ്ങളാദ്യമാണു് അദ്ദേഹത്തെ അങ്ങനെ കാണുന്നതു്.

"ആരവിടെ. ഗ്രേ, നീ മാത്രമേയുള്ളോ? പിന്നെല്ലാം എന്തിനിറങ്ങിത്തിരിച്ചു?"

ഞങ്ങളെല്ലാവരും അകത്തായിരുന്നു; ഓരോ ജോലിയിൽ വ്യാപൃതരായിട്ട്.

ക്യാപ്റ്ററൻ കുറേനേരം മിണ്ടിയില്ല. എന്നിട്ട്; "കൂട്ടുകാരെ, സിൽവർ മുഖത്തടികൊണ്ടതുപോലെയാണ് പോയതു്. നമ്മളെക്കാൾ അവർ എണ്ണത്തിൽ കൂടും. എന്നാലും ഒരുമിച്ച് അച്ചടക്കത്തോടെ നിന്നാൽ നമുക്കുതന്നെ ജയം.''

ക്യാപ്റ്ററൻ എഴുന്നേററ് കുടിലിനകത്തെല്ലാം പരിശോധിച്ചു; തൃപ്തനായി.

തോക്കുകൾ ഞങ്ങൾ നിറച്ച് തയ്യാറാക്കി. കഠാരികൾ മുറിയുടെ നടുവിൽ കൂട്ടിയിട്ടു.

"തണുപ്പുപോയി; അടുപ്പെടുത്തു പുറത്തുവയ്ക്കൂ. കണ്ണുകാണാൻ പാടില്ലാതാകുമല്ലൊ!'' — ക്യാപ്റ്ററൻ പറഞ്ഞു.

ട്രലൊനി ഇരുമ്പടുപ്പ് പുറത്തേയ്ക്കെടുത്തുകൊണ്ടുപോയി കനൽ മുഴുവൻ മണലിലിട്ടു കെടുത്തി.

"ഹാക്കിൻസ്, നീ കാലത്തെ ഒന്നും കഴിച്ചില്ലേ? എല്ലാം കഴിച്ച് ഉഷാറായി നിന്നോളൂ........ഞങ്ങൾ, എല്ലാവർക്കും ഓരോ കപ്പ് ബ്രാണ്ടി കൊടുക്കൂ!" — ക്യാപ്റ്ററൻ അന്വേഷണം നടത്തി നിർദ്ദേശം കൊടുത്തു.

ക്യാപ്റ്ററൻ തൻെറ പ്ലാൻ - ശത്രുക്കളെ നേരിടാനുള്ള പ്ലാൻ ഇങ്ങനെ വിവരിച്ചു:

"ഡോക്ടർ! നിങ്ങളീ വാതില്ക്കൽത്തന്നെ നിൽക്കണം. പുറത്തു കാണരുതു്. അകത്തുനിന്നേ വെടിവെയ്ക്കാവൂ. ഹണ്ടർ കിഴക്കും ജോയ്സ് പടിഞ്ഞാറും നില്ക്കണം. ട്രിലോനീ, നിങ്ങളൊരൊന്നാംതരം വെടിക്കാരനാണ്. നിങ്ങളും ഗ്രേയും വടക്കുവശം കാക്കുക. അവിടന്നാണ്

അപകടം കൂടുതൽ. നമ്മൾ മടിച്ചുപോയാൽ... .....
പോയി!''

തണുപ്പു കുറേശ്ശേ മാറിത്തുടങ്ങിയിരുന്നു. സൂര്യൻ വൃക്ഷശിഖരങ്ങളുടെ മുകളിലെത്തിയിരിക്കുന്നു. കോട്ടും പുതപ്പും ഞാൻ അഴിച്ചുമാററി. ഞങ്ങളോരോരുത്തരും സ്ഥാനങ്ങളിൽ നില്ക്കുയാണ്. ഉല്ക്കണ്ഠയുടെ ഊഷ്മാവു നിറഞ്ഞ നിമിഷങ്ങൾ.

ഒരുമണിക്കൂർ ഇഴഞ്ഞിഴഞ്ഞു കടന്നുപോയി!

ഒരു മണിക്കൂറാണ് സിൽവർ അവധി പറഞ്ഞിരുന്നത്!

"നശിച്ചവർ! നിന്നു നിന്നു മടുത്തു! ഒരനക്കംപോലും......!" ക്യാപ്ററൻ അക്ഷമനായിപ്പറഞ്ഞു.

പെട്ടെന്ന് ആക്രമണത്തിൻെറ ആദ്യസൂചനകൾ കിട്ടിത്തുടങ്ങി.

"ക്യാപ്ററൻ, ആരെയെങ്കിലും കണ്ടാൽ ഞാൻ വെടിവെയ്ക്കട്ടേ!"—ജോയ്സ് ചോദിച്ചു.

"ഞാനതല്ലേ പറഞ്ഞതു്."— ക്യാപ്ററൻ.

"കൊള്ളാം! വളരെ നന്ദി!"— ജോയ്സ്.

കുറേനേരത്തേക്ക് ഒന്നും സംഭവിച്ചില്ല. എന്നാൽ ജോയ്സിൻെറ ചോദ്യം ഞങ്ങളെ ഉണർത്തി. ഞങ്ങളോരോരുത്തരും കണ്ണും ചെവിയും ശ്രദ്ധിച്ചു.

പെട്ടെന്ന് ഒരു വെടി!! ജോയ്സിൻെറ തോക്കിൽ നിന്നായിരുന്നു അതു്. ആ ധ്വനി അടങ്ങിയില്ല, അതിനുമുമ്പുതന്നെ പുറകെ പുറകെ നിരനിരയായി വെടി പൊട്ടിത്തുടങ്ങി. ഇങ്ങോട്ടും വെടിയുണ്ടകൾ വന്ന് പുരയുടെ ഭിത്തിയിൽ തറയ്ക്കുന്നുണ്ടായിരുന്നു. ഒന്നും അക

ത്തെത്തിയില്ല. വെടിയും പുകയും ഒന്നടങ്ങി. ഒന്നും സംഭവിക്കാത്ത മട്ടുണ്ട്, അന്തരീക്ഷത്തിന്. ഒരിലപോലും അനങ്ങുന്നില്ല.

"എവിടെ? അയാളെത്തട്ടിയോ?" ക്യാപ്റ്ററൻ ജോയ്സിനോട് ചോദിച്ചു.

"ഇല്ലെന്നു തോന്നുന്നു, സർ!"—ജോയ്സ്.

തോക്ക നിറച്ചോള്ളൂ, ഹാക്കിൻസ്; എത്ര ബുള്ളററായി, ഡോക്ടർ?" – ക്യാപ്റ്ററൻ വിളിച്ചുപറഞ്ഞു.

"ഇവിടെ മൂന്ന്! മൂന്നു മിന്നല്വകൾ ഞാൻ കണ്ടു. രണ്ടെണ്ണം അടുത്തടുത്ത്. ഒന്ന് കുറേ പടിഞ്ഞാറായി."—ഡോക്ടർ.

"ത്രിലേനി! അവിടെയെത്ര?"—ക്യാപ്റ്ററൻ.

പെട്ടെന്നുത്തരം പറയാൻ അദ്ദേഹത്തിന്ന സാധിച്ചില്ല. ഏഴെന്നും എട്ടെന്നും ഓരോ അഭിപ്രായം ഓരോരുത്തക്കുമുണ്ടായി. വടക്കനിന്നുള്ള ആക്രമണമാണ് ശക്തിയേറിയത് എന്ന് ഞങ്ങൾ മനസ്സിലാക്കി. ആ കുന്ന കയറിവരാൻ കൊള്ളക്കാർക്ക സാധിച്ചാൽ ഞങ്ങളെ ഓരോരുത്തരേയും അവർ വെടിവെച്ചു വീഴ്ത്തുമെന്ന് ഞങ്ങൾക്കറിയാമായിരുന്നു.

ചിന്തിക്കാനധികം നേരമില്ലായിരുന്നു. അതാ, കുന്നുകേറി ഒരുക്കൂട്ടം കൊള്ളക്കാർ ഞങ്ങളുടെ നേരേ വരുന്നു. കാട്ടിൽനിന്നും വീണ്ടും വെടി പൊട്ടിത്തുടങ്ങി. ഒരുണ്ട പാഞ്ഞുവന്ന് ഡോക്ടരുടെ തോക്ക് തകർത്തു തരിപ്പണമാക്കി.

പാഞ്ഞുവന്നവർ കുരങ്ങന്മാരേപ്പോലെ വേലി ചാടിക്കയറി. പ്രഭുവിൻെറയും ഗ്രേയുടേയും തോക്കുകൾ തുരുതുരെ പൊട്ടി. മൂന്നുപേർ നിലത്തുവീണു; ഒരാൾ വേലി

ക്കകത്തും രണ്ടാം പുറത്തും. പുറത്തേക്കു വീണ ആരം എഴുന്നേററ് വലിഞ്ഞിഴഞ്ഞു് കാട്ടിനുള്ളിൽ മറഞ്ഞു.

നാലുപേർ ഞങ്ങളുടെ അതിർത്തിക്കകത്തു പ്രവേശിച്ചുകഴിഞ്ഞിരുന്നു. അവർ പുരയുടെ നേരേ അലറിക്കൊണ്ടു പാഞ്ഞു കാട്ടിലുള്ളവർ അവരെ ശബ്ദകോലാഹലമുണ്ടാക്കി പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. എത്ര വെടിവെച്ചിട്ടും അവരെ തടുക്കാൻ സാധിച്ചില്ല. ഒരു നിമിഷത്തിനകം അവർ ഞങ്ങളുടെ അടുത്തെത്തിക്കഴിഞ്ഞിരുന്നു.

ജോബ് ആൻേറഴ്സനായിരുന്നു മുമ്പിൽ. "ഓടിവരിൻ, പിടിക്കിൻ!" അയാഠം വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.

ഹണ്ടറിൻെറ കൈയിൽനിന്നും ഒരാഠം തോക്കു തട്ടിപ്പറിച്ച് അയാളെ അടിച്ചു താഴെ വീഴ്ത്തി. അയാഠം ബോധംകെട്ടുപോയി. മറെറാരാഠം പുരയുടെ ചുററം പാഞ്ഞുനടന്നു് വാതിൽക്കലെത്തി കത്തിയുമായി നില കൊണ്ടു.

ഞങ്ങളുടെ സമനില തെററിയിരുന്നു. ഇതുവരെ ഒളിച്ചിരുന്നു് ഞങ്ങഠം ശത്രുക്കളെ നേരിടുകയായിരുന്നു. ഇപ്പോഴിതാ അവർ ഞങ്ങളുടെ മുററത്തെത്തിയിരിക്കുന്നു.

പുകയും, മിന്നലും, ശബ്ദവും കൊണ്ടു് ആ പുരയും പരിസരങ്ങളും നിറഞ്ഞു.

"പുറത്തേയ്ക്കു", കത്തിയുമായി പുറത്തേയ്ക്കു്! എന്നിട്ടു് സമരം!"— ക്യാപ്ററൻ ആജ്ഞാപിച്ചു.

ഞാനൊരു കത്തിയുമെടുത്തുകൊണ്ടു് പുറത്തേയ്ക്കോടി. ആരോ ഒരാഠം എൻെറ തൊട്ടുപുറകെ പാഞ്ഞടുക്കുന്നുണ്ടായിരുന്നു. അതിനുപുറകേ ഡോക്ടറം. ഡോക്ടറുടെ

അടി മുഖത്തേററ് എൻെറ പുറകേ പാഞ്ഞ ആറ നില ത്തുവീണു്, കുന്നിൻ ചരിവിലൂടെ, ഉരുണ്ടു് താഴോട്ടു പോയി.

"പുരയ്ക്കുചുററി, പുരയ്ക്കുചുററി!" ക്യാപ്ററൻ വിളിച്ചുകൂവി. ആ ശബ്ദത്തിൽ എന്തൊരു മാററം! ഞാൻ പുരയുടെ മൂലയ്ക്കലേയ്ക്കു് പാഞ്ഞുചെന്നു. ആൻേറഴ്സ നുണ്ടവിടെ. അയാറം കത്തിയൂരികൊണ്ടു് എൻെറ നേരേ പാഞ്ഞു. എൻെറ കാലിടറി ഞാൻ നിലത്തുവീ ണുരുണ്ടു. എഴുന്നേററപ്പോറം മററുള്ള കൊള്ളക്കാരെല്ലാം കൂടി ഞങ്ങളെ സംഹരിക്കാൻ പാഞ്ഞുവരുന്നതാണു് കണ്ടതു്.

ഗ്രേ എൻെറ പുറകെ പാഞ്ഞുവന്നു് ആൻേറഴ്സ നെ വെട്ടിവീഴിച്ചു. പുരയ്ക്കുനേരേ കൈയിൽ തോക്കുമാ യി വന്ന ഒരുവൻ വെടിയേററു നിലംപതിച്ചു. കൈയി ലിരുന്ന തോക്കു് ഇറുക്കിപ്പിടിച്ചുകൊണ്ടു് അയാറം നില ത്തുകിടന്നു പിടച്ചു. മൂന്നാമതൊരുത്തനെ ഡോക്ടർ അ ടിച്ചു വീഴ്ത്തി. നാലുപേരേ അകത്തു കടന്നുള്ളു. അവ രിൽ നാലാമൻ ഓടി ഒളിക്കാൻ ശ്രമിക്കയായിരുന്നു.

"അയാളെ വെടിവെയ്ക്കൂ!" — ഡോക്ടർ അലറി.

എന്നാൽ ഡോക്ടറുടെ ആഹ്വാനം ആരും കേട്ടില്ല. അയാറം ഓടിരക്ഷപെട്ടു. കൊള്ളക്കാരിൽ അഞ്ചുപേർ ഇത്തവണ മരിച്ചു.

ഡോക്ടറും, ഗ്രേയും ഞാനും ആത്മരക്ഷയ്ക്കായി പു രയ്ക്കുള്ളിലേയ്ക്കോടി.

മുറിയ്ക്കകത്തെ പുക ഒട്ടുമുക്കാലും മാറിയിരുന്നു. എന്തു വില കൊടുത്താണു് ഞങ്ങറക്കീ വിജയം ലഭിച്ച തു്? ഹണ്ടർ മരിച്ചുകിടക്കുന്നു! ജോയ്സ് തലയിൽ

വെടിയേററ് അർദ്ധപ്രാണനായിക്കിടക്കുന്നു! പ്രഭുവും ക്യാപ്ററനും കൂടി അയാളെ താങ്ങിപ്പിടിച്ചിരിക്കയാണു്.

"ക്യാപ്ററന്് മുറിവേററ!" ത്രിലേനി പറഞ്ഞു.

"എല്ലാവരും ഓടിരക്ഷപെട്ടോ?" — ക്യാപ്ററ .

"രക്ഷപെട്ടതു് ഒരാൾമാത്രം! അഞ്ചുപേർ മരിച്ചു വീണു!" — ഡോക്ടർ.

"അഞ്ചോ?" — ക്യാപ്ററൻ അത്ഭുതത്തോടെ പറഞ്ഞു - "മൂന്നാംക്കു് അഞ്ചാൾ. പത്തൊമ്പതുപേർക്കെതിരെ നാം ഏഴുപേരായിരുന്നു. ജയം നമുക്കുതന്നെ!!"

# ഭാഗം അഞ്ച്

## കപ്പൽ വീണ്ടെടുക്കുന്നു

### I

കൊള്ളക്കാർ തിരിച്ചുവന്നില്ല. കാട്ടിനുള്ളിൽനിന്നു് പിന്നെ വെടി പൊട്ടിയുമില്ല. "അവർക്കു് ഇന്നത്തെ 'വഹ' കിട്ടി.'' — ക്യാപ്ററൻ പറഞ്ഞു. കിട്ടിയ സമയംകൊണ്ടു് മുറിവുകഠം കഴുകുകയും വെച്ചുകെട്ടുകയും ചെയ്യാൻ ഞങ്ങഠം തയ്യാറായി. ഞാനും പ്രഭുവും പുറത്തുതന്നെ അടുപ്പുകൂട്ടി ആഹാരം പാകംചെയ്യാൻ തുടങ്ങി. മുറിവേററവരുടെ തേങ്ങലുകഠം അകത്തുനിന്നു് കേട്ടിരുന്നു.

ഞങ്ങളുടെ കൂട്ടത്തിൽനിന്നു് ക്യാപ്ററനും ഹണ്ടറും വീണുപോയി. ഹണ്ടറിന്റെ മുറിവുകഠം മാരകമായിരുന്നു. പകൽ മുഴുവൻ ബുദ്ധിമുട്ടിയാണയാഠം ശ്വസിച്ചിരുന്നതു്. അയാളുടെ ചങ്കെല്ലുകഠം തകന്നിരുന്നു. രാത്രി വലിയ ഒച്ചപ്പാടൊന്നും കൂടാതെ അയാഠം സ്രഷ്ടാവിൽ ലയിച്ചു.

ക്യാപ്ററന്റെ മുറിവുകളും ഗുരുതരമായിരുന്നു. എങ്കിലും അപകടകരങ്ങളല്ലായിരുന്നു. ആൻേറഴ്സന്റെ വെടി അദ്ദേഹത്തിന്റെ തോളെല്ലുകഠം തകർത്തിരുന്നു. അതു് ശ്വാസകോശത്തോളമെത്തിയിരുന്നു. ഒരു പക്ഷേ ആ മുറിവുണങ്ങുന്നതിനു് ആഴ്ചകഠംതന്നെ വേണ്ടിവന്നേക്കുമെന്നു് ഡോക്ടർ അഭിപ്രായപ്പെട്ടു.

എന്റെ കൈപ്പത്തിയിലേററ മുറിവ് സാരമില്ലായിരുന്നു. ഡോക്ടർ അതു് പ്ലാസ്റ്റർ വച്ചുകെട്ടി; ചെവിക്കൊരു തിരുമ്മും സ്നേഹപൂർവ്വം തന്നു.

ഉച്ചഭക്ഷണവും കഴിഞ്ഞു് ഡോക്ടറും പ്രഭുവും ക്യാപ്ററന്റെ സമീപത്തിരുന്നു് എന്തോ ആലോചിക്കയായിരുന്നു. ഉച്ചകഴിഞ്ഞപ്പോൾ ഡോക്ടർ തൊപ്പിയെടുത്തുവെച്ചു്, ഒരു തോക്കും കത്തിയും കൈയിലെടുത്തു്, പോക്കററിൽ ഭൂപടവും തിരുകി എങ്ങോട്ടോ ഇറങ്ങി. വടക്കോട്ടു തിരിഞ്ഞു് പെട്ടെന്നു് അപ്രത്യക്ഷനായി.

ഗ്രേയും ഞാനും അവരുടെ സംഭാഷണം കേൾക്കാൻവയ്യാത്ത ഒരററത്തിരിക്കയായിരുന്നു. പെട്ടെന്നുള്ള ഡോക്ടറുടെ ഈ പോക്കു് ഗ്രേയെ സ്തംഭിപ്പിച്ചുകളഞ്ഞു.

"ഡോക്ടർക്കു് കിറുക്കുണ്ടോ?" — വായിൽനിന്നു് പൈപ്പെടുത്തുകൊണ്ടു് ഗ്രേ പെട്ടെന്നു ചോദിച്ചു.

"അക്കാര്യത്തിൽ നമ്മളേക്കാൾ ഭേദം.'' — ഞാൻ.

"അദ്ദേഹത്തിനില്ലെങ്കിൽ പിന്നാർക്കാണു്? എനിക്കാണോ? ഓ, നോക്കൂ!" — ഗ്രേ ഡോക്ടറെ ചൂണ്ടിക്കാണിച്ചു.

''ഡോക്ടർക്കെന്തോ ഉദ്ദേശമുണ്ടു്. മി: ബെൻഗണിനേക്കാണാനായിരിക്കാം പോകുന്നതു്." — ഞാൻ.

ഞാൻ പറഞ്ഞതു് ശരിയായിരുന്നു.

ഉച്ചവെയിലിൽ വീടു മുഴുവൻ ചൂടുപിടിച്ചു് പുകഞ്ഞിരിക്കയാണു്. മണൽ ആളിക്കത്തുന്നതുപോലെ തോന്നി. എനിക്കു് ഡോക്ടറോടു് അസൂയയുണ്ടായി. പച്ചിലമരങ്ങളുടെയിടയിലൂടെയുള്ള ആ യാത്ര എത്ര സുഖപ്രദം! ചുററുപാടും കിളികളുടെ കളകൂജനവും, പൂ

ക്കളുടെ സൗരഭ്യവും. എന്റെ ചുററുമോ? കട്ടപിടിച്ച ചോരയുടെ ദുർഗ്ഗന്ധം! മുറിവേററവരുടെ ദീനാക്രന്ദനം!

ഞാൻ മുറി വെടിപ്പാക്കിക്കൊണ്ടിരുന്നപ്പോഴും പാത്രം കഴുകിക്കൊണ്ടിരുന്നപ്പോഴുമെല്ലാം ഈ വിചാരം എന്റെ തലച്ചോററിൽ വന്നും പോയുമിരുന്നു. ആരും കാണാതെ ഏതോ പ്രേരണയാൽ, ആഹാരപ്പൊതിയിൽ നിന്നും കുറേ ബിസ്ക്കററുകൾ ഞാൻ എന്റെ പോക്കററിൽ തിരുകി നിറച്ചു. ഒരു തോക്കും കുറേ ഉണ്ടയും കൈവശപ്പെടുത്തി ഞാൻ യാത്രയായി.

ബെൻഗൺ പറഞ്ഞിരുന്ന വെൺപാറക്കെട്ടുകളുടെയിടയിൽ ഒരു വഞ്ചി കിടപ്പുണ്ടെന്നു് എനിക്കറിയാമായിരുന്നു. ആരുമറിയാതെ അതു ലക്ഷ്യമാക്കി ഞാൻ നടന്നു. എന്റെ രണ്ടാമത്തെ മണ്ഡന്തരത്തിന്റെ കഥയാരംഭിക്കുകയാണു്. ഞാൻ വൃക്ഷങ്ങളുടെയിടയിൽ മറഞ്ഞു.

നേരേ കിഴക്കോട്ടാണു് ഞാൻ നടന്നതു്. ചൂടും വെളിച്ചവും കാടുകളിൽ അപ്പോഴും ഉണ്ടായിരുന്നെങ്കിലും നേരം വൈകിത്തുടങ്ങിയിരുന്നു. ഇടതൂന്ന പച്ചിലക്കാടുകൾക്കിടയിലൂടെ ഞാൻ മുമ്പോട്ടു നടന്നു. നടന്നു് നടന്നു് ഞാൻ സമുദ്രതീരത്തെത്തി. കടൽ ചക്രവാളം വരെ ഞെറിവിയന്ന നീലപ്പട്ടുപോലെ വിടന്നു കിടക്കുന്നു. തീരത്തുവന്നടിക്കുന്ന തിരയും നുരയും അതിനരികിൽ പൂകുത്തുന്നു.

ഹിസ്പ്പാനിയോളാ കുറെയകലെ കാണാം. കാററു് ഒട്ടൊന്നടങ്ങി. മൂടൽമഞ്ഞു് വീണുതുടങ്ങി. ഒരിടത്തായി ഒരു ചെറിയ ബോട്ടു കിടക്കുന്നു. സിൽവറും മററു രണ്ടാളുകളും അതിനകത്തിരുന്നെന്തോ സംസാരിക്കയാണു്.

ഇടയ്ക്കിടയ്ക്ക് ഉറക്കെ ചിരിക്കുന്നുണ്ടു്. കുറേ ദൂരെയായിരുന്നതുകൊണ്ടു് അവരെന്താണു് പറഞ്ഞിരുന്നതെന്നു് എനിക്കറിഞ്ഞുകൂടായിരുന്നു.

കുറേ കഴിഞ്ഞു് അവർ ബോട്ടു് കരയിലേക്കു് തുഴഞ്ഞടുപ്പിച്ചു.

അപ്പോഴേക്കും സൂര്യൻ അസ്തമിക്കാറായിരുന്നു. മൂടൽമഞ്ഞിനു് കട്ടി കൂടിക്കൂടിവരുന്നു; ഇരുട്ടു വ്യാപിച്ചതുപോലെ. ഇനിയും താമസിച്ചാൽ എന്റെ ബോട്ടു് കണ്ടുപിടിക്കാനൊക്കില്ല എന്നു ഞാൻ മനസ്സിലാക്കി.

പാറക്കെട്ടിലേക്കു് ഇനിയും രണ്ടുഫർലോംഗ് ദൂരമുണ്ടായിരുന്നു. അവിടെ ഞാനെത്തിയപ്പോഴേക്കും ഇരുട്ടിയിരുന്നു. അതിനു ചുററുപാടും പച്ചപ്പായലുകളും മററു് ജലസസ്യങ്ങളും പടർന്നുപിടിച്ചിരുന്നു. നടുക്കായി ഒരു കൂടാരം. ഇംഗ്ലണ്ടിലെ നാടോടികളുടെ കൂടാരംപോലെ ഒന്നു്.

ഞാൻ കൂടാരത്തിന്റെ വശം ഉയർത്തിനോക്കി. ബെൻഗൺ പറഞ്ഞ ബോട്ടുണ്ടവിടെ. ചെത്തിമിനുക്കാത്തതുകൊണ്ടു് വശങ്ങൾ പരുപരുത്ത ഒരു ബോട്ടു്. എത്ര ചെറിയ ബോട്ടു്! ഞാനെങ്ങനെ അതിൽ തുഴഞ്ഞുപോകും?

ഏതായാലും ഞാനതിൽക്കയറി കൂസലെന്യേ ഹിസ്പ്പാനിയോളായിലേക്കു് തുഴഞ്ഞു. ഹിസ്പ്പാനിയോളാ കെട്ടഴിച്ചു് സമുദ്രത്തിൽ എവിടെയെങ്കിലും ഒഴുക്കണമെന്നായിരുന്നു എന്റെ ഉദ്ദേശം. അതോടെ കൊള്ളക്കാരുടെ രക്ഷാകേന്ദ്രം തീർന്നല്ലോ.

കുറേക്കൂടെ ഇരുട്ടാകാൻ ഞാൻ കാത്തിരുന്നു. അതൊരു സുപ്രധാന രാത്രിയായിരുന്നു. മഞ്ഞിനു് കട്ടി കൂടിക്കൂടിവന്നു. ഇരുട്ടു് എങ്ങും പരന്നു. പൂർണ്ണമായ അന്ധകാ

രം. വഞ്ചി തോളിലെടുത്തു് കുറേദൂരം എനിക്കു് നടക്കേണ്ടിയിരുന്നു. വേലിയിറക്കമായിരുന്നതുകൊണ്ടു് കൂടുതൽ മണൽപ്പരപ്പു് പൊന്തിവന്നിരുന്നു. അവിടെനിന്നു് കരയ്ക്കു് കൊള്ളക്കാരുടെ ക്യാമ്പിൽ കത്തിയിരുന്ന അഗ്നികുണ്ഡം എനിക്കു കാണാമായിരുന്നു. അതുപോലെതന്നെ കപ്പലിൽ ക്യാബിനിലെ മെഴുകുതിരി വെളിച്ചവും. ഞാൻ ബോട്ടു് കടലിലിറക്കി, മന്ദംമന്ദം തുഴഞ്ഞു.

## II

ബെൻഗണ്ണിന്റെ വഞ്ചി എനിക്കു ധാരാളം മതിയാകുമായിരുന്നു. എന്നാലും അതിൽ തുഴഞ്ഞുനീങ്ങുക ബുദ്ധിമുട്ടുതന്നെ. കറങ്ങിക്കറങ്ങിയാണതു വെള്ളത്തിലൂടെ നീങ്ങിയിരുന്നതു്.

വഞ്ചി ഞാൻ തുഴഞ്ഞു. എങ്ങോട്ടാണു് അതു് പോകുന്നതെന്നു് എനിക്കുതന്നെ അറിഞ്ഞുകൂടായിരുന്നു. ഭാഗ്യംകൊണ്ടു് ഒഴുക്കു് താഴോട്ടായിരുന്നു. വഞ്ചി ഹിസ്പ്പാനിയോളായിലേയ്ക്കടുക്കുകയായിരുന്നു. ആദ്യമാദ്യം കപ്പൽ കറുത്തിരുണ്ട ഒരു വസ്തുവായേ തോന്നിയുള്ളു. അടുത്തടുത്തുവന്നപ്പോൾ അതു് വ്യക്തമായിത്തുടങ്ങി. വഞ്ചി കപ്പലിനോടടുത്തു. ഞാൻ കപ്പലിൽ ചാടിപ്പിടിച്ചു. കടലിലേക്കു തൂങ്ങിക്കിടന്ന കയറിൽത്തന്നെ പിടികിട്ടി.

നങ്കൂരത്തിൽ കൂട്ടികെട്ടിയിരുന്ന ആ കയറു് ഇരുമ്പുപോലെ ബലിഷ്ഠമായിരുന്നു. എന്നാലും കത്തികൊണ്ടു് ആ കയറൊന്നു മുറിച്ചുവിട്ടാൽ മതി, ഹിസ്പ്പാനിയോളാ താഴോട്ടു യാത്രയാകാൻ.

കാര്യം ശരിതന്നെ. എന്നാൽ അത്ര പെട്ടെന്നു് അതു് ചെയ്യുന്നതു് എനിക്കും അപകടകരമല്ലേ എന്ന ചിന്ത എന്നെ പിടികൂടി. കപ്പലിന്റെ ഒഴുക്കുചാലി

ലൂടെ എന്റെ വഞ്ചിയും താഴോട്ടുപോയതുതന്നെ; ഇല്ലെങ്കിൽ ആ ചുഴിയിൽപ്പെട്ട് മുങ്ങി നശിച്ചതുതന്നെ.

ഞാനിങ്ങനെ ആലോചിച്ചുനില്ക്കുമ്പോഴ് ഒരു ചെറിയ കടലൊഴുക്ക് കപ്പലിനെ മേൽപ്പോട്ടു തള്ളാനാരംഭിച്ചു. എന്റെ കൈയിലിരുന്ന കയറ് മന്ദമായി അയഞ്ഞു.

ഞാനൊടുവിൽ തീരുമാനിച്ചു. കത്തിയെടുത്ത് കടിച്ചു നിവർത്തി. നങ്കൂരത്തിലുറപ്പിച്ചിരുന്ന കയറ് ഓരോന്നായി മുറിച്ചുതുടങ്ങി. അവസാനം ഒന്നോ രണ്ടോ പിണി! കയറിലായി കപ്പലിന്റെ നില. ഒരു കടലൊഴുക്ക വന്നാൽ മതി; കയറുപൊട്ടി, കപ്പൽ താഴോട്ടുപോകുകയായി.

കപ്പലിൽനിന്ന് എന്തെല്ലാമോ ശബ്ദം കേൾക്കുന്നു. എങ്കിലും എന്റെ മനസ്സ് അന്യഥാ വ്യാവൃതമായിരുന്നതുകൊണ്ട് അത് അത്ര കാര്യമായി ശ്രദ്ധിച്ചില്ല.

ഇസ്രായേൽ ഹാൻറ്സിന്റെ ശബ്ദമായിരുന്നു ഒന്ന്. മറേറതു പഴയകൂട്ടരിൽ ഒരാൾതന്നെ. അവർ മൂക്കററം കുടിച്ചിരുന്നു. പോരാഞ്ഞിട്ട് വീണ്ടും കുടിച്ചു മറിയുകയായിരുന്നു. അവരിലൊരാൾ ക്യാബിൻ മുറി തുറന്ന് എന്തോ പുറത്തേക്ക് വലിച്ചെറിഞ്ഞു. ഒരു കാലിക്കുപ്പിയോ മറേറാ ആയിരുന്നു അത്. അകത്തേ സംവാദത്തിന് ചൂടു കൂടിക്കൂടി വരുന്നു. കല്ലെറിയുന്ന ശക്തിയോടെ ശപഥങ്ങൾ ഒന്നിനുപുറകേ ഒന്നായി കേട്ടുതുടങ്ങി. അടിവരെയാകുമോ എന്നായി സംശയം!

കരയിലുള്ള ക്യാമ്പിൽ കത്തിക്കൊണ്ടിരുന്ന അഗ്നികുണ്ഡം അപ്പോഴും എനിക്കു കാണാമായിരുന്നു. കേട്ടു തഴമ്പിച്ച ആ പഴയ കപ്പൽപ്പാട്ട് ആരോ ഒരാൾ ഇഴ

ഞ്ഞ ഈണത്തിൽ പാടിക്കൊണ്ടിരിക്കുന്നു. എത്രയോ തവണ ഞാൻ കേട്ടിട്ടുള്ളതാണാപ്പാട്ട്! കാലത്തുനടന്ന സംഘട്ടനത്തെക്കുറിച്ചൊന്നും ആ കൊള്ളക്കാർ ഇപ്പോഴോർക്കുന്നില്ല!

ഒരു പെറിയ കാററ്! കപ്പൽ ഒന്നിളകിയുലഞ്ഞു. കൂട്ടത്തിൽ എൻെറ പെറിയ വഞ്ചിയും. നങ്കൂരം കെട്ടിയിരുന്ന കയറ് ആഞ്ഞുവലിഞ്ഞു. അവസാനത്തെ ചരടും ഞാൻ മുറിച്ചു. കാററ് കപ്പലിനെയാണധികം ഉലച്ചത്. ഹിസ്പ്പാനിയോളാ ഒഴുക്കിലൂടെ നീന്താനാരംഭിച്ചു. എൻെറ വഞ്ചിയും അപകടത്തിലേക്ക് ക്രമേണ നീങ്ങിക്കൊണ്ടിരിക്കുന്നതായിത്തോന്നി; കപ്പലിൻെറ പുറകേ തന്നെ. ഭാഗ്യത്തിന് വെള്ളത്തിനുമുകളിൽക്കിടന്ന ഒരു കയറിൻെറ അഗ്രം പിടികിട്ടി.

കപ്പലും വഞ്ചിയും താഴോട്ടൊഴുകുകയായിരുന്നു അപ്പോൾ. കരയിലുള്ള അഗ്നികുണ്ഡം കൂടുതൽ വ്യക്തമായിക്കണ്ടുതുടങ്ങി. ആ വെളിച്ചത്തിൽ കപ്പലിൽ ആരോ രണ്ടുപേർ തമ്മിൽ ഭയങ്കരമായ ബലപരീക്ഷണം നടക്കുന്നു. ഒന്ന് ഇസ്രായേൽ ഹാൻറ്സ് തന്നെ. മറേറതോ?

എൻെറ തലച്ചോറിൽ അവ്യക്തമായ എന്തെല്ലാമോ ഭീകരതകൾ മൂളിപ്പറക്കുന്നതായിത്തോന്നി. ഞാൻ വഞ്ചിയിൽ പുറകോട്ടു മറിഞ്ഞുവീണു.

ഒടുവിൽ ആ പഴയ കടൽപ്പാട്ടുമാത്രം ഇഴഞ്ഞിഴഞ്ഞു വരുന്നു. അതും മന്ദ മന്ദമായിത്താഴ്ന്ന് പെട്ടന്നൊരു കൂട്ടവിളിയായി മാറി.

പെട്ടെന്ന് ഞാൻ കണ്ണുതുറന്നു. എൻെറചുററും തിരമാലകൾ കെട്ടിമറിയുന്നു. അലറുന്നശബ്ദം. ഭയങ്കരമായ നീചിമ. ഹിസ്പ്പാനിയോളാ വെള്ളത്തിലൂടെ കയ

റിപ്പോകുന്ന ഒരു കത്തിപോലെ കടലിൽ മുമ്പോട്ടു പാഞ്ഞു. ഞാൻ ശ്രദ്ധിച്ചു. കപ്പൽ തെക്കോട്ടുതന്നെ.

ഞാൻ തലയുയർത്തി നോക്കി. എന്റെ ഹൃദയം വാരിയെല്ലുകളിൽ വന്നു മുട്ടുന്നതുപോലെ ഒരു തോന്നൽ. നേരെപുറകിൽ, ദൂരത്തായി തീക്കണ്ഡം ഇപ്പോഴും കത്തിയെരിയുന്നു. കടലൊഴുക്കൊന്നു മാറിവീണു. കപ്പൽ വെട്ടിത്തിരിഞ്ഞു് മറെറാരു ലക്ഷ്യത്തിലേക്കു് പാഞ്ഞു. പുറകേ ചാഞ്ചാടിക്കൊണ്ടു് എന്റെ ബോട്ടും. പൊങ്ങിയും താണും ശബ്ദമുണ്ടാക്കിക്കൊണ്ടു് പുറംകടലിലേക്കു് കപ്പൽ തിരിഞ്ഞു തിരിഞ്ഞു പാഞ്ഞു.

കപ്പലിന്റെ മുകളിൽനിന്നു് ആരെല്ലാമോ കൂവിവിളിക്കുന്നു. കപ്പലിലെ കോണിപ്പടി തകന്നോടിയുന്ന വിധം കാലടികളുടെ ശബ്ദം. തങ്ങളുടെ അപകടത്തെക്കുറിച്ചു് കുടിയന്മാരായ കപ്പൽക്കാർ മനസ്സിലാക്കിയിരിക്കുന്നു എന്നെനിക്കു തോന്നി.

ദൈവത്തെക്കുറിച്ചു മാത്രം വിചാരിച്ചുകൊണ്ടു് ഞാൻ ബോട്ടിൽ അപ്പോഴും കിടക്കുകയാണു്. പുറംകടലിൽ വഞ്ചിയിറങ്ങിയാൽപ്പിന്നെ എന്റെ കാര്യം തീന്നതുതന്നെ. എന്നാൽ മരണം മന്ദം മന്ദം അടുത്തുവരുന്നതു് എങ്ങനെ നോക്കിനില്ക്കും.

മരണത്തെക്കുറിച്ചുള്ള ചിന്ത എന്നെ ഒരുതരം ബോധഹീനാവസ്ഥയിലേയ്ക്കു് നയിച്ചു. ഉടലാകെ മരവിച്ചുപോയതുപോലെ. ഞാനുറങ്ങിപ്പോയി. തിരമാലകളുടെ കൈകളിൽ ചാഞ്ചാടിയിരുന്ന എന്റെ കൊച്ചുവഞ്ചിയിൽക്കിടന്നു് ഞാൻ അഡ്മിറൽ ബെൻബോ സത്രത്തെക്കുറിച്ചു് പേത്തും പേത്തും സ്വപ്നംകണ്ടു.

## III

ഞാൻ ഉണന്നപ്പോഴേക്കും നേരം വെളുത്തിരുന്നു. സമ്പദ്ദ്വീപിൻെറ തെക്കുവശത്താണ് എൻെറ ബോട്ട് എത്തിയിരിക്കുന്നതു്. അതു് നെട്ടവീപ്പിട്ടുന്നതുപോലെ പൊങ്ങിയും താണും ഇളകിക്കൊണ്ടിരുന്നു. സൂര്യനുദിച്ചുയന്നിരിക്കുന്നു. അടുത്തുകിടക്കുന്ന കുന്നു് തെളിഞ്ഞുതെളിഞ്ഞുവരുന്നു.

വഞ്ചി പാറക്കെട്ടുകളിലടുപ്പിച്ചാലോ? ഞാനാലോചിച്ചു. അതപകടമാണു്. കടൽച്ചെന്നായ്ക്കൾ പുളച്ചുമറിയുന്ന ആ തീരത്തെങ്ങാനും അടുത്താൽ മരണം തീച്ചയാണു്. അവയുടെ മുരമുരപ്പു് എൻെറ ചെവിയിലെത്തുന്നു. അപകടത്തിൻെറ പല്ലുകൾക്കിടയിൽ അറിഞ്ഞുകൊണ്ടു് തലവെച്ചുകൊടുക്കുന്നതിനേക്കാൾ നല്ലതു് കടലിൽത്തന്നെ വീണു മരിക്കുന്നതല്ലേ?

അപ്പോഴും എന്നെ ഭാഗ്യം ഉപേക്ഷിച്ചില്ല. അടുത്തുകിടക്കുന്ന കുന്നിൻെറ ചുവട്ടിലെ മണൽത്തിട്ട തെളിഞ്ഞുകിടക്കുന്നു. ആ പ്രദേശങ്ങളെക്കുറിച്ചെല്ലാം സിൽവർ പറഞ്ഞിട്ടുള്ളതു് ഞാനോത്തു. അയാൾ പറഞ്ഞിട്ടുള്ള വടക്കൻ കടലൊഴുക്കിൽ വഞ്ചി അകപ്പെട്ടുകയും ചെയ്തിരിക്കുന്നു.

കടൽ ശാന്തമാണു്. കാററ് അനുക്രൂലവും. തൻെറ വഞ്ചി, സാവധാനം ശാന്തമായി ഒഴുകാനാരംഭിച്ചു.

കുറേ കഴിഞ്ഞപ്പോൾ എനിക്കു ധൈര്യം വന്നു. ഞാനെഴുന്നേററിരുന്നു. ഒരുകൈ തുഴഞ്ഞുനോക്കാൻ തന്നെ തീരുമാനിച്ചു. എന്നാൽ ബോട്ടിൻെറ സമനില നഷ്ടപ്പെടാതെങ്ങനെ തുഴയാൻ സാധിക്കും? പെട്ടെന്നു് വഞ്ചി മറെറാരു ഓളപ്പാത്തിയിൽ വീണു. വഞ്ചിയുടെ

ഗതി എനിക്കു നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ഞാൻ പഴയതുപോലെ പുറകോട്ടു മറിഞ്ഞുവീണു. എങ്കിലും ഞാൻ മനസ്സാന്നിദ്ധ്യം ഉപേക്ഷിച്ചില്ല. ബോട്ടിൽ കയറിയ ജലം ഞാൻ തൊപ്പികൊണ്ടു് മുക്കിക്കളഞ്ഞുകൊണ്ടിരുന്നു.

കടലിൻെറ മുഖം ക്ഷോഭിച്ചുക്ഷോഭിച്ചു വരുന്നു. തിരമാലകൾ ഭീകരമായ ആകൃതി കൈക്കൊണ്ടു. കുന്നുകൾ പോലെ ഉരുണ്ടുരുണ്ടു് അവ ബോട്ടിൻെറ നേരേ പാഞ്ഞുവരുന്നു.

കിടക്കുന്നിടത്തുനിന്നു് അനങ്ങാതിരിക്കയാണു് സുരക്ഷിതമെന്നു് ഞാൻ മനസ്സിലാക്കി. കിടന്നുകൊണ്ടു് ആവുംവിധം ഞാൻ വഞ്ചിയുടെ ഗതി നിയന്ത്രിച്ചുകൊണ്ടിരുന്നു.

വളരെ ബുദ്ധിമുട്ടുള്ള പണിയായിരുന്നു അതു്. എത്രയും സാവധാനമേ തുഴയാൻ സാധിച്ചുള്ളു! "കേപ് ഓഫ് ദി വുഡ്സ്" അടുത്തു. എങ്കിലും കുറേക്കൂടി കിഴക്കോട്ടു വഞ്ചിയൊഴുകിപ്പോയി. അവിടെയടുക്കാനൊത്തില്ല. അടുത്ത കടവിലെങ്കിലും അടുക്കാനൊത്തെങ്കിൽ!!

സമയം വളരെ വൈകി. ദാഹംകൊണ്ടു വലഞ്ഞു. സൂര്യൻെറ ഉഗ്രമായ ചൂടു് മുകളിൽ. ശരീരവും മുണ്ടും ഉപ്പുവെള്ളം തെറിച്ചുണങ്ങി ചെതുമ്പൽ പിടിച്ചതുപോലെയായി. തൊട്ടടുത്തുള്ള കരയിലായി നില്ക്കുന്ന പച്ചിലത്തൊടികൾ എൻെറ ദാഹം ഇരട്ടിയാക്കി. വിചാരിച്ച കടവുകടന്നു് വഞ്ചി വീണ്ടും കിഴക്കോട്ടുപോയി. പെട്ടെന്നു് ഒരു കാഴ്ച എൻെറ ചിന്തയെ തടഞ്ഞുനിർത്തി.

എൻെറ മുൻവശത്തു് അര മൈലകലെ ഹിസ്പ്പാനിയോളാ ഒഴുകിപ്പോകുന്നു. അതിൻെറ വെൺപാ

മരം സൂര്യപ്രകാശത്തിൽ തിളങ്ങി. അതു് കാററിൻെറ വഴിയിൽച്ചെന്നു വീണിരുന്നതുകൊണ്ടു് അതിവേഗം പായാനാരംഭിച്ചു. പാമരം കാററത്തുലഞ്ഞാടി.

"കൊള്ളരുതാത്തവർ. കുടിച്ചു ലക്കില്ലാതെ കിടക്കുകയാണു്." ഞാൻ കപ്പലിലുള്ളവരേക്കുറിച്ചു വിചാരിച്ചു.

മുമ്പോട്ടു പാഞ്ഞുകൊണ്ടിരുന്ന കപ്പൽ പെട്ടെന്നു നിന്നു. മുമ്പോട്ടും പിമ്പോട്ടും ഇടത്തോട്ടും വലത്തോട്ടും ചാഞ്ഞും ചരിഞ്ഞും നിന്നും നിരങ്ങിയും അതു് മുമ്പോട്ടു നീങ്ങാനാരംഭിച്ചു. പാമരം നിലകിട്ടാതെ കാററിൽ ചിറകിട്ടടിച്ചു. കപ്പൽ തിരിക്കാൻ കപ്പലിലാരുമില്ലെന്നു് ഞാൻ മനസ്സിലാക്കി. പിന്നെവിടെപ്പോയി അതിലുള്ള കൊള്ളക്കാരെല്ലാം? ഒന്നുകിൽ അവരെല്ലാം കടന്നുകളഞ്ഞു; ഇല്ലെങ്കിൽ കുടിച്ചു ബോധമില്ലാതെ കിടക്കുന്നു. ഞാൻ കപ്പലിലുണ്ടായിരുന്നെങ്കിൽ, അതു് ഞാൻ ക്യാപ്ററൻ സ്മോളററിൻെറ അടുത്തു് എത്തിച്ചേനേ.

കുറേനേരം കപ്പൽ ഒരിടത്തു് നിശ്ചലമായി നിന്നു. കാററും കുറേനേരത്തേയ്ക്കില്ലായിരുന്നു. ഞാനാത്തരം ഉപയോഗിച്ചു് വഞ്ചി കപ്പലിനെ ഒന്നു ചുററിച്ചു് ക്യാബിൻെറ നേരെ നിർത്തി. ക്യാബിനിൽ അപ്പോഴും വിളക്കു കത്തിക്കൊണ്ടിരിക്കുന്നു.

ഞാൻ കഷ്ടിച്ചു് ഒരു നൂറു വാര കപ്പലിനോടടുത്തിട്ടുണ്ടാവും. കപ്പൽ ഒരു കാററിൽ പെട്ടെന്നു് വീണ്ടും മുമ്പോട്ടുപാഞ്ഞു. പെട്ടെന്നു് നിരാശയാണെനിക്കുണ്ടായതു്. എങ്കിലും കപ്പലിൻെറ പാർശ്വം എൻെറ നേരേ വന്നതിൽ എനിക്കു കൗതുകം തോന്നി. ഞാൻ കപ്പ

ലിനോട്ട കൂടുതൽ കൂടുതൽ അടുത്തുവന്നു. ഇനി പ്രവർത്തിക്കേണ്ട സമയമാണു്. കപ്പലിലെ അഴക്കമ്പി എന്റെ തലയ്ക്കുമുകളിൽ തത്തിക്കളിക്കുന്നു. ഞാൻ എഴുന്നേററുനിന്നു് ബോട്ടിൽ കാലൊന്നമർത്തി മുകളിലേക്കു കുതിച്ചു. ഒററച്ചാട്ടത്തിനു് കമ്പിയിൽ പിടികിട്ടി. ബോട്ട് കപ്പലിൽവന്നിടിച്ച് ദൂരത്തേക്ക് നീങ്ങിപ്പോകയുംചെയ്തു. അങ്ങനെ വിധി എന്നെ വീണ്ടും കപ്പലിൽ എത്തിച്ചു.

## IV

ഞാൻ കപ്പലിലെ കമ്പിയിൽ ചാടിപ്പിടിച്ചില്ല, അതിനുമുമ്പുതന്നെ പാമരത്തിന്റെ ഒരുഭാഗം പൊട്ടി കപ്പലിലേയ്ക്കു വീണു; ഒരു തോക്കു പൊട്ടിയ ശബ്ദത്തോടെ. കപ്പൽ അടിമുടി ഒന്നു നടുങ്ങി. എങ്കിലും പൊളിയാത്ത പാമരങ്ങളുടെ സഹായത്തോടെ അതു് മുമ്പോട്ടുപോയി.

ഈ ലഹളകൾക്കിടയിൽ കടലിലേക്ക് ഞാൻ തെറിച്ചുവീണുപോകുമോ എന്നു ഭയന്നു. എങ്കിലും കമ്പിയിലൂടെ പിടിച്ച് പിടിച്ച് ഡക്കിൽ ഒരുവിധം ചെന്നു പററി. കപ്പലിന്റെ മുൻവശത്താണു് ഞാനെത്തിയതു്. അവിടെയെങ്ങും ഒരു ജീവിയേയും ഞാൻ കണ്ടില്ല. ലഹള കഴിഞ്ഞു് ആദ്യമാണു് ഞാനാ കപ്പലിൽ കയറുന്നതു്.

രണ്ടുപേരെങ്കിലും തീർച്ചയായും അതിലുണ്ടാകണം. റെഡ്ക്യാപ്പും, ഹാന്റ്സും.

കുറേനേരത്തേക്ക് കപ്പൽ ഒരു ഭ്രാന്തൻ കുതിരയെപ്പോലെ അങ്ങോട്ടുമിങ്ങോട്ടും തുള്ളിക്കൊണ്ടിരുന്നു. പാമരം കാററിന്റെ വായിൽപ്പെട്ട് ഞെരങ്ങി. ഇട

യ്ക്കിടയ്ക്ക് ജലകണങ്ങൾ ഡക്കിൽ തെറിച്ചു വീണിരു
ന്നു. എന്റെ വഞ്ചി അപ്പോഴേക്കും കടലിൽ എത്തി
യിരുന്നു.

റെഡ്ക്യാപ്പും ഹാൻറ്സും കുടിച്ച് ലക്കറ്റിരു
ന്നു. കപ്പലിന്റെ ചലനങ്ങൾക്കനുസരിച്ച് അവരും
ആടിയും മറിഞ്ഞും ഉരുണ്ടും കഴിച്ചിരുന്നു. അവർ എ
ന്റെ മുമ്പിൽനിന്നും മറയാൻ വളരെ ശ്രമിച്ചു. ഒടുവിൽ
എങ്ങോ പോയി ഒളിച്ചു.

അവരുടെ ചുററം കറുത്ത ചോര ചിതറി കട്ടകെട്ടി
ക്കിടക്കുന്നതു് അതിനിടയിൽ ഞാൻ കണ്ടു. കുടിച്ചു മ
റിഞ്ഞ് അവരന്യോന്യം കുത്തി മുറിവേല്പിച്ചിരിക്കണ
മെന്നു് ഞാൻ ഊഹിച്ചു.

അതിനിടയ്ക്ക് ഇസ്രായേൽ ഹാൻറ്സ് ആടികു
ഴഞ്ഞ് ഡക്കിലെത്തി. അയാളുടെ ഈ പരിക്ഷീണാവ
സ്ഥയിൽ എനിക്കു സഹാനുഭൂതി തോന്നി. എന്നാൽ
അവരുടെ സംഭാഷണം കേട്ടമാത്രയിൽ അതു് ഹൃദയത്തി
ലിരുന്നുതന്നെ വററിപ്പോയി.

ഞാനിക്കുടിയന്മാരുടെ അടുത്തേയ്ക്കു പതുക്കെപ്പതു
ക്കെ നടന്നുചെന്നു.

"ഞാനിതാ തിരിച്ചു വന്നിരിക്കുന്നു"—പരിഹാസ
ത്തോടെ ഞാൻ ഹാൻസിനോടു പറഞ്ഞു.

വളരെ ബുദ്ധിമുട്ടി അയാൾ തന്റെ ഉണ്ടക്കണ്ണുകൾ
ഉരുട്ടിമിഴിച്ച് എന്റെ മുഖത്തുനോക്കി. എന്നിട്ടയാൾ
വിക്കിവിക്കി വിമ്മിഷ്ടപ്പെട്ടു പറഞ്ഞു: "ബ്രാണ്ടി.. ..!"

സമയം കളയാതെ ഞാൻ ക്യാബിൻമുറിയിലേക്ക്
കടന്നു. അവിടം മുഴുവൻ തല്ലിത്തകർത്തിരിക്കുന്നു. ദ്വീ
പിന്റെ ചാർട്ടു് കൊള്ളക്കാർ അന്വേഷിച്ചതാണു്. ക

പ്പലിൻെറ തറമുഴവൻ ചെളിയും വെള്ളവും നിറഞ്ഞു കിടക്കുന്നു. ഒഴിഞ്ഞ വൈൻകുപ്പികൾ ഒരു മൂലയ്ക്കു് കൂട്ടിയിട്ടിരിക്കുന്നു. ഡോക്ടരുടെ ഒരു പുസ്തകം മേശപ്പുറത്തു് തുറന്നതന്നെ കിടക്കുന്നു.

വിപ്ലവമാരംഭിച്ചതിനുശേഷം കപ്പലിൽ ആൎക്കും ബോധമുണ്ടായിരുന്നില്ല എന്നു തോന്നുന്നു.

കപ്പലിൽനിന്നു് കുറേ ബിസ്ക്കററും പഴങ്ങളും തിന്നു് ഞാൻ വിശപ്പടക്കി. ഒരുകുപ്പി ബ്രാണ്ടി ഹാൻറ്സിനു കൊടുത്തു.

അതു് കുടിച്ചുകൊണ്ടു് അയാൾ പറഞ്ഞു:

"വയറൻ, തിന്നു തീൎക്കുകയാണു്."

"എന്താ മുറിവു് ഗുരുതരമാണോ...?"

"ഡോക്ടർ ഉണ്ടായിരുന്നെങ്കിൽ എല്ലാം ഭേദമായേനേ. എന്നാലെനിക്കു ഭാഗ്യമില്ല. അയാളേ നോക്കു. ഭാഗ്യവാൻ മരിച്ചുകഴിഞ്ഞു." അരികെ കിടക്കുന്നയാളെ കാണിച്ചുകൊണ്ടു് ഹാൻറ്സ് പറഞ്ഞു.

"പിന്നെ, നിങ്ങളെവിടുന്നാ........." ഹാൻറ്സ് തുടൎന്നു.

"ഞാൻ കപ്പൽ കീഴടക്കാൻ വന്നതാണു്. ഇനിയൊരുത്തരവുണ്ടാകുന്നതുവരെ ഞാനാണു ക്യാപ്റ്റൻ!" —ഞാൻ.

എൻെറ മുഖഭാവത്തെക്കു് അസുഖത്തോടെ ഹാൻറ്സ് തുറിച്ചുനോക്കി.

ഞാൻ തുടൎന്നു: "ഹാൻറ്സ്! നമുക്കീ പൊക്കിയിരിക്കുന്ന കൊടികളൊന്നും വേണ്ട. നിങ്ങളുടെ അനുവാദത്തോടെ എല്ലാം മുറിച്ചുകളയാൻ പോകയാണു്."

അവരുയർത്തിയിരുന്ന കരിങ്കൊടി ഞാൻ വലിച്ചു താഴ്ത്തി.

"ഇംഗ്ലണ്ടിലെ രാജാവിനെ ദൈവം രക്ഷിക്കട്ടെ!" തൊപ്പിയുയർത്തിപ്പിടിച്ചുകൊണ്ടു് ഞാൻ വിളിച്ചുപറഞ്ഞു. "ക്യാപ്ററൻ സിൽവറിൻെറ ഭരണം അവസാനിപ്പിച്ചിരിക്കുന്നു."

ഇസ്രായേൽ കുനിഞ്ഞിരുന്നുകൊണ്ടു് എന്നേയും എൻെറ പ്രവൃത്തികളേയും ശ്രദ്ധിക്കുകയായിരുന്നു.

"ക്യാപ്ററൻ ഹാക്കിൻസ്, കരയ്ക്കോട്ടല്ലേ...?" ഹാൻറ്സ് ചോദിച്ചു.

"അതെയതെ."— ഞാൻ.

വീണുകിടക്കുന്ന ശവത്തെ നോക്കി ദുർബ്ബലസ്വരത്തിൽ ഹാൻറ്സ് വിക്കിവിക്കിപ്പറഞ്ഞു: "ഇയ്യാള്ള്- ഇയ്യാളുടെ പേരു് ഓബ്രീനെന്നാ. ഒരസ്സൽ ഐർലണ്ടു്. ഇയ്യാളും ഞാനുംകൂടി തിരിച്ചുപോകാൻ പായ് വലിച്ചുകെട്ടിയതാ. കഷ്ടം! അയാളു ചത്തു. ഇനി ആരാ കപ്പലോടിക്കാ. നിങ്ങൾക്കറിയോ? ഞാൻ പറയാം. അതു പോലെ ഓടിച്ചാമതി!!"

നേരേ വടക്കോട്ടാണു് കപ്പലോടിക്കേണ്ടതെന്നു് ഞാൻ പറഞ്ഞു. അയാൾ അതിനു സമ്മതിച്ചു.

അടുത്ത നിമിഷത്തിൽ ഹിസ്പ്പാനിയോളാ സമ്പദ്ദ്വീപിൻെറ തീരത്തുകൂടി വടക്കോട്ടു നീന്തിത്തുടങ്ങി.

ഞാൻ താഴത്തെത്തട്ടിലേയ്ക്കു പോയി. ഒരു കൈലേസ് എടുത്തുകൊണ്ടുവന്നു. ഹാൻറ്സിൻെറ തുടയിലെ മുറിവ് അതുപയോഗിച്ചു കെട്ടി, രക്തപ്രവാഹം തടഞ്ഞു. രണ്ടു കപ്പി ബ്രാണ്ടികൂടെച്ചെന്നപ്പോൾ അയാ

ളുടെ മുഖം വികസിച്ചു.

കാററ് ഞങ്ങളെ വളരെ സഹായിച്ചു. തീരപ്രദേശങ്ങളിലെ പൈൻകാടുകളും പാറക്കെട്ടുകളും കടന്ന് ഞങ്ങൾ മുമ്പോട്ടു പോയി.

എനിക്ക് അതിയായ അഹ്ലാദമുണ്ടായി. നല്ല പ്രകാശവും സൗകര്യവുമുള്ള ദിവസം. മനോഹരമായ പ്രകൃതിദൃശ്യങ്ങൾ.

പുതിയ സുഹൃത്ത് എൻെറ കൂടെത്തന്നെയുണ്ടായിരുന്നു. അയാളുടെ മുഖത്തെ ദയനീയമായ പുഞ്ചിരി, അയാളുടെ നിസ്സഹായാവസ്ഥയെ വിളിച്ചറിയിച്ചു. ആ ചിരിയിൽ ചതിയും അവജ്ഞയും ഒളിച്ചിരിപ്പുണ്ടായിരുന്നോ എന്തോ? ആക്കറിയാം?

V

കാററ് പടിഞ്ഞാട്ടുതിരിഞ്ഞു വീശിത്തുടങ്ങി; ഞങ്ങൾക്കനുകൂലമായിത്തന്നെ. ഇസ്രായേൽ ഹാൻറ്സ് കപ്പലുറപ്പിക്കേണ്ട വിധം എനിക്കു പറഞ്ഞുതന്നു. പല തവണത്തെ ശ്രമത്തിൻെറ ഫലമായി എനിക്കതു സാധിച്ചു. ഞങ്ങൾ ആഹാരം കഴിക്കാനിരുന്നു.

"ക്യാപ്റ്റൻ!"—ഹാൻറ്സ് വഞ്ചനയിൽപ്പൊതിഞ്ഞ പുഞ്ചിരിയോടെ പറഞ്ഞു. "ഇതാ, ഓബ്രീൻ കിടക്കുന്നു. ഇയ്യാളെ എന്തുചെയ്യണം. മറവു ചെയ്യേണ്ടേ?''

"എനിക്കതിനുള്ള തൻേറടമില്ല, ഹാൻറ്സ്!" ഞാൻ ഇടറിയ സ്വരത്തിൽ പറഞ്ഞു.

"ഗതികിട്ടാത്ത കപ്പലാ ഇതു്-കേട്ടോ ജിം! എത്ര പേരിതിൽ ചത്തെന്നോ? ദാ ഓബ്രീൻതന്നെ. ആട്ടെ,

ചാകുന്നതു നല്ലതിനാണോ? ചത്താൽപ്പിന്നെ ഉയിർത്തെഴുന്നേൽക്കുമോ?"—ഹാൻറ്സ് തുടങ്ങി.

"നമുക്ക് ശരീരത്തെ മാത്രമേ കൊല്ലാനൊക്കൂ. ആത്മാവിനെ കൊല്ലാനൊക്കുകയില്ല." ഞാൻ പറഞ്ഞു. "ഓബ്രീൻ പരലോകത്തു നിന്നുകൊണ്ടു് നമ്മളെ ശ്രദ്ധിക്കുന്നുണ്ടാവണം."

"അതു കഷ്ടംതന്നെ, അപ്പൊഴ് കൊല്ലുന്നതൊരു പാഴ്‌വേലയാ—ഇല്ലേ ജിം! എനിക്കീ ബ്രാണ്ടി പററില്ല. കട്ടി കൂടുതലാ. ഒരു കപ്പ് വൈൻ വേണല്ലോ. ജിം താഴെപ്പോയി ഒരു കപ്പ് കൊണ്ടുവാ........" ഹാൻറ്സ് പറഞ്ഞു.

അയാളുടെ ഈ പുതിയ അടവ് എനിക്കു മനസ്സിലായി. ഞാൻ ഡക്കിൽനിന്നും തല്ക്കാലമൊന്നു് മാറിക്കൊടുക്കണമെന്നുള്ളതാണു് അയാളുടെ ആവശ്യം. അതു് തുറന്നുപറയാനൊക്കുമോ? പക്ഷേ, എന്തിനായിരിക്കുമതു്? എനിക്കൊരു തുമ്പുംകിട്ടിയില്ല. ഇതുവരെ ഹാൻറ്സ് എൻെറ മുഖത്തു നോക്കിയിട്ടില്ല. അയാളുടെ കണ്ണുകൾ മറെറങ്ങോ അലഞ്ഞു തിരിഞ്ഞു കൊണ്ടിരുന്നു. അയാളുടെ ചിരിയിലും, നോട്ടത്തിലും പെരുമാററത്തിലുമെല്ലാം അവ്യക്തമായ ഒരു അപകടം ഒളിച്ചിരിക്കുന്നതായി എനിക്കു തോന്നി. ഞാനിതു മനസ്സിലാക്കിയെങ്കിലും ഇങ്ങനെ മറുപടി പറഞ്ഞു:

"വൈനോ? കൊള്ളാം; ചുവപ്പുവേണോ, വെള്ള വേണോ?"

"ഏതെങ്കിലും. എനിക്കെല്ലാം ഒരുപോലെയാ."
—ഹാൻറ്സ്.

"ശരി, ഞാൻ തനിക്ക് പോർട്ട് വൈൻ കൊണ്ടു വരാം. അല്പം താമസിച്ചേക്കാം."—ഞാൻ.

ഞാൻ ധൃതി അഭിനയിച്ചുകൊണ്ട് അവിടെനിന്നു പോയി കോണിപ്പടിയുടെ ചുവട്ടിൽ, അയാളെന്തെടുക്കുന്നു എന്നറിയാൻ പതുങ്ങിനിന്നു.

കൈയും മുട്ടും കുത്തി ഹാൻറ്സ് എഴുന്നേററുനിന്നു. അയാളുടെ തുടയിലെ മുറിവ് വേദനിക്കുന്നുണ്ടെന്ന് എനിക്കു മനസ്സിലായി. വേദനയോടുകൂടിയ ഞരങ്ങലുകൾ എൻെറ ചെവികളിൽ വന്നടിച്ചു. അയാൾ പെട്ടെന്ന് ഡക്കിൻെറ ഒരു മൂലയിലേക്കുപോയി ഒരു കഷണം കയറും ഒരു കഠാരിയും കൈവശപ്പെടുത്തി. അവ തൻെറ ഉടുപ്പിനകത്ത് ഭദ്രമായി ഒളിച്ചുവെച്ചു അയാൾ പഴയസ്ഥാനത്തേക്കുതന്നെ തിരിച്ചുപോന്നു.

അറിയേണ്ടതറിഞ്ഞു ഞാൻ. ഇസ്രായേലിന് എഴുന്നേററു് നടക്കാൻ സാധിക്കും; കൈയിലായുധവുമുണ്ടു്. ഈ ആയുധം എൻെറ മാറത്ത് വീഴാനുള്ളതാണെന്നും എനിക്കു വ്യക്തമായി. കപ്പലിൽ മററാരുമില്ലല്ലൊ അയാളുടെ ബലിമൃഗമാകാൻ. ഇനി അയാളെന്തുചെയ്യുമെന്ന് എനിക്ക് മുൻകൂട്ടി മനസ്സിലാക്കാൻ സാധിച്ചില്ല. ഒററയ്ക്കുതന്നെ നേരിടുമോ അടയാളം കൊടുത്ത് കൂട്ടുകാരെ വരുത്തി എന്നെ നേരിടുമോ എന്നുള്ളതേ സംശയമുണ്ടായിരുന്നുള്ളു.

എങ്കിലും ഒരു കാര്യത്തിൽ എനിക്കയാളെ വിശ്വസിക്കാമായിരുന്നു. അയാൾക്കെന്നെയും. കപ്പൽ ഭദ്രമായി കരയ്ക്കടുപ്പിക്കുന്ന കാര്യത്തിൽ. കാരണം, ഞങ്ങൾ രണ്ടുപേരുടെയും പൊതുലക്ഷ്യമായിരുന്നു അതു്. അതുകൊണ്ടു് കപ്പൽ കരയ്ക്കടുക്കുന്നതുവരെ എൻെറ ജീവന് അ

പകടമുണ്ടാകുകയില്ലെന്നു് ഞാൻ വിശ്വസിച്ചു.

ഇങ്ങനെ ഒരായിരം ചിന്തകൾ മനസ്സിലുണ്ടായിരുന്നെങ്കിലും ഞാൻ ക്യാബിനിലേയ്ക്കു് പോകാൻ മറന്നില്ല. അവിടെച്ചെന്നു് എൻെറ പുതിയ ഷൂസ് കാലിൽ തിരുകിക്കടത്തി, ഒരുകുപ്പി വൈനുമെടുത്തു് ഡക്കിലേക്കു് വേഗം മടങ്ങിച്ചെന്നു.

ഹാൻറ്സ് പരിക്ഷീണനെപ്പോലെ ഡക്കിൽ കിടക്കുകയായിരുന്നു. കുപ്പിവാങ്ങി അടപ്പുതട്ടി, അയാൾ വൈൻ അകത്താക്കി. എന്നിട്ടു് കുറേനേരം തളൎന്നുകിടന്നു. ഒരു പുകയിലയെടുത്തു് എൻെറ നേരേ നീട്ടി അയാൾ പറഞ്ഞു: "ജിം! ഇതൊന്നു മുറിച്ചുതാ, എൻെറ കൈയിൽ കത്തിയില്ല; ഉണ്ടെങ്കിലും മുറിയ്ക്കാനൊള്ള തൻെറടോമില്ല."

ഞാൻ പറഞ്ഞു: "അതെല്ലാം ചെയ്തുതരാം. ഞാനായിരുന്നു തൻെറ സ്ഥാനത്തെങ്കിൽ, ഈ സമയത്തു് ദൈവത്തെ വിചാരിച്ചുകൊണ്ടു് വല്ലയിടത്തുമിരുന്നേനേ."

"ങ്—അതെന്താ......" ഹാൻറ്സ്.

"എന്താണെന്നോ?"— എൻെറ ശബ്ദം അല്പം ഉയൎന്നു. "മരണത്തെക്കുറിച്ചെല്ലാം ഇപ്പോൾ താനെന്നോടു ചോദിച്ചേയുള്ളു. താൻ പാപത്തിലും ചോരയിലും കുളിച്ചാണു് ഇത്രയുംനാൾ ജീവിച്ചതു്; താൻ കൊന്ന ഒരു മനുഷ്യനിതാ കിടക്കുന്നു. എന്നിട്ടും ചോദിക്കയാണു് എന്താന്നു്?"

എൻെറ സ്വരത്തിൽ ചൂടും അയാളുടെ വഞ്ചനയോടുള്ള വൈരാഗ്യവും കലൎന്നിരുന്നു.

"ഞാൻ മുപ്പതുകൊല്ലായി ഈ തൊഴിൽ തൊടങ്ങീട്ടു്. നല്ല ഒരുത്തനേം ഇതുവരെ കണ്ടിട്ടില്ല. കൊ

ന്നാൽപ്പിന്നെയൊരുത്തൻ തിരിഞ്ഞു കടിയ്ക്കുമോ? ഇല്ല. അതാണു് എൻെറ തത്വം. അപ്പൊഴേ, ഹാക്കിൻസ് ഒഴക്ക് നമുക്കങ്ങെങ്കുലമാ, കപ്പല് നടത്ത്യേ!"–ഹാൻറ്സ് തൻെറ വേദാന്തം വിളമ്പി.

ഏതാണ്ടു് രണ്ടു മൈൽകൂടി സഞ്ചരിച്ചാലേ കടവിലടുക്കാനൊക്കൂ. ഇസ്രായേൽ ഹാൻറ്സ് നല്ല ഒരു പൈലട്ടാണെന്നെനിക്കറിയാം. അയാളുടെ സഹായം എനിക്കു കൂടിയേ പററൂ.

വടക്കേ മണൽപ്പുറത്തുള്ള കടവിലായിരുന്നു ഞങ്ങൾക്കടുക്കേണ്ടതു്. അങ്ങോട്ടടുത്തടുത്തു ചെന്നപ്പോൾ തകർന്നുകിടക്കുന്ന ഒരു വലിയ കപ്പലിൻെറ അവശിഷ്ടങ്ങൾ കാണാറായി.

ഹാൻറ്സ് വിളിച്ചു പറഞ്ഞു: "ഇവിടെ നോക്കു്! ദാ, മണപ്പൊറത്തുതന്നെ."

"ഇവിടെയടുത്താൽ...?''—ഞാൻ.

''എന്താ സംശയം. കപ്പലൊന്നു് തിരിക്കു്; കരയിലേക്കു്. ങ്, ങ്-അതുതന്നെ, കൊറച്ചൂടി, മതി, മതി; മതി. സ്റ്റെഡി.''— ഹാൻറ്സ് എനിക്കു് ഉപദേശം തന്നുകൊണ്ടിരുന്നു.

അപ്പോഴേയ്ക്കും ഹിസ്പ്പാനിയോളാ തിരിഞ്ഞു് കരയിലേക്കു് അടുത്തുതുടങ്ങി.

ഞാൻ കപ്പൽ അടുപ്പിക്കുന്നതിൽ ശ്രദ്ധാലുവായിരുന്നു. എൻെറ തലക്കുമുകളിൽ തൂങ്ങിക്കിടക്കുന്ന അപകടത്തെക്കുറിച്ചു് ഒട്ടുമുക്കാലും മറന്നേപോയിരിക്കുന്നു. പെട്ടെന്നൊരു കനമുള്ള സാധനം ഇഴയുന്ന ശബ്ദം പുറകിൽനിന്നും ഞാൻ കേട്ടു. ഒരു നിഴൽ ഇഴഞ്ഞിഴഞ്ഞു് എൻെറടുക്കലേക്കു് നീങ്ങുന്നതായി ഞാൻ കണ്ടു. തിരി

ഞ്ഞുനോക്കിയപ്പോൾ ഇസ്രായേൽ ഹാൻറ്സ് കൈയിൽ കഠാരിയുമായി എൻെറ നേരെ നിരങ്ങി നിരങ്ങി വരികയാണു്!

ഞാൻ ഭയന്നു നിലവിളിച്ചുപോയി. അയാൾ വിദ്വേഷത്തോടെ ഒന്നലറി, എൻെറ നേരേ കുതിച്ചു. ഞാൻ നിന്നിടത്തുനിന്നു് ഒരുവശത്തേക്കു് മാറി. ഇസ്രായേൽ ചാടിയതിൻെറ വേഗതകൊണ്ടു് നിലത്തു വീണുപോയി.

അയാൾ എഴുന്നേററു് വീണ്ടും എൻറടുത്തേക്കു് പാഞ്ഞപ്പോഴേക്കും കപ്പലിലെ പ്രധാന പാമരത്തിൻെറ ചുവട്ടിൽ ഞാനെത്തി. എൻെറ കൈത്തോക്കെടുത്തു് അയാളുടെ നേരേ നിറയൊഴിച്ചു. വെടിമരുന്നു് നനഞ്ഞു ഉപയോഗശൂന്യമായിരുന്നു. വെടി പൊട്ടിയില്ല. എന്തുചെയ്യണമെന്നറിയാതെ ഞാൻ പരിഭ്രമിച്ചു ഓട്ടക തന്നെ രക്ഷ.

എങ്കിലും ഞാനോടിയില്ല. പാമരത്തിൽ മുറുകെപ്പിടിച്ചുകൊണ്ടു് ഹാൻറ്സിൻെറ മുഖത്തു ദൃഷ്ടിയുറപ്പിച്ചു് ഞാൻ നിന്നു. ഞാനെതിർക്കുമെന്നു് മനസ്സിലായപ്പോൾ ഹാൻറ്സും കുറെയകലെയായി നിൽപ്പുറപ്പിച്ചു. കപ്പൽ പെട്ടെന്നു് കരയ്ക്കുചെന്നിടിച്ചു. ഞാനും ഇസ്രായേലും ഒരുപോലെ ഡക്കിൽ മറിഞ്ഞുവീണു. ഞാനാണാദ്യംപിടഞ്ഞെഴുന്നേററതു്. ഒരു പുതിയ രക്ഷാമാർഗ്ഗം എൻെറ ബുദ്ധിയിൽ തെളിഞ്ഞുവന്നു. ഞാൻ പാമരത്തിൽ പിടിച്ചു കയറി, വലിച്ചുകെട്ടിയിരുന്ന കയറിൽ ഇരിപ്പായി. ഹാൻറ്സ് എഴുന്നേററുവന്നപ്പോഴേക്കും ദൈവാധീനംകൊണ്ടു് ഞാൻ മുകളിലെത്തിയിരുന്നു. തുടയിൽ ഗുരുതരമായ മുറിവേററ ഹാൻറ്സ് എങ്ങനെ മുകളിൽക്കയറും? അയാൾ ചുവട്ടിൽവന്നു്, വായ്പൊ

ളിച്ചു് മേല്പോട്ടുനോക്കി.

കിട്ടിയ സമയം ഞാൻ പാഴാക്കിയില്ല. പിസ്റ്റൾ നിറയ്ക്കാനാരംഭിച്ചു. ഹാൻറ്സിനു് തൻെറ നില അപകടത്തിലാണെന്നു് മനസ്സിലായി. അയാൾ പാമരത്തിൽ പിടിച്ചു കയറാൻ പഠിച്ചപണി പതിനെട്ടും നോക്കി. മുറിവിൻെറ വേദനകൊണ്ടു് അയാൾ ഇടയ്ക്കിടയ്ക്കു് മൂളുകയും ഞരങ്ങുകയും ചെയ്തിരുന്നു. അയാൾ പാമരത്തിൽ കുറേ കയറി.

"ഒരടികൂടി വെച്ചാൽ! തൻെറ തല ഞാൻ വെടിവെച്ചുതകക്കും..." ഞാൻ വിളിച്ചുപറഞ്ഞു.

അയാൾ പെട്ടെന്നു് കയററം നിറുത്തി എന്തോ ആലോചിക്കുന്നതുപോലെ തോന്നി. ഞാൻ രക്ഷ കിട്ടിയവനേപ്പോലെ ഉറക്കെച്ചിരിച്ചു. കടിച്ചുപിടിച്ചിരുന്ന കഠാരി കൈയിലെടുത്തുകൊണ്ടു് അയാൾ പറഞ്ഞു: "ജിം! നമുക്കൊരു യോജിപ്പിലെത്താം. ഞാൻ കീഴടങ്ങാൻ തയ്യാറാ!"

പുരപ്പുറത്തു് കയറിയിരിക്കുന്ന ഒരു പൂവൻകോഴിയുടെ ധീരതയോടെ ഞാനയാളുടെ മുഖത്തുനോക്കി ചിരിച്ചുകൊണ്ടിരുന്നു. അയാളുടെ വലത്തുകൈയ് കത്തിയോടുകൂടി മന്ദം മന്ദം പൊക്കി. അതൊരു കരിങ്കൽച്ചില്ലുപോലെ എൻെറ തോളിൽ തുളച്ചുകയറി. ഞാൻ പാമരത്തോടു് ചേർന്നമർന്നുപോയി. എന്നാലും എൻെറ പിടി വിട്ടില്ല. എൻെറ പിസ്റ്റൾ അതിൻെറ നിറയൊഴിച്ചു. ബോധപൂർവ്വം ഞാൻ ചെയ്ത പ്രവൃത്തിയാണോ അതെന്നു് ഇപ്പോഴും ഞാൻ സംശയിക്കുന്നു.

ഇസ്രായേൽ ഹാൻറ്സ് ഒരു ഭയങ്കര നിലവിളിയോടുകൂടി തലകുത്തി വെള്ളത്തിലേക്കു് വീണു.

## VI

കടലിൻെറ അടിയോളമെത്തി, ഹാൻറ്സ് വീണ്ടും പൊന്തിവന്നു. ചുവന്ന നരയും പതയും ജലപ്പരപ്പിൽ നിറഞ്ഞു. അയാഠം വീണ്ടും താണു. അയാളുടെ ദേഹം ജലത്തിനടിയിൽ തെളിഞ്ഞുകിടക്കുന്ന മണലിൽ ചെന്നു് സാവധാനമിരുന്നു. അതിൻെറ മുകളിലൂടെ ചെറിയ മത്സ്യങ്ങഠം മണത്തുമണത്തു് കടന്നുപോയി.

എൻെറ കൈയ് പാമരത്തോടു് ചേത്തു തറച്ചിരുന്നു. ചൂടുള്ള രക്തം പുറത്തുക്കൂടിയും മാറിലൂടെയും ഒഴുകാനാരംഭിച്ചു. കൈയൊ ഇളക്കിയെടുക്കാൻ ഞാൻ കുറേ പാടുപെട്ടു. ഞാൻ രണ്ടുകൈകൊണ്ടും പാമരത്തിൽ മുറുകെപ്പിടിച്ചിരുന്നു. എൻെറ കണ്ണുകഠം വേദനകൊണ്ടു് താനേ അടഞ്ഞുപോയി. ക്രമേണ എനിക്കു് വീണ്ടും ആത്മശക്തി തിരിച്ചുകിട്ടി. കത്തി വലിച്ചൂരുന്നതെങ്ങനെയെന്നായി ചിന്ത. ഞാൻ സവ്വശക്തിയും സമാഹരിച്ചു്, പല്ലുകടിച്ചുകൊണ്ടു് ശരീരമാകെയൊന്നു കുടഞ്ഞു. കത്തി പാമരത്തിൽനിന്നു വിട്ടു. സമാധാനമായി. കൈ നീറിപ്പൊള്ളിക്കൊണ്ടിരുന്നെങ്കിലും മുറിവു് അത്ര ഗുരുതരമായിരുന്നില്ല.

ഞാൻ പാമരത്തിൽനിന്നു് താഴെയിറങ്ങി. മുറിവിൻെറ വേദനയും, അതിൽനിന്നൊലിച്ചിരുന്ന രക്തവും എന്നെ ഭയപ്പെടുത്തി. ഞാൻ തന്നെത്താൻ മുറിവു വെച്ചുകെട്ടി. എങ്കിലും രക്തം നിന്നില്ല.

ഇപ്പോഠം കപ്പലിൻെറ പരമാധികാരി ഞാനാണു്; ഞാൻ മാത്രമാണു്. ഓബ്രീൻെറ ശവശരീരം അവിടന്നു് നീക്കംചെയ്യാൻ ഞാൻ തീരുമാനിച്ചു. മുമ്പുണ്ടായിരുന്ന മടിയും, ഭയവും എങ്ങോട്ടു് എന്നെ വിട്ടുപിരിഞ്ഞി

രുന്നു. ഞാൻ ശവത്തിൻെറ അരക്കൂട്ടിൽ പിടിച്ചുയർത്തി, ഡക്കിൽനിന്നും വെള്ളത്തിലേയ്ക്കിട്ടു. അതു് ഇസ്രായേലിൻെറ സമീപത്തുതന്നെ താഴ്ന്നു താഴ്ന്നെത്തി. അയാളുടെ ചുവന്ന തൊപ്പി വെള്ളത്തിൽ പമ്പ നടന്നു. കുറേ മത്സ്യങ്ങൾ ആ ശവശരീരത്തെ ചുററിപ്പററി നിന്നു.

സൂര്യനസ്തമിക്കാറായിരുന്നു. കപ്പൽ അപ്പോഴും പതുക്കെ ഇളകിക്കൊണ്ടിരുന്നു.

ഞാൻ കരയ്ക്കിറങ്ങി. കപ്പൽ കരയ്ക്കടുത്തു കിടക്കുകയാണു്. കൊള്ളക്കാരിൽനിന്നും അതു രക്ഷപെട്ടിരിക്കുന്നു. എനിക്കും എൻെറ കൂട്ടുകാക്കും വേണ്ടി അതു കാത്തുകിടക്കുന്നു.

എനിക്കു് കൂട്ടുകാരെക്കാണാൻ തിടുക്കമായി. അവരോടു പറയാതെ പോന്നതിനു് ക്യാപ്ററൻെറ ശകാരമുണ്ടായേക്കും. എന്നാലും കപ്പൽ തിരിച്ചുകിട്ടിയല്ലൊ. അതിനുള്ള പ്രശസ്തി എനിക്കുതന്നെ കിട്ടുമല്ലൊ.

മുറിവിൻെറ വേദന മറന്നു്, ഉത്സാഹത്തോടെ ഞാൻ കുടിലിലേക്കു് തിരിച്ചു. വലത്തുവശത്തു് സ്പൈഗ്ലാസ് ഉയൻനില്ക്കുന്നു. ഇടത്തുഭാഗത്തു രണ്ടു മൊട്ടക്കുന്നുകളും. ഒരു കുറുക്കുവഴിയിലൂടെ ഞാൻ ദ്രുതഗതിയിൽ നടന്നു.

സന്ധ്യ മയങ്ങി. ബെൻഗണ്ണിനെക്കണ്ടുമുട്ടിയ സ്ഥലത്തുകൂടി ഞാൻ മുമ്പോട്ടുനീങ്ങി. കാട്ടിലൊരിടത്തു് ആരോ തീ കൂട്ടിയിരിക്കുന്നു. ഞാനാ പ്രകാശത്തിലൂടെ സഞ്ചരിക്കാതിരിക്കാൻ ശ്രമിച്ചു. സിൽവറോ കൂട്ടുകാരോ എന്നെക്കണ്ടു തിരിച്ചറിഞ്ഞാലോ?

നല്ലതുപോലെ ഇരുട്ടി. കുററിച്ചെടികളും മണൽക്കു

ന്നുകളും ചവിട്ടിമെതിച്ച് ലക്ഷ്യം മനസ്സിൽ കണ്ടുകൊണ്ട് മുന്നോട്ടു നടന്നു. ചുററുപാടുമുള്ള കാഴ്ചകൾ ക്രമേണ ഇരുട്ടിൽ മറഞ്ഞു. ആകാശത്ത് അങ്ങിങ്ങായി മങ്ങിമയങ്ങി നില്ക്കുന്ന ചില നക്ഷത്രങ്ങൾമാത്രം.

കുറേക്കഴിഞ്ഞപ്പോഴേക്കും ചന്ദ്രനുദിച്ചു. വഴി തിരിച്ചറിഞ്ഞു നടക്കാമെന്നായി. ഞാൻ ഗതിവേഗം കൂട്ടി. നടന്നും ഓടിയും കൂട്ടുകാരുടെയടുത്തെത്താൻ വെമ്പി. നിലാവ് പച്ചിലക്കാടുകളിലെങ്ങും പരന്നൊഴുകി. ഇലകളിൽ നൃത്തംവെയ്ക്കുന്ന നിലാവിൻെറ ഭംഗി എൻെറ ഹൃദയത്തെ അപഹരിക്കാതിരുന്നില്ല. എന്നാൽ ഞാനൊരിടത്തും നിന്നില്ല. മരങ്ങളുടെയിടയിലൂടെ കാട്ടിലൊരിടത്ത് ഒരു ചുവന്ന വെളിച്ചം ഞാൻ കണ്ടു. അതെന്താണെന്ന് എനിക്കു മനസ്സിലായില്ല.

ഒടുവിൽ ഞാനാ കുന്നിൻപുറത്ത് വന്നുചേൻ്നു. വൃക്ഷങ്ങളുടെ നിഴലിൽ മരക്കുടിൽ അവ്യക്തതയിൽ ആണ്ടു കിടക്കുകയാണ്. അതിനപ്പുറം ഒരു തീക്കുണ്ഡം എരിഞ്ഞടങ്ങുന്നു. ഒരു ചെറുകാററിൻെറ മന്ത്രശബ്ദമൊഴിച്ചാൽ അവിടെങ്ങും നിശ്ശബ്ദത തന്നെ.

അത്ഭുതത്തോടുകൂടി ഞാനവിടെനിന്നു. കുറെ ഭയവും ഉള്ളിലുണ്ടായി. പുറത്ത് വലിയ അഗ്നികുണ്ഡങ്ങൾ ഉണ്ടാക്കുക ഞങ്ങൾക്ക് പതിവില്ലായിരുന്നു. എൻെറ അസാന്നിദ്ധ്യത്തിൽ എന്തെല്ലാമോ മാററങ്ങൾ അവിടെ നടന്നിരിക്കുന്നു!

ഞാൻ നിഴലിൽക്കൂടിത്തന്നെ കിഴക്കുവശത്തേക്കു നടന്നു. വാതലിൽക്കൂടി അകത്തുകടന്നു. ശബ്ദമുണ്ടാക്കാതെ മുറിയുടെ ഒരു മൂലയിലേക്ക് ഇഴഞ്ഞു. എല്ലാവരും കൂക്കം വലിച്ചുറങ്ങുകയാണ്; അപകടമൊന്നുമില്ലാത്ത

തുപോലെ. ഇത്ര ശ്രദ്ധയില്ലാത്തവർ! സിൽവറോ കൂട്ടുകാരോ ഇതുപോലെ അകത്തുകടന്നാൽ ഇവരിലാരെങ്കിലും മിച്ചമുണ്ടാകുമോ? ക്യാപ്റ്ററനോ......മുറിവേററു കിടക്കുന്നു.

ഞാൻ വാതില്ക്കൽ എഴുന്നേററു നിന്നു. അകത്ത് നല്ല ഇരുട്ടായിരുന്നതുകൊണ്ട് ഒന്നും തിരിച്ചറിഞ്ഞുകൂടായിരുന്നു. ഞാൻ സാവധാനം മുമ്പോട്ടു നടന്നു. ആരെയും ഉണർത്താതെ എൻെറ സ്ഥാനത്ത് കിടന്നുറങ്ങിയാലോ? നേരം വെളുക്കുമ്പോൾ കൂട്ടുകാരെല്ലാം അത്ഭുതപ്പെടട്ടെ!!

ഇടയ്ക്ക്, എൻെറ കാൽ ഉറങ്ങിക്കിടക്കുന്ന ആരുടേയോ കാലിൽത്തട്ടി. അയാൾ തിരിഞ്ഞുകിടന്നു് ഒന്നു ഞരങ്ങി. പെട്ടെന്നു് ഇരുട്ടിൻെറ നിശബ്ദതയെ കീറിക്കൊണ്ടു ഒരു തത്ത ചിലയ്ക്കാനാരംഭിച്ചു. ഞാൻ നടുങ്ങി. സിൽവറിൻെറ തത്ത! ക്യാപ്റ്ററൻ ഫ്ളിൻറ്!

പെട്ടെന്നു് ഉറങ്ങിക്കിടന്നവർ ചാടിയെഴുന്നേററു.

"ആരവിടെ" ആരോ അലറി. സിൽവറിൻെറശബ്ദം!!

ഞാൻ തിരിഞ്ഞോടി. ഒരാളുടെ ദേഹത്തു തട്ടി അവിടന്നു്തെറിച്ചോടി; മൂന്നാമൻെറ കൈയ്യിൽ! അയാളെന്നെ കൈകൊണ്ടു വലിഞ്ഞു കെട്ടിനിർത്തി.

എന്നെ പിടികിട്ടിയെന്നുറച്ചപ്പോൾ സിൽവർ വിളിച്ചുപറഞ്ഞു: "വെളിച്ചം! വെളിച്ചം!"

ഒരാൾ പുറത്തേയ്ക്കുപോയി ഒരു വിളക്കുമായി തിരിച്ചുവന്നു.

# ഭാഗം ആറ്

## അന്വേഷിച്ചു; കണ്ടെത്തി

### I

വിളക്കിന്റെ പ്രകാശം മുറിയിലെങ്ങും വ്യാപിച്ചു. കടൽക്കള്ളന്മാർ ആ പുരയും സാധനങ്ങളും കൈവശപ്പെടുത്തിയിരിക്കുന്നു. അവിടെ തടവുകാരെയാരെയും കാണാഞ്ഞപ്പോൾ എന്റെ ഭയം ശതഗുണീഭവിച്ചു. എന്റെ സുഹൃത്തുക്കൾ മരിച്ചിരിക്കും. അവരോടൊപ്പം ഞാനും ഉണ്ടായിരുന്നെങ്കിൽ!!

കൊള്ളക്കാർ ആകെ ആറുപേരേ ഉള്ളു. ഒരാളുടെ ശരീരമാസകലം വെച്ചുകെട്ടിയിരിക്കുന്നു.

സിൽവർ പണ്ടത്തേക്കാൾ വിളറിവെളുത്തിരുന്നു. അയാൾ സാധാരണസ്വരത്തിൽ പറഞ്ഞു:

"ഓ, ഹാക്കിൻസോ? എങ്ങനെവന്നിവിടെ? ങ്‌ .......കൊള്ളാം!"

അയാൾ നിലത്തിരുന്ന് തന്റെ പൈപ്പ് നിറച്ച് കത്തിക്കാനാരംഭിച്ചു.

"കൂട്ടകാരെ നിങ്ങൾ പോയി കിടന്നോളിൻ. എന്തിനേറെവന്നു ..? എന്താ ഹാക്കിൻസ്, പണ്ടെത്ര ഉജാറൊള്ളവനായിരുന്നു നീ. ഇപ്പൊഴെന്താ ഇങ്ങനെ? എനിക്കു മനസ്സിലാകുന്നില്ലല്ലോ!!"—സിൽവർ.

ഞാനൊന്നും മിണ്ടിയില്ല. ഭിത്തിയിൽ ചാരിയിരിക്കാൻ അവരെന്നോടാവശ്യപ്പെട്ടു. ഞാനങ്ങനെ ചെയ്തു.

സിൽവർ തുടൎന്നു: "ജിം! നീ ഇതുകേട്ടേ! എനിക്കു് പണ്ടും നിന്നോടിഷ്ടമാ. നിൻെറ സാമൎത്ഥ്യവും ഉത്സാഹവും എനിക്കു നന്നേ പിടിച്ചിട്ടുണ്ടു്. നീ ഞങ്ങളുടെ കൂടെവന്നു് മിടുക്കനായിത്തീരണമെന്നായിരുന്നു എൻെറ ആഗ്രഹം. എൻെറ കുട്ടീ, ഇപ്പോഴതൊത്തു.. ....ക്യാപ്റ്റൻ സ്മോളററും മിടുക്കനാണു്. പക്ഷേ ഇങ്ങനെയൊണ്ടോ ഒരു നിയമം. അയാൾക്കും ഡോക്ടർക്കും നിന്നെ കണ്ണിനു കണ്ടൂടാ. ചുരുക്കമെന്താണെന്നോ? നിനക്കു് പഴയ കൂട്ടുകാരുടെ കൂടെ പോകാനൊക്കില്ല. കാരണം അവർ നിന്നെ സ്വീകരിക്കില്ല. അതുകൊണ്ടു് ഞങ്ങടെ കൂടെച്ചേരന്നോ!"

എനിക്കു് സങ്കടമല്ലാ, സന്തോഷമാണുണ്ടായതു്. അവർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടല്ലോ.

"ജിം! നിനക്കിഷ്ടം പോലെ തീരുമാനിക്കാം. ഇഷ്ടമുണ്ടെങ്കിൽ ഞങ്ങളുടെ കൂടെ പോരേ! ഇല്ലെങ്കിൽ ഇല്ലെന്നു പറഞ്ഞോ!''—സിൽവർ തുറന്നുപറഞ്ഞു.

"ഞാനുടൻ പറയണോ?" ഞാൻ ചോദിച്ചു. എൻെറ ഹൃദയം ദ്രുതഗതിയിൽ മിടിച്ചുകൊണ്ടിരുന്നു. എൻെറ മുഖം ചുവന്നു. കണ്ണുകൾ നിറഞ്ഞു.

''നിന്നെ ആരും അതിനു നിൎബ്ബന്ധിക്കുന്നില്ല. ഞങ്ങളുടെകൂടെ ജീവിച്ചിട്ടു് തീരുമാനിച്ചാൽ മതി.'' —സിൽവർ.

"ശരി, എന്താണു്, എങ്ങനെയാണു്, എന്നറിയാതെ എനിക്കു് മറുപടി പറയാനൊക്കില്ലല്ലോ"—ഞാൻ.

"ഞാൻ പറയാമല്ലോ; ഇവിടെ എന്താണു നടന്നതെന്നു്. ഇന്നലെരാവിലെ ഡോക്ടർ ഞങ്ങളുടെയടുത്തു വന്നു; നമുക്കു് ഒത്തുതീൎപ്പിലെത്താം എന്നും പറഞ്ഞു്.

കപ്പൽ കടലിലേക്ക് പോയിക്കഴിഞ്ഞു. ഇനി എന്തിനാണ് വഴക്ക്. ഞങ്ങൾ പുറത്തേക്ക നോക്കിയപ്പോൾ കപ്പൽ അമറിക്കൊണ്ട് കടലിലേക്ക് പായുകയാണ്. ......ഞങ്ങളങ്ങനെ ഡോക്ടറുമായി ഒരു കച്ചവടം നടത്തി."—സിൽവർ വീണ്ടും പൈപ്പുവലിക്കാൻ തുടങ്ങി.

"നിന്നെക്കുറിച്ചും പറഞ്ഞു ഞങ്ങൾ, കേട്ടോ" സിൽവർ കൂട്ടിച്ചേർത്തു. "ഇനി നിനക്ക് തീരുമാനിക്കാം, എന്തുവേണമെന്ന്?"

"കൊള്ളാം"—ഞാൻ പറഞ്ഞു. "ഞാൻ ഒരു വെറും മറയനല്ല. എനിക്കെന്തെങ്കിലും സംഭവിക്കട്ടെ. ഞാനതനുഭവിച്ചോളാം. എന്നാൽ എനിക്ക ചിലതു പറയാനുണ്ട്."—എൻെറ ശബ്ദത്തിൽ ആവേശത്തിൻെറ ചൂടു കലന്നിരുന്നു." ഒന്നാമത് നിങ്ങളുടെ പോക്ക് അത്ര പന്തിയല്ല. കപ്പൽ നഷ്ടപ്പെട്ടു; നിധി നഷ്ടപ്പെട്ടു; കൂട്ടുകാരും എത്രയോപേർ നഷ്ടപ്പെട്ടു—ഇതെല്ലാം എങ്ങനെ സംഭവിച്ചു എന്നറിയാമോ? ആരാണതിനു കാരണക്കാരൻ. ഞാൻ തന്നെ. നിങ്ങടെ ഗൂഢാലോചന മുഴുവൻ ഞാനാണു കേട്ടതു്. ഞാനാണ് കപ്പലിൻെറ കയറുമുറിച്ച് കടലിലേക്ക് വിട്ടതു്....... ഇതെല്ലാം ഞാനാണു ചെയ്തതു്. നിങ്ങളെന്നെ കൊല്ലൂ! എനിക്ക ഭയമില്ല. എന്നാലൊരുകാര്യം. എന്നെ രക്ഷിച്ചാൽ എനിക്ക് നിങ്ങളെയും രക്ഷിക്കാൻ സാധിക്കും. ഇംഗ്ലണ്ടിലെ കോടതിയിൽ നിങ്ങളുടെ കേസിനനുകൂലമായി സാക്ഷി പറയാൻ ഞാനുണ്ടാകും. എന്നെക്കൊന്നാലോ? നിങ്ങൾക്കും മരണം തന്നെ!!"

ഞാൻ നിത്തി. എനിക്ക ശ്വാസം മുട്ടിപ്പോയി എന്നുപറയുന്നതാകും ശരി. എന്നാൽ സിൽവറിനും

ക്രൂരർക്കും യാതൊരനക്കവുമില്ല. അവർ എന്റെ മുഖത്തുതന്നെ തുറിച്ചിരിക്കുകയാണു്. ഞാൻ തുടന്നു:

"മി. സിൽവർ! നിങ്ങളാണിക്കാര്യത്തിൽ ഒരു തീരുമാനമെടുക്കേണ്ട വ്യക്തി."

"ഞാനോർത്തിരിക്കാം" —സിൽവർ. ആ ശബ്ദത്തിൽ വിദ്വേഷമോ പരിഭ്രാന്തിയോ ഒന്നും കലൎന്നിരുന്നില്ല.

"ഇവനാണു് ബ്ളാക്ക് ഡോഗിനെ തിരിച്ചറിഞ്ഞതു്"—മോർഗൻ എന്ന കൊള്ളക്കാരൻ പറഞ്ഞു.

"ഇവനാണു് ബില്ലിബോൺസിന്റെ കൈയിൽനിന്നും ഈ ദ്വീപിന്റെ ചാർട്ടു് തട്ടിയെടുത്തതു്"—കപ്പലിലെ കുശിനികളിൽ ഒരാൾ പറഞ്ഞു.

"ഇവനെത്തട്ടണം"-മോർഗൻ അലറിക്കൊണ്ടു് കത്തിയുമായി എന്റെ നേരേ ചാടി.

"മാറിനില്ക്കു്"— സിൽവർ അലറി. "ടോം മോർഗൻ! ആരാണു നീ? നീയാണോ ക്യാപ്റ്ററൻ? വെളയാതെ. നീയും, മററപലരും പോയവഴിയേ പോകും. ഓർത്തോ!"

മോർഗൻ നിന്നു. പക്ഷേ ഒരു പരുപരുത്ത മൎമ്മരം മററുള്ളവരിൽനിന്നും ഉയൎന്നു.

"ടോമാണു് ശരി!" — ഒരാൾ.

വീണ്ടും ഒരു പ്രതിഷേധമൎമ്മരം കൊള്ളക്കാരുടെ ചുണ്ടുകളിൽക്കിടന്നു ചിറകടിച്ചു.

"ചുണയുള്ളവൻ വാ, കാണാം"—സിൽവർ തന്റെ പൂൎവ്വചരിത്രം വിവരിച്ചുകൊണ്ടു് പറഞ്ഞു.

ആരും അനങ്ങിയില്ല; ഒന്നുംപറഞ്ഞുമില്ല.

"ഞാനാണിവിടത്തെ ക്യാപ്റ്ററൻ. എന്നെ എതിർക്കാൻ ആർക്കും അധികാരമില്ല. ഞാനിവനെ ഇഷ്ടപ്പെടുന്നു. മനസ്സിലായോ? ഇവനെപ്പോലെ നല്ലൊരുപയ്യനെ നമുക്കു ലഭിക്കില്ല.''

ഒരു നീണ്ട നിശ്ശബ്ദത. എന്റെ കരളും തുടികൊട്ടുകയാണു്. എന്തെന്തു സംഭവിക്കയില്ല.! സിൽവർ തന്റെ കൺകോണുകൾകൊണ്ടു് അയാളുടെ അനുചരന്മാരുടെ പ്രതികരണങ്ങൾ ശ്രദ്ധിക്കയാണു്. അവർ മുറിയുടെ ഒരു മൂലയ്ക്കലേയ്ക്കു് മാറിനിന്നു് എന്തെല്ലാമോ ആലോചിക്കുന്നു. ഇടയ്ക്കിടയ്ക്കു് അവരോരോരുത്തരും തങ്ങളുടെ ദൃഷ്ടികൾ സിൽവറിന്റെ മുഖത്തേയ്ക്കയയ്ക്കുന്നുണ്ടു്. ഒരു വല്ലാത്ത സന്ദർഭം! ഉത്ക്കണ്ഠ മുററി നില്ക്കുന്ന നിമിഷങ്ങൾ!

''നിങ്ങൾക്കു് വളരെയേതോ പറയാനുണ്ടെന്നു് തോന്നുന്നു. പറഞ്ഞോ........?''— സിൽവർ.

"ക്ഷമിക്കണം, സർ: ഞങ്ങൾക്കു് ചിലതു്, ആലോചിക്കാനുണ്ടു്. ഞാൻ പുറത്തേക്കു പോകുന്നു."— ഒരു സല്യൂട്ടോടുകൂടി അയാൾ പുരയിൽ നിന്നു് പുറത്തേക്കു പോയി.

മോർഗൻ പറഞ്ഞു: "എനിക്കും. ഞാനും പോകുന്നു."

ഇങ്ങനെ ഓരോരുത്തരായി അക്കൂട്ടരെല്ലാം പുറത്തേയ്ക്കുപോയി. ഒടുവിൽ ഞാനും സിൽവറും മാത്രം മുറിയിൽ അവശേഷിച്ചു.

സിൽവർ വായിൽനിന്നു് പൈപ്പ്മാററി.

"ജിം, സംഗതിയുടെ ഗൗരവം മനസ്സിലാക്കണം. അവരെന്നെ ഉപേക്ഷിക്കാൻപോകയാ. നീ മരണത്തി

ന്റെ വക്കത്താണു്. നോക്കു്, ഞാൻ നിന്റെകൂടെയാണു്; നീ എന്റെകൂടെത്തന്നെ നില്ക്കണം.

"നാം അപകടത്തിലായോ?" — ഞാൻ.

"അതെ, അവർ നമ്മൾക്കെതിരാണു. നീ എന്നെയും ഞാൻ നിന്നെയും രക്ഷിക്കുക. അതുമാത്രമേ വഴിയുള്ളു." — സിൽവർ.

"ഞാനെന്തു ചെയ്യണം?" — ഞാൻ.

"ജിം! നിനക്കറിയാമല്ലോ കപ്പലെവിടെയാണെന്നു്. ഹാൻറ്സും ഓബ്രീനും എവിടെ? അവർ മര്യാദക്കാരായോ?......അതുട്ടെ, നീ ബ്രാണ്ടി എടുക്കുന്നോ?"

ഇല്ലെന്നു് ഞാൻ മറുപടി കൊടുത്തു. "ജിം! ഡോക്ടറെന്തിനാ എന്റെ കൈയിൽ ആ ചാർട്ട് തന്നതു്." — സിൽവർ.

എന്റെ മുഖം അത്ഭുതംകൊണ്ടു് വികസിച്ചു.

"ങ് ഹാ! അയാളതു ചെയ്തു. എന്തോ ഉണ്ടു് അതിന്റെ പുറകിൽ - നല്ലതോ ചീത്തയോ — ?"

ഒരു കുപ്പി ബ്രാണ്ടി മുഴുവൻ അയാൾ അകത്താക്കി; എന്തും സഹിക്കാൻ തയ്യാറെന്നമട്ടിൽ തലകുലുക്കി.

## II

കൊള്ളക്കാർ കൂടിയാലോചനയ്ക്കുശേഷം കുടിലിലേയ്ക്കു വന്നു. ഒരാൾ മാത്രമേ അകത്തു കടന്നുള്ളു. അയാൾ കുറേ നേരത്തേക്കു് സിൽവറിന്റെ കൈയിൽ നിന്നു് വിളക്കാവശ്യപ്പെട്ടു. വിളക്കു് സിൽവർ കൊടുത്തു. ഞങ്ങൾ ഇരുട്ടിലായി.

"ഒരു ചെറിയ കാറ്റുണ്ടെന്നു തോന്നുന്നു." — സിൽവർ പറഞ്ഞു.

ഞാൻ മുറിയിലെ ദ്വാരത്തിൽക്കൂടി പുറത്തേക്കു നോക്കി. പുറത്തു് തീക്കുണ്ഡത്തിലെ കനൽ കെട്ടുതുടങ്ങിയിരിക്കുന്നു. അതുകൊണ്ടാണു് കൊള്ളക്കാർക്കു് വിളക്കുവേണ്ടിവന്നതു്. ആ കുന്നിൻചരിവിലേയ്ക്കു് മാറി അവർ കൂട്ടംകൂടി നില്ക്കുകയാണു്. ഒരാറം വിളക്കു് ഉയർത്തിപ്പിടിച്ചിരിക്കുന്നു. നടുക്കു് മറെറാരാറം മുട്ടുകുത്തി നില്ക്കുന്നു. അയാളുടെ കൈയിൽ വിടർത്തിപ്പിടിച്ച ഒരു കത്തിയിരുന്നു് തിളങ്ങുന്നുണ്ടു്. മററുള്ളവരെല്ലാം ഇയാളുടെ പുറമേ ഒട്ടു കുനിഞ്ഞുനില്ക്കുകയാണു്. എന്തോ പ്രധാനപ്പെട്ട കാര്യമുണ്ടു്.

കുറേക്കഴിഞ്ഞു് ഒരുമിച്ചെഴുന്നേററു് അവർ കുടിലിൻെറ നേരേ നടന്നു.

"അവർ വരുന്നുണ്ടു്" എന്നു് പറഞ്ഞുകൊണ്ടു് ഞാൻ എൻെറ സ്ഥാനത്തു വന്നുനിന്നു. ഒളിച്ചുനോക്കിനിന്നു എന്നതു് മോശമാണല്ലോ.

"അവർ വരട്ടെ, അവർ വരട്ടെ - ഇനിയും ഒരു കൈ കൂടി നോക്കാം —" സിൽവർ പറഞ്ഞു.

കതകു് തുറന്നു. നാടകീയമായ വിധത്തിൽ അവർ മുറിക്കകത്തു പ്രവേശിച്ചു.

"കടന്നുപോരെ, കടന്നുപോരെ! ഞാൻ നിങ്ങളെ തിന്നുമോ?" — സിൽവർ വിളിച്ചുപറഞ്ഞു.

കൊള്ളക്കാരിൽ ഒരാറം മുമ്പോട്ടുവന്നു് എന്തോ ഒന്നു് സിൽവറിൻെറ കൈയിൽ കൊടുത്തിട്ടു്, അതുപോലെ പുറകോട്ടുപോയി.

കറുത്ത അടയാളമുള്ള ഒരു കടലാസു്.

അവർ തമ്മിൽ നേതൃത്വത്തിൽ ചില മാററങ്ങറം വരുത്തുകയാണെന്നു് ഞാൻ മനസ്സിലാക്കി.

കടലാസ്സ് കൈയിൽ കൊടുത്തയാളോടായി സിൽവർ പറഞ്ഞു: "ജോർജ്ജ്! ഇതാണോ? താനോ ഇനിയത്തെ ക്യാപ്റ്ററൻ? ആ വിളക്കൊന്നു തരൂ, നോക്കട്ടെ."

"താങ്കൾ ഞങ്ങളുടെ സംഘത്തെ പരിഹസിക്കരുത്...!"— ജോർജ്ജ് പറഞ്ഞു.

"നിങ്ങൾക്ക് നിയമമൊന്നുമറിഞ്ഞുകൂടെ? നിങ്ങളുടെ പരാതികളെന്താണന്നറിയാതെ ഞാനെന്തിനു സ്ഥാനമൊഴിയണം. ഇപ്പോഴും ഞാൻതന്നെ നിങ്ങളുടെ ക്യാപ്റ്ററൻ!"—സിൽവർ.

"നിങ്ങൾക്കിതു മനസ്സിലാവില്ല. ഞങ്ങളൊന്നാണു്. നിങ്ങൾ ഞങ്ങളെ ഇതുവരെ നശിപ്പിച്ചു. ഇല്ലെന്നു പറയാമോ? നിങ്ങൾ ശത്രുക്കളെ വെറുതെ വിട്ടു. അവരുടെ മുമ്പിൽ ഞങ്ങളെ കൊള്ളരുതാത്തവരാക്കി. ഇതാ ഇപ്പോൾ ഇവനേയും......."— ജോർജ്ജ് ചാർജ്ജുഷീററ വായിക്കുന്നതുപോലെ പറഞ്ഞു.

"ഇത്രേയുള്ളോ?"— സിൽവർ.

"പോരേ—?"— ജോർജ്ജ്.

"ഞാനിതിനെല്ലാം മറുപടി പറയാം. ഞാൻ നിങ്ങളെ എങ്ങനെയാ നശിപ്പിച്ചതു്. നിങ്ങളെ നശിപ്പിക്കാനാണു് ഞാൻ നോക്കിയതെങ്കിൽ ഞാനിപ്പം ഹിസ്പ്പാനിയോളായുടെ ഉടമസ്ഥനായിരുന്നേനെ. അതൊന്നും ചെയ്തില്ല. പിന്നെ നിങ്ങളെന്നെ അനുസരിച്ചില്ല. അതു കൊള്ളാമോ? ഈ നാശത്തിനു മുഴുവൻ കാരണം ആൻേറഴ്സനും ഹാൻേറ്സുമാണു്."

സിൽവർ നിർത്തി. ജോർജ്ജിൻേറയും കൂട്ടുകാരുടേയും മുഖഭാവം അനുകൂലമായി മാറിക്കൊണ്ടിരിക്കുന്നതായി തോന്നി.

"ഇനി ഇവനെപ്പററിയാണെങ്കിൽ...." എൻെറ നേരേ തിരിഞ്ഞു് സിൽവർ തുടന്നു:— "ഇവൻ നമ്മുടെ വീട്ടിൽവന്നു കേറിയവനാണ്. അതിഥി! അതിഥിയേ നമ്മളുപദ്രവിക്കാമോ?"

എനിക്കു മനസ്സിലാകാത്ത അനവധി കാര്യങ്ങൾ സിൽവർ പറഞ്ഞു. അതു് കൊള്ളക്കാർക്കു ബോദ്ധ്യപ്പെട്ടന്നതുപോലെയും തോന്നി.

സിൽവർ തൻെറ പോക്കററിൽനിന്നു് ഒരു ചുരുൾ കടലാസെടുത്തു പുറത്തേയ്ക്കെറിഞ്ഞു. ഞാൻ ആ കടലാസു് പെട്ടെന്നു് തിരിച്ചറിഞ്ഞു. ബില്ലിബോൺസിൻെറ പെട്ടിയിൽനിന്നു് കിട്ടിയ ആ ചാർട്ടു്. എന്തിനാണു് ഡോക്ടർ അതു് സിൽവറിനെ ഏല്പിച്ചതു്?

സിൽവറിൻെറ കൂട്ടുകാൎക്കു് അതെന്താണെന്നുപോലും മനസ്സിലായില്ല. അതു് എല്ലാവരും മാറിമാറി നോക്കി. സിൽവർ വിജയഭാവത്തിൽ വീണ്ടും തൻെറ സേവനങ്ങളെക്കുറിച്ചു് പ്രസംഗിച്ചുകൊണ്ടിരുന്നു.

"ഇതാ, അവസാനമായിപ്പറയട്ടെ! നിങ്ങൾ കപ്പൽ നഷ്ടപ്പെടുത്തി. ഞാൻ നിധി കണ്ടെത്തി. ആരാണു ഭേദം? ഞാനിതാ എൻെറ സ്ഥാനം രാജിവയ്ക്കുന്നു. നിങ്ങൾക്കിഷ്ടമുള്ളവരെ തെരഞ്ഞെടുത്തോളൂ."

"സിൽവർ!—" അവരൊററക്കെട്ടായി വിളിച്ചുപറഞ്ഞു— "ബാർബക്കുതന്നെ. ബാർബക്കുതന്നെ ക്യാപ്ററൻ!"

"ജോർജ്ജ് നിങ്ങളുടെ ഊഴം വരുന്നേയുള്ളൂ. ഇതിനു ഞാൻ നിങ്ങളോടു് വിദ്വേഷം കാണിക്കുന്നില്ല. അതെൻെറ നയമല്ല."

എനിക്കു് സിൽവറിൻെറ വാചാലതയിലും സ്വാധീനശക്തിയിലും അത്ഭുതം തോന്നി.

അന്നുരാത്രി കുടിയും തീററിയും കഴിഞ്ഞു് എല്ലാവരും കിടന്നുറങ്ങി. 'ജോജ്ജ്‌മെറി'യെത്തന്നെ വാതിൽ കാവലിനായി സിൽവർ നിത്തി. ചതിച്ചാൽ കൊന്നുകളയുമെന്നും താക്കീതു കൊടുത്തു.

എനിക്കുറക്കം വന്നില്ല. അന്നു പകൽ നടന്ന സംഭവങ്ങൾ എൻെറ ഹൃദയത്തെ മഥിച്ചുകൊണ്ടിരുന്നു. ഇസ്രായേൽ ഹാൻറ്സ് എൻെറ ഓമ്മയിൽനിന്നും വിട്ടുമാറുന്നില്ല. രാത്രിയിലെ അനുഭവങ്ങളും ഓരോന്നായി സ്മൃതിമണ്ഡലത്തിലേയ്ക്കിഴഞ്ഞുവന്നു. സിൽവറിൻെറ സാമത്ഥ്യത്തിൽ ഞാനത്ഭുതംകൊണ്ടു് തരിച്ചുപോയി. ഭയവും അത്ഭുതവും ഉത്ക്കണ്ഠയും മാറിമാറി എൻെറ മനസ്സിൽ ചലനങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. ഞാനുറങ്ങാതെതന്നെ കിടന്നു.

സിൽവർ, ഒന്നുമറിയാത്ത മട്ടിൽ, സമാധാനമുള്ള ഹൃദയത്തോടെ, കിടന്നു കൂക്കം വലിക്കയായിരുന്നു.

## III

ജോർജ്ജ് ഞങ്ങളെ വിളിച്ചുണത്തി. വിളിച്ചുണത്താതെ എങ്ങനെ ഉണരാൻ സാധിക്കും? അത്ര വളരെ ഞങ്ങൾ ക്ഷീണിച്ചിരുന്നു.

"ഏയ്, കൂട്ടരേ! ഡോക്ടർ! ഡോക്ടർ!" ജോർജ്ജ് ഉറക്കെ വിളിച്ചുപറഞ്ഞു.

അതുകേട്ടു് ഞാനാഹ്ലാദിച്ചു. എങ്കിലും ആ ആഹ്ലാദത്തിനു് എന്തോ നിറക്കുറവുണ്ടായിരുന്നു. അവരാരോടും ഒരക്ഷരംപോലും ഉരിയാടാതെ ഒളിച്ചുകടന്ന എ

ന്നെ ഒടുവിൽ ഡോക്ടർ കാണുന്നതു് ശത്രുക്കളുടെ ക്യാമ്പിൽവച്ചു്! എനിക്കു് ഡോക്ടറുടെ മുഖത്തു നോക്കാൻ ലജ്ജ തോന്നി.

ഞാൻ ഭിത്തിയിലുള്ള ഒരു ദ്വാരത്തിലൂടെ പുറത്തേക്കു നോക്കി. പണ്ടു് സിൽവർ വന്നതുപോലെതന്നെ ഡോക്ടർ ക്യാമ്പിലേക്കു് വരികയാണു്.

"ഗുഡ്മോണിംഗ് ഡോക്ടർ'' സിൽവർ ഡോക്ടറെ ഉപചാരപൂർവ്വം സ്വീകരിച്ചു. ''ജോർജ്ജ്! ഇദ്ദേഹത്തെ മുറിയിലേക്കു കൊണ്ടുപോ!"

''ഞങ്ങൾക്കൊരതിഥിയെ കിട്ടിയിട്ടുണ്ടു്, സർ. ഒരു പയ്യൻ!''—സിൽവർ.

''ജിമ്മല്ലേ?''—ഡോക്ടർ വാതില്ക്കൽവരെയെത്തിയതാണു്. തിരിഞ്ഞുനിന്നു് ചോദിച്ചു.

''അതെ, ജിം തന്നെ!"—സിൽവർ.

ഡോക്ടർ തെല്ലിട നിന്നിട്ടു്, പെട്ടെന്നു് മുറിയിലേയ്ക്കു് പ്രവേശിച്ചു.

''ആദ്യം കടമ ചെയ്യുക! എന്നല്ലേ താൻ പറയുക. അതുകൊണ്ടു് അതുതന്നെ ആദ്യം. എങ്ങനെയിരിക്കുന്നു രോഗികൾക്കു്!"—ഡോക്ടർ അകത്തേക്കു കടന്നുകൊണ്ടു ചോദിച്ചു.

അകത്തു കടന്നു്, എന്റെ നേരെ ഒന്നു നോക്കിയിട്ടു്, ഡോക്ടർ തന്റെ ജോലിക്കായിപ്പോയി. ഒരു സാധാരണ കുടുംബത്തിൽ പെരുമാറുന്നതുപോലെ സ്നേഹപൂർവ്വമായിരുന്നു രോഗികളോടു് ഡോക്ടറുടെ പെരുമാററം. ഡോക്ടറുടെ ഈ സ്വഭാവം മുറിവേററ കൊള്ളക്കാരിലും ചില മാററങ്ങൾ വരുത്തിയിട്ടുണ്ടു് എന്നെനിക്കു തോന്നി.

രോഗികളെ പരിശോധിച്ചു. മരുന്നു കൊടുക്കേണ്ട വക്ക് മരുന്നു കൊടുത്തു. എന്നിട്ട് എൻെറ നേരെ തിരിഞ്ഞു. "എനിക്കീകുട്ടിയോട് കുറേ സംസാരിക്കാനുണ്ട്"—സിൽവറിനോടായിപ്പറഞ്ഞു.

ജോർജ്ജ്മെറി കയ്പുള്ള ഏതോ മരുന്ന് കുടിച്ചിറക്കിയിട്ട്, വാതില്ക്കൽ തുപ്പിക്കൊണ്ടിരിക്കയായിരുന്നു. "പാടില്ല!'' അയാം ഉറക്കെ വിളിച്ചുപറഞ്ഞു.

"മിണ്ടരുത്!"—സിൽവർ അലറി. എന്നിട്ട് സാധാരണ ശബ്ദത്തിൽ അയാം ഡോക്ടറോട് പറഞ്ഞു: "ഞാനം ഇയ്യാളെപ്പററി പറയണമെന്ന് വിചാരിച്ചിരിക്കയായിരുന്നു. ഞങ്ങറംക്കെല്ലാം അങ്ങയോട സ്നേഹമുണ്ട്. അങ്ങയുടെ ദയയിൽ വിശ്വാസവുമുണ്ട്. ഒരു കാര്യം; ജിം! നീ ഇവിടന്നു പോകയില്ലെന്ന് എനിക്കുറപ്പുതരണം!"

ഞാൻ ഉറപ്പുകൊടുത്തു.

"അപ്പോറം, ഡോക്ടറേ, അങ്ങ് മുറിയിൽനിന്ന് പുറത്തേക്കു പൊക്കോളു. ഞാൻ ഇയ്യാളെ അവിടെ എത്തിക്കാം.''

സിൽവറിൻെറ കൂട്ടകാരുടെയിടയിൽ ഒരു ബഹളംതന്നെയുണ്ടായി. എന്നാൽ അയാളുടെ തുറിച്ചുനോട്ടത്തിൽ അതെല്ലാം ഒന്നു ശാന്തമായി.

ഡോക്ടർ പുറത്തേക്ക് പോയി. സിൽവർ രണ്ടു വഞ്ചിയിലും കാലു കുത്തിയിരിക്കയാണെന്ന് അയാളുടെ കൂട്ടുകാർ അയാളെ കുററപ്പെടുത്തി.

സിൽവർ നിധിയെക്കുറിച്ച് അവരെ ഓർമ്മിപ്പിച്ചു. എന്നിട്ട് താക്കീതു കൊടുത്തു: "ഇന്നലെയെടുത്ത തീരുമാനം ഇന്ന് നിങ്ങറം ലംഘിക്കുമോ?–"

അയാൾ പൊയ്ക്കാലിൽ തൂങ്ങി, എൻെറ തോളിൽ ഒരു കൈയിട്ടുകൊണ്ടു് പുറത്തേക്കു നടന്നു.

"പതുക്കെപ്പതുക്കെ....! അവരെ സൂക്ഷിക്കണം." — സിൽവർ എന്നോടു് പറഞ്ഞു.

ഞങ്ങൾ ഡോക്ടറുടെ സമീപത്തേക്കു് മണൽപ്പുറത്തുകൂടി നടന്നു. ഡോക്ടറുടെ സമീപത്തെത്തിയപ്പോൾ സിൽവർ പറഞ്ഞു: "ഡോക്ടറേ, ഇയ്യാളെ എങ്ങനെ ഞാൻ രക്ഷിച്ചു എന്നു് ഇയ്യാളുതന്നെ പറയും. ഇതാ, എൻെറ ജീവനും ഇപ്പോളപകടത്തിലാണു്. എന്നെ തെററിദ്ധരിക്കരുതെന്നേ എനിക്കപേക്ഷയുള്ളൂ.''

സിൽവറിൻെറ ഭാവം മുഴുവൻ മാറിയിരിക്കുന്നു. അയാളുടെ ശബ്ദം വിറപൂണ്ടിരുന്നു. എന്തൊരാത്മാർത്ഥത!

''എന്താ, ജോൺ! എന്തിനാ പേടിക്കണം?" ഡോക്ടർ ലീവ്സി പറഞ്ഞു.

''ഞാൻ പേടിത്തൊണ്ടനായിട്ടല്ല." തൻെറ വിരലുകൾ ഞൊടിച്ചുകൊണ്ടു് സിൽവർ തുടന്നു: "ഡോക്ടർ, അങ്ങയോളം നല്ലൊരാളെ ഞാൻ കണ്ടിട്ടില്ല. ഞാൻ ചെയ്ത നന്മയും തിന്മയും അങ്ങയ്ക്കറിയാമല്ലൊ.''

ഇത്രയും പറഞ്ഞു് സിൽവർ തിരിഞ്ഞു നടന്നു. ഒരു മരക്കുററിയിൽ പോയിരുന്നു് ചൂളമടിച്ചുകൊണ്ടിരുന്നു അയാൾ. കുടിലിനു പുറത്തു് മററു കൊള്ളക്കാർ പ്രഭാതഭക്ഷണം പാകം ചെയ്യുകയായിരുന്നു.

''ജിം!- ഡോക്ടർ പറഞ്ഞു: വാററിയെടുത്ത വിഷം കുടിക്കാതെ പററുമോ? നീ ഭയപ്പെടേണ്ട. വന്നതെല്ലാം വന്നു. ക്യാപ്ററൻ സ്മോളററിനു് സുഖമില്ലാതിരുന്നപ്പോൾ നീ പോയതു് ഒട്ടും ശരിയായില്ല."

"ഞാനെൻെറ തെററ് തുറന്നുസമ്മതിക്കുന്നു. സിൽവറില്ലായിരുന്നെങ്കിൽ ഇന്നലെത്തന്നെ അവരെന്നെക്കൊന്നേനെ. മരിക്കുന്നതിലല്ല പേടി. അവരുടെ മർദ്ദനത്തിലാണ്."—ഞാൻ പറഞ്ഞു. എൻെറ കണ്ണിൽനിന്നും കണ്ണുനീർ ധാരധാരയായി ഒഴുകി.

"ജിം! എനിക്കിതു സഹിക്കയില്ല. നമുക്ക് ഇവിടന്നു രക്ഷപ്പെടാം. ഓടി രക്ഷപ്പെടാം. അമാന്തിക്കരുത്!"—ഡോക്ടർ.

"ഇല്ല; സിൽവറിനു് ഞാൻ വാക്കു കൊടുത്തിട്ടുണ്ട്. ഞാനില്ല. ഇവിടെക്കിടന്നു ഞാൻ മരിച്ചോളാം!"—ഞാൻ.

എൻെറ സാഹസകൃത്യങ്ങൾ മുഴുവൻ ഞാൻ ഡോക്ടറെ പറഞ്ഞുകേൾപ്പിച്ചു. കപ്പൽ തിരിച്ചെടുത്തതുമെല്ലാം.

ഡോക്ടർ അത്ഭുതപരതന്ത്രനായി. "ജിം! നീയാണ് ഞങ്ങളെ എല്ലാ അപകടത്തിൽനിന്നും ഇതുവരെ രക്ഷിച്ചതു്. നീ എൻെറകൂടെ വരണം!''— ഡോക്ടർ ആവേശഭരിതനായിപ്പറഞ്ഞു.

അപ്പോഴേക്കും സിൽവർ ഞങ്ങളുടെ സമീപത്തേക്ക് നടന്നടുത്തു വരികയായിരുന്നു.

''സിൽവർ! സിൽവർ!''— ഡോക്ടർ വിളിച്ചുപറഞ്ഞു. ''ഒന്നുരണ്ടു കാര്യം തന്നോടു പറയാനുണ്ടു്.''

''എന്താ സർ, നിധി എനിക്കു വേണ്ട. അക്കാര്യമാണെങ്കിൽ. എൻെറയും ഈ കുട്ടിയുടേയും ജീവൻ രക്ഷിച്ചാൽ മതി. എനിക്ക് അങ്ങു തന്ന ചാർട്ട് എന്തൊന്നെന്നുകൂടി മനസ്സിലായില്ല. അതിൻെറയർത്ഥം?....''

''അതു പറയാൻ വയ്യ. ക്യാപ്ററൻ സ്മോളററ്

പരമരഹസ്യമായി വെച്ചിരിക്കയാണതു്.......ഒരുകാര്യം വാക്കതരാം. തൻെറ ജീവനു് അപകടമുണ്ടാകാതെ കഴിയുന്നതും ഞാൻ നോക്കാം.''

സിൽവറിൻെറ മുഖം വികസിച്ചു.

"ഇതെൻെറ സഹായമാണു്. ഒരപേക്ഷ. ഈ കുട്ടിയെ അപകടമൊന്നും കൂടാതെ നീ സൂക്ഷിക്കണം. സഹായമാവശ്യമുള്ളപ്പോഠം വിളിച്ചോളൂ.''

ഡോക്ടർ ലീവ്സി എനിക്കു കൈ തന്നിട്ടു്, പെട്ടെന്നു് അടുത്തുള്ള കുററിക്കാട്ടുകളിലൂടെ നടന്നു മറഞ്ഞു.

## IV

ഞങ്ങഠം തനിച്ചായപ്പോഠം സിൽവർ പറഞ്ഞു: "ഞാൻ നിൻെറ ജീവനെ രക്ഷിച്ചപ്പോഠം നീ എൻെറ ജീവനേയും രക്ഷിച്ചു. ഞാനിതു മറക്കയില്ല. ഡോക്ടർ നിന്നെ നിർബ്ബന്ധിക്കുന്നതു കണ്ടു; അദ്ദേഹത്തിൻെറ കൂടെപ്പോകാൻ. നിൻെറ മറുപടിയും കേട്ടു. നീ തന്നെ നെറിവും കൂറുമുള്ളവൻ.''

കുടിലിൻെറ മുററത്തു ഭക്ഷണം പാകം ചെയ്തുകൊണ്ടിരുന്നവരിൽ ഒരാഠം അപ്പോഴേക്കും ഞങ്ങളെ വിളിച്ചു; ആഹാരം കഴിക്കാൻ. എന്തൊരു കൂട്ടർ! തീററി മാത്രമാണവരുടെ ജീവിതലക്ഷ്യം. നാളത്തെക്കുറിച്ചു് ഒരു വിചാരവുമില്ലാത്ത പോങ്ങന്മാർ! അവരുടെ ഭക്ഷണരീതി കണ്ടു് ഞാൻ ഭയന്നുപോയി. നാലു പേരുടെ ആഹാരം ഒരാഠം കഴിക്കുന്നു!!

തിന്നുകൊണ്ടിരുന്നപ്പോഠം സിൽവർ ഓരോന്നു പറയാൻ തുടങ്ങി. അയാളുടെ നയതന്ത്രജ്ഞത അതിൽ നിന്നും എനിക്കു മനസ്സിലായി.

"ബാർബക്കവിനെപ്പോലൊരുത്തനെ നിങ്ങൾക്ക കിട്ടിയതു നിങ്ങളുടെ ഭാഗ്യം. നിങ്ങൾക്ക വേണ്ടതെല്ലാം അയാളു ചെയ്തോളുമല്ലോ. അവർക്കാ കപ്പല്ല കിട്ടി. നമ്മക്കോ, നമ്മളന്വേഷിച്ചിറങ്ങിയ നിധിയും. ഏതാ വലതു്?......ഇനി, ഇവനെക്കുറിച്ചാണെങ്കിൽ'' — എൻെറ നേരേ ചൂണ്ടിക്കാണിച്ചുകൊണ്ടു് തുടന്നു:— "ഇവനു് നമ്മളോടു വലിയ കാര്യമാ. ഒരിക്കലും നമ്മളെ ചതിക്കയില്ല. നിധി കണ്ടെടുത്താൽ ഒരു പങ്കു് അയാൾക്കും കൊടുത്തേക്കാം —!"

സിൽവറിൻെറ കൂട്ടുകാരെല്ലാം രസിച്ചുമറിഞ്ഞിരിക്കയാണു്. എനിക്ക സിൽവറിൻെറ സംഭാഷണത്തിൽ ഇനിയും വിശ്വാസമായില്ല. എന്തോ കുറവുണ്ടതിൽ എന്നൊരു തോന്നൽ. രണ്ടു തലയും മൂച്ചയുള്ള ഒരു വാളാണയാൾ.

അഥവാ ഡോക്ടറോടു ചെയ്ത വാഗ്ദാനം സിൽവർ പാലിക്കുന്നു എന്നുതന്നെയിരിക്കട്ടെ. എന്നാലും ഞാനും സിൽവറും കൂടി എങ്ങനെ അഞ്ചു കൊള്ളക്കാരെ തോല്പിച്ചു് രക്ഷപ്പെടും. ഞാനൊരു പയ്യൻ! സിൽവറാണെങ്കിൽ ഒന്നരക്കാലനും!

ഞാനാകെ ചിന്താക്കുഴപ്പത്തിലായി. എൻെറ കൂട്ടുകാരെന്തുകൊണ്ടാണു് ഇവിടം കൊള്ളക്കാർക്കു് വിട്ടുകൊടുത്തതെന്നു് എനിക്ക മനസ്സിലായില്ല. ആ ചാർട്ട് സിൽവറിനെ ഏല്പിച്ചതും മനസ്സിലായില്ല. ഇത്തരം നൂറായിരം വിചാരങ്ങൾ എൻെറ തലയ്ക്കുള്ളിൽ കറങ്ങിക്കൊണ്ടിരുന്നു. പിന്നെങ്ങനെ രുചിയോടുകൂടെ ആഹാരം കഴിക്കും?

നിധി തിരയാൻ സിൽവറും കൂട്ടരും ഇറങ്ങി. എ

ല്ലാവരും സായുധരായിരുന്നു. എന്റെ കൈയിൽ മാത്രം ഒന്നുമില്ല! രണ്ടു തോക്കുകൾ സിൽവറിന്റെ അരയിൽ തൂക്കിയിട്ടിരുന്നു. ഒരു കഠാരിയും രണ്ടു കൈത്തോക്കുകളും അയാളുടെ കോട്ടിന്റെ പോക്കററിലും. സിൽവറിന്റെ ഓമനത്തത്ത - ക്യാപ്ററൻ ഫ്ളിൻറ് - അയാളുടെ തോളിൽ സ്ഥാനം പിടിച്ചിരുന്നു. എന്റെ അരയിൽ ഒരു ചരടു കെട്ടി അതിന്റെ അററം സിൽവറിന്റെ കൈയിൽ പിടിച്ചിരുന്നു. ഒരു കുരങ്ങുകളിക്കാരന്റെ കുരങ്ങിനേക്കാറം ഒട്ടും വ്യത്യസ്തമല്ലായിരുന്നു എന്റെ സ്ഥാനം.

കൊള്ളക്കാരിൽ ചിലർ ഘനംകൂടിയ പിക്കാസും തൂമ്പയും വഹിച്ചിരുന്നു. മററു ചിലർ ആവശ്യമുള്ള ആഹാരസാധനങ്ങളും ശുദ്ധജലവും എടുത്തിരുന്നു. എല്ലാ സാധനങ്ങളും ഞങ്ങൾ കരയ്ക്കിറക്കിയ സ്റ്റോക്കിൽ നിന്നു തന്നെ.

ഞങ്ങളങ്ങനെ സംഘം ചേർന്ന് യാത്രയായി. ചാർട്ടിൽ കുറിച്ചിരുന്ന വിവരങ്ങളെല്ലാം സിൽവർ കൂട്ടുകാരുമായി ചർച്ചചെയ്തു. രണ്ടു ബോട്ടുകളിലായി ഞങ്ങൾ നദിയുടെ മറുവശത്തെത്തി. സ്പൈഗ്ലാസിന്റെ ചുവട്ടിൽത്തന്നെ. അവിടം മുഴുവൻ പച്ചിലക്കാടുകൾ നിറഞ്ഞു നില്ക്കുന്നു. തിങ്ങിനില്ക്കുന്ന ആ വനവിഭാഗം ഞങ്ങളുടെ സ്വച്ഛന്ദമായ യാത്രയെ വിഘ്നപ്പെടുത്തി. എന്നാൽ അകത്തേക്കു കടക്കുംതോറും കാടിന്റെ കനം കുറഞ്ഞു കുറഞ്ഞു വന്നു. ആ ദ്വീപിലെ ഏററവും മനോഹരമായ ഭാഗം ഇതാണെന്നെനിക്കു മനസ്സിലായി. ഒരു സൗരഭ്യം ആ വനം മുഴുവൻ നിറഞ്ഞു നില്ക്കുന്നു. ഞങ്ങൾ രണ്ടു മൂന്നു പാർട്ടികളായി തിരിഞ്ഞു മുമ്പോട്ടു പോയി. ഏതാണ്ടു നടുക്കായി ഞാനും സിൽവറും സഞ്ചരിക്കയായി

രുന്നു. ഇടക്കിടയ്ക്കു് സിൽവറിനെ ഞാൻ സഹായിച്ചു കൊണ്ടിരുന്നു.

അര മൈലോളം അങ്ങനെ ഞങ്ങൾ പോയിക്കാണും. കുന്നിൻമുകളിലെ പീഠഭൂമിയോടടുത്തു. പെട്ടെന്നു് ഇടതുഭാഗത്തുനിന്നൊരു നിലവിളി. ഞങ്ങളുടെ കൂട്ടുകാരിലൊരാൾ തന്നെയായിരുന്നു അതു്. മററുള്ളവർ അങ്ങോട്ടോടിത്തുടങ്ങി.

ഞാനും സിൽവറും അവിടെയെത്തി. ഒരസ്ഥികൂടം മണ്ണിൽ മലന്നു കിടക്കുകയാണു്. മനുഷ്യൻെറ ഒരസ്ഥികൂടം. ഒരു കാട്ടുവള്ളി അതിൻെറ മുകളിലൂടെ പടന്നേറിയിട്ടുണ്ടു്. തൊട്ടടുത്തു് ഒരു പൈൻമരം തലയുയർത്തി നില്ക്കുന്നു. എൻെറ ഹൃദയത്തുടിപ്പു് നിന്നതുപോലെ ഞാൻ ഞെട്ടി.

"ഇതൊരു കപ്പൽക്കാരൻെറതാണു്."—ജോർജ്ജ് പറഞ്ഞു. "നോക്കു്, ഈ ക്യാൻവാസ് തുണി കപ്പലിലുള്ളതുതന്നെ" അടുത്തുകിടന്ന കീറത്തുണി ചൂണ്ടിക്കാണിച്ചുകൊണ്ടു് അയാൾ തുടന്നു.

"ഈ അസ്ഥികൂടത്തിൻെറ കിടപ്പു നോക്കൂ."—സിൽവർ ചൂണ്ടിക്കാണിച്ചു.

ആ അസ്ഥികൂടം നിവർന്നു് നെടുനീളത്തിലാണു് കിടക്കുന്നതു്. കാലുകൾ നീട്ടിവെച്ചിരിക്കുന്നു. കൈകൾ തലയ്ക്കുമുകളിലേക്കു് നീട്ടി നിവർത്തിവെച്ചിരിക്കുന്നു. ഇങ്ങനെയാണോ മരിച്ചു കിടക്കുക?

"എനിക്കൊന്നു തോന്നുന്നു." സിൽവർ എന്തോ മനസ്സിലായതുപോലെ പറഞ്ഞു. എന്നിട്ടു് തൻെറ കൈയിലിരുന്ന കോമ്പസ് നിലത്തുവെച്ചു്, അസ്ഥികൂടത്തിൻെറ കിടപ്പു് ഏതു ദിക്കിലേക്കു് തിരിഞ്ഞാണെന്നു്

മനസ്സിലാക്കി. അതു് 'സ്റ്റെലിട്ടൺ ഐലൻറി'ലേക്കു തിരിഞ്ഞാണു കിടന്നിരുന്നതു്.

സിൽവർ ആഹ്ലാദപൂർവ്വം ക്യാപ്റ്റൻ ഫ്ളിൻറിൻെറ കഥ പറഞ്ഞു. എനിക്കു പരിചയമില്ലാത്ത പല രേക്കറിച്ചും പല കഥകളും അയാൾ ഒററശ്വാസത്തിൽ കൂട്ടുകാരോടു പറഞ്ഞുകേൾപ്പിച്ചു.

സൂര്യന് നല്ല ചൂടുപിടിച്ചിരുന്നു. എങ്കിലും ഞങ്ങൾ നില്ക്കാതെ കുന്നിൻപുറത്തേക്കുതന്നെ നടന്നു. കൊള്ളക്കാർ അടുത്തടുത്തു്, ശ്വാസം പിടിച്ചാണു് നടന്നതു്. ആ അസ്ഥികൂടത്തിൻെറ ആത്മാവു് തങ്ങളെ ചുററിപ്പററിപ്പറക്കുന്നുണ്ടെന്നു് അവർ ഭയപ്പെട്ടന്നതുപോലെ തോന്നി.

V

കൊള്ളക്കാർ വിശ്രമിക്കാനായി ഒരിടത്തിരുന്നു. അവർ ഭയംകൊണ്ടു വിറച്ചിരുന്നു എന്നു് പറയുകയാവും സത്യം.

ഞങ്ങൾ കുന്നിൻപുറത്തെത്തിക്കഴിഞ്ഞു. ഞങ്ങളിരുന്നിടത്തുനിന്നു നോക്കിയാൽ ഒരു വലിയ ഭൂവിഭാഗം മുഴുവൻ കാണുവാൻ കഴിയുമായിരുന്നു. 'കേപ് ഓഫ് ദി വുഡ്സ്' ദൂരെക്കിടക്കുന്നതു് വൃക്ഷങ്ങളുടെ മുകളിലൂടെ നോക്കിയാൽ കാണാം. കിഴക്കുഭാഗത്തായി സമുദ്രതീരത്തോടടുത്തു് വിശാലമായിക്കിടക്കുന്ന ചതുപ്പുനിലങ്ങൾ. ഞങ്ങളുടെ തൊട്ടടുത്തു് തലയുയർത്തിനില്ക്കുന്ന സ്പൈഗ്ലാസ് കുന്നു്. പൈൻകാടുകളും വള്ളിക്കുടിലുകളും ആ ഹരിതവനങ്ങളെ മനോമോഹനങ്ങളാക്കി. ഒരഗാധമായ മൂകത അവിടെയെങ്ങും നിറഞ്ഞുനിന്നു. ചീവീടുകളുടെ ശബ്ദം മാത്രം ഇടയ്ക്കിടയ്ക്കു് ആ നിശ്ശ

ബ്ദതയുടെ കയത്തിൽ കല്ലെറിയുന്നുണ്ടായിരുന്നു. അ ങ്ങ് വിദൂരതയിൽ പരന്നുകിടക്കുന്ന സമുദ്രത്തിൽപ്പോ ലും തിരമാലകൾ ശാന്തമായിരുന്നു.

സിൽവർ നിധിയിരിക്കുന്ന സ്ഥലത്തെക്കുറിച്ച് ചില കണക്കുകൾ പറഞ്ഞുകൊണ്ടിരുന്നു.

സിൽവർ: "എനിക്കു വിശക്കുന്നുണ്ട്."

മോർഗൻ: "എനിക്കു വിശപ്പല്ല തോന്നുന്നതു്, ഭയ മാണ്. ഫ്ളിൻറിനെക്കുറിച്ചോർക്കുമ്പോൾ പേടിയാ കുന്നു."

"അയാള് ചത്തെടോ, പിന്നെന്തിനാ പേടി." — സിൽവർ.

"അയാളൊരു തെമ്മാടിയായിരുന്നു. കുടിച്ച്കുടി ച്ച്..."— ഒരാൾ.

"അതാ ചത്തതു്........" മോർഗൻ കൂട്ടിച്ചേർത്തു.

കാട്ടിൽ അസ്ഥികൂടം കണ്ടതിനുശേഷം കൊള്ള ക്കാർ സംസാരിക്കുന്നതുപോലും താഴ്ന്നസ്വരത്തിലായി രുന്നു. അവർ ചുററുപാടും നോക്കി.

പെട്ടെന്നു് കപ്പൽക്കാർക്ക് സുപരിചിതമായ ഒരു ഗാനം കാട്ടിൽനിന്നും ഉയന്നു. എനിക്കും അതു കേട്ടപ രിചയമുണ്ടായിരുന്നു.

ഇതിനേക്കാൾ ഭയന്നു് അവരെ ഞാൻ കണ്ടിട്ടില്ല. അവരുടെ മുഖം കരിവാളിച്ചുപോയി.

"ഇതു് ഫ്ളിന്റാ........" മോർഗൻ നിലവിളിച്ചു.

ആരംഭിച്ചതുപോലെതന്നെ പെട്ടെന്നു് ആ ഗാനം നിന്നു. ആരോ പാട്ടുകാരൻെറ വായ് പൊത്തിപ്പിടി ച്ചതുപോലെ.

"എന്താ ഇങ്ങനെ? പേടിയോ? അതു പാടില്ല."- വിറച്ചുകൊണ്ടു് സിൽവർ കൂട്ടുകാരോടു പറഞ്ഞു- "ആരാണതെന്നു് എനിക്കറിഞ്ഞുകൂടാ. ആരോ മനുഷ്യരാ- തീച്ച്."

സംസാരിച്ചുതുടങ്ങിയപ്പോഴേക്കും സിൽവറിനു് ധൈര്യം തിരിച്ചുകിട്ടി. കൂട്ടുകാരും ധൈര്യം വീണ്ടെടുത്തുതുടങ്ങിയിരുന്നു.

വീണ്ടും ആ ശബ്ദം! ഇത്തവണ പാട്ടല്ല. "ഡാർബി എം ഗ്രോ, ഡാർ ബി എം ഗ്രോ, ഡാർ ബി എം ഗ്രോ..."അതു നീണ്ടുപോയി. "ഡാർ ബി...റം...റം .."

കൊള്ളക്കാർ, നിലത്തു കുഴിച്ചിട്ടതുപോലെ നിശ്ചലരായി. കുറേ കഴിഞ്ഞിട്ടും അവർക്കു സംസാരിക്കാൻ സാധിച്ചില്ല. അവർ മുഖത്തോടുമുഖം തുറിച്ചുനോക്കി.

"നമുക്കു പോകാം......"— ഒരാൾ നെടുവീർപ്പിട്ടു.

"അയാളവസാനം പറഞ്ഞ വാക്കാണിതു്. അവസാനം പറഞ്ഞവാക്കു്......!"— മോർഗൻ.

ഡിക്കു് ബൈബിൾ പുറത്തെടുത്തു് പ്രാത്ഥിക്കാൻ തുടങ്ങിയിരുന്നു.

സിൽവർ ഭയംകൊണ്ടു് വിറച്ചു. എന്നാലും അയാൾ തൻേറടമററവനായില്ല.

"ഡാർബിയെപ്പററി ആരെങ്കിലും കേട്ടിട്ടുണ്ടോ?" —സിൽവർ ചോദിച്ചു. "ഞാനിവിടെ വന്നതു് നിധിയെടുക്കാനാ; ആരുവന്നാലും അതെടുക്കുകതന്നെ ചെയ്യും. മനുഷ്യൻ വന്നാലും ചെകുത്താൻ വന്നാലും. ഫ്ളിന്റ് ജീവിച്ചിരുന്നപ്പോൾ ഞാൻ ഭയപ്പെട്ടില്ല; പിന്നല്ലേ മരിച്ചിട്ടു്. ഇവിടന്നു് രണ്ടു് ഫർലോംഗകലെ ഏഴുലക്ഷം പവനാണു് കിടക്കുന്നതു്. മനസ്സിലായോ-?"

ഇത്രയുമായിട്ടും സിൽവറിൻെറ കൂട്ടുകാരിൽ ധൈര്യത്തിൻെറ നിറം പകൎന്നില്ല. അവരിൽ ഭയമാണു് മുന്തിനില്ക്കുന്നതു്. ആരും മറുപടിപറയാതെ നില്ക്കുകയാണു്. ധൈര്യമുണ്ടായിരുന്നെങ്കിൽ അവർ നേരത്തെ ഓടി രക്ഷപ്പെട്ടേനേ. ഓടാൻപോലും ധൈര്യമില്ലവൎക്കു്. സിൽവർ കൂടുതൽ കൂടുതൽ ധൈര്യം പ്രകടിപ്പിച്ചുതുടങ്ങി.

"എനിക്കൊന്നും മനസ്സിലായില്ല. എന്തായിരുന്നാലും മാറെറാലി. അതു് കാട്ടിൽനിന്നു വന്നതാ. ങേ്!!"

എനിക്കയാളുടെ വാദമുഖം മനസ്സിലായില്ല. എങ്കിലും ജോർജ്ജ്മെറി കൂടുതൽ ധൈര്യം കാണിക്കാൻ തുടങ്ങി.

"ആ ശബ്ദം അയാളുടേതല്ല. ഫ്ളിൻറിൻേറതല്ല........പിന്നെ; പരിചയമൊള്ള വേറൊരാളുടെ...." —ജോർജ്ജ് പറഞ്ഞു.

"ദൈവമേ! ബെൻഗൺ! ബെൻഗൺ!" —സിൽവർ അലറിപ്പോയി.

"ബെൻഗണ്ണാണോ അതു്?"—മോർഗൻ.

ഡിക്ക പറഞ്ഞു: "അതിനെന്താ....ബെൻഗൺ ചത്തുപോയില്ലേ...?"

കൊള്ളക്കാരിലെ പഴമക്കാർ അതു ശ്രദ്ധിച്ച മട്ടുകണ്ടില്ല.

"ആരെടാ ഈ ബെൻഗൺ– ചത്തവനായാലെന്താ- ജീവിക്കുന്നവനായാലെന്താ?" - ജോർജ്ജ്.

അവരുടെ ജീവൻ നേരെവീണുതുടങ്ങി. അവരന്യോന്യം വെടി പറയാനാരംഭിച്ചു. കുറെക്കഴിഞ്ഞ്

തോളോടുതോളുരുമ്മി അവർ മുമ്പോട്ടുനീങ്ങി. ജോർജ്ജ് പറഞ്ഞതുപോലെ ബെൻഗണ്ണിനെ ആരും വകവച്ചില്ല.

ഡിക്കിൻെറ കൈയിൽ ഇപ്പോഴും ബൈബിൾ ഉണ്ടായിരുന്നു. അയാളുടെ മിഴികളിൽ ഭയം നീലനിഴൽ വിരിച്ചിരുന്നു. എന്നാലയാളെ ആരും സമാധാനിപ്പിച്ചില്ല. സിൽവർ കൂടെക്കൂടെ കളിയാക്കുകയും ചെയ്തിരുന്നു.

"നീയാ ബൈബിൾ കളഞ്ഞു!! അതുംകൊണ്ടു നടന്നാലെന്താ ഫലം?"— സിൽവർ പറഞ്ഞു.

ഡിക്കിന് ഈ ഫലിതമൊന്നും പിടിച്ചില്ല. അയാളുടെ മുഖത്തിൻെറ നിറം ഇപ്പോഴും വിളറിയിരുന്നു; പനി പിടിച്ചവനെപ്പോലെ.

ഉദ്ദിഷ്ടസ്ഥാനത്തേക്ക്, അല്പം പടിഞ്ഞാട്ടുമാറി, കുന്നിൻെറ ചരിവിലൂടെയായിരുന്നു വഴി. സിൽവർ പറഞ്ഞ വലിയ പൈൻമരങ്ങൾ കണ്ടുതുടങ്ങി. ഒന്ന്, രണ്ട്......പൈൻമരങ്ങൾ ഓരോന്നിൻേറയും ചുവട്ടിൽ ഞങ്ങളെത്തി. മൂന്നാമത്തെ മരത്തിന് ഏതാണ്ടിരുന്നൂറടി പൊക്കം കാണും. അതിൻെറ ചുവട്ടിലെവിടെയോ ആണ് ഏഴുലക്ഷം പവൻ കുഴിച്ചിട്ടിരിക്കുന്നതെന്ന് സിൽവർ ചാർട്ടുനോക്കി കൂട്ടുകാരോടു പറഞ്ഞിരുന്നു. അതിൻെറ ചുവട്ടിലെത്തിയപ്പോഴേക്കും എല്ലാവരുടേയും ഭയം പമ്പകടന്നു. ധനമോഹംകൊണ്ട് ഓരോരുത്തരുടേയും കണ്ണുകൾ ജ്വലിച്ചു. അവരുടെ കാലുകൾ വേഗമാന്നു; ഭാഗ്യത്തിൻെറ പടിവാതിലിൽ മുട്ടുമ്പോൾ എന്തെന്തു സംഭവിക്കയില്ല!

സിൽവർ തൻെറ പൊയ്ക്കാലിൽ പതിവുപോലെ വാഞ്ഞു് എന്തോ മുറുമുറുത്തുകൊണ്ടു നിന്നു. തൻെറ

കൈയിലിരുന്ന ചരട് ഇടയ്ക്കിടയ്ക്ക് അയാൾ വലിച്ചു കൊണ്ടിരുന്നു. എൻെറനേരേ തുറിച്ചു നോക്കുകയും!

സിൽവറിൻെറ ഭാവപ്പകർച്ച എന്നെ ഭയപ്പെടുത്തി. നിധിയുടെ സമീപത്തെത്തിയ അയാൾ ഡോക്ടറോടു ചെയ്ത വാഗ്ദാനം മറന്നുകഴിഞ്ഞിരിക്കുന്നു. എന്നോടുള്ള കടമയും. അയാളുടെ തലയ്ക്കകത്ത് എന്തെല്ലാമായിരിക്കും കിടന്നു കറങ്ങുക? നിധിയെടുക്കുക! എല്ലാ കൂട്ടുകാരേയും കൊല്ലുക! കപ്പലിൽ കയറി നാട്ടിലേക്കു പോകുക......! കൊള്ളത്തലവൻെറ സങ്കല്പങ്ങൾ!!

എൻെറ നേരെ കൂടുതൽ ഭയങ്കരമായി സിൽവർ നോക്കി. ഡിക്ക് ഭയംകൊണ്ടു തുള്ളിത്തുടങ്ങി; ജ്വരബാധിതനെപ്പോലെ. പണ്ടൊരു നാവികൻ ഈ പൈൻമരത്തിൻെറ ചുവട്ടിൽവച്ച് തൻെറ ആറു കൂട്ടുകാരേയും കൊന്നുകളഞ്ഞ കഥ ഞാനോർത്തു. ഞങ്ങളും ആറു പേരാണ്!!

"ഒരുമിച്ചുവാ, ഓടിവാ!"—ജോർജ്ജ്മെറി വിളിച്ചുപറഞ്ഞു.

എല്ലാവരും കൂടി മുമ്പോട്ടോടി. പെട്ടെന്നവർ നിന്നു. ഒരു നിലവിളി അവിടെയെങ്ങും മാറെറാലിക്കൊണ്ടു. ഞാനും സിൽവറും അവിടെയെത്തി. സിൽവറിൻെറ മുഖം പൈശാചികമായി മാറി.

ഒരു വലിയ കുഴി. കുറേ നാളായിക്കാണും അതു കുഴിച്ചിട്ട്. വശങ്ങൾ ഇടിഞ്ഞുപൊളിഞ്ഞു വീണിരിക്കുന്നു. അടിയിൽ പുല്ലു പിടിച്ച് പടർന്നിട്ടുമുണ്ട്. അതിൽക്കിടന്ന പൊളിഞ്ഞ ഒരു പലകക്കഷണത്തിൽ ഇങ്ങനെ കൊത്തിയിരുന്നു: "വാൽറസ്"—ക്യാപ്ററൻ ഫ്ളിൻറിൻെറ കപ്പൽ!!

ഏഴു ലക്ഷം പവനും നഷ്ടപ്പെട്ടിരിക്കുന്നു!!

## VI

ഇത്ര ഭയങ്കരമായ ആശാഭംഗം ഇതിനുമുമ്പ് ലോകത്തിൽ ആക്കും ഉണ്ടായിക്കാണുകയില്ല. ഞങ്ങളെല്ലാം മരവിച്ചുനിന്നു. സിൽവറിൻെറ മുഖത്തു് ഒരുതുള്ളി രക്തമില്ലായിരുന്നു. എന്നാലടുത്ത നിമിഷം അയാാം തൻെറ ഭാവം മാററാൻ കഠിനമായി ശ്രമിച്ചു. അതിലൊട്ടു വിജയിക്കയും ചെയ്തു.

“ജിം!” അയാളെന്നോടു മന്ത്രിച്ചു. “ഈ തോക്കെടുത്തോ. അപകടം വന്നാ തടുത്തോളണം.”

അയാാം എൻെറ കൈയിൽ ഇരട്ടത്തോട്ടയുള്ള ഒരു കൈത്തോക്കു തന്നു.

അയാാം വടക്കേ അരികിലേക്കു് സാവധാനം നടന്നു. മററുള്ള അഞ്ചുപേരിൽനിന്നു് കുറെ അകലെയായി. എൻെറ മുഖത്തു് സ്നേഹപൂർവ്വം അയാാം നോക്കി. “നിങ്ങാം വീണ്ടും ചേരിമാറിയോ” എന്നു് ചോദിക്കണമെന്നെനിക്കു തോന്നി.

സിൽവറിൻെറ കൂട്ടുകാർ ഓരോരുത്തരായി ആ കുഴിയിലിറങ്ങി. ചിഖരത്തിലിരുന്നു് കൈകൊണ്ടു് മണ്ണു മാന്തിത്തുടങ്ങി. മോർഗനു് ഒരു ചെറിയ സ്വർണ്ണനാണയം കിട്ടി. “രണ്ടു ഗിനി”—അയാളതു പൊക്കിപ്പിടിച്ചുകൊണ്ടു് വിളിച്ചുപറഞ്ഞു.

അതു വാങ്ങി സിൽവറിൻെറ നേരേ നീട്ടി. “ഇതാണോ നിങ്ങടെ എഴുലക്ഷം പവൻ? പററിക്കാൻ നടക്കുന്നു. ചട്ടകാലൻ!”—മെറി വിളിച്ചുപറഞ്ഞു.

“കുഴിച്ചു നോക്കിൻ നിങ്ങാം!”—അതീവ ശാന്തനായി സിൽവർ പറഞ്ഞു.

മെറി പരുഷമായി സിൽവറിൻെറ മുഖത്തുനോക്കി എന്തെല്ലാമോ പിറുപിറുത്തു.

"മെറീ, നീ മിടുക്കനാ. ക്യാപ്‌ററനാകണമെന്നുണ്ടോ?"—സിൽവർ.

ഇത്തവണ എല്ലാവരും ജോർജ്ജ് മെറിയുടെ പക്ഷത്തായിരുന്നു. സിൽവർ ഒററപ്പെട്ടുന്നു!

സിൽവറും ഞാനും കുഴിയുടെ ഒരു വശത്ത്; മറുവശത്ത് അവരഞ്ചുപേർ. 'ആദ്യം ആരടിക്കണം' എന്നതേ പ്രശ്നമുള്ളൂ. എന്നാൽ സിൽവർ വീണ്ടും ശാന്തതയവലംബിച്ചുതേയുള്ളൂ.

അവസാനം മെറി പറയാനാരംഭിച്ചു: "കൂട്ടരെ! അവർ രണ്ടാളും നമ്മളഞ്ചാളും. അവരിലൊരാൾ ചട്ടൻ! മററവൻ പയ്യൻ! അതുകൊണ്ടു്..."

മെറി കൈയുയർത്തി. ഠേ! ഠേ! ഠേ! മൂന്നു വെടി. കാടിനിടയിൽനിന്നും പുകയും മിന്നലും. മെറി കുഴിയിലേക്കു മറിഞ്ഞു. തലയിൽ വെച്ചുകെട്ടിയിരുന്ന കൊള്ളക്കാരനും താഴെ വീണു. ബാക്കി മൂന്നുപേർ തിരിഞ്ഞോടി. നിലത്തു കിടന്നു പിടച്ചുകൊണ്ടിരുന്ന മെറിയുടെ നേരേ, കണ്ണു ചിമ്മിത്തുറക്കുന്നതിനകം സിൽവർ രണ്ടു നിറയൊഴിച്ചു. "നിന്നെ ഞാൻതന്നെ ക്ലോസാക്കി"—സിൽവർ മുറുമുറുത്തു.

ഡോക്ടറും, ഗ്രേയും, ബെൻഗണ്ണും കാട്ടിൽനിന്നു് പുറത്തിറങ്ങിവന്നു് ഞങ്ങളുടെ സമീപത്തു നിന്നു.

"ഓടണം...അവരുടെ പുറകേ!" ഡോക്ടർ അലറി.

ഞങ്ങൾ കഴിയുന്നിടത്തോളം വേഗത്തിൽ കുന്നും കുഴിയും കുററിക്കാടും താണ്ടിപ്പാഞ്ഞു. സിൽവർ എന്തു പാടുപെട്ടു, ഞങ്ങളുടെ പുറകെയെത്താൻ.

"ദാ, അവർ-ധൃതി കൂട്ടേണ്ടാ!'' സിൽവർ സമതലത്തിൽക്കൂടി മീസ്സൻ മാസ്റ്റ'' കുന്നിലേക്കു് പാഞ്ഞുകൊണ്ടിരുന്ന മൂന്നു പേരെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു. അവർ ബോട്ടു കരസ്ഥമാക്കുമോ എന്നായിരുന്നു ഞങ്ങളുടെ ഭയം. അവരുടെ ലക്ഷ്യം കണ്ടപ്പോഠം അതു തീൎന്നു.

ഞങ്ങഠം സമതലത്തിലൊരിടത്തിരുന്നു് വിശ്രമിച്ചു.

"ഡോക്ടർ! അങ്ങാണു് എന്നെയും ജിമ്മിനേയും രക്ഷിച്ചതു്. ബെൻഗൺ! നീ നല്ലവൻതന്നെ. നീയും സമയത്തിനെത്തിയല്ലൊ!"—സിൽവർ ദീൎഘനിശ്വാസത്തോടെ പറഞ്ഞു.

"ബെൻഗൺ ഞാൻതന്നെ. എന്നെ അറിയുമോ? കൊള്ളാം! കൊള്ളാം!''—ബെൻഗൺ അൎത്ഥഗർഭമായി പറഞ്ഞു നിൎത്തി.

ഞങ്ങളെല്ലാവരും ബോട്ടു കിടക്കുന്ന സ്ഥലത്തേയ്ക്കു പോയി. വഴിക്കുവച്ചു്, നടന്ന സംഭവം മുഴുവൻ ഡോക്ടർ പറഞ്ഞു. ആ കഥയിലെ നായകൻ 'മറയനായ' ബെൻഗൺ തന്നെയായിരുന്നു.

ഹിസ്പ്പാനിയോളാ ആ ദ്വീപിലടുക്കുന്നതിനു് രണ്ടുമാസം മുമ്പുതന്നെ ബെൻഗൺ ആ നിധി കുഴിച്ചെടുത്തിരിക്കുന്നു. ഡോക്ടർ ബെൻഗണ്ണിനെ കണ്ടുമുട്ടി കാൎയ്യം മനസ്സിലാക്കിയതിനു ശേഷമാണു് ചാർട്ടും മരക്കുടിലും സിൽവറിനും കൊള്ളക്കാൎക്കുമായി വിട്ടുകൊടുത്തതു്. സിൽവറും പാർട്ടിയും നിധിയന്വേഷിച്ചിറങ്ങിയപ്പോഠം പുറകേ ഡോക്ടറും ഗ്രേയും ബെൻഗണ്ണും കൂടി. കാട്ടിനുള്ളിൽനിന്നുണ്ടായ എല്ലാ ശബ്ദങ്ങളുടേയും കൎത്താവു് ബെൻഗണ്ണായിരുന്നു.

അപ്പോഴേക്കും ഞങ്ങൾ ബോട്ടിനടുത്തെത്തിയിരുന്നു. ഡോക്ടർ പിക്കാസുകൊണ്ടു് ഒരു ബോട്ടു തകർത്തുകളഞ്ഞു. മറേറതിൽക്കയറി ഞങ്ങൾ തുഴഞ്ഞു. സിൽവർ വളരെ ക്ഷീണിച്ചിരുന്നെങ്കിലും അയാളെ അമരത്തുതന്നെ ഇരുത്തി.

എട്ടു മൈൽ ദൂരത്തോളം ഞങ്ങൾക്കു് തുഴഞ്ഞുപോകേണ്ടിയിരുന്നു.

ഞങ്ങൾ ബെൻഗണ്ണിന്റെ ഗുഹയിലെത്തി. പ്രഭു പുറത്തു നില്പുണ്ടായിരുന്നു. അദ്ദേഹം കൈപൊക്കി, ഞങ്ങളെ അഭിവാദ്യം ചെയ്തു. എന്നോടു വിശേഷിച്ചൊന്നും പറഞ്ഞില്ല.

"ജോൺ സിൽവർ! നീയൊരു വില്ലനാണു്. നിന്നെ എന്തു ചെയ്യണമെന്നറിയാമോ? എന്നാൽ എല്ലാം ഡോക്ടറെന്നോടു പറഞ്ഞിട്ടുണ്ടു്. ഓത്തോ"—പ്രഭു പറഞ്ഞു നിർത്തി.

ഞങ്ങൾ ഗുഹയ്ക്കകത്തു പ്രവേശിച്ചു. ധാരാളം വായുസഞ്ചാരമുള്ള ഒരു മുറി. തറയിൽ മുഴുവൻ മണൽ വിരിച്ചിരിക്കുന്നു. ഒരു വലിയ നെരിപ്പോടിന്റെ അരികിൽ ക്യാപ്ററൻ കിടക്കുന്നു. മുറിയിൽ ഒരു മൂലയ്ക്കു് സ്വർണ്ണനാണയങ്ങൾ കൂട്ടിയിട്ടിരിക്കുന്നു. ഫ്ളിൻറിന്റെ നിധി!! അതിനുവേണ്ടി ഇതിനകം പതിനേഴുപേർ മരിച്ചിരിക്കുന്നു. എത്ര രക്തം ഒഴുക്കിയിരിക്കുന്നു!

"ജിം! വരൂ, വരൂ,"—ക്യാപ്ററൻ പറഞ്ഞു - "നീ മിടുമിടുക്കൻതന്നെ. നിന്നെ എനിക്കു നന്നെ പിടിച്ചു! മി. ജോൺ സിൽവർ! നീയെങ്ങനെ തിരിച്ചുവന്നു ഇവിടെ?"

എന്റെ കടമ നിർവ്വഹിക്കാൻ."—സിൽവർ.

അന്നു രാത്രിയിലത്തെ ആഹാരം എത്ര സുഖമുള്ളതായിരുന്നു. കൂട്ടുകാരെല്ലാം ഒരുമിച്ചു. സിൽവറും ഞങ്ങളുമൊരുമിച്ചിരുന്നു് വെടിപറഞ്ഞാഹ്ലാദിച്ചു് മനസ്സും വയറും നിറച്ചു.

## VII

നേരം വെളുത്തു. ഞങ്ങളുടെ ജോലി കുറേ കഠിനമായിരുന്നു. ഗുഹയിൽ കൂട്ടിയിട്ടിരുന്ന സ്വർണ്ണനാണയങ്ങൾ മുഴുവൻ ഒരു മൈൽ ചുമന്നു് കപ്പലിലെത്തിക്കേണ്ടിയിരുന്നു. ഒരാൾ അവിടെ കാവൽ നിന്നു. കരയിലേക്കു രക്ഷപെട്ടവർ തിരിച്ചുവന്നാലോ?

ഗ്രേയും ബെൻഗണ്ണും ബോട്ടിൽ സ്വർണ്ണം കയററി കപ്പലിലെത്തിച്ചിരുന്നു. ഞങ്ങൾ അതു് കടൽക്കരയിൽ കൂട്ടിയിട്ടുകൊണ്ടിരുന്നു. ഞാൻ ഗുഹയിലിരുന്നുകൊണ്ടു് നാണയങ്ങൾ ചാക്കിൽ കെട്ടുകയായിരുന്നു.

എന്തെല്ലാംതരം നാണയങ്ങളായിരുന്നു അവ. ഇംഗ്ലീഷ്, ഫ്രഞ്ചു്, സ്പാനിഷ്, പോർച്ചുഗീസ് - ഇങ്ങനെ എത്രയെത്ര രാജ്യങ്ങളിലെ നാണയങ്ങൾ. എത്രയെത്ര രാജാക്കന്മാരുടെ ചിത്രങ്ങളാണു് അവയിൽ കൊത്തിയിരിക്കുന്നതു്. ഞാൻ എണ്ണിയെണ്ണി മടുത്തു. എന്റെ വിരലുകൾ വേദനിച്ചുതുടങ്ങി.

ഞങ്ങൾ മൂന്നുദിവസം നിരന്തരമായി ബുദ്ധിമുട്ടി. മൂന്നാമത്തെ ദിവസം രാത്രിയാണ . ഞാനും ഡോക്ടറും ആ കുന്നിൻചരിവിലൂടെ നടക്കുകയാണു്.

ദൂരെ, കാട്ടിൽനിന്നു് ഒരു സംഗീതം ഇഴഞ്ഞിഴഞ്ഞു വരുന്നു.

“കൊള്ളക്കാർ; അതാ കൊള്ളക്കാർ!” — ഡോക്ടർ പറഞ്ഞു.

"എല്ലാം കുടിച്ചുമറിഞ്ഞിരിക്കുന്നു." -പുറകിൽ നിന്നു് ഒരു ശബ്ദം. സിൽവറായിരുന്നു അതു്.

സിൽവറിനു് മററുള്ളവരേപ്പോലുള്ള സ്വാതന്ത്ര്യം പ്രഭു അനുവദിച്ചുകൊടുത്തിരുന്നു. എല്ലാവരും തുല്യ നിലയിൽത്തന്നെ അയാളോടു പെരുമ റിയിരുന്നു. എന്നാലും ബെൻഗണ്ണിനൊരു ഭയം! തൻെറ പഴയ ക്വാർട്ടർ മാസ്റ്ററാണല്ലോ സിൽവർ!

കരയ്ക്കു രക്ഷപെട്ട കൊള്ളക്കാരെക്കുറിച്ചു് ഞങ്ങൾക്കു കിട്ടിയ അവസാനത്തെ അറിവു് ഇതാണെന്നു പറയാം: ഒരിക്കൽ ഞങ്ങളുടെ ഗുഹയിൽനിന്നും കുറേ ദൂരെ ഒരു വെടിയുടെ ശബ്ദം കേട്ടു. അവർ വേട്ടയാടിയതോ മററോ ആവാം!

അവരെ എന്തു ചെയ്യണമെന്നു് ഞങ്ങൾ കൗൺസിൽകൂടി തീരുമാനിച്ചു. കരയ്ക്കുപേക്ഷിക്കതന്നെ! കുറേ ആഹാരസാധനങ്ങളും, വെടിമരുന്നും, തോക്കും അവർക്കുവേണ്ടി കരയിലുപേക്ഷിക്കുവാനും തീർച്ചയാക്കി. ഭാഗ്യമുണ്ടെങ്കിൽ അവരതു കണ്ടെത്തട്ടെ!!

ഞങ്ങൾ യാത്രയായി. കപ്പൽ ദ്വീപിൻെറ തെക്കേ മൂലയ്ക്കെത്തിയപ്പോൾ കരയ്ക്കു രക്ഷപെട്ട മൂന്നു കൊള്ളക്കാരേയും കണ്ടു. ഡോക്ടർ അവക്കുവേണ്ടി കരയ്ക്കിട്ടിരിക്കുന്ന സാധനങ്ങളെക്കുറിച്ചു് അവരോടു വിളിച്ചു പറഞ്ഞു. അവർ ദയവിനുവേണ്ടി വീണ്ടും വീണ്ടും യാചിച്ചു. എൻെറ ഹൃദയം മിടിച്ചു. എങ്ങനെ അവരെ ഈ ഏകാന്തമായ ഭീകരദ്വീപിൽ ഉപേക്ഷിച്ചു പോകും? എങ്ങനെ പോകാതിരിക്കും?

അവരുടെ അത്ഥനകളെ വിഗണിച്ചുകൊണ്ടു് ഞങ്ങൾ കപ്പൽ കടലിലേക്കു് തിരിച്ചു യാത്രയായപ്പോൾ

അവരിലൊരാൾ സിൽവറിന്റെ തലനോക്കി തന്റെ തോക്കൊഴിച്ചു. അതു് സിൽവറിന്റെ തലയുടെ മുകളിലൂടെ ചൂളമടിച്ചുകൊണ്ടു് കടന്നുപോയി.

ഉച്ചയായപ്പോഴേക്കും സമ്പദ്‌ദ്വീപിന്റെ പച്ചക്കരയിട്ട തീരങ്ങളിൽനിന്നും കപ്പൽ വളരെ ദൂരം പോയിരുന്നു.

സന്ധ്യയായപ്പോഴേക്കും ഞങ്ങളുടെ കപ്പൽ അടുത്തുള്ള ഒരു തുറമുഖത്തടുപ്പിച്ചു് ഞങ്ങൾ നങ്കൂരമിട്ടു. ആ തുറമുഖം കാഴ്ചയ്ക്കു് അതിമനോഹരമായിരുന്നു. കറുത്തയാളുകളുടെ നഗരമായിരുന്നു അതു്. ഡോക്ടർ എന്നെയുംകൂട്ടി നഗരത്തിലാകെ പാതിരാത്രിവരെ ചുററിക്കറങ്ങി. ഒരിംഗ്ലീഷ് ക്യാപ്ററനെ ഞങ്ങൾ പരിചയപ്പെട്ടു. അദ്ദേഹത്തെക്കൂടി കപ്പലിലേയ്ക്കു കൂട്ടിക്കൊണ്ടുപോന്നു.

ഞങ്ങൾ തിരിച്ചുവന്നപ്പോൾ ബെൻഗൺ മാത്രമേ ഡക്കിലുള്ളൂ. സിൽവർ കടന്നുകളഞ്ഞിരിക്കുന്നു. നാന്നൂറു ഗിനിയോളം കൊള്ളുന്ന ഒരു ചാക്കും അയാൾ തട്ടിയെടുത്തിരിക്കുന്നു. ഒരുകണക്കിന്നു് അയാൾ പോയതു നന്നായി. ബുദ്ധിമുട്ടു കൂടാതെ ആ കൊള്ളത്തലവൻ ഒഴിഞ്ഞുകിട്ടിയല്ലൊ!

ഞങ്ങൾ ബ്രിസ്റ്റളിൽ തിരിച്ചെത്തിയപ്പോഴേക്കും മി. ട്രെലാന്റ്ലി ഞങ്ങളെ അന്വേഷിച്ചിറങ്ങാൻ ഒരു കപ്പൽ തയ്യാറാക്കുകയായിരുന്നു. നിധിയന്വേഷിച്ചിറങ്ങിയതിൽ അഞ്ചുപേർ തിരിച്ചെത്തിയിരിക്കുന്നു.!!

നിധി ഞങ്ങൾ പങ്കിട്ടെടുത്തു. ക്യാപ്ററൻ സ്മോളററ് കടൽയാത്രയിൽനിന്നു് രാജിവച്ചു് വീട്ടിലിരിക്കയാണു്. ഗ്രേ, കിട്ടിയപണംകൊണ്ടു് കപ്പൽവ്യാ

പാരം നടത്തി ഒരു ധനികനായിരിക്കയാണു്. വിവാഹം കഴിച്ച് അയാൾ ഒരു ഗൃഹസ്ഥൻകൂടിയായിരിക്കുന്നു. ബെൻഗണ്ണിനു കിട്ടിയ തുക ഒരു മാസംകൊണ്ടു ചെലവഴിച്ചു. ഇപ്പോഴയാൾ പള്ളികളിലും ഉത്സവസ്ഥലങ്ങളിലും പാട്ടുപാടിയാണു് ജീവിതം നയിക്കുന്നതു്.

സിൽവറിനെക്കുറിച്ച് അതിൽപ്പിന്നെ ഒന്നും കേട്ടിട്ടില്ല. ഒരുപക്ഷേ തന്റെ പഴയ നീഗ്രോഭാര്യയുമായി വല്ലയിടത്തും സുഖതാമസമായിരിക്കും. ആർക്കറിയാം? സമുദ്രദ്വീപിനേക്കുറിച്ചോർക്കുമ്പോൾ എന്റെ മുമ്പിൽ ആദ്യമെത്തുന്ന ചിത്രം സിൽവറിന്റേതാണു്; കൂട്ടത്തിൽ അയാളുടെ തത്ത ക്യാപ്റ്റൻ ഫ്ളിന്റും!

BOOK-A-MONTH CLUB

ERNAKULAM

# സമ്പദ്ദ്വീപ്

(TREASURE ISLAND

by

STEVENSON.)

# സമ്പദ്ദ്വീപ്

പി. വി. വേലായുധൻ എം. എ



823
TE

Indic Digital Archive Foundation

gpura.org